ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു. അമ്മേ ശിവ ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം..പരമശിവൻ

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം OM

ദൈവം
മനുഷ്യരൂപത്തിൽ,
മഹാപ്രപഞ്ചത്തിന്റെ
മഹാമാതാവായ
മഹാദേവിയായി
മഹാഎഴുന്നള്ളിക്കഴിഞ്ഞു.

GOD
has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER
of the Universe
has Arrived.

OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം OM



ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

# ഭൂമിയിലെ എല്ലാ തൊഴിലുകളെയും വിഷയങ്ങളെയും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ മഹാശാസ്ത്ര പ്രകാരം നാലായി വിഭജിക്കാം.

**മഹാപ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമാണ് ദൈവം.**

ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതുമായ ദൈവം, മായാമഹാശക്തികളും മഹാജ്ഞാനമാകുന്ന മഹാശാസ്ത്രവും കൊണ്ട് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതികളും, ജീവികളുമായി ബന്ധപ്പെട്ട സൃഷ്ടിചക്രങ്ങളുടെ സംഹാരവും നിർവ്വഹിച്ചു പോരുന്നു. സൃഷ്ടികളോടുള്ള മഹാവാത്സല്ല്യത്തെ ഏകദൈവത്തിന്റെ ഏക മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളതിനാൽ, ഒന്നായി രണ്ടാകുന്ന ദിവ്യമഹാവിദ്യ കൊണ്ട് ആദ്യ ഭാഗമായ ശിവചക്രത്തെ ജീവമായും നിർജ്ജീവമായും പ്രവർത്തിക്കുന്ന പ്രപഞ്ചപിതാവായ പരമാത്മാവ്, പരമാത്മാവിന്റെ അംശങ്ങളും നിർജ്ജീവവുമായ ജീവാത്മാക്കൾക്ക് ജീവനും ശരീരവും നൽകി ജീവികളും കുഞ്ഞുങ്ങളുമാക്കുന്ന, രണ്ടാം ഭാഗമായ മഹാശക്തിചക്രത്തെ മഹാമാതാവും ഏകദൈവവുമായ ഭൂമി എന്നിങ്ങനെ നിശ്ചയിച്ചു കൊണ്ടാണ് ദൈവം പ്രവർത്തിക്കുന്നത്. ജീവികളുടെ മോക്ഷത്തെ മനുഷ്യാവസ്ഥയിൽ നിശ്ചയിക്കുകയാൽ, മനുഷ്യരുടെ സന്തോഷം കണക്കാക്കി പ്രപഞ്ചമഹാമാതാവായ ദിവ്യമനുഷ്യസ്ത്രീയായും ഗോമാതാവായും മഹാശാസ്ത്ര പരമായി ഏകദൈവമായ ഭൂമി മഹാഅവതരിക്കുന്നുണ്ട്. മഹാശിവയുടെ 'മത്സ്യാവതാരം+ഓം' പ്രകാരം, പ്രപഞ്ചപിതാവായ പരമശിവനിലൂടെ അവതരിപ്പിക്കുന്ന ഇ-മഹാവേദ ഗ്രന്ഥങ്ങൾ www.omsathyam.com -ൽ ലഭ്യമാണ്.

All Jobs & Matters on Earth are divided into 4 as Cleanliness, Necessity, Requirement & Hobby.

| നമ്പർ | ഉള്ളടക്കം | പേജ് |
|---|---|---|
| 1 | **തൊഴിൽ**: ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം<br>പേജ് 1-17 18-27 28-29 30-40 31-49 | 1 - 49 |
| 2 | നികുതികൾ പാടില്ല. പ്രസ്ഥാനം. ദൈവീകമായ പോലീസ് സേന | 50-131 |
| 3 | ജനങ്ങളുടെ അടിമകളാണ് മന്ത്രിമാർ+രാജാവ്; കാട്ടുവാസി | 50-131 |
| 4 | **ആനന്ദ ശാസ്ത്രം** 132-140 **ദൈവ വിപ്ലവം** 141-175 | 132-200 |
| 5 | **മഹാശക്തിയായ മഹാദേവി അവതരിച്ചുകഴിഞ്ഞു.**<br>**പരമശിവ ക്ഷിപ്രകോപം +മായാശക്തി+അധികാരം**<br>< **അടിയന്തരാവസ്ഥ** > **സംഹാരം @ മോക്ഷം** | 142-200<br>161-200<br>177-200<br>150-200 |



# തൊഴിലുകൾ

**രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രത്തിന്റെ ഒരു ശാഖയായ കർമ്മശാസ്ത്രത്തെ അഥവാ തൊഴിലിനെ നാലായിട്ട് ദൈവം വിഭജിച്ചിട്ടുണ്ട്. ഭൂമിയിലെ എല്ലാ തൊഴിലുകളും, ജീവികളുടെ എല്ലാ ജീവിത കാര്യങ്ങളും എപ്പോഴും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നീ 4 ശാസ്ത്രവിഭാഗങ്ങളിൽ പെടുന്നു.**

**ജനങ്ങളും സമൂഹത്തിലെ ഭരണകൂടങ്ങളും പ്രവർത്തിക്കേണ്ടത് തൊഴിൽ വിഭജനങ്ങളെ ആധാരമാക്കിയാണെന്നും, ധർമ്മ ശാസ്ത്രങ്ങളെ ആധാരമാക്കിയാണെന്നും വ്യാഖ്യാനിച്ചാൽ രണ്ടും ശരിയാണ്; അവ തമ്മിൽ ലയ-ബന്ധമാണുള്ളത്.**

Ref. www.omsathyam.com/GodlyRevolution/MahaaVedam.pdf

# തൊഴിലുകളും ആനന്ദവും

**ജീവിക്കുന്നവരാണ് ജീവികൾ; ജീവികളെല്ലാം ജീവിക്കുകയാണു ചെയ്യുന്നത്; ജനിക്കുന്നത് ജീവിക്കാനാണ്; ജീവിക്കുന്നത് ആനന്ദിച്ചാവണം.**

ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 തൊഴിൽ വിഭാഗങ്ങളിലും 5 അളവിലുള്ള ആനന്ദത്തെ ദൈവം ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്തം 4 × 5 = 20 അളവ്.

**മോഷണം, പിടിച്ചു പറി, കൊള്ള, മത-ജാതി-രാഷ്ട്രീയ പ്രവർത്തനങ്ങൾ, നികുതി പിരിവ്, ഇൻഷ്വറൻസ്, കോടതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാനത്തിനായുള്ള മദ്യ നിർമ്മാണവും വിതരണവും, കുട്ടിദൈവങ്ങളായി വേഷം കെട്ടി ജനങ്ങളെ കബളിപ്പിക്കൽ തുടങ്ങിയവ തൊഴിൽ അല്ല; അധമ പ്രവൃത്തികൾ മാത്രമാണ് എന്നതിനാൽ അത്തരം ഹീന വൃത്തികൾ ചെയ്യുമ്പോൾ ലഭിക്കുന്ന ആനന്ദത്തിന് തൊഴിലുമായോ, തൊഴിൽ പരമായ ആനന്ദങ്ങളുമായോ ബന്ധമില്ല. അത്തരം അധമ ആനന്ദങ്ങളെ വിനോദം എന്ന ഭാഗത്ത് വേറിട്ട് വിശദീകരിക്കുന്നുണ്ട്.**

മനുഷ്യർ അറിയുന്നതും അനുഭവിക്കുന്നതും പോലെ ശാസ്ത്രസാങ്കേതിക വികസനത്തിന് ആനുപാതികമായി ജീവിത മേഖലകളിലെല്ലാം പുതിയ പുതിയ തൊഴിലുകൾ ഉണ്ടാകുന്നു. ഉദാഹരണത്തിന് വിമാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച ശാസ്ത്രനിയമം വെളിപ്പെട്ട് വിമാനം ഒരു യാഥാർത്ഥ്യം ആയപ്പോൾ പൈലറ്റ്, ടെക്നിഷ്യൻസ്, തുടങ്ങി നിരവധി തൊഴിലുകളും, കമ്പ്യൂട്ടർ വികസനത്തോടെ കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട നിരവധി തൊഴിലുകളും ഉണ്ടായി.

എത്രയെല്ലാം പുതിയ തൊഴിലുകൾ ഉണ്ടായാലും അവയെല്ലാം ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 ശാസ്ത്ര വിഭാഗങ്ങളിൽ പെടുന്നതാണ്. ഏതൊരാൾക്കും തൊഴിലുകളെ വിശകലനം ചെയ്ത് സ്വയം ബോദ്ധ്യപ്പെടാവുന്നതാണ്.

എല്ലാ സൃഷ്ടി ചക്രങ്ങളിലും ഏറെക്കുറെ സമാനമായി സംഭവിക്കുന്നത് പോലെ മുൻ സൃഷ്ടിചക്രത്തിൽ മായ പ്രത്യക്ഷപ്പെട്ട് സംഹാരം തുടങ്ങും മുമ്പ് യഥാർത്ഥമായ വേദങ്ങളെ വീണ്ടെടുത്തപ്പോൾ ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 തൊഴിൽ വിഭജനങ്ങളും പുനഃസ്ഥാപിക്കപ്പെടുകയുണ്ടായി. കാലാന്തരത്തിൽ അവ ജീർണ്ണിച്ചതാണ് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശുദ്രൻ എന്ന് ഭാരതത്തിൽ അവശേഷിക്കുന്ന ചാതുർവർണ്യം. ചാതുർവർണ്യം ദൈവീകമല്ല എന്നുമർത്ഥം. ദൈവീകമായ അഥവാ ധർമ്മശാസ്ത്രപരമായ 4 തൊഴിൽ വിഭജനങ്ങളുണ്ട് എന്നതിന്റെ ഒരു സൂചന ഹിന്ദുമതത്തിൽ ഉണ്ടെന്നും, മറ്റു മതങ്ങളിൽ അതുമില്ല എന്നു വ്യാഖ്യാനിച്ചാൽ, ഏറെ ജീവിത കാര്യങ്ങളിലും ശാസ്ത്രവുമായി കൂടുതൽ അടുപ്പമുള്ള മതം ഹിന്ദുമതങ്ങളാണെന്നും സംരക്ഷിക്കുന്നത്, പ്രദേശം / ദേശം / ഭാരതം / ഭൂമി / ദൈവം തന്നെയാണെന്നും ബോദ്ധ്യമാകും.

| | |
|---|---|
| **ജീവിതം ആനന്ദിക്കാനാണ്;<br>അന്യോന്യം ഭരിക്കാനല്ലാ.**<br>**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്കു നിയോഗിച്ചവരും ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരുമായ അടിമകൾ വഴിപിഴച്ചതു കാരണം, മറ്റുള്ള ജീവികൾക്കുള്ള സ്വാതന്ത്ര്യവും സന്തോഷവും പോലും മനുഷ്യർക്ക് ഇല്ലാതെ വന്നു.**<br>**സൃഷ്ടികളായ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയെല്ലാം ജനിപ്പിക്കുന്നത് / ജനിക്കുന്നത് ജീവിക്കാനാണ്; ജീവിക്കുകയാണ് ജീവികളെല്ലാം ചെയ്യുന്നത്; ജീവിക്കുന്നത് ആനന്ദിക്കാനാണ്; ഭൗതിക ശാസ്ത്ര സാങ്കേതിക നിയമങ്ങളും വികസനങ്ങളും കൊണ്ട് അനന്തമായ ആനന്ദങ്ങളെ നേടാനും കൂടുതൽ ആനന്ദിച്ചു ജീവിക്കാനുമാണ് മനുഷ്യർ പ്രയത്നിച്ചു പോരുന്നത്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവം, സൃഷ്ടികൾക്ക് മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങളെ നൽകുന്നു; ജീവാത്മാക്കളായ കുഞ്ഞുങ്ങൾ സ്വീകരിക്കുന്നു.** | Life is to Enjoy;<br>Not for Ruling in between.<br>The Slaves living at the expense of the people who were assigned to do the general needs of the people gave up Virtues, and People are at the state of Not getting the Freedom and Joy of the other creatures even !<br><br>The Purpose of Creation of all Creatures, including human beings, are born to live; all creatures are living & Life is to Enjoy. Human beings are trying to achieve endless pleasures and enjoy life with the science and technology techniques and development. GOD who created the Infinite Pleasures is beyond all the pleasures, supplies/ delivers the endless joy / pleasures to human beings with Supreme Motherly love; the Creatures@ Children@Souls receive it. |

**100 മനുഷ്യ ജന്മങ്ങളിലൂടെ ഭൂമി നൽകുന്ന അനന്തമായ ആനന്ദങ്ങളെയെല്ലാം അറിയാനും അനുഭവിക്കാനും, ശേഷം നക്ഷത്രം എന്ന മോക്ഷം നേടുമ്പോൾ, അനന്ത കാലം ആനന്ദങ്ങളെ ആസ്വദിക്കാനുമാണ് ജീവിതം. മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകൾ കടന്ന് മനുഷ്യാവസ്ഥയിൽ എത്തിയിട്ടുള്ള മനുഷ്യന്, ജന്തുനീതി ചെയ്യാനുള്ള അവകാശവും പോലീസ് അധികാരവും മൃഗാവസ്ഥയിൽ നേടിയ മുൻ സ്വത്താണ്; മനുഷ്യാവസ്ഥയിൽ കൂടുതൽ അവകാശവും അധികാരവും കൈവരികയാണ്. എന്നാലും സ്വന്തം ആവശ്യമായി ധർമ്മ ശാസ്ത്രത്തെ ഉൾക്കൊണ്ട് ജീവിക്കുന്ന നിലയിലേക്ക് വ്യക്തി ഉയരുകയും വേണം.**

The Human Life is to know & enjoy the infinite pleasures from Earth in a life span of 100 Reincarnations, and then avail Moksham @ Salvation wherein enjoy the Pleasures for Infinite Time as Star ō . The human state reached after the respective evolutions from fish- plant- bird - animal empower Human beings with the Animal Justice with Police Powers pre-secured at the Animal stage. Although the Rights & Power increase in the human stage, a person be stuck to the Science of Duties & Justice for Him.

ജീവിതത്തിന്റെ ഉദ്ദേശത്തെ മനസ്സിലാക്കാൻ ശ്രമിക്കുക പോലും ചെയ്യാതെ വലിയ ഒരു വിഭാഗം രാഷ്ട്രീയ ഭരണാധികാരികളും ഉദ്യോഗസ്ഥരും തോന്നും പോലെ പ്രവർത്തിച്ച് പാപവും ശിക്ഷകളും വാരിക്കൂട്ടുകയാണ്. മറ്റൊരിടത്ത്, ജനങ്ങളെ ചൂഷണം ചെയ്ത് ഭൗതികമായ ആനന്ദങ്ങളെ സ്വന്തമാക്കി ജീവിക്കുന്ന മതപ്പരിഷകൾ **ജനങ്ങളുടെ ജനനത്തെ മരണവുമായും മരണാനന്തര ജീവിതവുമായും ബന്ധിപ്പിക്കുന്ന പാഴ് വേല ചെയ്യിക്കുന്നു !**

**ധർമ്മ ശാസ്ത്രം പ്രകാരം ആനന്ദിച്ചു ജീവിക്കുക എന്നതിനു പകരം ജീവിക്കാൻ ആവശ്യമില്ലാത്ത ദൈവകാര്യങ്ങളിൽ മനുഷ്യൻ ഇടപെട്ടു കൂടാ. ദൈവത്തിന്റെ 'മഹാജ്ഞാനം കൂടിയായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' പ്രകാരമല്ലാത്ത യാതൊന്നും ദൈവീകമല്ല. ദൈവകാര്യങ്ങൾ ഉൾപ്പെട്ട ആത്മീയ ശാസ്ത്ര കാര്യങ്ങളെ ഉചിതമായ സമയത്ത് ദൈവം നേരിട്ട് പഠിപ്പിച്ചു കൊള്ളും. അർദ്ധ-മഹാദേവിയായ പരമശിവനിലൂടെ, ഓരോ മനുഷ്യന്റെയും 90 മുതൽ 95 വരെയുള്ള പുരുഷ-ജന്മങ്ങളിൽ ഒന്നിൽ മഹാദേവിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ മൂലം കൂടിയായ 'ഓം' കുറിക്കുമ്പോൾ മാത്രമാണ് ദൈവ കാര്യങ്ങൾ ഉൾപ്പെട്ട ആത്മീയശാസ്ത്രത്തെ സമ്പൂർണ്ണമായി പഠിക്കാനും പഠിപ്പിക്കാനും മനുഷ്യൻ യോഗ്യത നേടുക.**

**ദൈവം നേരിട്ടോ, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരമോ ആവശ്യപ്പെടാതെ, തങ്ങൾക്ക് ശരിയെന്നു തോന്നുന്നതോ, ആരെങ്കിലും തട്ടിക്കൂട്ടിയതോ ആയ കാര്യങ്ങളെ ന്യായീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും തയ്യാറായാൽ ദൈവം നൽകിയ ബുദ്ധിശക്തികളെ ഉചിതമായി ഉപയോഗിച്ചില്ല എന്നാണ് അർത്ഥം. ദൈവം പാതി, മനുഷ്യൻ പാതി എന്നതിൽ സ്വന്തം പകുതി സംശുദ്ധമാവാൻ ഓരോരുത്തരും ശ്രദ്ധിക്കണം.**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാവേദ ഗ്രന്ഥത്തിലെ **ഓംകാര നീതി ശാസ്ത്രം എന്ന അദ്ധ്യായത്തിൽ എല്ലാ ജന്മഗുണങ്ങളെയും, അവ പ്രകാരം മഹാസമനീതി നൽകുന്നതിനെയും വിശദീകരിച്ചിട്ടുണ്ട്.**

**സർവ്വത്തിനും അതീതമായ ദൈവം കുഞ്ഞുങ്ങളായ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും ജീവിതം ആനന്ദകരമാക്കാൻ മനുഷ്യർ പാലിക്കേണ്ടതിനായി ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും നിശ്ചയിച്ചിട്ടുണ്ട്. അവയ്ക്ക് ഭൂമിയിലെ മതങ്ങളുമായും മത-ദേവാലയങ്ങളുമായും രാഷ്ട്രീയ പാർട്ടികളുമായും ബന്ധമില്ല.**

**ദൈവീകമായി മനുഷ്യർ പാലിക്കേണ്ടതായ ആചാരങ്ങളും, ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ഭൂമിയിൽ ജീവിക്കാൻ മനുഷ്യന് ആവശ്യമായ ധർമ്മ ശാസ്ത്രവും ഒന്നു തന്നെയാണ്. യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, തൊഴിൽ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം, എന്നീ ശാഖകൾ ഉള്ളതും, യഥാർത്ഥ വേദങ്ങളിൽ രണ്ടാമത്തേതുമായ ധർമ്മ ശാസ്ത്രവും ഭൂമിയിലെ മൂലകങ്ങളിൽ, ഭൗതിക ശാസ്ത്ര ത്തോടൊപ്പം ലയിപ്പിച്ചിരിക്കുകയാണ്. എന്നുവച്ചാൽ ധർമ്മ ശാസ്ത്രം മാത്രമാണ് എവിടെയും പാലിക്കുവാൻ ഭൂമിയിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും സ്വയം ബാദ്ധ്യതയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും; അവയ്ക്കെല്ലാം ഭൗതികമായ അസ്തിത്വവും ഉണ്ട്.**

**പ്രവൃത്തികളിലെ ശരിയും തെറ്റും; പുണ്യവും ശിക്ഷയും നിശ്ചയിക്കുന്നതും നിർവ്വഹിക്കുന്നതും ദൈവീകമായ നീതിയാണ്. ആകയാൽ വ്യക്തികളെ സംബന്ധിച്ച് സർവ്വ പ്രധാനമായ കാര്യം ദൈവീകമായ ശരിയും നീതിയുമാണ്.**

സ്ത്രീപുരുഷ നിർണ്ണയം, മുഖഛായ, നിറം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളിൽ ഒന്നു മാത്രമാണ് ബുദ്ധിശക്തി. ചുറ്റുമുള്ള മനുഷ്യർക്കും, മൃഗങ്ങൾ -പക്ഷികൾ-സസ്യങ്ങൾ-മത്സ്യങ്ങൾ എന്നിങ്ങനെ മറ്റുള്ള ജീവികൾക്കും ബുദ്ധിശക്തികളെ ഓംകാര നീതിശാസ്ത്ര പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുകയാണ്.

ഓംകാര നീതിശാസ്ത്രം എല്ലാ ജീവികൾക്കും മഹാസമ ആനന്ദം എന്ന മഹാസമനീതിയെ നൽകുന്നു. ജന്മഗുണമായി വ്യവസ്ഥ ചെയ്തിട്ടുള്ള ബുദ്ധിശക്തിയിൽ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ സമം ആയാൽ തൊഴിൽ അഭിരുചി എന്ന ജന്മഗുണത്തെ സ്ഥാപിക്കാൻ കഴിയുന്നതല്ല. സമൂഹത്തിലെ എല്ലാ ജനങ്ങൾക്കും ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞൻ എന്നിങ്ങനെ ഏതെങ്കിലും ഒരാളുടെ ബുദ്ധിശക്തി മാത്രം നൽകേണ്ടുന്ന അവസ്ഥയാണ് ഉണ്ടാവുക. ഉദാഹരണത്തിന്, എല്ലാവരും ഡോക്ടർമാർ ആയാൽ, കൃഷി, നെയ്ത്, തയ്യൽ, മേശിരി, ആശാരി, ലേബർ, ഡ്രൈവർ, മുക്കുവൻ, വിമാന പൈലറ്റ്, തുടങ്ങിയ തൊഴിലുകളും, ചെയ്യാൻ ആളും ഇല്ലാത്ത അവസ്ഥ ഉണ്ടാകും. ഇനി ഭൂമിയിലൊക്കെയും ഇന്നുള്ള ഏറെക്കുറെ 800 കോടി ജനങ്ങളും മറ്റൊരു രാജ്യത്തിലെ പ്രസിഡന്റോ, ഇന്ത്യയിലെ പ്രധാനമന്ത്രിയോ മാത്രമാവാൻ ആഗ്രഹിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. സമ്പൂർണ്ണ സാക്ഷരത ഉണ്ടായാൽ ജനാധിപത്യ- ഭരണസമ്പ്രദായം മംഗളമാകും എന്നു വാദിക്കുന്ന രാഷ്ട്രീയക്കാരും മറ്റു വിവരദോഷികളും ഏറെ ചിന്തിക്കുക. അതായത്, സമൂഹ ജീവിതം സാദ്ധ്യമാവാതെ വരും. (ഓരോ ജന്മ ഗുണവും അതേപോലെ അതീവ ഗൗരവമാണ്).

കൃഷിക്കാർ, മുക്കുവർ, തുടങ്ങിയ സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും കൂടുതൽ ബുദ്ധിശക്തി ലഭിച്ചാലും, സമൂഹ ജീവിതം സാദ്ധ്യമാവാതെ വരും. ദൈവം കുഞ്ഞുങ്ങളായ മനുഷ്യരുടെ നല്ലതിനു വേണ്ടി നൽകുന്ന ബുദ്ധിശക്തികളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുമ്പോൾ, ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർ, **കുറച്ചു ലഭിച്ചവരെ മന്ദബുദ്ധി, ബുദ്ധിയില്ലാത്ത കഴുത എന്നെല്ലാം വിളിച്ചാൽ, അറിഞ്ഞും അറിയാതെയും അവർ ആക്ഷേപിച്ചത് മഹാനീതിയായ ദൈവത്തെയാണ്.**

# ദൈവം നൽകിയ തൊഴിൽ അഭിരുചികളുടെ അടിസ്ഥാനത്തിൽ ഇഷ്ടമുള്ള തൊഴിലുകൾ ചെയ്യാൻ വ്യക്തിക്ക് എപ്പോഴും അവകാശമുണ്ട്.

സമൂഹത്തിലെ വ്യക്തികൾക്കു വേണ്ടി സൃഷ്ടിക്കപ്പെടുന്ന ഭരണകൂടത്തിന്റെ പ്രഥമ കർത്തവ്യം വ്യക്തികൾക്ക് എല്ലാവരുടെയും സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ദൈവം നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ഉറപ്പാക്കുക എന്നതാണ്, നിയന്ത്രിക്കുകയോ കവർന്നെടുക്കുകയോ അല്ല.

കൃഷി ചെയ്യാനും, വസ്ത്രം നെയ്യാനും, ചുമട് എടുക്കാനും, വൈദ്യം പഠിക്കാനും, പഠിപ്പിക്കാനുമൊക്കെ ഓരോ വ്യക്തിക്കും സ്രഷ്ടാവ് നൽകിയിട്ടുള്ള സ്വാതന്ത്ര്യം ഇന്ന് തൊഴിലാളി യൂണിയനുകളും ഭരണാധികാരികളും മതനേതൃത്വങ്ങളു മൊക്കെ കവർന്നെടുത്തിരിക്കുകയാണ്.

വൈദ്യൻ അഥവാ ഡോക്ടർ ആകാൻ കുട്ടിക്കും, ഒരു കുട്ടിയെ വൈദ്യം പഠിപ്പിക്കാൻ ഒരു ഡോക്ടർക്കും വ്യക്തിസ്വാതന്ത്ര്യം ഉണ്ട് എന്നത് ഉൾക്കൊണ്ടു പ്രവർത്തിക്കുമ്പോൾ ഇന്ത്യയെ പോലുള്ള രാജ്യങ്ങളിലെ ഇന്നത്തെ മെഡിക്കൽ ഉൾപ്പെടെയുള്ള വിദ്യാഭ്യാസമേഖലകളിലെ അധമത്വം അവസാനിക്കുന്നതാണ്.

ജീവിതത്തിൽ തൊഴിലിന്നുള്ള പ്രാധാന്യവും പദവിയും വളരെ വലുതാണ് എന്നതു പോലെ ചെറുതുമാണെന്ന് വൈകാതെ ദൈവം മായ പ്രത്യക്ഷമാക്കുന്നതോടെ ജനങ്ങൾ തിരിച്ചറിയുന്നതാണ്. വ്യാഖ്യാനിക്കുമ്പോൾ, ജീവിക്കാൻ പണം വേണം എന്നല്ലാതെ പണത്തിനു വേണ്ടിയല്ല ജീവിക്കുന്നത്; ജീവിക്കാൻ തൊഴിൽ വേണം എന്നല്ലാതെ, തൊഴിൽ ചെയ്യാനല്ല ജീവിക്കുന്നത്. ജീവിക്കുന്നത് എന്തിനുവേണ്ടിയാണ് എന്ന ചോദ്യത്തിന് അനന്തമായ ആനന്ദങ്ങളെ അനുഭവിക്കാനും പരമാനന്ദം നുകരാനുമാണെന്ന് ബോദ്ധ്യമാകുന്നതാണ്.

ഇഷ്ടമുള്ള തൊഴിൽ ചെയ്യാൻ വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ട് എന്നു പറയുമ്പോൾ, ഭരണാധികാരിയാവാനും അഥവാ രാജാവാകാനും സ്വാതന്ത്ര്യമുണ്ടോ എന്നു സംശയമുള്ളവർ ഉണ്ടാകും. സ്വാതന്ത്ര്യം ഉണ്ടെന്നു മാത്രമല്ല, അവസരവും ലഭിക്കുന്നതാണ്. അതേസമയം, രാജാവിന്റേത് ഒരു തൊഴിലായി കണക്കാക്കേണ്ട; മുഖ്യമായും ഒരു ദാസ്യ-വൃത്തിയാണത്. ഒരു ഭാഗത്ത്, ഏറ്റവും വലിയ നീചരായി അധഃപതിച്ചവർക്ക് അനേകരായ നാട്ടിലെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ നന്മകളെ ചെയ്ത് പാപങ്ങളും ശിക്ഷകളും കുറയ്ക്കാനും, അപൂർവ്വമായി പുണ്യംകൂടി നേടാനുമുള്ള അവസരം മാത്രമാണവ എങ്കിൽ, മറുഭാഗത്ത് നന്മകളും സത്യസന്ധതയും ഏറെയുണ്ടെന്ന് തോന്നുന്ന വ്യക്തിയെ ജനങ്ങൾ നിർബ്ബന്ധിക്കുന്നതു കൊണ്ട് മാത്രം ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കാൻ വ്യക്തി തയ്യാറാവുകയാണ്. മഹാനീതിയും മഹാവാത്സല്ല്യവുമായ മഹാദേവി മേല്പടി രണ്ടു കാര്യങ്ങളെയും മായ കൊണ്ട് ഗൂഢമായി ബന്ധിപ്പിക്കുന്നത് ജനങ്ങളും, അവരുടെ അടിമ മാത്രമായ രാജാവും അറിയാതെ പോകുന്നത് ജീവിതത്തിലെ ആനന്ദം വർദ്ധിക്കുവാൻ, ഭൂമിയുടെ കുഞ്ഞുങ്ങൾ മാത്രമായ ഇരുകൂട്ടർക്കും നല്ലതാണെന്ന ദൈവീക വ്യവസ്ഥ പ്രകാരമാണ്. ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ ഇന്നുള്ളത് യഥാർത്ഥ ജനാധിപത്യമല്ല. അടിമകൾ മാത്രമായ ജനസേവകരെ തിരഞ്ഞെടുക്കണമെന്ന് ഉടമകളായ ജനങ്ങളെ ഉടമകളുടെ ധനം ധൂർത്തടിച്ച് നിർബ്ബന്ധിക്കുന്നതും, ജനങ്ങൾക്ക് രാഷ്ട്രീയക്കാരായ അടിമകൾ അണിനിരത്തുന്ന ആരെയെങ്കിലും തിരഞ്ഞെടുക്കാതെ മറ്റു വഴികളില്ലാ എന്നതും യഥാർത്ഥ-ജനാധിപത്യത്തിൽ ഇല്ല തന്നെ. ഏറ്റവുമധികം പുണ്യവും, അതേപോലെ പാപവും സമ്പാദിക്കാൻ ഉപാധിയാകുന്ന ഒന്നാണ് ഭരണം എന്ന് ഓംകാര നീതി ശാസ്ത്രം വ്യക്തമാക്കുന്നുണ്ട്. സമൂഹത്തിലെ ഏതെങ്കിലും വ്യക്തി (കൾ) ഗാന്ധിജിയെപ്പോലെ ശുചിത്വ-ജോലികൾക്കായി ജീവിതം സമർപ്പിക്കുമ്പോൾ, അത്തരം വ്യക്തികളെ നിലവിലെ രാജാവ് ഉൾപ്പെടെയുള്ള ജനങ്ങൾ, നിർബ്ബന്ധിച്ചു ഭരണം ഏല്പിക്കുകയാണു ചെയ്യുന്നത്. മാത്രമല്ല, സേനകളും മറ്റ് ഉദ്യോഗസ്ഥരും ഉൾപ്പെടെ എല്ലാ ജനങ്ങളും എല്ലായ്പ്പോഴും അനുസരിക്കേണ്ടത് ധർമ്മ ശാസ്ത്രം മാത്രമാണ്; രാജാവിനെയോ മന്ത്രിമാരെയോ അല്ല.

രാജാവ് /പ്രധാനമന്ത്രി /മുഖ്യമന്ത്രി/മന്ത്രി പുറപ്പെടുവിക്കുന്ന ധർമ്മ ശാസ്ത്ര വിരുദ്ധമായ ആജ്ഞയെ അനുസരിക്കാതിരിക്കുക എന്നതും ആവശ്യമെങ്കിൽ അവരെ പുറത്താക്കേണ്ടതും സേനയുടെയും ഉദ്യോഗസ്ഥരുടെയും പ്രജകളുടെയും കർത്തവ്യമാണ്. രാജാവിന്റെ പ്രവൃത്തികളെ ധർമ്മ ശാസ്ത്രപരമായി വിശകലനം ചെയ്യാൻ ധർമ്മ ശാസ്ത്രം നിശ്ചയമുള്ള അദ്ധ്യാപകരും മറ്റും ഉണ്ടായിരിക്കുന്നതാണ്.

സർവ്വ തൊഴിലുകൾക്കും സമപദവിയും സമവേതനവുമാണ് ദൈവം അഥവാ മഹാശാസ്ത്രം നിശ്ചയിച്ചിട്ടുള്ളത്; തുല്ല്യങ്ങളായ തൊഴിലുകളിൽ ഒന്നാമത്തേതായി ഭൗതികമായ അസ്തിത്വം ഉള്ളതായ ശാസ്ത്ര നിയമങ്ങളിലൂടെ കൃഷിയെയും നിശ്ചയിച്ചിട്ടുണ്ട്. കൃഷി സ്തംഭിച്ചാൽ, ഭക്ഷണത്തിനായി രാജാവും മന്ത്രിയും പട്ടാളവും ആത്മീയാചാര്യനുമെല്ലാം കൃഷിക്കാരന്റെ പിന്നാലെ ഓടും വിധമാണ്, ഭക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്ന കൃഷിയെ ഉയർത്തി ക്കൊണ്ട് ദൈവം മഹാശാസ്ത്രവും ജീവിതവും ആവിഷ്ക്കരിച്ചിട്ടുള്ളത്. തങ്ങൾ കേമരാണെന്നും ഉന്നതരാണെന്നും ധരിക്കുന്നവരുടെ അഹങ്കാരങ്ങളും അജ്ഞാനങ്ങളും അകലുവാൻ ഭക്ഷണത്തിന് മുട്ടുണ്ടായാൽ മതിയാകും. ദൈവീകമായ ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായത്തിൽ കുട്ടികൾ കൃഷി കാര്യങ്ങളെ ചെയ്യുന്നതും കൃഷിയുടെ ഔന്നത്യം മനസ്സിലാക്കുന്നതുമാണ്. ഭക്ഷണകാര്യത്തിൽ സമ്പന്നമല്ലാത്ത ഒരു സമൂഹം, മറ്റെന്തുണ്ടായാലും സമ്പന്നമേ അല്ല എന്നതാണു ശാസ്ത്രസത്യം. സമൂഹത്തെ ഭക്ഷണ കാര്യത്തിൽ അധഃപതിപ്പിച്ചിട്ടുള്ള വ്യക്തികളും ഭരണാധികാരികളും അധമരാണ്. അത്തരക്കാരെ സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുന്ന ഭരണകൂടത്തിൽ നിയമിച്ചു കൂടാ. ഏറ്റവും വലിയ ഉദാഹരണമായി കേരളത്തെ ചൂണ്ടിക്കാട്ടാം. വീടുകളോടു ചേർന്നുള്ള പുരയിടങ്ങളിൽ ഭക്ഷണത്തിന് ഉപയോഗിക്കാവുന്ന കപ്പ, കാച്ചിൽ, ചേന, തെങ്ങ്, പ്ലാവ്, മാവ് തുടങ്ങിയ കൃഷികൾ മാത്രമേ പാടുള്ളൂ എന്നതും, റബ്ബർ പോലെയുള്ളവ ഒട്ടും പാടില്ലാ എന്നതും (പോലും) തിരിച്ചറിയാൻ സാധിക്കാത്ത ജനങ്ങളും ഭരണാധികാരികളും പൈശാചിക തലങ്ങളിലാണ് ജീവിക്കുന്നത്.

മണ്ണിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങളെ സമൂഹവും ഭരണകൂടവും പിൻപറ്റണം. പാലിക്കാതിരുന്നാലോ ദുരുപയോഗം ചെയ്താലോ, മഹാനീതിയും മണ്ണുമായ ഭൂമി, മണ്ണിലെ ന്യൂനശക്തികളിലൂടെ അധമരായ വ്യക്തികളെ തീർച്ചയായും ശിക്ഷിച്ചു തിരുത്തുന്നതാണ്.

സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ സ്രഷ്ടാവായ ദൈവം എല്ലാ വ്യക്തികൾക്കും നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വ്യക്തിക്ക് തന്റെ വേതനം നിശ്ചയിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്. ലിംഗം, സൗന്ദര്യം, നിറം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ആയുസ്സ്, തുടങ്ങിയവ കൂടാതെ ബുദ്ധിശക്തി, ഓർമ്മ ശക്തി, കായശക്തി (ആരോഗ്യം) തുടങ്ങിയവ ജന്മഗുണങ്ങളായി ദൈവം നൽകുന്നവയാണെന്നത് മറന്നു കൊണ്ടും അവഗണിച്ചുകൊണ്ടും, വ്യക്തി അധിക വേതനം ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ വ്യക്തിയുടെ സേവനം ആവശ്യമുള്ളവർ വ്യക്തി ആവശ്യപ്പെടുന്ന വേതനം നൽകണം. സാധാരണയിൽ കവിഞ്ഞ വേതനം ആവശ്യമുള്ള വ്യക്തി തന്റെ വേതനം തൊഴിൽ ദാതാവിനെ മുൻകൂട്ടി അറിയിക്കുവാൻ ബാധ്യസ്ഥനുമാണ്.

വ്യക്തിയുടെ മരണത്തോടെ പിൻഗാമികൾക്ക് ധനം കൈമാറപ്പെടുന്ന ഇന്നത്തെ രീതി ദൈവീകമായ സാമ്പത്തിക ശാസ്ത്രം മാറ്റിമറിക്കുന്നുവെന്നത് വ്യക്തി ദുരുപയോഗം ചെയ്ത അശാസ്ത്രീയവും അധാർമ്മികവുമായ സ്വാതന്ത്ര്യങ്ങളെ പിഴുതെറിയുന്നതോടെ ഭൗതികശുദ്ധീകരണവും, ആത്മാവിന്റെ മേൽ മഹാനീതിയായ ദൈവം @ ഭൂമി നടപ്പാക്കുന്ന മഹാനീതി ആത്മീയ ശുദ്ധീകരണവും നടത്തുന്നു. കുറ്റങ്ങളും കുറവുകളുമില്ലാത്ത ദൈവീകമായ സാമ്പത്തിക ശാസ്ത്രം www.omsathyam.com/GodlyRevolution/**Mahaavedam.pdf** എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

സ്രഷ്ടാവ് നൽകുന്ന തൊഴിൽ അഭിരുചിക്കൊത്ത് വിദ്യാഭ്യാസം ചെയ്യുവാൻ സമൂഹത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഭരണരീതികളും അധമ വ്യവസ്ഥിതികളിലൂടെ തടസ്സമുണ്ടാക്കുമ്പോൾ, അത്തരം അധമ രീതികൾക്ക് മഹാശക്തിയായ ദൈവത്തിന്റെ മഹാശാസ്ത്രത്തെ അട്ടിമറിക്കാൻ കഴിയുന്നു എന്നു ധരിച്ചുപോവരുത്. സൃഷ്ടിപരമായ വിധിയെ അശാസ്ത്രീയതയിലൂടെ ഭരണകൂടം ഉൾപ്പെടെയുള്ള സമൂഹം മലിനപ്പെടുത്തുകയും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുകയും ചെയ്യുന്നത് കടുത്ത കുറ്റവും അനീതിയും ആണെങ്കിലും അവയിലൂടെ രൂപപ്പെടുന്ന സ്ഥിതി അഥവാ സ്ഥിതിപരമായ വിധി സംശുദ്ധപ്പെടുത്തുവാൻ മഹാനീതിയായ ദൈവത്തിന്റെ മഹാനീതി ശാസ്ത്രത്തിൽ കുറ്റങ്ങളും കുറവുകളുമില്ലാത്ത പദ്ധതിയുണ്ട്. ജന്മഗുണങ്ങളിലും വ്യക്തികളുടെ മനോഭാവങ്ങളിലും മറ്റും വ്യത്യാസപ്പെടുത്തി തജ്ജന്മത്തിലും, കൂടാതെ പുനർജ്ജന്മങ്ങളിലൂടെയും സർവ്വവും നിസ്സാരമായി ദൈവം ക്രമപ്പെടുത്തുന്നുണ്ട്; ഓംകാര നീതി ശാസ്ത്രം പഠിക്കുമ്പോൾ ബോദ്ധ്യമാകുന്നതാണ്.

## സ്ഥിരജോലി എന്നൊന്നില്ല.

വീടുപണിക്ക് വിളിക്കുന്ന / വരുന്ന ആശാരിക്കും മേശിരിക്കും മറ്റു ജോലിക്കാർക്കും സ്ഥിരജോലി നൽകുവാൻ വീട്ടുകാർക്ക് കഴിയുന്നതല്ല, ആവശ്യംകഴിഞ്ഞ് ശാസ്ത്രശുദ്ധിയോടെ പിരിയുന്നു, ജനന-ജീവിത-മരണങ്ങളിലെല്ലാമുള്ള ലളിതമായ ഈ ശാസ്ത്ര തത്വത്തെ വഴിപിഴപ്പിക്കുകയാണ് ഇന്നത്തെ തൊഴിലാളി യൂണിയനുകളും ഭരണകൂടവുമൊക്കെ ചെയ്തിട്ടുള്ളത്. സർക്കാർ ആഫീസുകളിലെ തൊഴിൽ സ്ഥിരത തൊഴിലാളികളുടെ അവകാശമായിക്കൂടാ. സർക്കാർ ജോലിക്കാർ തങ്ങളുടെ വ്യക്തിപരമായ കാര്യങ്ങളിൽ/ കുടുംബ കാര്യങ്ങളിൽ എങ്ങനെ തങ്ങളുടെ ആവശ്യം കഴിഞ്ഞോ അല്ലാതെയോ വ്യക്തിസ്വാതന്ത്ര്യ പ്രകാരം ആശാരിയെയും മേശിരിയെയും ഒക്കെ തിരികെ അയക്കുന്നുവോ അതേപ്രകാരം സമൂഹഭരണം കൈയ്യാളുന്ന ജനസഭയ്ക്ക് / ചെറു-രാജാവിന് കഴിയണം.

സമൂഹത്തിൽ ആവശ്യമില്ലാത്ത (സർക്കാർ) തൊഴിലാളിയെ ഒരു നിമിഷംകൊണ്ട് തിരികെ അയക്കുവാനും, വീണ്ടും ആവശ്യം വന്നാൽ ഒരു നിമിഷംകൊണ്ട് പുതിയതോ പഴയതോ ആയൊരു തൊഴിലാളിയെ നിശ്ചയിക്കാനും കഴിയണം, കഴിയുന്നതാണ്. സർക്കാർ ജോലിക്കാർക്ക് കാര്യക്ഷമതയില്ല എന്നു പറഞ്ഞ് അവരെയും തൊഴിലിനെയും അവമതിക്കുന്ന ഇന്നത്തെ അധമ ഭരണ സംവിധാനങ്ങൾ അതോടെ മാറും; കാര്യങ്ങൾ മംഗളമാകും. കൂടാതെ സർക്കാർ ജോലി, സ്വകാര്യ ജോലി, എന്നിങ്ങനെ ഇന്നുള്ള അധമ രീതികളും അവസാനിക്കുന്നതാണ്.

സാമ്പത്തിക ക്ഷീണങ്ങളുള്ളവർക്ക്, സാമ്പത്തികസഹായം നൽകുവാൻ സാമ്പത്തിക ഭദ്രതയുള്ള ഭരണകൂടം തയ്യാറാവുക എന്നതിനപ്പുറം, ജനപ്രതിനിധികൾക്കും സർക്കാർ ജീവനക്കാർക്കും മറ്റും പെൻഷൻ എന്ന പേരിൽ ഇല്ലാത്ത സേവനത്തിന് വേതനം നൽകുന്നത് ദൈവീകമല്ല / ശാസ്ത്രീയമല്ല. പൊതുഖജനാവ് ദുരുപയോഗം ചെയ്യാൻ ഭരണകൂടത്തിന് അധികാരമില്ല. സർക്കാർ ജീവനക്കാരെന്നോ സ്വാകാര്യ ജീവനക്കാരെന്നോ വ്യത്യാസമില്ലാതെ, എല്ലാവരും തൊഴിലാളികളാണ് എന്നതിന്റെ അടിസ്ഥാനത്തിൽ, എല്ലാ തൊഴിലാളികൾക്കും അഥവാ എല്ലാ പ്രജകൾക്കും, തുല്ല്യമായ പെൻഷൻ  കൊടുക്കുവാനാണ്, സാമ്പത്തിക ഭദ്രതയുള്ള ഒരു ഭരണകൂടം തയ്യാറാവേണ്ടത്. എന്നാൽ സാമ്പത്തിക ഭദ്രതയുള്ള ഭരണകൂടത്തിന്റെ പ്രവർത്തനത്തിൽ അതു പെടുന്നു എന്നല്ലാതെ, തൊഴിലാളികളുടെ സാമ്പത്തിക ഭദ്രതയ്ക്കായി പ്രവർത്തിക്കേണ്ടുന്നത് തൊഴിലാളികൾ തന്നെയാണെന്നും, തൊഴിലാളികളുടെ സ്വകാര്യ ആവശ്യങ്ങൾ ഭരണകൂടത്തിന്റെ ഭാഗമല്ലെന്നും അറിയണം.

എല്ലാ ജനങ്ങളുടെയും പൊതുവായ ആവശ്യങ്ങളെ മാത്രം ധർമ്മ ശാസ്ത്രപരമായി പരിഹരിക്കുകയാണ് ഭരണകൂടം ചെയ്യേണ്ടത്. ചുരുക്കിപ്പറഞ്ഞാൽ, സാമ്പത്തിക ക്ഷീണങ്ങളുള്ളവർക്ക്, സഹായം നൽകുവാൻ, സാമ്പത്തിക ഭദ്രതയുള്ള ഭരണകൂടം തയ്യാറാവുക എന്നതിന് അപ്പുറമുള്ള കസർത്തുകൾ വേണ്ടാ.

മത-ജാതി-ദേശ വ്യത്യാസങ്ങൾ ദൈവീകമല്ല എന്ന് തെളിയുന്നതോടെ എല്ലാവിധ സാമുദായിക -പ്രാദേശിക / ദേശീയ റിസർവ്വേഷനുകളും അധമവും അശാസ്ത്രീയവും ആണെന്നു തെളിയുന്നു; അവസാനിക്കുന്നു.

**സമൂഹത്തിലെ ഓരോരോ മേഖലകളിലും അശാസ്ത്രീയത അഥവാ അധമത്തം ബാധിച്ചും വ്യാപിച്ചുമാണ് ഭൂമിയിലെ ജനസമൂഹങ്ങൾ മൊത്തത്തിൽ ധാർമ്മികമായി അധഃപതിച്ചിട്ടുള്ളത്.**

ദൈവം, സമൂഹ ജീവിയായി സൃഷ്ടിച്ചിട്ടുള്ള മനുഷ്യന്റെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുന്ന പഞ്ചായത്തുകൾ അഥവാ ജനസഭ ഓരോ പ്രദേശത്തും ഉണ്ടാവണം, ജനസഭയല്ലാതെ ജനങ്ങളെ നേരിട്ട് സംരക്ഷിക്കുന്ന / ഭരിക്കുന്ന മറ്റൊരു സംരക്ഷണകൂടം / ഭരണകൂടം നാട്ടിലുണ്ടാവില്ല. ഇന്നത്തെ ബഹുവിധ തൊഴിലാളി യൂണിയനുകൾ അസ്തമിക്കുന്നതാണ്. പഞ്ചായത്തു ഭരണം, ബ്ലോക്കു ഭരണം, ജില്ലാ ഭരണം, സംസ്ഥാന ഭരണം, കേന്ദ്ര ഗവണ്മെന്റ് ഭരണം, രാഷ്ട്രീയ പാർട്ടികളുടെ ഭരണം, തൊഴിലാളി വർഗ്ഗ ഭരണം, മത ഭരണം, ജാതി ഭരണം, ദേവാലയ ഭരണം, വ്യത്യസ്ത ക്ലബ്ബുകളുടെ ഭരണം എന്നിങ്ങനെ ജനങ്ങളെ വീർപ്പുമുട്ടിക്കുന്ന സമ്പ്രദായങ്ങളെല്ലാം അസ്തമിക്കുന്നതാണ്. ദൈവം ഉടനെ മായ പ്രത്യക്ഷമാക്കുന്നതോടെ മത്സരമില്ലാത്ത തെരഞ്ഞെടുപ്പുകൾ നടപ്പാവുന്നതാണ്.

സമാധാനപരമായും ശാസ്ത്രീയമായും നടപ്പാക്കുവാൻ മായ പ്രത്യക്ഷമാകുന്നതിനു മുമ്പ് സാധിക്കണമെങ്കിൽ ജനങ്ങൾക്ക് ധർമ്മ ശാസ്ത്രപരമായ ജ്ഞാനവും ആർജ്ജവവും വർദ്ധിക്കേണ്ടതുണ്ട്.

**ജനസഭയെന്നത് ജനങ്ങളും, അവരുടെ 'അടിമകളായ രാജാവും മന്ത്രിമാരും പോലീസ് സേനയും ഉദ്യോഗസ്ഥരും' ചേർന്നതാണ്; അതേസമയം ജനങ്ങളുടെ സാന്നിധ്യത്തെ നിശ്ചയിക്കുന്നത് ആവശ്യക്കാരായ ജനങ്ങൾ തന്നെയാവണം.**

ധർമ്മ ശാസ്ത്രപ്രകാരം മാത്രം ജനങ്ങളുടെ യഥാർത്ഥമായ പൊതു ആവശ്യങ്ങളെ രാജാവും മന്ത്രിമാരും നിർവ്വഹിക്കുകയാണു ചെയ്യുന്നത്. ജനങ്ങളുടെ അടിമകളായ രാജാവ്, മന്ത്രിമാർ, പോലീസ് സേന, ഉദ്യോഗസ്ഥർ തുടങ്ങിയവരെ തെരഞ്ഞെടുക്കുന്ന ജനങ്ങളിൽ നിന്നും ദൈവീകമായ സാമ്പത്തിക ശാസ്ത്രം പ്രകാരം ജനസഭയുടെ പൊതു ഖജനാവിലേക്ക് ധനം ചേരുന്നതാണ്. ജനസഭകളിൽ നിന്ന് വേതനം നൽകി ജനങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാന-കേന്ദ്രഭരണകൂടങ്ങളെ നിശ്ചയിക്കുന്നതാണ് എന്നല്ലാതെ അത്തരം ഭരണകൂടങ്ങൾക്ക് ജനങ്ങളുടെ മേൽ നികുതികൾ ഉൾപ്പെടെ യാതൊരു നിയമങ്ങളും നേരിട്ട് ചെലുത്താനാവുന്നതല്ല; ഭൂമിയിലൊക്കെയും സംഭവിക്കുന്ന കാര്യങ്ങളാണവ; ദൈവീകമായ അഥവാ ധർമ്മ ശാസ്ത്രപരമായ സാമ്പത്തിക ശാസ്ത്രത്തിൽ നികുതികളില്ല എന്നും അറിയുക. www.omsathyam.com/GodlyRevolution/**Mahaavedam.pdf** എന്ന മഹാവേദ ഗ്രന്ഥത്തിലെ പ്രത്യേക അദ്ധ്യായത്തിൽ സാമ്പത്തിക ശാസ്ത്രം വിവരിക്കുന്നുണ്ട്.

**ചെറുപ്പക്കാർ ഉൾപ്പെടെയുള്ള ജനങ്ങൾക്ക് തൊഴിൽ നൽകുന്നത് ഭരണകൂടത്തിന്റെ പണിയല്ല. തൊഴിൽ അഭിരുചി, (ദൈവീകമായി) ലഭ്യമാകുന്ന അവസരങ്ങൾ, സമസ്ത തൊഴിലുകൾക്കും സമ പദവിയും സമ വേതനവും തുടങ്ങിയവ ഉൾക്കൊണ്ട് തൊഴിൽ ചെയ്യുക; ജീവിക്കുക അത്രയേ വേണ്ടൂ.**

# തൊഴിലുകൾ : ശുചിത്വം

മഹാപ്രപഞ്ചത്തിന്റെ ധർമ്മശാസ്ത്രപ്രകാരം മനുഷ്യർ ജീവിച്ചാൽ, ആനന്ദങ്ങളുടെ കലവറയായ ഭൂമിയിലെ ആനന്ദങ്ങളെ ആസ്വദിച്ച് സങ്കല്പത്തിലെ സ്വർഗ്ഗത്തെ അനുഭവിക്കുന്ന യാഥാർത്ഥ്യമാക്കി മാറ്റാൻ കഴിയും. ഭൂമിയിലെ ആനന്ദജീവിതം ഉറപ്പിക്കാനായിട്ട്, സമൂഹത്തിലെ എല്ലാ വ്യക്തികളെയും വസ്തുക്കളെയും വ്യവസ്ഥിതികളെയും പ്രശ്നങ്ങളെയും പദ്ധതികളെയും ധർമ്മ ശാസ്ത്രപരമായി ശുചിയാക്കേണ്ടതുണ്ട്.

ധർമ്മ ശാസ്ത്രപരമായി സമൂഹ ജീവിതത്തെ ശുചിയാക്കുന്ന തൊഴിലുകളെല്ലാം ശുചിത്വ വിഭാഗത്തിൽ പെടുന്നു. സംഗീതം, സാമൂഹ്യ പ്രവർത്തനം, ശാസ്ത്രവികസനം, അദ്ധ്യാപനം, റോഡുകളും തെരുവുകളുമെല്ലാം ശുചിയാക്കൽ, തുടങ്ങിയവകളിൽ പ്രവർത്തിക്കുന്നവർ ശുചിത്വ വിഭാഗത്തിലാണ്.

ശുചിത്വ വിഭാഗത്തിലും മറ്റു വിഭാഗങ്ങളിലും മുഖ്യധാരയായി പ്രവർത്തിക്കുവാൻ എല്ലാ ജനങ്ങൾക്കും മഹാനീതിശാസ്ത്ര പ്രകാരം അവസരം കിട്ടുന്നുണ്ട്. ഒരേ ജന്മത്തിൽ നാലു വിഭാഗങ്ങളിലും പ്രവർത്തിക്കാനും കഴിയുമെന്നതിന് ഏറ്റവും വലിയ തെളിവായി ഗാന്ധിജിയുടെ ജീവചരിത്രം ലഭ്യമാണ്. ഒരു വിഭാഗത്തിൽ പ്രവർത്തിക്കുന്നവർ മറ്റു വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നവരേക്കാൾ അടിസ്ഥാനപരമായി ശ്രേഷ്ഠരാകുന്നില്ല.

സംഗീതം ശുചിത്വത്തിലെ ആദ്യത്തെ ഇനമാണ്, സംഗീതത്തെ (ദൈവ) സിദ്ധിയാണെന്ന് തിരിച്ചറിയിക്കുന്നതാണ് അതിനു മുഖ്യ കാരണം. സംഗീതം ഉൾപ്പെടെ ഏതൊരു തൊഴിലും ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം, എന്നിങ്ങനെ നാലു വിഭാഗങ്ങളിലും പ്രവർത്തിക്കുന്നതാണ്.

ഓരോ വിഭാഗത്തിലും സംഗീതം എങ്ങനെയെല്ലാം പ്രവർത്തിക്കുന്നു / പ്രവർത്തിക്കണം എന്നു വിശദീകരിക്കാം.

## സംഗീതം ശുചിത്വത്തിൽ :

ദൈവസിദ്ധിയാണ് സംഗീതം എന്ന് പ്രത്യക്ഷമായി ബോധ്യപ്പെടുത്തുമ്പോൾ, പ്രസ്തുത സിദ്ധി നൽകിയതിന് ദൈവത്തിന് വ്യക്തമായ ഉദ്ദേശമുണ്ട് എന്നറിയണം. അതിന്റെ അർത്ഥം വ്യക്തിസ്വാതന്ത്ര്യത്തിന് നിയന്ത്രണങ്ങളുണ്ടാകുന്നു എന്നുകൂടിയാണ്. മനുഷ്യരെ തമ്മിൽ സ്നേഹം കൊണ്ട് ബന്ധിപ്പിക്കുവാനും ദൈവത്തിലേക്ക് സർവ്വരെയും ചേർത്തു നിർത്തുവാനും സംഗീതം പ്രഥമമായി ഉപകരിക്കണം.

ദൈവത്തോട് ചേർത്ത് നിർത്തുക എന്നു പറയുമ്പോൾ, മഹാവാത്സല്ല്യത്തെ കുഞ്ഞുങ്ങൾക്ക് പകരാനും അവരുടെ നല്ലതിനു വേണ്ടി മാത്രമാണ് എന്നും, ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവം കുഞ്ഞുങ്ങൾക്ക് നൽകുന്ന സംഗീതത്തിൽ ദൈവം ആനന്ദിക്കുന്നില്ല എന്നും തിരിച്ചറിയണം.

ആരാധനാപരമായി അഥവാ സ്തുതിപരമായി സംഗീതം ആലപിക്കുമ്പോൾ, ദൈവത്തെ മാത്രം സ്തുതിക്കുന്ന സംഗീതമാണ് ഉയരേണ്ടത്. ഏകമഹാശക്തിയായ ദൈവത്തെ അല്ലാതെയുള്ളവരെ സ്തുതിക്കുന്ന ഗീതങ്ങൾ ദൈവീകമല്ല അഥവാ ശാസ്ത്രീയമല്ല.

## സംഗീതം അത്യാവശ്യത്തിൽ :

ദൈവസിദ്ധിയാണെന്ന് തിരിച്ചറിയുന്നതായ സംഗീതത്തെ ജീവിത-തൊഴിലായി സ്വീകരിക്കുമ്പോൾ, ദൈവസിദ്ധിയാണെന്ന തിരിച്ചറിവ് പുലർത്തേണ്ടതുണ്ട്. സംഗീത ആലാപനത്തിന് പണം സ്വീകരിക്കാൻ പാടില്ല. സമൂഹത്തിൽ ഭിക്ഷയാചിക്കുവാൻ ദൈവം അഥവാ ശാസ്ത്രം അവകാശം നൽകി ഉന്നതപ്പെടുത്തിയിരിക്കുന്നത് സംഗീതജ്ഞരെ മാത്രമാണ്.

ഇന്ത്യയിലും മറ്റും ഇന്ന് വ്യാപകമായിട്ടുള്ളതു പോലെ സംഗീതജ്ഞർക്ക് മത്സരിക്കാനും ധനം സമ്മാനമായോ വേതനമായോ വാങ്ങാനും അവകാശമില്ല. ദേവാലയങ്ങളിൽ ദൈവസ്തുതികൾ പാടുകയും, പാത്രത്തിൽ ഭിക്ഷ സ്വീകരിക്കുകയും തനിക്ക് ജീവിത ആവശ്യങ്ങൾക്ക് വേണ്ടതിന്റെ ബാക്കി ദേവാലയത്തിൽ വച്ചുതന്നെ ദരിദ്രർക്കും ദേവാലയത്തിൽ അന്നദാനം നടത്തുന്നതിനും, പാവങ്ങൾക്കും നൽകുന്ന ശാസ്ത്രരീതിയാണ് പിൻപറ്റേണ്ടത്.

## സംഗീതം ആവശ്യത്തിൽ :

ജനസഭകളിലെ അഥവാ സമൂഹത്തിലെ സമ്മേളനങ്ങളിൽ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ ചെയ്യുന്ന മഹാശക്തിയായ ദൈവത്തെ നാലുവരി കവിതയിലൂടെ ഓർമ്മിപ്പിച്ചു കൊണ്ടുള്ള ശുദ്ധസംഗീതം ആലപിക്കുന്നത് ശ്രേഷ്ഠമാണ്.

ഭൂമിയുടെ കുഞ്ഞുങ്ങൾക്ക് സ്വഭാവ ശുദ്ധി വർദ്ധിക്കുവാൻ അത്തരം നടപടികൾ സ്വീകരിക്കുന്നത് നല്ലതാണ് എന്നല്ലാതെ ഭൂമി @ ദൈവം @ മഹാദേവി പ്രീതിപ്പെടുമെന്ന് ധരിച്ചു പോകരുത്. ഏക ദൈവത്തിന്റെ @ ഭൂമിയുടെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ സമസ്ത ജനങ്ങളും എന്ന തിരിച്ചറിവോടെ അന്യോന്യം സഹായിക്കുകയും സഹകരിക്കുകയും ചെയ്തു ജീവിക്കുക എന്നത് മാത്രമാണ് മഹാവാത്സല്ല്യത്തെ ഏകമഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ള മഹാമാതാവിനെ പ്രീതിപ്പെടുത്തുവാനുള്ള ഏക പോംവഴിയെന്ന് സ്തുതികളും ആരാധനയും എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

## സംഗീതം വിനോദത്തിൽ :

സംഗീതസിദ്ധി ലഭിച്ചിട്ടുള്ളവർക്ക് വീടുകളിലും സമൂഹത്തിലും സംഗീതം ആലപിച്ച് വിനോദിക്കാം. മറ്റുള്ളവർക്ക് ശബ്ദ ശല്ല്യമുണ്ടാക്കരുത്. ചുറ്റുമുള്ളവർക്കു വേണ്ടി ശബ്ദംവെച്ച് പാടാവുന്നതാണ്. അതുപോലെ ആഘോഷ വേളകളിൽ വിനോദത്തിന്റെ ഭാഗമായി 'ദൈവീക സിദ്ധിയായ സംഗീത ആലാപനം' നിർബ്ബന്ധമാക്കുന്നത് നല്ലതാണ്. സാമ്പത്തിക ഭദ്രത ഇല്ലാത്തവർക്ക് മാത്രം അവർ ആവശ്യപ്പെടുന്ന സാമ്പത്തിക ഭിക്ഷ നൽകുവാൻ കഴിയുമെങ്കിൽ നല്ലതാണ്; ആഘോഷ നടത്തിപ്പുകാർക്ക് തോന്നുന്ന പോലെയും ഭിക്ഷ നൽകാം.

സംഗീതത്തെ വിനോദമാക്കുമ്പോൾ കൂടുതൽ ശ്രദ്ധിക്കണം. ധർമ്മ ശാസ്ത്രപ്രകാരം മാത്രം വിനോദിക്കണം. ധർമ്മ ശാസ്ത്ര വിരുദ്ധമായ സംഗീതം പൈശാചിക കോപ്രായങ്ങളെ ഉണ്ടാക്കും. ചില പാട്ടുകൾ കേൾക്കുമ്പോൾ നൃത്തമറിയാത്തവർ തങ്ങൾ വലിയ നൃത്തം ചെയ്യുകയാണ് എന്ന ധാരണയോടെയും മറ്റും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ അതു ബോധ്യമാക്കുന്നതാണ്.

## അദ്ധ്യാപനം :

ഓരോരോ ശാസ്ത്രങ്ങളിൽ പാണ്ഡിത്യവും പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട തൊഴിലുകളിൽ പരിചയമുള്ളവരും, ശരാശരി മനുഷ്യായുസ്സായ 50 വയസ്സിനു മുകളിൽ പ്രായമുള്ളവരും അദ്ധ്യാപന അഭിരുചി ഉള്ളവരുമാണ് അദ്ധ്യാപകരാവാൻ യോഗ്യതയുള്ളവർ എന്ന് ഏകദേശമായി പറയാം എന്നല്ലാതെ യോഗ്യതകളെ മണ്ണായ ഭൂമി നിജപ്പെടുത്തുന്നില്ല.

**പ്രത്യേകമായി ശ്രദ്ധിക്കുക :-**

**ഈ ചെറിയ ഗ്രന്ഥത്തിലും മുൻ ഗ്രന്ഥങ്ങളിലും, വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്ന രീതിയിലുള്ള വാചകങ്ങൾ അവിചാരിതമായോ അബദ്ധത്തിലോ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അവയെല്ലാം, മുകളിലും താഴെയും ഉള്ള സെല്ലുകളിലെ വാക്യങ്ങളുടെ മാതൃകയിൽ തിരുത്തേണ്ടതാകുന്നു. മണ്ണിലെ നിയമങ്ങളിൽ ഓംനീതി-യുടെ ഭാഗമായി വേറിട്ട് അസ്തിത്വമുള്ള 'ശരാശരി മനുഷ്യായുസ്സായ 50 വയസ്സ്' പോലെയുള്ള കാര്യങ്ങളാണ് പലപ്പോഴും വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രകൃതം കാണിക്കുക എന്നുമറിയുക.**

**ജീവിതത്തിന്റെ അർത്ഥം അറിയാത്തവരെ അദ്ധ്യാപകരായി ഭരണകൂടം / സമൂഹം നിയമിച്ചുകൂടാ.**

**അതേസമയം, വ്യക്തികൾക്ക് ആരെയും അദ്ധ്യാപകരായി സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. മണ്ണും കല്ലും മരവും ഇലയും എറുമ്പും പശുവും ആടും കോഴിയും പട്ടിയും പൂച്ചയും കിളികളും പൂക്കളും പഴങ്ങളും പച്ചക്കറികളും എല്ലാം എല്ലാം ഓരോരോ വിധങ്ങളിൽ മനുഷ്യരുടെ അദ്ധ്യാപകരാണ് എന്നിരിക്കെ തൊഴിലുകൾ ചെയ്യാനുള്ള യോഗ്യത മണ്ണായ ഭൂമി നിജപ്പെടുത്തുന്നില്ല.**

**അദ്ധ്യാപനം എന്നത് അടിസ്ഥാനപരമായി വേതനമില്ലാത്ത തൊഴിലാണ്. ജീവിതാനന്ദങ്ങളെ അനുഭവിച്ചറിഞ്ഞ ശേഷം ഭാവി തലമുറയെ ശ്രേഷ്ഠപ്പെടുത്താനുള്ള കർമ്മം ചെയ്ത് പുണ്യം വർദ്ധിപ്പിക്കുവാനുള്ള ഒരു മാർഗ്ഗമാണ് അദ്ധ്യാപനം.**

കാട്ടുവാസികളെ ശുദ്ധിപ്പെടുത്താൻ കൂടി ഉപകരിക്കും വിധം പാഠശാലകളെ നദീതീരങ്ങളിലും വനപ്രാന്തങ്ങളിലും സ്ഥാപിക്കുന്നതാണ് കൂടുതൽ ദൈവീകം. കുട്ടികളെ സ്വാശ്രയ ശീലത്തോടെ പഠിപ്പിക്കുന്ന ഗുരുകുല സമ്പ്രദായങ്ങൾ ഉരുത്തിരിയുന്നതാണ്. കുട്ടികൾ അഥവാ വിദ്യാർത്ഥികൾ നിലവിൽ സമർത്ഥരായിരിക്കുന്ന വിഷയങ്ങളെ സാക്ഷ്യപ്പെടുത്തുക എന്നതിനപ്പുറം അവർക്ക് മാർക്ക് നിശ്ചയിക്കാനോ വിജയ-പരാജയങ്ങളെ കുറിക്കാനോ, ചില വിഷയങ്ങളിൽ കൊള്ളില്ല എന്നു നിശ്ചയിക്കുവാനോ അദ്ധ്യാപകന് അവകാശമില്ല. കാലം അഥവാ ദൈവം നിശ്ചയിക്കുന്ന കാര്യങ്ങളിൽ അദ്ധ്യാപകർ ഉൾപ്പെടെ യാതൊരാളും ഇടപെട്ടുകൂടാ.

'ദൈവനിന്ദ : മത്സരങ്ങൾ പാടില്ല' എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. പ്രത്യക്ഷമായും പരോക്ഷമായും മണ്ണിൽ അദ്ധ്വാനിച്ച് മണ്ണിൽ നിന്നും ധനമുണ്ടാക്കി ജീവിക്കുക എന്ന ശാസ്ത്രത്തെ പിൻപറ്റുവാനും പാലിക്കാനും അദ്ധ്യാപകർക്കും ശിഷ്യന്മാർക്കും കഴിയണം. കുട്ടികൾ സമ്പാദിച്ചതല്ലാത്ത ധനം കൊണ്ട് അഥവാ മാതാപിതാക്കളുടെയും മറ്റും സമ്പത്തുകൊണ്ട് മൊബൈൽ ഫോൺ വാങ്ങാനും, വാഹനം വാങ്ങുവാനും, മദ്യം കഴിക്കാനും ഇന്നു കഴിയുന്നതുകൊണ്ടു കൂടിയാണ് ഭാവി തലമുറ ധാർമ്മികമായി അധഃപതിക്കുന്നത്. ആവക വിവരങ്ങളെ സാമ്പത്തിക ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

കാമപരങ്ങളായ കാര്യങ്ങളെ ധർമ്മ ശാസ്ത്രപരമായി വിശദീകരിക്കുന്ന ഗുരുവായി ഒരു പുരുഷന് / പിതാവിന് പെരുമാറാൻ കഴിയുന്നത് പുരുഷ-വിദ്യാർത്ഥികളോടു മാത്രമാണ്. ആവക കാര്യങ്ങളെ പുരുഷനായ ഗുരു, സ്ത്രീകളെ/പെൺകുട്ടികളെ പഠിപ്പിക്കുന്നതും, അതുപോലെ പുരുഷ- വിദ്യാർത്ഥികളെ ഒരു സ്ത്രീ അഥവാ മാതാവ് കാമകാര്യങ്ങളെ പഠിപ്പിക്കുന്നതും സദാചാര ശാസ്ത്രപ്രകാരം സഭ്യമല്ല. പെൺകുട്ടികൾക്കായി സ്ത്രീകൾ നടത്തുന്ന സ്ത്രീസഭ എന്ന ലളിതമായ പാഠശാല ദേവാലയത്തോടു ചേർന്ന് ഉണ്ടാക്കാവുന്നതാണ്.

**പാഠ്യവിഷയങ്ങളെപ്പറ്റി പറയുമ്പോൾ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രമാണ് വിദ്യാർത്ഥികൾക്ക് പകരുക. 100 മനുഷ്യജന്മങ്ങൾ ഉള്ളതിൽ പകുതിയിലേറെ പിന്നിട്ടവർക്കും പുണ്യം ഏറെ സമ്പാദിച്ചിട്ടുള്ളവർക്കും മാത്രമേ സുഗമമായി ശാസ്ത്ര പാഠങ്ങളെ ഗ്രഹിക്കാനാവുകയുള്ളൂ എന്ന മുഖവുരയോടെ തുടരട്ടെ. കാലാനുസൃതം സംഹാരം ആരംഭിക്കുന്നതോടെ ശാസ്ത്രവിഷയങ്ങളും ശാസ്ത്രവികസനവും ശോഷിക്കുന്നതാണ്, ആവക വിവരങ്ങൾ സംഹാരം എന്ന അദ്ധ്യായത്തിലുണ്ട്.**

**ഭൂമിയിലെങ്ങും കുട്ടിദൈവങ്ങളായും സൂപ്പർ ദൈവങ്ങളായും പ്രവർത്തിക്കുന്നവർ ശുചിത്വ വിഭാഗത്തിലാണെന്ന് ധരിച്ചു പോവരുത്. അവർ കാട്ടിക്കൂട്ടുന്ന അധമ കാര്യങ്ങളെ ദൈവ നിന്ദ : കപടദൈവങ്ങളെയും കുട്ടിദൈവങ്ങളെയും ആരാധിച്ചുകൂടാ എന്ന അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുണ്ട്. ആവശ്യം എന്ന വിഭാഗം ദുഷിച്ചുണ്ടായതാണ് കുട്ടിദൈവങ്ങളും സൂപ്പർ ദൈവങ്ങളുമായി ഒട്ടുമിക്ക ദേശങ്ങളിലും വേഷം കെട്ടിപ്പോരുന്ന നീചർ.**

**എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നത് ചുവടെ കൊടുക്കുന്നതും മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നതുമായ സത്യം ശിവം സുന്ദരം -ന് വിധേയമാണ്.**

## സത്യം ശിവം സുന്ദരം

**മഹാപ്രപഞ്ചം ഉൾപ്പെട്ട സർവ്വം സത്യമാണ്.**

മഹാപ്രപഞ്ചം ആയിരം കോടി വർഷങ്ങൾക്കു മുമ്പ് ഉണ്ടായതായി ശാസ്ത്രജ്ഞന്മാർ യുക്തിഭദ്രമായ നിഗമനങ്ങൾ നടത്തുന്നതിന്റെ കൃത്യത മാറ്റിവെച്ചാൽ, പ്രപഞ്ചവും, പ്രപഞ്ച ഭാഗമായി ജീവികളും ഭൂമിയിൽ ജീവിക്കുന്നു എന്നത് സത്യമാണ്. മനുഷ്യരും മൃഗങ്ങളും പക്ഷികളും സസ്യങ്ങളും മത്സ്യങ്ങളും ഒക്കെ ചത്തൊടുങ്ങുന്നതും, പുതിയ കുഞ്ഞുങ്ങൾ ജനിക്കുന്നതും വളരുന്നതും ജീവിക്കുന്നതും കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും കഴിയുന്ന സത്യങ്ങൾ മാത്രമാണ്.

# സത്യം ശിവമാണ്.

**പ്രപഞ്ചം എന്ന സത്യം ഉണ്ടായിട്ടുള്ളത് ശിവം കാരണമാണ്. ശിവയും ശിവനും ചേർന്നതാണ് ശിവം. ശിവം കാരണം പ്രപഞ്ചം എന്ന സത്യം ഉണ്ടാവുകയാൽ, ശിവം, ശിവ, ശിവൻ എന്നിവ പ്രപഞ്ചത്തിനും അതീതമാണ്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ജീവികളും മഹാമംഗളമായ നിയമങ്ങളോടെ മഹാഭദ്രമാക്കപ്പെട്ടിരിക്കുന്നു. ആകയാൽ ശിവം മംഗളമാണ്.**

**ശിവം സുന്ദരവുമാണ്. സത്യം ശിവം സുന്ദരം.**

**പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ജീവികളും മഹാഭദ്രമാക്കപ്പെട്ടിട്ടുള്ളത് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നീ 3 ശാസ്ത്രങ്ങൾ പ്രകാരം ആകയാൽ, സൃഷ്ടിപരമായ വിധിയും സ്ഥിതിപരമായ വിധിയും പ്രപഞ്ചത്തിലെ സർവ്വ സൃഷ്ടികൾക്കും ബാധകമാണ്.** സൃഷ്ടികൾക്ക് നൽകിയ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ നിയന്ത്രിക്കാൻ ശാസ്ത്ര പ്രകാരം തന്നെ പരസ്യമായും രഹസ്യമായും ഏകദൈവമായ **ശിവയ്ക്ക് 'മായ' കൊണ്ട് കഴിയുമെങ്കിലും അസാധാരണമായ സാഹചര്യങ്ങളിൽ മാത്രമേ ശിവ ഇടപെടുന്നുള്ളൂ.** മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികളിൽ സഞ്ചാര സ്വാതന്ത്ര്യം ഉള്ളവ സ്വന്തമായി അന്യോന്യം ജാഗ്രത പാലിക്കണമെന്ന് അത് വ്യവസ്ഥ ചെയ്യുന്നു. ഉദാഹരണമായി, നടന്നോ വാഹനത്തിലോ സഞ്ചരിക്കുന്ന വ്യക്തികൾ നടപ്പും പാതയും ശ്രദ്ധിച്ചാലും, മറ്റുള്ളവർ അശ്രദ്ധമായി വാഹനം ഓടിച്ചും, മരം വീണും, ഉരുൾ പൊട്ടിയും, കൊടുങ്കാറ്റ്, ഭൂചലനം, തുടങ്ങിയവ കൊണ്ടും അപകടം ഉണ്ടാവാം !

എല്ലാ സൃഷ്ടി ചക്രങ്ങളിലും ഭൂമിയിൽ 'ദൈവം / മായ' പ്രത്യക്ഷമായി ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ, 'സത്യം ശിവം സുന്ദരം' എന്ന പേരിൽ ഒരു പ്രസ്ഥാനം ഉണ്ടാകുന്നതാണ്. മഹാദേവി, സ്വന്തം ഭാഗമായ പരമശിവനിലൂടെ, മനുഷ്യരുടെ നാവിൽ ഓം കുറിച്ച് മഹാശാസ്ത്ര ജ്ഞാനത്തെ നൽകുന്നത് ലഭിച്ചവർ മുന്നിൽ നിന്ന് മുഖ്യമായും ആത്മീയ ശാസ്ത്ര വിദ്യാഭ്യാസം ഉൾപ്പെട്ട ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. മഹാജ്ഞാനത്തെ ലഭിക്കുന്ന മനുഷ്യർക്ക് നീതിന്യായ വിശകലനം ചെയ്യാനും മഹാ ഉചിതമായ തീരുമാനങ്ങൾ എടുക്കാനും പ്രാപ്തി ഉണ്ടായിരിക്കുന്നതാണ്. മഹനീയമായ ഈ അവസ്ഥയ്ക്കും 'സത്യം ശിവം സുന്ദരം' എന്ന് ലളിതമായി പറയുന്നതാണ്.

ഭൂമി ഉൾപ്പെടെയുള്ള മഹാപ്രപഞ്ചം സത്യം ആണ്; 'സത്യം ശിവം സുന്ദരം' ആണ്. 'മഹാപ്രപഞ്ചം ഇല്ലെങ്കിലും സത്യമായതും, സർവ്വത്തിനും അതീതവുമായ ദൈവത്തെ' വിശേഷിപ്പിക്കാൻ 'സത്യം, മഹാസത്യം' എന്നിങ്ങനെ മഹാപ്രപഞ്ചവുമായി ബന്ധമുള്ള പദങ്ങളും വഴികളും പോരാതെ വരുന്നു. അതായത്, പ്രപഞ്ചത്തിലെ സൃഷ്ടികൾക്ക് പ്രപഞ്ചത്തിന് അതീതമായ ദൈവത്തെ മനസ്സിലാക്കാനാവില്ല. ദൈവത്തിന്റെ പ്രപഞ്ചത്തിനും അതീതമായ മഹാഅവസ്ഥ മനസ്സിലാക്കാൻ 'സത്യം ശിവം സുന്ദരം' പ്രകാരം 'ബ്രഹ്മം' എന്ന പേര് ദൈവം തന്നെ കുഞ്ഞുങ്ങളും സൃഷ്ടികളുമായ മനുഷ്യർക്ക് മഹാഅനുഗ്രഹിച്ചു നൽകുന്നു.

# തൊഴിലുകൾ : അത്യാവശ്യം

വ്യക്തിക്ക് ജീവിക്കുവാൻ അടിസ്ഥാനപരമായി അത്യാവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയുമായി ബന്ധപ്പെട്ട തൊഴിലുകൾ 'അത്യാവശ്യം' വിഭാഗത്തിൽ പെടുന്നു.

ആധുനിക ജീവിതത്തിൽ അത്യാവശ്യങ്ങളുടെ അനന്തമായ നിരയുണ്ട്, എന്നാൽ അവയെല്ലാം കാലവ്യത്യാസം, ശാസ്ത്രപുരോഗതി, ജനപ്പെരുപ്പം എന്നിവയ്ക്ക് അനുസരിച്ചു രൂപപ്പെട്ടവ മാത്രമാണ്. മഹാശാസ്ത്രപ്രകാരം സംഹാരം ആരംഭിക്കുന്നതോടെ ശാസ്ത്ര സൗകര്യങ്ങൾ കുറയുന്നതിനെപ്പറ്റിയും ജനങ്ങൾ മോക്ഷം @ ആത്മീയ സാക്ഷാത്ക്കാരം നേടുന്നതിനൊപ്പിച്ച് സന്താനങ്ങൾ വളരെ കുറയുന്നതിനെ പ്പറ്റിയും സന്താനസൗഭാഗ്യം വ്യക്തിപരമായും സാമൂഹ്യപരമായും ഒരു പ്രധാന പ്രശ്നമായും രൂപപ്പെടുന്നതിനെ പ്പറ്റിയും, സമൂഹത്തിൽ അഥവാ രാജ്യത്തിൽ ഏതാനും വ്യക്തികൾ മാത്രമാകുന്നതിനെ പ്പറ്റിയും ചിന്തിക്കാനായാൽ അത്യാവശ്യമായ തൊഴിലുകളെപ്പറ്റി ശരിയായ ധാരണ ഉണ്ടാകുന്നതാണ്.

ഏതാനും വ്യക്തികൾ മാത്രമുള്ള സമൂഹത്തിൽ ഭരണകൂടമോ പൂച്ചാണ്ടിക്കോടതികളോ ആഫീസുകളോ വാർത്താ വിനിമയസൗകര്യങ്ങളോ വിഷയങ്ങളല്ല. ഇന്ന് അത്യാവശ്യ തൊഴിലുകളായിരിക്കുന്നവ തീർച്ചയായും ഇന്നിന്റെ മാത്രം അത്യാവശ്യമാണ്, ഇന്നിന്റെ മാത്രം.

**സംഹാരം പുരോഗമിക്കുമ്പോൾ, ഉരുത്തിരിയുന്ന അവസ്ഥകൾക്ക് അനുസരിച്ച്, ഉദാഹരണമായി, വിമാനസൗകര്യങ്ങൾ നാളെ പിൻവലിക്കപ്പെടുമ്പോൾ വിമാനവുമായി ബന്ധപ്പെട്ട് ഇന്ന് അത്യാവശ്യമെന്നു കരുതുന്ന തൊഴിലുകൾ ആവശ്യങ്ങൾ പോലുമാവാതെ, വിമാനം കണ്ടെത്തും മുമ്പുള്ള അവസ്ഥപോലെ അപ്രത്യക്ഷമാകുന്നതാണ്.**

എല്ലാ തൊഴിലുകൾക്കും തുല്ല്യപദവിയാണ് ശാസ്ത്രം അഥവാ ദൈവം നൽകുന്നത്, എന്നാൽ തുല്യങ്ങളിൽ ഒന്നാമതായി കൃഷിയെ ഉന്നതപ്പെടുത്തിയിട്ടുണ്ട്. കൃഷി സ്തംഭിച്ചാൽ / കൃഷിക്കാരൻ പണിമുടക്കിയാൽ ഭക്ഷണം സ്തംഭിക്കും; മുമ്പ് വിശദമാക്കിയിരുന്നു. ശരീരത്തിന് കേൾവി ശക്തിയോ സംസാര ശക്തിയോ ഇല്ലെന്നാൽ മൊബൈൽ ഫോൺ ആവശ്യമില്ല. ഇന്നലത്തെ പ്രമുഖ നേതാവായിരുന്നു ഒരാൾ എന്നതിനും ഇന്നു പ്രസക്തിയില്ല ; ഇന്നലത്തെ മത-ജാതിനേതാവായി അറിയപ്പെട്ടയാളെ, അനുയായികളെന്ന് സ്വയം അവകാശപ്പെടുന്നവർ ഇന്ന് പ്രതിമകൾ വച്ചും ചിത്രങ്ങൾ വച്ചും പൂജിച്ചും, മുദ്രാവാക്യങ്ങൾ മുഴക്കി കീർത്തിച്ചും കഴിയുമ്പോൾ, അദ്ദേഹം പുനർജ്ജനിച്ച് മറ്റൊരു രാജ്യത്തിലെ മറ്റൊരു മതക്കാരന്റെ വെപ്പാട്ടിയെന്നോണമുള്ള രണ്ടാം ഭാര്യയായി കഴിയുന്നതിനെപ്പറ്റി ചിന്തിക്കുമ്പോൾ, മനുഷ്യർ കാട്ടിക്കൂട്ടുന്ന കസർത്തുകളുടെ കഥയില്ലായ്മ വ്യക്തമാണ്.

എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നുള്ളത് മുകളിൽ വിവരിച്ച സത്യം ശിവം സുന്ദരം -ന് വിധേയമാണ്.

# തൊഴിലുകൾ : ആവശ്യം

**കാലഘട്ടത്തിനൊത്തുള്ള ശാസ്ത്ര സൗകര്യങ്ങളോടെ വ്യക്തിക്ക് ജീവിക്കുവാൻ ആവശ്യമായ വസ്തുക്കളും ജീവിത സൗകര്യങ്ങളും അവയുമായി ബന്ധപ്പെട്ട തൊഴിലുകളും ആവശ്യം എന്ന വിഭാഗത്തിൽ പെടുന്നു.**

ഇന്നലെയുടെ വിനോദം ഇന്നത്തെ ആവശ്യവും നാളത്തെ അത്യാവശ്യവും .... കുറേക്കഴിഞ്ഞ്, സംഹാരം പുരോഗമിക്കുമ്പോൾ, പിൻവാങ്ങിയുമുള്ള അവസ്ഥയാണ് മഹാപ്രപഞ്ചത്തിലുള്ളത്. ഇന്ന് മൊബൈൽ ഫോൺ അത്യാവശ്യമായിരിക്കുന്നു; ഇന്നലെകളിൽ അത് ആവശ്യം മാത്രമായിരുന്നു; മിനിഞ്ഞാന്ന് വിനോദവും; അതിനു മുമ്പ് മൊബൈൽ ഫോൺ എന്നൊരു ഉപകരണം തന്നെ ഇല്ലായിരുന്നു.

ആവശ്യം, വിനോദം എന്നീ വിഭാഗങ്ങളിലുള്ളവരാണ് ശുചിത്വകാര്യങ്ങളെ കൂടുതലായി മറയ്ക്കുന്നതും അവഗണിക്കുന്നതും. ശുചിത്വ കാര്യങ്ങളെ അവഗണിക്കുന്നു എന്നു പറയുമ്പോൾ ധർമ്മ ശാസ്ത്രത്തെ അവഗണിക്കുന്നു എന്നാകയാൽ സമൂഹത്തിൽ ധാർമ്മിക അധഃപതനം ഉണ്ടാവുകയും വർദ്ധിക്കുകയും ചെയ്യുന്നു. കാലഘട്ടത്തിനൊത്ത് സമൂഹത്തിൽ ആവശ്യമായ തൊഴിലുകളിൽ മിക്കതും ഇന്ന് ധാർമ്മിക മൂല്യം നഷ്ടപ്പെട്ടു പ്രവർത്തിക്കുകയാണ്. ഉദാഹരണമായി, ഒരാൾക്ക് ചെയ്യാനാവുന്ന ജോലി, ആവശ്യമില്ലാത്ത പേപ്പർ വർക്കുകളിലുടെയും അധമ നിയമങ്ങളിലൂടെയും വലിച്ചുനീട്ടി 25 - പേരെക്കൊണ്ടോ അതിലധികമോ പേരെക്കൊണ്ട് ചെയ്യിക്കുന്ന സംവിധാനം ഭരണ കാര്യാലയങ്ങളിൽ വ്യാപിച്ചിരിക്കുന്നു.

തൊഴിലിനുണ്ടായ ധാർമ്മിക ഭ്രംശം നിമിത്തം, തൊഴിൽ ചെയ്യുമ്പോൾ ലഭിക്കുന്നതായ ധർമ്മശാസ്ത്രപരമായ ആനന്ദത്തെ ഇല്ലാതാക്കിയിരിക്കുന്നു. സേവനത്തിന് വേതനം എന്നത് അവഗണിക്കപ്പെടാനും, സേവനമില്ലെങ്കിലും വേതനം വേണം എന്നിങ്ങനെ അധമരീതി വികസിക്കാനും ഇടയായിട്ടുണ്ട്. തൊഴിൽ ലഭിക്കാനും തൊഴിലിലുള്ള ആനന്ദം ലഭിക്കാനും ഉദ്യോഗാർഥികൾ ആഗ്രഹിക്കാത്ത അവസ്ഥ പോലും ഉണ്ടായിരിക്കുന്നു; തൊഴിലുകളുടെ ലക്ഷ്യം വേതനങ്ങളും വേതന-വർദ്ധനവുകളും, സേവനം ഒഴിവാക്കിയുള്ള വേതന-ലഭ്യതയുമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. കൈക്കൂലി തുടങ്ങിയ അഴിമതികൾ കൊണ്ട് തൊഴിലുകളിൽ വിനോദം കൂടി കൃത്രിമമായി ഉണ്ടാക്കപ്പെടുന്നു എന്നതും വസ്തുതയാണ്.

**ദൈവം മായ പ്രത്യക്ഷമാക്കുമ്പോൾ, ധർമ്മ ശാസ്ത്രപ്രകാരം ഇന്നത്തെ തൊഴിൽ സംവിധാനങ്ങളെ പരിഷ്ക്കരിക്കുന്നതാണ്. ഏതാനും ഉദാഹരണങ്ങൾ :**

അനവധി ഭരണകാര്യാലയങ്ങൾ അധമ സംവിധാനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട് സ്വയം തന്നെ അവസാനിക്കുന്നതാണ്. ഉദാഹരണമായി, ആവശ്യമില്ലാത്ത റിപ്പോർട്ടുകളും സാക്ഷ്യങ്ങളും സാക്ഷികളും, കൂടാതെ കള്ള റിപ്പോർട്ടുകളും കള്ള സാക്ഷികളും, ഒക്കെച്ചേർന്ന് ഇന്നത്തെ കോടതികൾ പത്തോ പതിനഞ്ചോ വർഷം നീണ്ട അധമവ്യായാമം നടത്തുന്ന കേസ്, ധർമ്മ ശാസ്ത്രങ്ങളെ അറിയാവുന്ന പഞ്ചായത്ത് ഭരണാധികാരി എന്ന കൊച്ചുരാജാവും സഹകാരികളും ഏതാനും മിനുട്ടുകൾ കൊണ്ട് തീർപ്പാക്കുന്നതാണ്.

പോലീസ് സേന ഉൾപ്പെടെയുള്ള പ്രാദേശിക സേവകരെ തിരഞ്ഞെടുക്കുന്നതും നിയമിക്കുന്നതും പിരിച്ചുവിടുന്നതുമൊക്കെ പഞ്ചായത്ത് അഥവാ ജനസഭയ്ക്കു വേണ്ടി ജനസഭയുടെ രാജാവും (5 മന്ത്രിമാരും) തന്നെ ആയിരിക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പി.എസ്.സി., ബാങ്കുകൾ, ഓഹരി-വിപണികൾ, ഇലക്ഷൻ കമ്മീഷനുകൾ, (ദുർ)ഭരണകൂടങ്ങൾ തുടങ്ങിയ അനവധി കാര്യാലയങ്ങൾ അസ്തമിക്കുന്നതാണ്. ഇന്നത്തെ ബാങ്കുകളെപ്പറ്റി ഒരു കാര്യം എടുത്തു പറയാതെ വയ്യ. അക്കൗണ്ടിൽ ഏറ്റവും കുറഞ്ഞത് ഇത്ര തുക ഉണ്ടാവണമെന്ന് ബാങ്കിന്റെ ഭരണകൂടും തീരുമാനിക്കുകയും, കുറഞ്ഞ തുക സൂക്ഷിക്കാൻ കഴിയാത്തവരുടെ നിക്ഷേപത്തിൽ നിന്നും 500, 1000, എന്നിങ്ങനെയെല്ലാം പിഴകളെന്ന പേരില് അഥവാ നിക്ഷേപകർ കുറ്റംചെയ്തെന്ന പേരിൽ നിക്ഷേപകരുടെ അനുവാദം പോലും ചോദിക്കാതെ പണം തട്ടിയെടുക്കുന്നത്, പിടിച്ചുപറിക്കാരെക്കാൾ അധമരീതിയാണ്. കൊടുംനീചക്കൂട്ടങ്ങളായിരിക്കുന്നു. അതേസമയം, അധമ നിയമങ്ങളിലൂടെയുള്ള അതിലും വലിയ കൊള്ളകളെ സംസ്ഥാനഭരണകൂടങ്ങളും കേന്ദ്രഭരണകൂടവും; രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളി യൂണിയനുകൾ, മതസംഘടനകൾ എന്നിവകളും ചെയ്യുമ്പോൾ, ബാങ്കുകൾക്കും മറ്റും നാണം വേണ്ടതില്ല! സാമ്പത്തികശാസ്ത്രം എന്ന അദ്ധ്യായത്തിൽ ബാങ്കുകളുടെ സൃഷ്ടിതന്നെ അശാസ്ത്രീയം ആയിരിക്കുന്നത് എന്തുകൊണ്ടാണെന്നും, ശാസ്ത്രീയമായി അവ പൻവലിക്കപ്പെടുന്നത് എന്തുകൊണ്ടാണെന്നും എങ്ങനെയാണെന്നും വിവരിക്കുന്നുണ്ട്.

ദൈവത്തെ നിന്ദിക്കുന്ന ഇൻഷ്വറൻസ് പോലെയുള്ള സ്ഥാപനങ്ങളും അസ്തമിക്കുന്നതാണ് (ഇൻഷ്വറൻസ് പോലെയുള്ളവ കടുത്ത ദൈവനിന്ദയാണു ചെയ്യുന്നതെന്ന് വിവിധ മതനേതൃത്വങ്ങൾക്ക് ബോദ്ധ്യമാകാഞ്ഞതിന്റെ മൂലകാരണം മതദൈവ-വിശ്വാസികളായ അവർ മതവിശ്വാസികളോ ദൈവ-വിശ്വാസികളോ അല്ലാത്തതുകൊണ്ടും 'മതങ്ങൾ' ദൈവശാസ്ത്രം അല്ലാത്തതു കൊണ്ടുമാണ്. ലോട്ടറി പോലെയുള്ള അധമവൃത്തികളും മായ പ്രത്യക്ഷമാകുന്നതോടെ അവസാനിക്കുന്നതാണ്.

ഭരണാധികാരികൾ ആവശ്യം വിഭാഗത്തിലാണ്. സാമൂഹ്യ / രാഷ്ട്ര / സംസ്ഥാന / കേന്ദ്ര ഭരണകൂടങ്ങളിലെ ഭരണാധികാരികളെയാണ് ഉദ്ദേശിച്ചത്. മത-രാഷ്ട്രീയ-വർഗ്ഗ സംഘടനകളിലെ ഭരണാധികളും നേതാക്കളുമൊക്കെ ആവശ്യം എന്ന വിഭാഗം ജീർണ്ണിച്ച് ഉണ്ടായവയാണെന്നും, ഭൗതിക അസ്തിത്വം ഇല്ലാത്ത അത്തരം അതിനീച സംഘടനകളെ ശൂന്യതയിൽ മറവു ചെയ്യേണ്ട കാലം എന്നേ കഴിഞ്ഞുവെന്നും ഭീകരവാദത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ വിശദീകരിച്ചിരുന്നു.

ധർമ്മ ശാസ്ത്രപരമായ രാജഭരണസമ്പ്രദായം ജനസഭകളിലൂടെ ഉരുത്തിരിയുന്നതും, ജനങ്ങളുടെ ദാസരായി പ്രവർത്തിക്കുന്ന രാജാവും മന്ത്രിമാരും സേനയും ഉണ്ടാകുന്നതുമാണ്. ഓരോ വ്യക്തിക്കും ധർമ്മ ശാസ്ത്ര പരമായ ആധിപത്യം ഉറപ്പാക്കുന്ന ജനാധിപത്യം ആണ് നടപ്പിലാവുക. മുമ്പ് സൂചിപ്പിച്ചതുപോലെ, ആവശ്യം വിഭാഗത്തിലുള്ള രാജാവ് ആകാൻ എല്ലാ ജനങ്ങൾക്കും മഹാനീതിശാസ്ത്രപ്രകാരം അവസരം ലഭിക്കുന്നതാണ്.

## ഇന്നത്തെ ഭരണകൂടങ്ങൾ നിർവ്വഹിക്കുന്ന നീതിന്യായ സംവിധാനത്തിലെ അധമ കാര്യങ്ങളെപ്പറ്റി അല്പം വിസ്തരിക്കാം :-

1) സമൂഹത്തിലെ ഭരണകൂടത്തിന് തങ്ങളുടെ സാമൂഹ്യ സ്ഥാനമെന്തെന്നോ തങ്ങൾ ആരെന്നോ അറിയില്ല. ദൈവീകമായ അഥവാ ധർമ്മശാസ്ത്രപരമായ തൊഴിൽ വിഭജനത്തിൽ ആവശ്യം എന്ന മൂന്നാം വിഭാഗത്തിലാണ് ഭരണകൂടം പെടുന്നത് എന്നതുപോലെ തന്നെ, **സമൂഹത്തിലെ (വ്യക്തികളുടെ) നീതി-ന്യായ ആവശ്യങ്ങളിലും ഭരണകൂടം മൂന്നാം കക്ഷി മാത്രമാണെന്നത് അറിഞ്ഞും അറിയാതെയും ഇന്ന് പ്രവർത്തിക്കുകയാണ്.**

**ഭരണകൂടമെന്നത് സമൂഹത്തിന്റെ മൊത്തത്തിലുള്ള പൊതു ആവശ്യങ്ങളിൽ ഓരോ വ്യക്തിയെയും ധർമ്മ ശാസ്ത്ര പരമായി സഹായിക്കാനുള്ള സംവിധാനമാണ്; ഉപദ്രവിക്കാനുള്ളതല്ല.**

**ഭരണകൂടം കടമ അഥവാ ഉത്തരവാദിത്തം ഒട്ടുംതന്നെ അറിയാത്ത പോലെയാണ് ഇന്ന് പ്രവർത്തിക്കുന്നത്. മൂന്നാം കക്ഷിയായ ഭരണകൂടം നിശ്ചയിക്കുന്ന നീതിന്യായ സംവിധാനങ്ങളല്ല നീതിന്യായം നടത്തേണ്ടത്.**

ഏതാനും ഉദാഹരണങ്ങളോടെ വിശദമാക്കാം :

(1) ഒരു വ്യക്തിയോടോ, വ്യക്തിയുടെ മാതാപിതാക്കളോടോ, ഭാര്യയോടോ/ ഭർത്താവിനോടോ, കുട്ടികളോടോ, സഹോദരങ്ങളോടോ, മറ്റുള്ള ഉറ്റവരോടോ, ഏതൊരാളോടോ അക്രമം കാട്ടുന്നവരെ ധർമ്മ ശാസ്ത്രപരമായി ശിക്ഷിക്കുവാൻ വ്യക്തിക്ക് കഴിയാതെ വരുമ്പോൾ മാത്രമാണ് ഭരണകൂടത്തിന്റെ സഹായം ആവശ്യമുള്ളത്.

(2) കള്ളനെ കണ്ടാലും പിടിക്കാൻ കഴിഞ്ഞാലും അതുചെയ്യാതെ പകരം കക്കാൻ അനുവദിക്കണമെന്നും പോലീസ് സേനയെ വിവരം അറിയിച്ചാൽ മാത്രം മതിയെന്നും പറഞ്ഞാൽ എങ്ങനെയിരിക്കും ?

(3) ഭാര്യയോടും സഹോദരിയോടും മാതാവിനോടും മക്കളോടും മറ്റും കടുത്ത അക്രമം കാട്ടുന്നവരെ തടയാനുള്ള പ്രാപ്തി ഉണ്ടെങ്കിൽ പോലും, അക്രമിയെ തുരത്താനോ ശിക്ഷിക്കാനോ ശ്രമിക്കാതെ പകരം അക്രമം നടത്താൻ അനുവദിച്ചുകൊണ്ട് പോലീസ് സേനയെ തേടിപ്പോകണമെന്നു പറഞ്ഞാൽ എങ്ങനെയിരിക്കും ?

(4) പട്ടി കുരച്ചുകൊണ്ട് (കടിക്കാനായിട്ടാവാം) ഓടിവരുമ്പോൾ, കല്ലെടുത്തോ, വടിയെടുത്തോ, ചെരുപ്പൂരിയോ, അല്ലാതെയോ പട്ടിയെ ഭയപ്പെടുത്താനോ, അതുമല്ലെങ്കിൽ സ്വയം ഓടി രക്ഷപെടാനോ ഒക്കെ, ശ്രമിക്കാതെ പകരം മൊബൈൽ ഫോണെടുത്ത് പോലീസിനെ വിളിക്കണമെന്നു പറഞ്ഞാൽ എങ്ങനെയിരിക്കും ?

**രണ്ടോ അതിലധികമോ വ്യക്തികൾ എതിരാളികളായി ചേരിതിരിയുമ്പോൾ, അധർമ്മം ചെയ്തവരെ ധർമ്മ ശാസ്ത്ര പ്രകാരം ശിക്ഷിക്കുവാൻ അവർക്കു തന്നെ സാധിക്കുന്നുവെങ്കിൽ അവിടെ ഭരണാധികാരിയുടെ ആവശ്യമില്ല എന്നാണർത്ഥം.**

ഒരാളുടെ ഭാര്യയെയോ ഏതെങ്കിലും പെൺകുട്ടിയെയോ കടന്നുപിടിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്ന അക്രമിയെ വധിക്കേണ്ടുന്ന സാഹചര്യം ഭാര്യയ്ക്കോ ഭർത്താവിനോ ഏതെങ്കിലുമൊരു വ്യക്തിക്കോ ഉണ്ടായാൽ, അക്രമിയെ വധിച്ചുവെന്നു വരും. വധിക്കപ്പെട്ടയാളെ ശവമടക്കുക എന്ന ജോലി മാത്രമാണ് ഭരണകൂടത്തിനുള്ളത്. പകരം വധിച്ചയാളെ കൊലയാളിയെന്നു മുദ്രകുത്താനും വിചാരണചെയ്യാനും ജയിലിലടയ്ക്കാനും ഭരണകൂടത്തിന് അവകാശമോ അധികാരമോ ഇല്ല.

നീച കാര്യങ്ങൾക്കായി ഊർജ്ജവും സമയവും പൊതുസമ്പത്തും പാഴാക്കാനും ഭരണകൂടം തയ്യാറായിക്കൂടാ. പോലീസ് സേന ഉൾപ്പെടെയുള്ള ഭരണാധികാരികളുടെ ഭരണവൈകല്യം കൊണ്ടാണ് നാട്ടിൽ അക്രമങ്ങൾ ഉണ്ടാവുന്നതെങ്കിൽ, കാര്യക്ഷമതയില്ലാത്തവർ സ്വയം പിരിഞ്ഞുപോവുകയും, അല്ലാത്തവരെ പിരിച്ചുവിടുകയും മാറ്റിസ്ഥാപിക്കുകയും ഒക്കെയാണ് ചെയ്യേണ്ടത്.

ലഭ്യമായ ചരിത്രത്തിൽ രാജഭരണകാലത്ത് രാജാക്കന്മാരും ഭടന്മാരും സാധാരണ ജനങ്ങളുമൊക്കെ ധർമ്മ ശാസ്ത്രപരമായിട്ട് അധർമ്മികളെ ശിക്ഷിച്ചിട്ടുള്ള സംഭവങ്ങളുണ്ട്.

ധർമ്മ ശാസ്ത്രവും നീതിശാസ്ത്രവും അറിയാവുന്നവരും അനുസരിച്ചു ജീവിക്കുന്നവരുമായ ജനങ്ങളാണ് നിയമവും നീതിയും കൈയ്യിലെടുക്കേണ്ടത്. ഭീകരവാദവും ദേശവ്യത്യാസങ്ങളും എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. ജനങ്ങൾ നിയമം കൈയ്യിലെടുക്കുകയാണെങ്കിൽ പോലീസെന്തിന് എന്ന ചോദ്യമുണ്ട് : ഒരാൾ മറ്റൊരാളെ പീഢിപ്പിക്കുമ്പോൾ, ആരോഗ്യവും സൗകര്യങ്ങളും കുറഞ്ഞ വ്യക്തിയുടെ പക്ഷമാണ് ന്യായമെങ്കിൽ, അയാളെ സഹായിക്കാനായും, പൊതു വിചാരണ ആവശ്യമുള്ള കാര്യങ്ങളിൽ അതുചെയ്യാനും പോലീസും ജനസഭയിലെ അംഗങ്ങളും ആവശ്യമാണ്. കൊലയും കൊള്ളകളും നടക്കുമ്പോൾ, പലപ്പോഴും പ്രതികളാരെന്ന് അറിയാത്ത സന്ദർഭങ്ങളിൽ പോലീസ് സേനയെ ആവശ്യമുണ്ട്. മായ പ്രത്യക്ഷമായ ശേഷം കൊലയും കൊള്ളകളും അത്യപൂർവ്വമായിരിക്കും എന്നുമറിയുക. പോലീസിനെ ക്കൊണ്ട് ആവശ്യമായ കാര്യങ്ങൾ സമൂഹത്തിലുണ്ട് എന്നതിന് സമൂഹത്തിലെ എല്ലാ ക്രമപ്രശ്നങ്ങൾക്കും പോലീസാണ് പരിഹാരമുണ്ടാക്കേണ്ടത് എന്നു കരുതുമ്പോഴാണ് ധർമ്മശാസ്ത്ര വിരുദ്ധമാകുന്നത്. **ജനങ്ങൾ ധർമ്മ ശാസ്ത്രപരമായി ജീവിക്കുന്ന നാട്ടിലെ, 'പോലീസ് സേന ഉൾപ്പെടെയുള്ള ഭരണാധികാരികൾ @ ജനസേവകർ' മുഖ്യമായും നിരീക്ഷക ജോലി മാത്രമാണു ചെയ്യേണ്ടത്.**

## സമൂഹത്തിലെ പൊതുആവശ്യങ്ങൾക്കും ക്രമപ്രശ്നങ്ങൾക്കും ധർമ്മ ശാസ്ത്രപരമായ പരിഹാരം ഉണ്ടാക്കുക എന്നതാണ് ആവശ്യം എന്നതു തിരിച്ചറിയുമ്പോൾ ആരുചെയ്യണം എന്നത് അപ്രസക്തമാകുന്നു.

രാജാവിനും പോലീസ് സേനയക്കും സാധാരണ ജനങ്ങൾക്കുമെല്ലാം അടിസ്ഥാനപരമായി തുല്ല്യ-അധികാരങ്ങൾ മാത്രമാണ് ഉള്ളതെന്ന് അറിയണം. **പ്രശ്നങ്ങളെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന ജനങ്ങൾക്കാണ് ഏറ്റവും ഉചിതമായ പരിഹാരം ആദ്യം ഉണ്ടാക്കാൻ കഴിയുക** എന്നതിന്റെ അടിസ്ഥാനത്തിൽ, ജനങ്ങൾ @ **വ്യക്തി** ധർമ്മ ശാസ്ത്രപരമായിട്ട് ഒരു സാമൂഹ്യ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നുവെങ്കിൽ അതിനെ അംഗീകരിക്കുകയും അനുമോദിക്കുകയുമാണ് രാജാവും സേനയും മറ്റും ചെയ്യേണ്ടത്. **സമൂഹത്തെ യഥാർത്ഥത്തിൽ ഭരിക്കുന്നത് ധർമ്മ ശാസ്ത്രം ആവുകയും, രാജാവ്, മന്ത്രി, സേന, പ്രജകൾ തുടങ്ങിയവരെല്ലാം ധർമ്മ ശാസ്ത്രത്തെ പരിപാലിക്കുന്ന ഉപകരണങ്ങൾ മാത്രമാവുകയും ചെയ്യുമ്പോൾ, തെറ്റു ചെയ്യുന്ന രാജാവിനെയും മന്ത്രിയെയും..... ഏതൊരാളെയും തിരുത്താനും ശിക്ഷിക്കാനും ആവശ്യമെങ്കിൽ കാട്ടിലേക്ക് തുരത്താനും നാട്ടിലെ ഏതൊരു വ്യക്തിക്കും ധർമ്മ ശാസ്ത്ര പ്രകാരം അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.**

സൂത്രത്തിൽ നൂറ്റാണ്ടുകളിലൂടെ ജനങ്ങളെ ഭരണകാര്യങ്ങളിൽ നിന്നും നീതിന്യായ കാര്യങ്ങളിൽ നിന്നും ഭരണാധികാരികളും അവരുടെ ഭാഗമായ പോലീസും കോടതികളും അകറ്റുകയുണ്ടായി. ഇന്നത്തെ ഭരണാധികാരികളും പരിചയിച്ചിട്ടുള്ളത് ശാസ്ത്രപരമല്ലാത്ത പോലീസ് സംവിധാനത്തെയും ഭരണകൂടത്തെയുമാണ്. പോലീസ് സേനയെ നവീകരിക്കണമെന്നു പറയുമ്പോഴും, നിലവിലുള്ള ചട്ടക്കൂടുകളുടെ അകത്തു നിന്നുള്ള പരിഷ്ക്കാരങ്ങൾ മാത്രമേ അവരുടെ മനസ്സിൽ തെളിയുകയുള്ളൂ. അതെന്തുകൊണ്ടെന്നാൽ, നൂറ്റാണ്ടുകളായിട്ട് ഭരണകൂടം ദൈവീകമല്ല അഥവാ ധർമ്മ ശാസ്ത്രപരമല്ല. ഭരണാധികാരികൾ കൊടുംപാപികളാണെന്നും, അശാസ്ത്രീയമാണെന്നും ദൈവീകമല്ലെന്നും ഭീകരവാദത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളിൽ വ്യക്തമായി വിസ്തരിച്ചിട്ടുണ്ട്. ജനങ്ങൾക്കു വേണ്ടി എന്ന പേരിൽ, ജനങ്ങളുടെ സമ്പത്തുകൊണ്ട് ജീവിക്കുന്ന ഭരണാധികാരികളും പോലീസ് സേനയും ചേർന്ന് നീതി നടത്തണമെന്ന രീതി ദൈവീകമല്ല. **ജനങ്ങൾ തീറ്റിപ്പോറ്റുന്നവരും ജനസേവകരും ജനങ്ങളുടെ ഒരു ഭാഗം മാത്രവുമായ പോലീസ്**, ഇന്ന് ജനങ്ങളുടെ ഭാഗമല്ലാതെ എന്നോണം പ്രവർത്തിക്കുകയും, ധർമ്മശാസ്ത്രത്തെ അനുസരിക്കുന്നതിനു പകരം ഭരണാധികാരികൾ എന്ന കള്ളപ്പേരിലും ജനങ്ങളുടെ ചിലവിലും ജീവിക്കുന്ന മുഖ്യ-ജനസേവകരെ @ അടിമകളെ അനുസരിക്കുന്നവരായി അധഃപതിച്ചിരിക്കുകയാണ്.

**ജനങ്ങളുടെ സമ്പത്തുകൊണ്ട് ജീവിക്കുന്നവരായ ഭരണാധികാരികൾ ആവശ്യപ്പെട്ടാൽ, ജനങ്ങളുടെ സമ്പത്തുകൊണ്ട് തീറ്റിപ്പോറ്റുന്ന പോലീസ് സേന, ജനങ്ങളെ തല്ലുകയും വെടിവെയ്ക്കുകയും കൊല്ലുകയും ചെയ്യുമെന്നായിരിക്കുന്നു. ജനങ്ങളും പോലീസും തമ്മിൽ ശത്രുക്കളെപ്പോലെയുള്ള രീതികൾ ഉണ്ടായിരിക്കുന്നു.**

**ധർമ്മ ശാസ്ത്രവും നീതിശാസ്ത്രവും അറിയുകയും പുലർത്തുകയും ചെയ്യുന്ന ജനങ്ങളെ നിയമവും നീതിയും കൈയ്യിലെടുക്കുന്നതിൽ നിന്ന് തടയുകയും, അവ അറിയുകയോ സ്വയം പാലിക്കുകയോ ചെയ്യാത്തവരെ പോലീസ് സേനയുടെ ഭാഗമാക്കിയിരിക്കുകയാണ്. അറിഞ്ഞും അറിയാതെയും ഭരണകൂടം പുലർത്തിപ്പോന്ന നീച നിയമങ്ങളെ പൊളിച്ചെഴുതിയ ദൈവീകമായ ഗാന്ധിയൻ രീതിയെ ഭരണകൂടങ്ങൾ ഉപേക്ഷിക്കുകയും നീച നിയമങ്ങളെ അധമ-ഭരണഘടനകളിലൂടെ ഭാരതത്തിലും ഭൂമിയിലെ എല്ലാ രാഷ്ട്രങ്ങളിലും പ്രതിഷ്ഠിച്ചിരിക്കുകയുമാണ്.**

**മഹാനീതിശാസ്ത്രം പഠിക്കുമ്പോൾ, മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളുടെയും ഒന്നാം കക്ഷി മഹാനീതിയായ ദൈവമാണെന്നു കാണാം. സമൂഹത്തിലെ ഏതെല്ലാം വ്യക്തികൾ തമ്മിൽ പോരിട്ടാലും, വാദിയും പ്രതിയും ഉൾപ്പെടെയുള്ളവരെല്ലാം രണ്ടാം കക്ഷികൾ മാത്രമാണ്. സ്രഷ്ടാവായ ദൈവം ഒന്നാം കക്ഷിയാണ്. മഹാനീതി വിധിക്കുന്ന മഹാനീതി തന്നെയാണ്. ഒരാൾ വേദനിച്ചതിന് മനുഷ്യർ അറിയാത്ത കാരണങ്ങളുണ്ടാകും. തന്നെയോ കുടുംബത്തെയോ ഭൗതികമായോ അല്ലാതെയോ ആക്രമിച്ചവരോട് ക്ഷമ കാട്ടുവാൻ അഥവാ മാപ്പു കൊടുക്കുവാൻ വ്യക്തി നിശ്ചയിക്കുമ്പോഴും ഭരണകൂടം അപ്രസക്തമാണ്. മൂന്നാം കക്ഷി മാത്രമായ ഭരണകൂടം ആവശ്യമില്ലാത്ത കാര്യങ്ങളെ  ഇന്നു ചെയ്യുന്നു എന്നാണ് വ്യക്തമാക്കിയത്.**

**ജയിൽശിക്ഷാ സംവിധാനം ശാസ്ത്രീയമല്ല. സമൂഹത്തിൽ ധർമ്മ ശാസ്ത്രപരമായി ജീവിക്കുവാൻ തയ്യാറാകാത്തവർക്ക് ശാസ്ത്രപരമായ സൗകര്യങ്ങളെ നിഷേധിച്ചുകൊണ്ട് കാട്ടിൽ ജീവിക്കുവാനും ദ്വീപിൽ ജീവിക്കുവാനും ശിക്ഷിക്കുന്നതിനെപ്പറ്റി ചുവടെ വേറിട്ട് വിശദീകരിക്കുന്നുണ്ട്.**

മേൽ സൂചിപ്പിച്ച കാര്യങ്ങളെല്ലാം, ഇനി ഭൂമിയിൽ സാദ്ധ്യമാകണമെങ്കിൽ, ദൈവം മായ പ്രത്യക്ഷമാക്കുന്നതിലൂടെ മാത്രമേ കഴിയൂ. മതങ്ങളും, രാഷ്ട്രീയ പാർട്ടികളും, മത-ജാതി സംഘടനകളും, വർഗ്ഗ സംഘടനകളുമെല്ലാം ഏറ്റവും അധമമായി മാറിയിരിക്കെ ദൈവീക നടപടികളിലൂടെ മാത്രമേ കഴിയുകയുള്ളൂ. ഭീകരവാദത്തെപ്പറ്റിയുള്ള അദ്ധ്യായങ്ങളിൽ കൂടുതൽ വിശദീകരണമുണ്ട്.

എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നുള്ളത് ഗ്രന്ഥത്തിലെ ഒരു ഭാഗമായ സത്യം ശിവം സുന്ദരം -ന് വിധേയമാണ്.

------------------------------------------------- മഹാനീതിശാസ്ത്രം പഠിക്കുമ്പോൾ, രാജാവോ മന്ത്രിയോ പൈലറ്റോ ആകുന്നതിലൊന്നും അടിസ്ഥാനപരമായി യാതൊരു കാര്യവുമില്ല എന്നു ബോദ്ധ്യമാകുന്നതാണ്. മഹാപ്രപഞ്ചത്തിലെ അനന്തമായ ഭൗതിക ആനന്ദങ്ങളെയും സുഖങ്ങളെയും അറിയാനും അനുഭവിക്കാനും ഉള്ളതാണ് ജീവിതം. എല്ലാ കുഞ്ഞുങ്ങൾക്കും അവയെ ഉറപ്പുവരുത്തുവാൻ ധർമ്മ ശാസ്ത്രപരമായ നിബന്ധന വേണ്ടിവരുന്നു.

ആത്മീയ സാക്ഷാത്ക്കാരത്തിൽ, അറിഞ്ഞതും അനുഭവിച്ചതുമായ ആനന്ദങ്ങളെ അനന്തമായി അനുഭവിക്കുവാൻ മഹാശക്തിയും മഹാമാതാവും കൂടിയായ ദൈവം മഹാഅനുഗ്രഹിക്കുന്നു. അങ്ങനെയിരിക്കെ പദവികളുടെയും കീർത്തികളുടെയും സ്മാരക-നിർമ്മാണങ്ങളുടെയും പിറകേ പായുന്നത് അവിവേകമാണ്, അഹംഭാവമാണ്, അജ്ഞാനമാണ്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

# തൊഴിലുകൾ : വിനോദം

ജീവിക്കുന്നവരാണ് ജീവികൾ; ജീവികളെല്ലാം ജീവിക്കുകയാണു ചെയ്യുന്നത്; ജനിക്കുന്നത് ജീവിക്കാനാണ്; **ജീവിക്കുന്നത് ആനന്ദിച്ചാവണം. ജീവിക്കുവാൻ വിനോദവും വേണം, എന്നല്ലാതെ വിനോദത്തിനായി ജീവിക്കരുത്. ഭൂമിയിലെ ജീവിതത്തിന്റെ 'മോക്ഷം' ഉൾപ്പെട്ട ഉദ്ദേശത്തെ ഉൾക്കൊണ്ടു ജീവിക്കണം.**

തൊഴിൽ അഭിരുചിയും വിനോദ അഭിരുചിയും മഹാനീതിശാസ്ത്രപ്രകാരം മനുഷ്യന് ലഭിക്കുന്ന ജന്മഗുണങ്ങളാണ്. തൊഴിൽ അഭിരുചി എന്നതിലെ അഭിരുചിയിൽ വിനോദം ഉൾപ്പെട്ടിട്ടുണ്ട്. അതായത് തൊഴിൽ ചെയ്യുമ്പോൾ വിനോദിക്കുക കൂടി ചെയ്യുന്നുണ്ട്; ചെയ്യണം. തൊഴിലുകളിൽ ധാർമ്മികച്യുതി ഉണ്ടാവുമ്പോൾ വിനോദം നഷ്ടമാകുന്നതിനെപ്പറ്റി മുകളിൽ ആവശ്യം എന്ന തൊഴിൽ വിഭാഗത്തിൽ സൂചിപ്പിച്ചിരുന്നു.

വിനോദം അഥവാ വിനോദ കാര്യങ്ങൾ തൊഴിലായി സ്വീകരിക്കുന്നവർ ഏറ്റവുമധികം ശ്രദ്ധിക്കേണ്ടതുണ്ട്. ധാർമ്മിക അധഃപതനം സമൂഹത്തിലുണ്ടാവുമ്പോൾ, വിനോദ കലകളിലും സാഹിത്യകാര്യങ്ങളിലും മറ്റും പ്രവർത്തിക്കുന്നവർക്ക് വിനോദകാര്യങ്ങളെ മാറ്റിവയ്ക്കുവാനോ അവയെ സാമൂഹ്യ ഉയർച്ചയെ മുൻനിർത്തി ശുചിത്വ വിഭാഗമായി പ്രവർത്തിപ്പിക്കുവാനോ ബാധ്യതയുണ്ട്. സ്വയം ബാധ്യതയെന്ന പേരിലുള്ള ദൈവീകമായ അഥവാ ധർമ്മ ശാസ്ത്രപരമായ ഉത്തരവാദിത്വമാണത്. ഇന്നത്തേതുപോലെയുള്ള കാലഘട്ടത്തിൽ എല്ലാ രാഷ്ട്രങ്ങളിലെയും സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും വിനോദകാര്യങ്ങളെ ശുചിത്വ വിഭാഗങ്ങളിലേക്ക് നയിക്കുവാൻ ബാധ്യതയുണ്ട്.

**വിനോദങ്ങൾ എല്ലാവിധത്തിലും ധാർമ്മികമാവണം. ഒരു വീട്ടിലെ ഒരു മുറിയിൽ അമ്മയോ അച്ഛനോ രോഗാവസ്ഥയിൽ വേദനകൊണ്ട് കരയുകയും പരസഹായം തേടുകയും ചെയ്യുമ്പോൾ അതു ശ്രദ്ധിക്കാതെ അടുത്ത മുറിയിൽ മക്കളും കൊച്ചുമക്കളും ടെലിവിഷനിലെ മിമിക്രി കണ്ട് പൊട്ടിച്ചിരിക്കുകയോ ക്രിക്കറ്റ് കളി ആസ്വദിക്കുകയോ ചെയ്താൽ അത് ശരിയല്ല എന്നതും, തൊട്ടടുത്ത വീട്ടിൽ മരണം നടന്ന് ശവസംസ്ക്കാരം നടത്തിക്കൊണ്ടിരിക്കെ തന്റെ വീട്ടിന്റെ മുറ്റത്ത് കൈകൊട്ടിക്കളി നടത്തുന്നത് ശരിയല്ല എന്നതും അതുപോലെയുള്ള കാര്യങ്ങളും ഉൾക്കൊള്ളാൻ മനുഷ്യനു കഴിയണം. പലേടങ്ങളിലും ഇന്ന് മറിച്ചുള്ള അവസ്ഥ ഉണ്ടായിരിക്കുന്നു !**

**ശുചിത്വകാര്യങ്ങളും അത്യാവശ്യകാര്യങ്ങളും തകരാറിലായിരിക്കുന്ന ഒരു സമൂഹത്തിൽ വിനോദങ്ങളെന്ന പേരിൽ അധമകാര്യങ്ങൾ നടത്തുന്നതും ജനങ്ങളുടെ അടിമകളായ ഭരണാധികാരികൾ കൂട്ടുനിൽക്കുന്നതും അതിന് പൊതുഖജനാവ് ദുരുപയോഗപ്പെടുത്തുന്നതും കടുത്ത തെറ്റാണ്. സമൂഹത്തെ പ്രദേശം, ജില്ല, സംസ്ഥാനം, ദേശം, അന്തർദ്ദേശീയം എന്നിങ്ങനെ വിലയിരുത്തുമ്പോൾ, പ്രസ്തുത ധാർമ്മിക മാനദണ്ഡം പാലിക്കുവാൻ ഓരോ ഭരണാധികാരിക്കും കഴിയണം. പ്രാദേശിക തലത്തിൽ പോലും കലാമേളകൾ നടത്താൻ ധാർമ്മികമായി യോഗ്യതയില്ലാത്തവർ ഇന്ന് ജില്ലാ - സംസ്ഥാന - ദേശീയ - അന്തർദേശീയ തലത്തിലും മറ്റും കായിക- കലാമേളകളെ നടത്തുന്നത് കടുത്ത പൈശാചികത്വമാണ്. ഉദാഹരണമായി ആഫ്രിക്കയിലും ഏഷ്യയിലും ലാറ്റിനമേരിക്കയിലും മറ്റുമായി ഭൂമിയിലെ 50-ലധികം രാജ്യങ്ങളിലെ ജനങ്ങൾ ഭക്ഷണ ദാരിദ്ര്യത്തിൽ കഴിയുമ്പോൾ, അതിൽ തന്നെ 30-ലധികം രാജ്യങ്ങളിൽ കടുത്ത ഭക്ഷണ ദാരിദ്ര്യം ബാധിച്ചിരിക്കുമ്പോൾ, ഒളിമ്പിക്സ് പോലെയുള്ള അന്താരാഷ്ട്ര വിനോദങ്ങളും മറ്റും നടത്തുന്നത് കടുത്ത പൈശാചികത്വമാണ്.**

## ഭരണാധികാരികളും ബഹുവിധ നേതാക്കന്മാരും ഉൾപ്പെടെ ബുദ്ധിശക്തികളെ അധികമായി ലഭിച്ചിട്ടുള്ളവർ തങ്ങളെ ഈ പ്രപഞ്ചത്തിന്റെ മാതാവായി ഒന്നു ഭാവന ചെയ്യുക :

തന്റെ വളരെയധികം മക്കൾ ഭക്ഷണം ഉൾപ്പെടെയുള്ള ദാരിദ്ര്യത്തിൽ പെട്ടിരിക്കുമ്പോൾ, വിഷമാവസ്ഥയിലുള്ള സഹോദരങ്ങളെ രക്ഷിക്കുക എന്ന ആദ്യ ഉത്തരവാദിത്വം മറന്നുകൊണ്ട് കുറേ മക്കൾ സ്വാർത്ഥ സുഖങ്ങൾക്കും അധമ വിനോദങ്ങൾക്കുമായി പായുന്നതു ശരിയല്ല എന്ന തിരിച്ചറിവ് ഉണ്ടാകുന്നതാണ്.

ധാർമ്മികമായി ജീവിച്ചുകൊണ്ട് ദൈവം നൽകിയ ശക്തിക്കൊത്ത് അന്യരായി കഴിയുന്ന സഹോദരങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയാണ് അത്യാവശ്യം. തനിക്കും കുടുംബത്തിലെ അംഗങ്ങൾക്കും വേണ്ടി പ്രവർത്തിച്ചു കൊണ്ട്, സമൂഹ കാര്യങ്ങളിലേക്ക് കടക്കുകയാണ് അത്യാവശ്യം. സമൂഹത്തിലെ പാപികളെ കുറ്റം പറയാൻ നടക്കാതെ, സ്വയം തിരുത്തിയ ശേഷം അവരെ തിരുത്തുവാനും ശാസ്ത്രപരമായി മാത്രം ശിക്ഷിച്ചു-സ്നേഹിക്കുവാനും ശക്തിക്കൊത്ത് പ്രവർത്തിക്കുകയുമാണ് അത്യാവശ്യം. വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തു കൊണ്ട് ഏതാനും വ്യക്തികൾ സമൂഹത്തിൽ അധാർമ്മിക വിനോദങ്ങളുമായി മുന്നോട്ടു പോകുമ്പോൾ, അധമരായ അവരെ പിന്തുണയ്ക്കുന്നവരായി ഭരണാധികാരികളും മറ്റും അധഃപതിക്കരുത്. തെറ്റുകൾക്ക് തീർച്ചയായും പാപവും ശിക്ഷയും മഹാഭരണാധികാരിയായ ദൈവത്തിൽ നിന്നും ലഭിക്കുമെന്നറിയണം. ഉദാഹരണമായി, ദീപശിഖ എന്ന പേരിൽ കുറെ കളിക്കാരും ഭരണാധികാരികളും പന്തവും കൊളുത്തി ഓടുന്നതും അതിന് ഭരണാധികാരികൾ കൊടിവീശുന്നതും പോലീസ് സേനയുടെ വർദ്ധിച്ച സംരക്ഷണം കൊടുക്കുന്നതും അവയ്ക്കെല്ലാം പൊതുഖജനാവിൽ നിന്ന് ചെലവു ചെയ്യുന്നതും പൈശാചികം മാത്രമാണ്.

നാട്ടിൽ വലിയ ഗൗരവമായ പ്രശ്നങ്ങളുള്ളപ്പോൾ മെഡലുകൾ എന്ന അധമ സൂത്രങ്ങളുടെ എണ്ണം കൂട്ടാൻ ആഗ്രഹിക്കുന്ന ഭരണാധികാരികൾ ഉൾപ്പെടെയുള്ളവർ പാപം സമ്പാദിക്കുകയാണ്. കുഞ്ഞുങ്ങളേ, ഇത്ര അധമരാകുവാൻ എങ്ങനെ കഴിയുന്നു ?

ധർമ്മ ശാസ്ത്രപരമായി, പ്രാദേശിക തലത്തിന് അപ്പുറമായി വിനോദങ്ങൾക്ക്, യാതൊരു വികസനങ്ങളും അത്യാവശ്യമോ ആവശ്യമോ അല്ല. ഓരോരോ പ്രദേശങ്ങളിലെയും ജനങ്ങൾ കുറേ വിനോദിക്കുക എന്നതിനപ്പുറം വിനോദത്തിനു വേണ്ടി ജീവിക്കുന്ന അധമാവസ്ഥ ഉണ്ടാവാൻ പാടില്ല. മനുഷ്യൻ എന്ന വ്യക്തിയാണ് ജീവിക്കുന്നത്. സമൂഹത്തിന്റെ മൊത്തത്തിലുള്ള ധാർമ്മിക നിലവാരമെന്നത് വ്യക്തിയല്ല. വ്യക്തി എന്തു നേടുന്നു, മഹാനീതി ശാസ്ത്രപ്രകാരം മാത്രം വിനോദിക്കുന്നുവോ എന്നതാണ് പ്രധാനം.

**വിനോദത്തെ തൊഴിലായി സ്വീകരിക്കുന്ന വ്യക്തിയെ സന്തോഷിപ്പിക്കുവാൻ സമൂഹഭരണകൂടം തയ്യാറാവുന്നതിന് ധർമ്മശാസ്ത്ര നിബന്ധനകളുണ്ട്.**

**വിനോദത്തെ തൊഴിലാക്കുന്ന വ്യക്തിക്ക് സമൂഹത്തിലെ ഒന്നൊഴിയാതെ എല്ലാ ജനങ്ങളെയും സന്തോഷിപ്പിക്കുവാൻ /വിനോദിപ്പിക്കുവാൻ കഴിയുമ്പോൾ മാത്രമേ പൊതുഖജനാവ് വിനോദ ആവശ്യങ്ങൾക്കു ചിലവിടുവാൻ ഭരണകൂടത്തിന് അവകാശമുള്ളൂ. അതായത് 120 കോടി ജനങ്ങൾ ഉണ്ടെങ്കിൽ, അവരെ മുഴുവൻ വിനോദിപ്പിക്കുന്ന കാര്യങ്ങൾക്കു മാത്രമേ പൊതുഖജനാവ് ഉപയോഗിക്കാൻ പാടുള്ളൂ. ഓപ്പറേഷൻ തിയേറ്ററിലുള്ള രോഗികൾക്കും ഡോക്ടർക്കും മറ്റും മറ്റും വിനോദം നൽകാൻ സാദ്ധ്യമല്ലെന്നിരിക്കെ സ്പോർട്സുകൾക്കും കലകൾക്കും മറ്റും പൊതുഖജനാവിൽ നിന്ന് ധനവും സമ്മാനങ്ങളും നൽകുന്ന ഇന്നത്തെ രീതി അധമമാണ്.**

**വ്യക്തികളുടെ അഥവാ ജനങ്ങളുടെ സ്പോർട്സ് മികവുകളും കലാ മികവുകളുമൊക്കെ രാജാവിനെയോ മന്ത്രിയെയോ പൗരന്മാരെയോ ഒക്കെ സന്തോഷിപ്പിക്കുന്നുവെങ്കിൽ, തങ്ങളുടെ സന്തോഷം പ്രകടിപ്പിക്കുവാൻ സ്വന്തം സമ്പാദ്യങ്ങളിൽ നിന്ന് ധനവും സമ്മാനങ്ങളും നൽകാൻ അവർക്ക് വ്യക്തിസ്വാതന്ത്ര്യമുണ്ട് എന്നല്ലാതെ പൊതുഖജനാവിൽ നിന്ന് അത്തരം സമ്മാനങ്ങൾ പാടില്ല.**

**പൗരന്മാരുടെ അഥവാ വ്യക്തികളുടെ ജയങ്ങളെയും പരാജയങ്ങളെയും മറ്റും അടിസ്ഥാനപ്പെടുത്തി നാടിനെ അഥവാ രാജ്യത്തെ അവമതിക്കുന്ന ഇന്നത്തെ രീതി ഉടൻ അവസാനിപ്പിക്കേണ്ടതുണ്ട്. ഉദാഹരണമായി, ഇന്ത്യ ജയിച്ചു, ഇന്ത്യ തോറ്റു, കേരളം തോറ്റു എന്നിങ്ങനെയുള്ള ഭാഷാപ്രയോഗങ്ങൾ കടുത്ത ദൈവനിന്ദയാണ്.**

**മണ്ണ് അഥവാ നാട് മഹാശക്തിയായ ദൈവത്തിന്റെ നീതി-രൂപമാണ്. ദൈവം ഒരിക്കലും എവിടെയും തോൽക്കുന്നില്ല. യഥാർത്ഥത്തിൽ ഭൂമിയിലെ സമസ്ത ജീവികളും മഹാലിംഗത്തിന്റെ അകത്താണ് ജനിച്ചിട്ടുള്ളത് എന്നതറിയാതെ, ഇന്ത്യയിൽ അഥവാ പ്രത്യേക ദേശത്തിൽ ജനിക്കുകയും / ജീവിക്കുകയും ചെയ്യുന്നവരായി കണക്കാക്കുകയും, ചില വ്യക്തികൾ കലാകായിക- സാഹിത്യ -മത്സരങ്ങൾ എന്ന അധമ പരിപാടികളിൽ തോറ്റു, ജയിച്ചു എന്നിവയെ ഇന്ത്യ / ദേശം തോറ്റതായോ ജയിച്ചതായോ പ്രസ്താവിക്കുന്ന രീതികൾ പാടേ അവസാനിക്കണം.**

**അതുപോലെ മരിച്ച/വധിക്കപ്പെട്ട /ജീവിച്ചിരിക്കുന്ന സൈനികനെ ആദരിക്കുന്നതിന്റെ ഭാഗമായി രാജാവിനും മന്ത്രിമാർക്കുമൊക്കെ സൈനികന്റെ മൃതശരീരത്തെയോ ബന്ധുജനങ്ങളെയോ ഒക്കെ ആദരിക്കുകയോ അനാദരിക്കുകയോ ചെയ്യാനുള്ള വ്യക്തിസ്വാതന്ത്ര്യം ഉണ്ട്, അതിനെ രാഷ്ട്രം സൈനികനെ നമിക്കുന്നു എന്നിങ്ങനെ പ്രസ്താവിച്ച് ദൈവത്തെ അവമതിക്കരുത്.**

**രാഷ്ട്രത്തെ മനുഷ്യർ നമിക്കുക എന്നതാവണം രീതി. ദൈവത്തെ ബഹുമാനിക്കാൻ ദൈവം ആവശ്യപ്പെടുന്നില്ല. അപമാനിക്കാതിരുന്നു കൂടേ ? മഹാമാതാവായ ഭൂമിയെ നിന്ദിക്കുന്ന പാപത്തിന് കടുത്ത ശിക്ഷയുണ്ട്.**

ശുചിത്വ വിഭാഗത്തിലെ ആദ്യ ഇനമായ സംഗീതം തന്നെയാണ് വിനോദ- വിഭാഗത്തിലെയും ആദ്യ ഇനം. സംഗീതത്തെപ്പറ്റി ശുചിത്വ വിഭാഗത്തിൽ വിസ്തരിച്ചുവല്ലോ. ജലമേള ഉൾപ്പെടെ കേരളത്തിലെ ഓണക്കളി-കളിൽ പലതും വിനോദപരങ്ങളാണ്. എന്നാൽ വിനോദം ഉൾപ്പെടെ യാതൊരു കാര്യങ്ങളിലും മനുഷ്യർ മത്സരിക്കാൻ പാടില്ല എന്ന് ആവർത്തിക്കുന്നു. മഹാശക്തിയായ ദൈവം നൽകുന്ന ശക്തികൊണ്ടാണ് ഏതൊന്നും മനുഷ്യർ ചെയ്യുന്നത് എന്നിരിക്കെ മത്സരം ദൈവീകമല്ല. അഹംഭാവവും അഹങ്കാരവും അധർമ്മങ്ങളും വളരാൻ മത്സരം കാരണമാകുന്നതാണ്.

മത്സരം നല്ലതെന്നു തോന്നുന്നത് മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികൾ, പിശാച് തുടങ്ങിയവ എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചതായ ന്യൂനവസ്തുക്കളുടെ അഥവാ ന്യൂനശക്തികളുടെ ദുരുപയോഗംകൊണ്ടാണ്.

ഏതാനും അധമ വിനോദങ്ങളെപ്പറ്റി പറയാം :- ശീട്ടുകളി, ബോക്സിംഗ്, ക്രിക്കറ്റ്, കോഴിപ്പോര്, ആടുപോര്, കാളപ്പോര്, മരമടി, മൃഗങ്ങളെ ഉപയോഗിച്ചുള്ള സർക്കസ് തുടങ്ങിയവയെല്ലാം അധമ വിനോദങ്ങളിൽ പെടുന്നു.

അധമ വിനോദങ്ങളെ അനുവദിക്കുന്നവരും ഇഷ്ടപ്പെടുന്നവരുമായ വ്യക്തികളും ഭരണകൂടവും അധമം തന്നെ. ഇന്ന് ഇത്ര സെക്കന്റുകൊണ്ട് ഒരാൾ ഇത്രദൂരം ഓടി പുതിയ റെക്കാർഡിട്ടു എന്നു പറയുമ്പോൾ, ഓടിയവരും കൂട്ടുനിന്നവരുമായ അനേകം വ്യക്തികളിൽ ദൈവനിന്ദ വർദ്ധിച്ചിരിക്കുന്നുവെന്നാണ് അർത്ഥം.

**വർദ്ധിതമായ ന്യൂനശക്തിക്ക് പൈശാചിക ശക്തിയായി പരിണാമം ഉണ്ടാവുമ്പോൾ പുതിയ പുതിയ റെക്കോർഡുകൾ അവതരിക്കുന്നതാണ്. ന്യൂനനേട്ടങ്ങൾ കൊണ്ട് വ്യക്തിക്കോ സമൂഹത്തിനോ ദോഷമല്ലാതെ യാതൊരു ഗുണങ്ങളും യഥാർത്ഥത്തിൽ ഉണ്ടാകുന്നില്ല. ചെറുപ്പത്തിൽ ഓടിയെത്തിയ റെക്കോർഡിന്റെ ഒരംശം വാർദ്ധക്യ കാലത്തോ രോഗാവസ്ഥയിലോ അപകടാവസ്ഥയിലോ സാധിക്കുന്നതല്ല എന്ന തിരിച്ചറിവും അധമവിനോദങ്ങളെ വിവേചിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. ദൈവീകമല്ലാത്ത ഓട്ട-മത്സരത്തിൽ പങ്കെടുക്കുന്നവർ ദൈവത്തിന്റെ അടുക്കൽ നിന്നു കൂടിയാണ് ഓടി അകലുന്നത്; ഫിനിഷിംഗ് പോയിന്റിൽ അവർ പിശാചിന്റെ അടുക്കലേക്കാണ് ഓടിയെത്തുന്നത്.**

ക്രിക്കറ്റ് കളിക്കുകയോ കണ്ടിരിക്കുകയോ ചെയ്യുന്ന ചെറുപ്പക്കാരനോട്, ഓടിവാ നിന്റെ അമ്മ കിണറ്റിൽ വീണു എന്നു പറഞ്ഞാൽ, (കളിയിലെ) 2 ഓവർ കൂടി കഴിഞ്ഞുവരാം എന്നുള്ള മറുപടി കിട്ടും. 2 ഓവർ കഴിയുമ്പോഴേക്കും അയാളുടെ അമ്മ ഓവറായിട്ടുണ്ടാവും (മരിച്ചിട്ടുണ്ടാവും). മാത്രമല്ല, 1 ഓവറിൽ തന്നെ അയാൾ അമ്മ കിണറ്റിൽ വീണ വിവരം മറക്കുകയും ചെയ്യും !

ഇന്നലെ ഉന്നത സ്കോറുകൾ നേടിയ ഒരാളെ ഇന്നലെ വാനോളം പുകഴ്ത്തിയ അധമ സമൂഹം, സ്കോറുകളെ നേടാൻ അയാൾക്ക് ഇന്നു കഴിഞ്ഞില്ലെങ്കിൽ കൂവുന്നതാണ്. ന്യൂനശക്തി അഥവാ പിശാചിന്റെ പ്രവർത്തനം ബാധിക്കുന്ന വിനോദം എന്ന പേരിലുള്ള അധമ കോപ്രായങ്ങൾക്കെല്ലാം കൂടിയും കുറഞ്ഞും പ്രസ്തുത അവസ്ഥയുണ്ടാവും.

ധർമ്മ ശാസ്ത്രപരമായ അഥവാ ദൈവീകമായ വിനോദങ്ങൾക്ക് മേല്പറഞ്ഞ ദുരവസ്ഥ ഉണ്ടാകുന്നതല്ല.

**ജീവിത പ്രവൃത്തികളെ മാറ്റിവെച്ച് ക്രിക്കറ്റ് കളി കാണാനും അതേപ്പറ്റി സംസാരിക്കാനും ജനങ്ങൾ പാഴാക്കുന്ന ഊർജ്ജവും സമ്പത്തും സമയവും കണക്കാക്കാൻ ശ്രമിക്കാതെ അതിലും വോട്ടുബാങ്ക് ലക്ഷ്യം വെച്ച് പ്രവർത്തിക്കുകയും പൊതുഖജനാവിൽ നിന്ന് അധമവിനോദങ്ങൾക്ക് സമ്മാനങ്ങളെ നൽകുകയും ചെയ്യുന്ന അധമ ഭരണകൂടങ്ങളും മറ്റു പ്രസ്ഥാനങ്ങളുമാണ് എല്ലാ രാജ്യങ്ങളിലും വർദ്ധിച്ചു കൊണ്ടിരിക്കുന്നത്.**

സഹോദരനെന്നോ സുഹൃത്തെന്നോ ചിന്തിക്കാതെ കളിയുടെ ലഹരിയിലുള്ള വൈരാഗ്യത്തിൽ കത്തികയറ്റി കൊല്ലുന്ന കളിയാണ് ശീട്ടുകളി, കൊലയ്ക്കോ അടിപിടിയ്ക്കോ ശേഷമാണ് കാട്ടിയതോർത്ത് വ്യക്തി കുണ്ഠിതപ്പെടുക.

മിമിക്രി പരേഡുകൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി വ്യക്തികളെ തേജോവധം ചെയ്യുന്നതും അശ്ലീല-ആഭാസങ്ങൾ നടത്തുന്നതും ധർമ്മ ശാസ്ത്രപരമല്ല.

സംഗീത-ഡാൻസ് മത്സര പോഗ്രാമുകളെ നടത്തി ധാർമ്മികച്യുതി വർദ്ധിപ്പിക്കുന്നതും മറ്റ് അധമകാര്യങ്ങളെ ആസ്വദിക്കുന്നതും ആസ്വദിപ്പിക്കുന്നതും ഉടനെ തിരുത്തേണ്ടതുണ്ട്.

നൃത്ത-കാര്യത്തിലൂള്ള ശാസ്ത്ര- നിബന്ധനകളെ 'ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം/സെക്സ് )' എന്ന അദ്ധ്യായത്തിൽ കൂടുതൽ വിവരിച്ചിട്ടുണ്ട്.

ജനസഭയുടെ ജനസംരക്ഷണസേന കാര്യക്ഷമമാക്കുവാൻ ഗുസ്തി, അടിതട, ഓട്ടം, ചാട്ടം, തുടങ്ങിയവ പരിശീലിപ്പിക്കുന്നത് ജനകീയ ആവശ്യമാണ്. സേനാംഗങ്ങളെ വിനോദപരമായി ക്കൂടി മിടുക്കരാക്കുക എന്നല്ലാതെ അവ വിനോദമല്ല, മത്സരവും പാടില്ല.

ഒരു ഭരണകൂടത്തിന് സാമ്പത്തിക ശേഖരണം ആവശ്യമുള്ളപ്പോൾ വിനോദ വിഭാഗങ്ങളിൽ നികുതി ഏർപ്പെടുത്താനോ വർദ്ധിപ്പിക്കാനോ, ധർമ്മ ശാസ്ത്രം അനുവദിക്കുന്നു, എന്നാൽ, ദൈവീകമായ സാമ്പത്തികശാസ്ത്രം ഉത്തമമായി പരിപാലിച്ചാൽ ഭരണകൂടത്തിന് സാമ്പത്തിക ആവശ്യങ്ങൾ ഉണ്ടാകുന്നതല്ല. ആവശ്യം എന്ന വിഭാഗത്തിൽ ഭരണകൂടം ചെയ്യുന്ന സേവനത്തിന് ന്യായമായ വേതനം വാങ്ങണം, ഉദാഹരണം : ഇലക്ട്രിസിറ്റി, ട്രാൻസ്പോർട്ട്, പെട്രോൾ പോലെയുള്ള ഇന്ധന വിതരണം. സേവനത്തിന് വേതനം വാങ്ങുക എന്നതിന് 20 രൂപയ്ക്ക് വാങ്ങുന്ന പെട്രോള് 80 രൂപയ്ക്കു വിറ്റ് ജനങ്ങളെ കൊള്ളയടിക്കുക എന്ന അർത്ഥമില്ല. അത്യാവശ്യം എന്ന വിഭാഗത്തിൽ ഭരണകൂടം ചെയ്യുന്ന സേവനം സൗജന്യമോ, കുറഞ്ഞ വേതനം വാങ്ങിയോ ചെയ്യണം, ഉദാഹരണം : പൊതുജനങ്ങൾക്ക് നൽകുന്ന വെള്ളത്തിന് പണം വാങ്ങിക്കൂടാ; വൈദ്യകാര്യങ്ങൾക്ക് ജനങ്ങളുടെ സാമ്പത്തിക ശക്തി കണക്കാക്കി സൗജന്യമായും അല്ലാതെയും ആനുപാതികമായി ചെയ്യണം.

ശുചിത്വം എന്ന വിഭാഗത്തിൽ ഭരണകൂടം ജനങ്ങളെ ക്കൊണ്ടു തന്നെ ശുചിത്വ കാര്യങ്ങളെ ചെയ്യിക്കുകയാണ്. ആരോഗ്യം, ജീവിത സാഹചര്യം തുടങ്ങിയവ നിമിത്തം ചിലർക്ക് സാധിക്കാതെ വരുമ്പോൾ തീർച്ചയായും സേവനം ആവശ്യമുണ്ട്. ജനങ്ങളിൽ ചിലർ ചെയ്യുന്ന അധിക സേവനത്തിന് അധികമായ വേതനം നൽകുകയും വേണം. ഉദാഹരണം : പൊതുനിരത്തുകളെ ശുചിയായി സൂക്ഷിക്കൽ. വൃത്തികേടാക്കുന്ന വ്യക്തിയെക്കൊണ്ട് പരസ്യമായി വൃത്തിയാക്കിക്കുക, അധിക വേതനത്തിൽ അന്യരെക്കൊണ്ട് ശുചിയാക്കുക, ആരോഗ്യഹീനരോട് ദയവുകാട്ടുക, തുടങ്ങിയവ, ശാസ്ത്രപരമായും ദൈവീക സ്നേഹത്തോടെയും സ്വന്തമായി ചെയ്യേണ്ടതും, ജോലിക്കാരെ വച്ചും വെയ്ക്കാതെയും ചെയ്യിക്കേണ്ടത് ജനങ്ങളുടെ അടിമയായ രാജാവിന്റെ ചുമതലയാണ്.

എല്ലാ തൊഴിലുകളെയും വിസ്തരിക്കുക എന്നുള്ളത് സത്യം ശിവം സുന്ദരം -ന് വിധേയമാണ്.

## ഭരണകൂടങ്ങൾ ചെയ്യുന്ന പൈശാചികമായ നികുതി സമ്പ്രദായങ്ങളെപ്പറ്റി അല്പം കുറിക്കുന്നു :

**യാതൊരു നികുതികളും മണ്ണിന്റെ നിയമങ്ങളിൽ ഇല്ല. നികുതി കാര്യാലയങ്ങളും, നിയമസഭ, കോടതി, ലോട്ടറി -ഇൻഷ്വറൻസ്- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തുടങ്ങിയ അധമ സംവിധാനങ്ങളും പാടില്ല.**

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുവാനായി നിയമിച്ചവരും ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ആയ അടിമകൾ സ്വയമോ മറ്റുള്ളവരുടെ പ്രേരണയാലോ ഭരണാധികാരികളാണെന്നു തെറ്റിദ്ധരിച്ചും കടമകളെ അറിയാൻ പോലും ശ്രമിക്കാതെ തങ്ങൾക്ക് ശരിയെന്നു തോന്നുന്നതും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുമായ അധമ നിയമങ്ങളെ തട്ടിക്കൂട്ടി ക്കൊണ്ടാണ് ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും നികുതികൾ ചുമത്തിയുള്ള അധമ ഭരണത്തെ സേവനം എന്ന കള്ളപ്പേരിൽ ചെയ്യുന്നത്.**

**ധർമ്മശാസ്ത്രപരമായ പ്രവൃത്തികൾ മാത്രമാണ് തൊഴിൽ. അവയ്ക്കെല്ലാം ഭൗതിക അസ്തിത്വം ഉണ്ട്. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ യഥാർത്ഥവും ശാസ്ത്രീയവുമായ 4 വിഭാഗങ്ങളായ ഭൂമിയിലെങ്ങുമുള്ള എല്ലാ തൊഴിലുകളും മണ്ണുമായിട്ട് അഥവാ ഭൂമിയുമായിട്ട് അഥവാ ദൈവവുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധപ്പെട്ടിരിക്കുന്നു.**

**മണ്ണുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധമില്ലാത്തതായ പ്രവൃത്തികൾ "തൊഴിലുകൾ" എന്ന പേരിൽ സമൂഹത്തിൽ വേരുറപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം 'അധമ ചെയ്തികൾ' മാത്രമാണെന്നും 'തൊഴിലുകൾ അല്ലാ' എന്നും സുവ്യക്തമാണ്.**

**കള്ളന്മാരുടെ തൊഴിലാണ് മോഷണം, ഗുണ്ടകളുടെ തൊഴിലാണ് കൊലപാതകം, എന്നിങ്ങനെ വിശ്വസിക്കുന്നവരുണ്ട്; എന്നാൽ അതു ശരിയല്ല.**

**മോഷണം, കൊലപാതകം, കൊള്ള, സ്ത്രീപീഡനം, മദ്യപാനം, പുകവലി, തുടങ്ങിയവ അധമ പ്രവൃത്തികൾ/ ചെയ്തികൾ ആണ്; തൊഴിൽ അല്ല. മണ്ണിൽ ജോലി ചെയ്തും അല്ലാതെയും ജനങ്ങൾ നേടുന്ന സമ്പത്തിനെ നികുതി / നികുതികൾ എന്നിങ്ങനെയുള്ള പേരുകളിട്ട് കൊള്ളയടിക്കുന്നത് മോഷണത്തേക്കാൾ മോശമായ പിടിച്ചുപറിയാണ്. അധമ പ്രവൃത്തിയാണത്; തൊഴിൽ അല്ല. യാതൊരു നികുതികളും ദൈവീകമല്ല.**

**ജനാധിപത്യ ഭരണം, സോഷ്യലിസ്റ്റ് ഭരണം, കമ്മ്യൂണിസ്റ്റ് ഭരണം, മുതലാളിത്ത ഭരണം, മതഭരണം, ജാതി ഭരണം, വർഗ്ഗ ഭരണം, തുടങ്ങിയ കള്ളപ്പേരുകളോടെ ജനങ്ങളെ പറ്റിച്ച് ഭരണകൂടങ്ങളെന്ന "കൊള്ളസംഘങ്ങളെ" സ്ഥാപിച്ചിരിക്കുകയാണ് ഭൂമിയിലെങ്ങും!**

**അഭ്യസ്തവിദ്യരെന്ന വിചാരത്തോടെ ജീവിക്കുന്ന വിവരദോഷികൾ നികുതി കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ എന്ന കള്ളപ്പേരോടെ ജനങ്ങളെ കൊള്ളയടിച്ച് "കൊള്ളസംഘങ്ങൾക്കു" നൽകുന്നു. കൊള്ളയടിച്ച സമ്പത്തിൽ നിന്ന് "കൊള്ളസംഘങ്ങൾ" നൽകുന്ന ഉയർന്ന വേതനങ്ങളെയും ജീവിത സൗകര്യങ്ങളെയും നക്കാപ്പിച്ചകളെയും കൈപ്പറ്റിക്കൊണ്ട് അവരും കുടുംബങ്ങളും ജീവിക്കുന്നതും ദൈവീകമല്ല. ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ നികുതികളും, നികുതി പിരിവ് കാര്യാലയങ്ങളും അവസാനിക്കുന്നതാണ്.**

**"കൊള്ളസംഘങ്ങളായ" ഭരണാധികാരികളെ സംരക്ഷിക്കുന്നതിനു വേണ്ടി പോലീസ് സേന ജീവൻ കളഞ്ഞും ഊട്ടുന്ന ജനങ്ങളുമായി അടിപിടിയും വെടിവെപ്പുമെല്ലാം നടത്തുന്നുണ്ട്. ജനങ്ങളുടെ സഹായികളും ജനങ്ങളുടെ ഭാഗവുമായിട്ട് പ്രവർത്തിക്കാൻ ധർമ്മശാസ്ത്രപരമായിട്ട് ബാദ്ധ്യസ്ഥരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയും ഉന്നതരെന്നു വിചാരിക്കുന്ന പോലീസ് അധികാരികളും, യജമാനന്മാരായ ജനങ്ങളെ മറന്നുകൊണ്ട് പിഴച്ചവരായ ഭരണാധികാരികളെ അനുസരിക്കുന്ന മറ്റൊരു അധമ-നീച സങ്കേതമായിരിക്കുന്നു. കടുത്ത ദൈവനിന്ദയും അപരാധവുമാണ്; ദൈവശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്.**

**ദൈവശിക്ഷകളിൽ നിന്ന് പോലീസ് സേനയ്ക്കും മറ്റും ഇളവുകളോ മോചനമോ, പകരം പുണ്യമോ ലഭിക്കുന്നതിന് ലളിതമായ മാർഗ്ഗം എപ്പോഴുമുണ്ട് : അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. 'ഭരണാധികാരി' എന്നാൽ 'അടിമ' എന്ന് മേലിൽ പഠിക്കുക.**

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ആവശ്യമായ ധനം മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്ര പ്രകാരം ലഭ്യമാണ്. സൂചിത മഹാവേദ ഗ്രന്ഥത്തിൽ സാമ്പത്തിക ശാസ്ത്രത്തെ വിശദീകരിച്ചിട്ടുണ്ട്.**

**ദൈവ-വിപ്ലവം** ഉടനെ ആരംഭിക്കുന്നതോടെ, **ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ നികുതികളും, നികുതി പിരിവ് കാര്യാലയങ്ങളും അവസാനിക്കുന്നതാണ്.**

# യാതൊരു ജാതി-മത പ്രസ്ഥാനങ്ങളും സംഘടനകളും രാഷ്ട്രീയ പാർട്ടികളും മണ്ണിന്റെ നിയമങ്ങളിൽ ഇല്ല.

ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ ' പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും' ഓരോ വ്യക്തിയെയും പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും (യഥാർത്ഥത്തിൽ അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും) തിരിച്ചറിയുന്നതാണ്.

**അറിഞ്ഞും അറിയാതെയും മണ്ണിന്റെ നിയമങ്ങളെ അവഗണിച്ച് ഭൗതികമായ അസ്തിത്വം ഇല്ലാത്ത നിയമങ്ങളെ തട്ടിക്കൂട്ടി ജനസേവനം എന്ന കള്ളപ്പേരിൽ ഊട്ടുന്ന ജനങ്ങളെ പീഡിപ്പിച്ചു ഭരിക്കുന്ന ഭരണാധികാരികൾ/ അടിമകൾ യഥാർത്ഥത്തിൽ കൊടും കൊള്ളക്കാരും കൊടിയ ഭീകരവാദികളുമാണ്.**

സാമൂഹ്യപ്രവർത്തകരും നിരീശ്വരവാദികളും ശാസ്ത്രപരമായ തൊഴിൽ വിഭജനത്തിലെ ശുചിത്വം എന്ന വിഭാഗത്തിൽ പെടുന്നുവെന്ന് ഈ ഗ്രന്ഥത്തിലെ തൊഴിലുകൾ : ശുചിത്വം എന്ന അദ്ധ്യായം പഠിക്കുമ്പോൾ മനസ്സിലാകുന്നതാണ്. രാഷ്ട്രീയ ചിന്തകളെയും മതചിന്തകളെയും ഉപേക്ഷിക്കാൻ കഴിയുന്നവരും കഴിയാത്തവരുമുണ്ട്; എങ്കിലും, അവയെ വളരെയധികം മാറ്റിനിർത്തിക്കൊണ്ട്, ജനങ്ങൾക്കു വേണ്ടി ശക്തിക്കൊത്ത് പ്രവർത്തിക്കുകയാണ് പൊതുവെ സാമൂഹ്യപ്രവർത്തകർ ചെയ്യുന്നത്.

മാനുഷിക കാര്യങ്ങൾക്കുവേണ്ടി എന്നു പറയുമ്പോൾ, മനുഷ്യർക്കു നന്മ ചെയ്യുന്നതും, മനുഷ്യജീവിതത്തെ ആനന്ദകരമാക്കുന്നതും, ശാന്തിയും സമാധാനവും സമൂഹത്തിൽ ഉറപ്പിക്കുന്നതുമെന്നാണ് മനസ്സിലാക്കേണ്ടത്. മഹാശാസ്ത്രത്തെപ്പറ്റി നിശ്ചയമില്ലാത്ത അവർ; ഭീകരവാദികളെയും, ഭീകരവാദികളെ സൃഷ്ടിച്ച കൊടുംഭീകരവാദികളെയും മാനുഷിക ഉത്തരവാദിത്തങ്ങളെ ബോദ്ധ്യപ്പെടുത്താൻ പരിശ്രമിക്കുകയും, കൂടാതെ തങ്ങൾക്കു ശരിയെന്നു തോന്നുമ്പോലെയും ആവുമ്പോലെയും വിഷയങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുകയുമാണു ചെയ്യുന്നത്.

**സമൂഹത്തിലെ ഭരണകൂടമോ വ്യവസ്ഥിതികളോ അധികാരം നൽകിയാലും ഇല്ലെങ്കിലും യഥാർത്ഥ സാമൂഹ്യപ്രവർത്തകർ ശുചിത്വപരമായ കാര്യങ്ങളെ ചെയ്തുകൊണ്ടിരിക്കും. അധിക ജന്മങ്ങളിലൂടെ അവർ നേടിയ പുണ്യങ്ങൾ അവരെ സത്പ്രവൃത്തികളുമായി കൂടുതൽ അടുപ്പിക്കുന്നതു കൊണ്ടാണത്.**

ഭരണാധികാരികളുടെ സമ്മതമോ അധികാരമോ ഇല്ലാതെ ശുചിത്വ കാര്യങ്ങളെ ചെയ്യുമ്പോൾ, തങ്ങൾ പോലും അറിയാതെ കൊടുംഭീകരപ്രവർത്തകരായ ഭരണാധികാരികളെയും മതപുരോഹിതരെയും എതിർക്കുകയാണ് അവർ ചെയ്യുന്നത്. അതായത് വ്യക്തിയിൽ നിന്നും ഭരണവ്യവസ്ഥിതി ആവശ്യപ്പെടാത്ത സമൂഹ-ശുചിത്വകാര്യങ്ങളെ വ്യക്തി ചെയ്യുവാൻ ഒരുമ്പെടുമ്പോഴും ചെയ്യുമ്പോഴും, വ്യക്തി ചെയ്യുന്നത് നല്ലകാര്യമെങ്കിൽ അതിന്നർത്ഥം ഭരണാധികാരി ചെയ്യേണ്ടുന്ന കാര്യം ഭരണാധികാരി ചെയ്തില്ലെന്നും അതു ചെയ്യാൻ കഴിവില്ലാത്ത ഭരണാധികാരിയുടെയും ഭരണ സംവിധാനത്തിന്റെയും മുകളിൽ വ്യക്തി ഉയർന്നുവെന്നുമാണ്.

**സാധുജന സംരക്ഷണ കേന്ദ്രങ്ങൾ, വൃദ്ധഭവനുകൾ, അഭയ കേന്ദ്രങ്ങൾ, അനാഥാലയങ്ങൾ, ഭിക്ഷാടക സംരക്ഷണ കേന്ദ്രങ്ങൾ, തുടങ്ങിയ പേരുകളിൽ വ്യക്തികൾ സാമൂഹ്യപ്രവര്ത്തനം നടത്തുമ്പോൾ, സമൂഹത്തിലെ ഭരണകൂടം ചെയ്യേണ്ടുന്ന ജോലി വ്യക്തി/ഏതാനും വ്യക്തികൾ ചെയ്യുകയാണ്.**

സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള സംവിധാനമാണ് ഭരണകൂടം എന്നിരിക്കെ, പ്രദേശങ്ങളിലെ **ഭരണാധികാരികൾ (യഥോചിതം) നിറവേറ്റാഞ്ഞ പൊതു ആവശ്യത്തെ സാമൂഹ്യ പ്രവർത്തകൻ തന്റെ ശക്തിക്കൊത്തും തോന്നിയപോലെയും നിറവേറ്റുമ്പോൾ, സാമൂഹ്യപ്രവര്ത്തകൻ ഏറ്റെടുത്ത കാര്യത്തിൽ ഭരണാധികാരിയായിരിക്കാനുള്ള തങ്ങളുടെ കഴിവില്ലായ്മ അറിഞ്ഞോ അറിയാതെയോ ഭരണാധികാരി സമ്മതിക്കുക കൂടിയാണത്.** അത് മനസ്സിലാക്കാനും ധർമ്മ ശാസ്ത്രപരമായി ഭരണകൂടത്തെ തിരുത്താനും ഭരണാധികാരികൾക്ക് കഴിയാത്തത് അവർ കൊടുംപാപികളും അജ്ഞാനികളുമായി തുടരുന്നതുകൊണ്ടാണ്.

**ജന-സേവനശാസ്ത്രം @ ഭരണ ശാസ്ത്രം എന്തെന്നറിയാത്ത ജനസേവകർ/അടിമകൾ സ്വയം ഭരണാധികാരികൾ ആണെന്ന് തെറ്റിദ്ധരിച്ച് ജനസേവനം എന്ന കള്ളപ്പേരിൽ ജനങ്ങളുടെ വ്യക്തിസ്വാതന്ത്ര്യം കവർന്നെടുത്തും സാമ്പത്തികം ഉൾപ്പെടെയുള്ള പീഢനങ്ങളും കൊടുംഭീകര പ്രവർത്തനങ്ങളും നടത്തുമ്പോൾ, ക്രൈസ്റ്റിനെയും ചാണക്യനെയും ഗാന്ധിയെയും പോലെയുള്ള സാമൂഹ്യപ്രവർത്തകർ, ഭരണാധികാരികൾക്കു മുകളിൽ പ്രവർത്തിക്കുന്നതാണ്.**

**നീതിപതികളെന്ന് കഷ്ടിച്ച് വിശേഷിപ്പിക്കാവുന്ന ക്രൈസ്റ്റ്, ഗാന്ധിജി എന്നിവർ ഭരണകൂടത്തിനു മുകളിലാവുന്നത് <u>നീതിന്യായശാസ്ത്രം 'ജനസേവന ശാസ്ത്രമെന്ന' ഭരണശാസ്ത്രത്തിനു മുകളിലായതുകൊണ്ടാണ്.</u>**

**ധർമ്മ ശാസ്ത്രപരമല്ലാത്ത ഇന്നത്തെ കോടതികൾ ഭരണകൂടത്തിനു മുകളിലാണെന്ന് തെറ്റിദ്ധരിക്കരുത്. ഇന്ന് ഗാന്ധിജി ഉണ്ടായിരുന്നെങ്കിൽ കോടതികൾ ഉൾപ്പെടെയുള്ള എല്ലാ ഭരണ കാര്യാലയങ്ങളെയും ജീവനക്കാരെയും കൊടുംഭീകരവാദികൾ എന്ന് പേരിടുമായിരുന്നു.**

ഒരുപക്ഷേ കോടതികളിലെ ഉദ്യോഗസ്ഥർക്ക് അതറിയില്ലെങ്കിലും ജനസേവകർ എന്ന കപടവേഷം കെട്ടുന്ന ഭരണാധികാരികളെ മുഴുവൻ ഗാന്ധിജി എതിർക്കുമായിരുന്നുവെന്ന് അവർക്ക് നന്നായറിയാം. ഇന്നത്തെ രാഷ്ട്രീയക്കാരും മതനേതാക്കളും ഒക്കെ, സാമൂഹ്യപ്രവർത്തകരാവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം ചെയ്യേണ്ടത് അശുദ്ധിയുടെയും ദുർഗ്ഗന്ധത്തിന്റെയും കേന്ദ്രങ്ങളായിരിക്കുന്ന സർക്കാർ ആശുപത്രികൾ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളിലെ കക്കൂസുകൾ സ്വന്തം കൈകൾ ഉപയോഗിച്ച് സന്തോഷത്തോടെ വൃത്തിയാക്കുകയും ശുചിത്വകാര്യങ്ങളെ സ്വയംചെയ്യേണ്ടുന്നതിന്റെ ആവശ്യകതയെ ശാസ്ത്രപ്രകാരം പൊതുജനങ്ങളെ പഠിപ്പിക്കുകയുമാണ്. രണ്ടാമതു ചെയ്യേണ്ടത് ധർമ്മ ശാസ്ത്രപ്രകാരം മാത്രം ഭക്ഷണം കഴിക്കുവാൻ പ്രേരിപ്പിക്കുകയാണ്. മദ്യപാനം പോലെയുള്ളവ സദാചാര ശാസ്ത്രത്തെ കളങ്കപ്പെടുത്തിക്കൊണ്ട് ചെയ്യുന്ന ദൈവനിന്ദയാണ് എന്നു വിവരിക്കുന്ന പാഠങ്ങൾ പ്രത്യേകം പഠിച്ച്, പരിചയിക്കണം.

സാമൂഹ്യപ്രവർത്തനത്തിന് ഉപകരിക്കേണ്ടുന്നതായ സംഗീതം, ശാസ്ത്രഗവേഷണം, അദ്ധ്യാപനം തുടങ്ങിയവ തൊഴിൽ പരമായി ശുചിത്വ വിഭാഗത്തിൽ പെടുന്നു എന്നു പറയുമ്പോൾ, ഇന്നത്തെ സംഗീതജ്ഞരും, ശാസ്ത്രജ്ഞരും, അദ്ധ്യാപകരും ശുചിത്വ വിഭാഗത്തിൽ പെടുന്നില്ല. എന്തുകൊണ്ടാണതെന്ന് തൊഴിലുകൾ : ശുചിത്വം ; ദൈവ നിന്ദ : ആനന്ദ നിന്ദ (സദാചാരശാസ്ത്രം : കാമാനന്ദം) എന്നീ അദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

സാമൂഹ്യപ്രവർത്തകരുടെ ഔന്നത്യം വ്യക്തമാക്കിയല്ലോ. എന്നാൽ **സമൂഹത്തിന്റെ പൊതുവായ കാര്യങ്ങൾക്കു വേണ്ടി ധർമ്മശാസ്ത്രപരമായി പ്രവർത്തിക്കുന്നവർ മാത്രം ഭരണാധികാരികളാവുമ്പോഴും, സമൂഹത്തിലെ പൊതുവായ ആവശ്യങ്ങൾ മംഗളകരമായി നടക്കുമ്പോഴും, സാമൂഹ്യപ്രവർത്തകർ എന്ന പേരിൽ വേറിട്ടു പ്രവർത്തിക്കുന്ന ജനവിഭാഗങ്ങൾ സമൂഹത്തിൽ ഉണ്ടാവില്ല എന്നും ഉണ്ടാവേണ്ടതില്ലാ എന്നും തിരിച്ചറിയണം.**

**ജനസേവകരുടെ പോരായ്മകളെ കൊണ്ടാണ് സാമൂഹ്യപ്രവർത്തകർ എന്ന പേരിൽ വേറിട്ടു പ്രവർത്തിക്കുന്ന ജനവിഭാഗങ്ങൾ ഉണ്ടാവുന്നത് എന്നർത്ഥം. ഭൂമിയിലൂള്ള എല്ലാ ഭരണകൂടങ്ങളും തിരിച്ചറിയേണ്ടതായ ഗൗരവമായ വസ്തുതയാണത്.**

സാമൂഹ്യ പ്രവർത്തകർ അല്ലാത്തവർ സാമൂഹ്യപ്രവർത്തകരായി വേഷംകെട്ടുമ്പോൾ, സമൂഹത്തിൽ ഭീകരവാദം ഉണ്ടാകുന്നതാണ്. അതായത്, സാമൂഹ്യ കാര്യങ്ങളിൽ ധർമ്മശാസ്ത്രപരം അല്ലാതെ പ്രവർത്തിക്കുന്നവർ സാമൂഹ്യ പ്രവർത്തകരല്ല, മറിച്ച് സാമൂഹ്യദ്രോഹികളാണെന്നു തിരിച്ചറിയണം. മതം, ജാതി, ഉപജാതി, രാഷ്ട്രീയം, വർഗ്ഗം, തൊഴിൽ, ഭാഷ, പ്രദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ, ജനങ്ങളെ വേർതിരിക്കുകയും പ്രത്യേക വിഭാഗങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യുന്നവർ അടിസ്ഥാന പരമായി സാമൂഹ്യദ്രോഹികളാണ്. സമൂഹത്തിലെ ജനങ്ങളെ ഒരു ദൈവത്തിന്റെ മക്കളായി കാണാൻ കഴിയാതെ, ധർമ്മശാസ്ത്രങ്ങളെ തെറ്റിച്ച് പ്രത്യേകം വിഭാഗങ്ങളായി ജനങ്ങളെ വേർതിരിച്ച് ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ പ്രവർത്തിക്കുമ്പോൾ ഒരു വിഭാഗം ജനങ്ങളെ സന്തോഷിപ്പിക്കാനായി ചെയ്യുന്നവ മറ്റു വിഭാഗങ്ങളെ ദോഷപ്പെടുത്തുന്നതാണ്. സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ ധർമ്മശാസ്ത്രപരമായി സഹായിക്കേണ്ടതും ഉദ്ധരിക്കേണ്ടതും ജനസേവകരുടെ/സമൂഹഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്, വ്യക്തിയുടേതല്ല.

ഉദാഹരണമായി സാമ്പത്തിക അവശതകൾ അനുഭവിക്കുന്ന എല്ലാ ജനങ്ങളെയും സാമ്പത്തികമായി സഹായിക്കുക എന്നത് ധനശേഷിയുള്ള ഭരണകൂടത്തിന്റെ കർത്തവ്യമാണ്. പകരം ധർമ്മ ശാസ്ത്ര വിരുദ്ധമായ അഥവാ ദൈവീകമല്ലാത്ത മത-ജാതി വ്യവസ്ഥിതികളെ ഉന്മൂലനം ചെയ്യേണ്ടവരായ ജനസേവകർ / ഭരണാധികാരികൾ മത-ജാതി വിഭാഗങ്ങളെ വേർതിരിച്ച് സഹായിക്കാനായി തയ്യാറാവുമ്പോൾ അത് ധർമ്മശാസ്ത്രപരമല്ല. അഥവാ ദൈവീകമല്ല. ഭീകരവാദത്തിനുള്ള വിത്ത് പാകലാണ്.

ധർമ്മശാസ്ത്ര വിരുദ്ധമായി ജനങ്ങളെ പ്രത്യേകം പ്രത്യേകം വിഭാഗങ്ങളായി വിഭജിക്കുകയും പ്രത്യേക വിഭാഗങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യുന്നവർ, ജനങ്ങളെ അനവധി സംഘടനകളായി തിരിക്കുമ്പോൾ, അനവധി ചെറിയ ഭരണകൂടങ്ങളായിട്ടാണ് യഥാർത്ഥത്തിൽ മാറ്റിയെടുക്കുന്നത്. ജനങ്ങളുടെ മൊത്ത ഭരണത്തിനായുള്ള ഭരണകൂടത്തെ ഉലയ്ക്കുന്ന ചെറിയ ചെറിയ ഭരണകൂടങ്ങൾ രാഷ്ട്രീയ - മത - ജാതി - തൊഴിലാളി വർഗ്ഗ സംഘടനകൾ, സഭകൾ തുടങ്ങിയ പേരുകളിൽ  നിലകൊള്ളുമ്പോൾ സമൂഹഭരണം പിഴയ്ക്കുകയാണു ചെയ്യുന്നത്. എല്ലാ രാജ്യങ്ങളിലും സംഭവിച്ചിട്ടുള്ളത് മറ്റൊന്നല്ല. ഭരണകൂടത്തെ ഉലയ്ക്കുന്ന ചെറുതും വലുതുമായ ഭരണകൂടങ്ങളായി സമൂഹത്തിൽ സംഘടനകൾ നിലനിന്നുകൂടാ. മാത്രമല്ല, പ്രത്യേകം പ്രത്യേകം സംഘടനകളായി ജനവിഭാഗങ്ങളെ വിഭജിക്കുമ്പോൾ ഭീകരവാദികളെ സൃഷ്ടിക്കുക കൂടിയാണത്.

മതസ്ഥാപനങ്ങളുടെയും വ്യക്തികളുടെയും മറ്റും നന്മ കൊണ്ടോ ദുസ്വാർത്ഥം കൊണ്ടോ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വൃദ്ധ സദനങ്ങൾ എന്നിവയെ, സാമൂഹ്യ ആവശ്യം എന്ന് ബോദ്ധ്യമായാൽ, പഞ്ചായത്ത് ഏറ്റെടുത്തു നടത്തണം.

**തൊഴിലാളി വർഗ്ഗ സംഘടനകളും മതസംഘടനകളും മതവിദ്യാലയങ്ങളും ഒക്കെ അശാസ്ത്രീയമാണെന്നും പാടില്ലായെന്നും തന്നെയാണ് ധർമ്മശാസ്ത്രപരമായി വ്യക്തമാക്കിയത്. തൊഴിലാളി വർഗ്ഗ സംഘടനകളും മതസംഘടനകളും ഉൾപ്പെടെ എല്ലാ പ്രസ്ഥാനങ്ങളെയും പിരിച്ചുവിടുന്നതോടെയും അവയെല്ലാം ശൂന്യമാകുന്നതോടെയും ബന്ദുകളും ഹർത്താലുകളും കൂടി അവസാനിക്കുന്നതാണ്. ബന്ദുകളും ഹർത്താലുകളും പോലെ സമൂഹത്തിലെ ജനങ്ങളുടെ വ്യക്തിസ്വാതന്ത്ര്യം കവർന്നെടുക്കുന്ന ഹീനരീതികളെ അവസാനിപ്പിക്കുവാൻ, മായാപരം അല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം മറ്റു വഴികളില്ല.**

ദൈവീകമായ, കുറ്റങ്ങളും കുറവുകളുമില്ലാത്ത സാമ്പത്തികശാസ്ത്രം മഹാവേദ ഗ്രന്ഥത്തിൽ വിസ്തരിച്ചിട്ടുള്ളതു പഠിക്കുമ്പോൾ, വർഗ്ഗവ്യത്യാസങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങളും വാദങ്ങളും അസംബന്ധങ്ങൾ മാത്രമാണെന്ന് വ്യക്തമാകുന്നതാണ്. ഭരണകൂടത്തിനെ ധർമ്മ ശാസ്ത്രപരമായി ഉയർത്തേണ്ടതിനു പകരം, കൂടുതൽ മോശപ്പെടുത്തുകയാണ് ഇന്നത്തെ സംഘടനകൾ ചെയ്യുന്നത്. ധർമ്മ ശാസ്ത്രപരമായ തൊഴിൽ വിഭജനത്തെ പഠിക്കാനായാൽ തന്നെ സംഘടനകൾക്ക് സ്വയം ശൂന്യമാകാൻ കഴിയുന്നതാണ്.

**സാമുദായിക നേതാക്കന്മാരായി സാമുദായിക പ്രവർത്തനം നടത്തിയവരും നടത്തുന്നവരും യഥാർത്ഥത്തിൽ സാമൂഹ്യപ്രവർത്തകരല്ല എന്നും സാമൂഹ്യദ്രോഹികളാണ് എന്നുകൂടിയാണ് വ്യക്തമാക്കിയത്.**

ഭരണാധികാരികളുമായി താരതമ്യം ചെയ്യുമ്പോൾ അവർ മെച്ചമെന്നു തോന്നുന്നത് ശരിയാണെങ്കിലും അത് ഒരു താൽക്കാലിക പ്രതിഭാസം മാത്രമാണ്. മഹാനീതിശാസ്ത്രം പ്രകാരം ദൈവം മഹാനീതി നടത്തുന്നുണ്ട് എന്നതു മനസ്സിലാക്കാതെ മനുഷ്യരെ ഭിന്നിപ്പിക്കുന്ന ദൈവനിന്ദാപരമായ പ്രവർത്തനങ്ങളെ നടത്തുന്നവർക്കെല്ലാം മഹാനീതിശാസ്ത്രപ്രകാരമുള്ള ശിക്ഷയുണ്ട് എന്നറിയണം. ഉദാഹരണമായി, ഇന്നലെ ഹിന്ദുമതത്തിലെ ഒരു ജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച നേതാവിന് ഇന്ന് ആഫ്രിക്കയിലെ ലിബിയയിൽ ഭീകരവാദം നടത്തി മരണപ്പെട്ട അന്നാട്ടുകാരനായ ഒരു മുസ്ലീമിന്റെ രണ്ടാം ഭാര്യയെപ്പോലെയുള്ള വെപ്പാട്ടിയായി അടുത്ത കാലംവരെ കഴിഞ്ഞതിനെപ്പറ്റി ചിന്തിക്കുക. യാതൊരു സാമൂഹ്യ പ്രവർത്തനവും ഇല്ലാതെ ജീവിക്കുന്ന ആ സ്ത്രീയുടെ മുജ്ജന്മപ്രതിമയ്ക്ക് ഇന്നത്തെ നേതാക്കൾ പൂമാലകൾ ചാർത്തുന്നതു കൊണ്ടോ ഗൃഹങ്ങളിൽ സൂക്ഷിക്കുന്ന ചിത്രങ്ങൾക്ക് മാല ചാർത്തുന്നതു കൊണ്ടോ, ചാർത്തുന്നവർക്ക് പാപം കിട്ടും എന്നല്ലാതെ, പഴയ ആചാര്യനായ ഇന്നത്തെ മുസ്ലീം വനിതയ്ക്ക് യാതൊരു പുണ്യവും കിട്ടില്ല. മഹാനീതിശാസ്ത്രത്തിൽ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ശാസ്ത്രപരമായി വിവരിച്ചിട്ടുണ്ട്.

ഭരണകൂടം എന്ന ജനസേവന സംവിധാനത്തെ ധർമ്മശാസ്ത്ര പരമാക്കുവാൻ പ്രവർത്തിക്കേണ്ടത് യഥാർത്ഥമായ സാമൂഹ്യ പ്രവർത്തകരും അദ്ധ്യാപകരുമാണ്. ഓരോ വ്യക്തിയുടെയും ഏക-ബാഹ്യഭരണാധികാരി, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം അഥവാ ദൈവം ആണെന്ന് ഭാവി തലമുറകളെ വിദ്യാർത്ഥികളിലൂടെ ബോദ്ധ്യപ്പെടുത്തുവാൻ കഴിയുന്ന, മഹാശാസ്ത്രകാര്യങ്ങളെ അറിയാവുന്ന അദ്ധ്യാപകർ ഉണ്ടാവണം. രാജാവിനെയും മന്ത്രിമാരെയുമല്ല ഭരണ-ഉദ്യോഗസ്ഥരും പട്ടാളവും പോലീസും ജനങ്ങളും അനുസരിക്കേണ്ടത്, ധർമ്മ ശാസ്ത്ര നിയമങ്ങളെയും, അതിൻ പ്രകാരമുള്ള നടപടികളെയും മാത്രമാണ്. പ്രസ്തുത ധര്മ്മശാസ്ത്ര പാഠം എല്ലാ വിഭാഗം ജനങ്ങളെയും പഠിപ്പിക്കുവാനും, അത് പാലിക്കപ്പെടുന്നുണ്ടോ എന്നു ശ്രദ്ധിക്കുവാനും അദ്ധ്യാപകർക്കു കഴിയണം. അദ്ധ്യാപകർ ഭരണകൂടത്തിന്റെ ഉൾപ്പെടെ സമൂഹത്തിന്റെ മുഴുവനും അദ്ധ്യാപകരായി തുടരേണ്ടതുണ്ട്. അവരാണ് ഭരണാധികാരികളെ ഉപദേശിക്കേണ്ടത്. സമൂഹത്തിലെ ഏതെങ്കിലും ജനവിഭാഗങ്ങൾക്ക് ധർമ്മശാസ്ത്രപരമായ നീതി ഭരണകൂടത്തിൽ നിന്നും ലഭിച്ചില്ലെങ്കിൽ, ഭരണകൂടത്തെ ബോദ്ധ്യപ്പെടുത്തേണ്ടതും അദ്ധ്യാപകരാവണം. ഭരണകൂടം ധർമ്മശാസ്ത്രങ്ങളെ അവഗണിച്ചാൽ അവർക്കെതിരെ നീതി നടപ്പാക്കുവാനുള്ള ചുമതല അദ്ധ്യാപകരുടേതാണ്.

ധർമ്മശാസ്ത്ര വിരുദ്ധമായ ഭരണനടപടികൾക്കെതിരെ വിദ്യാർത്ഥികളെയും, അവരിലൂടെ മുഴുവൻ ജനങ്ങളെയും ഭരണകൂടത്തിനെതിരെ തിരിക്കേണ്ടതും, ശുദ്ധമായ ഭരണകൂടത്തെ സ്ഥാപിക്കേണ്ടതും രാജഗുരു കൂടിയായ അദ്ധ്യാപകരുടെ കടമയാണ്. ഇത് സാദ്ധ്യമാണെന്ന് ദൈവം ഇന്ത്യയിൽ തന്നെ ചാണക്യനിലൂടെയും ശിഷ്യഗണങ്ങളിലൂടെയും തെളിയിച്ചിട്ടുണ്ട്. അദ്ധ്യാപകരെയും ജനങ്ങളെയും പ്രസ്തുത അവസ്ഥയിൽ എത്തിക്കുന്നത് ഭരണാധികാരിയായ രാജാവിന്റെയും മന്ത്രിമാരുടെയും ദുർഭരണത്തിനു കൂട്ടുനിൽക്കുന്ന പോലീസും പട്ടാളവും ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥ വൃന്ദമാണ്.

ഓരോ ഉദ്യോഗസ്ഥനും, ഓരോ പ്രജയും തങ്ങളുടെ യഥാർത്ഥ മേലധികാരിയായി, മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിയുമായ ദൈവത്തെ അറിയണം. ദൈവത്തിന്റെ മഹാശാസ്ത്രത്തെ അനുസരിക്കുമ്പോൾ അവർ യഥാർത്ഥ മേലധികാരിയായ ദൈവത്തെയും അനുസരിക്കുന്നവരായി മാറുന്നു. **യാതൊരാളും മനുഷ്യ-രാജാവിന്റെ ഉൾപ്പെടെ മറ്റൊരാളുടെ അടിമയല്ല, അടിമയായും കൂടാ.**

ധർമ്മശാസ്ത്രങ്ങൾ പ്രകാരം പ്രവർത്തിച്ച അദ്ധ്യാപകർ കൂടിയായിരുന്നു ഗാന്ധി, ചാണക്യൻ തുടങ്ങിയവർ. ധർമ്മശാസ്ത്രപരമല്ലാത്ത ഭരണകൂടത്തിനെതിരെ അവർ ജനങ്ങളെ മൊത്തത്തിൽ അണിനിരത്തുകയായിരുന്നു, മത-ജാതി-വർഗ്ഗ സംഘടനകളായി വിഭജിച്ച് അണിനിരത്തുകയായിരുന്നില്ല എന്നതറിയണം. കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ ലക്ഷ്യം പ്രായേണ സ്വരാജ് ആയിത്തീർന്നപ്പോൾ, പ്രസ്തുത ലക്ഷ്യം സാധിച്ചതോടെ കോൺഗ്രസ് പ്രസ്ഥാനത്തെ പിരിച്ചുവിടാൻ ഗാന്ധിജിക്ക് ഉപദേശിക്കാനായതും, കോൺഗ്രസ്സിന്റെ പരമോന്നത നേതാവായിട്ടും അംഗത്വം പോലും എടുക്കാഞ്ഞതും ദൈവാനുഗ്രഹം കൊണ്ടാണ്. ദൈവം അത്രമേൽ അദ്ദേഹത്തെ സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്നു. (ഈ ഗ്രന്ഥത്തിൽ ചിലപ്പോഴൊക്കെ ഗാന്ധിയെ പരാമർശിക്കുന്നതിന്റെ ഒരു  കാരണം മഹാവേദഗ്രന്ഥത്തിൽ പ്രത്യേകം ചേർത്തിട്ടുണ്ട്.)

സമൂഹത്തിലെ ഇതര വ്യക്തികളോ വിദ്യാലയങ്ങളോ രാഷ്ട്രഭരണാധികാരികളോ സാമൂഹ്യപ്രവർത്തകർക്കു നൽകുന്ന സർട്ടിഫിക്കറ്റുകളെ യഥാർത്ഥ സാമൂഹ്യപ്രവർത്തകർ സ്വീകരിക്കില്ല. ദൈവത്തിൽ നിന്നു നേരിട്ടോ, ദൈവത്തിന്റെ ഏക പ്രതിനിധി കൂടിയായ പരമശിവനിലൂടെയോ അല്ലാതെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് യാതൊരു വിലയുമില്ല. സാമൂഹ്യ പ്രവർത്തനത്തിന് പ്രതിഫലം നൽകുന്നത് ദൈവമാണ്. ഒരു വ്യക്തി സാമൂഹ്യപ്രവർത്തനം നടത്തിയിട്ടുണ്ടോ, എത്രത്തോളമുണ്ട് തുടങ്ങിയ കാര്യങ്ങളും, ആ വ്യക്തിയുടെ മുജ്ജന്മങ്ങളും പിജ്ജന്മങ്ങളും സംബന്ധിച്ച പദ്ധതികളും അറിയുന്നത് ദൈവമാണ്.

ഒരു പക്ഷേ നിശ്ചയിക്കുന്നതും, ഉദാഹരണത്തിന് ചാണക്യൻ, ക്രൈസ്റ്റ്, ഗാന്ധിജി എന്നിവരുടെ സാമൂഹ്യ പ്രവർത്തനത്തെ ആവിഷ്ക്കരിച്ചിട്ടുള്ളത് ദൈവം ആണെന്നിരിക്കെ, ആവക കാര്യങ്ങളിൽ മനുഷ്യർ ഇടപെടരുത്; മനുഷ്യർക്ക് ഇടപെടാൻ കഴിയില്ല എന്ന് സുവ്യക്തിമായി അറിഞ്ഞിട്ടും തങ്ങൾ നിശ്ചയിച്ച് നടപ്പാക്കുന്നതുപോലെ രാഷ്ട്രീയ നേതാക്കളും മറ്റും ഭാവിക്കുന്നത് കടുത്ത പാപമാണ്. കൂടാതെ, ആദ്യമഹാകാലചക്രത്തിലെ ഭരണത്തിനായി നിയോഗിച്ചവരിൽ രണ്ടുപേർ ദൈവമാകാൻ ശ്രമിച്ചതിനെപ്പറ്റിയും അനേകർ അവർക്കു കൂട്ടുനിന്നതിനെപ്പറ്റിയും മഹാവേദ ഗ്രന്ഥത്തിൽ വിവരിച്ചിരുന്നു. അവരുടെയും ഒപ്പം നിന്നവരുടെയും ദുർന്നടപടികൾ ഭൂമിയിലെ മനുഷ്യജീവിതത്തിൽ അപാകതകൾ ഉണ്ടാവാൻ കാരണമായിട്ടുണ്ട്.

ദൈവം, മഹാശാസ്ത്രപരമായി ജന്മഗുണങ്ങളിലൂടെ മഹാനീതി നടത്തുന്ന കാര്യങ്ങളിലും അജ്ഞാനം നിമിത്തം സാമൂഹ്യ പ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരും ഇടപെടുന്നുണ്ട്. എന്നാൽ മഹാനീതിശാസ്ത്രം അപ്പോഴും എപ്പോഴും പിഴയ്ക്കാതെ മുന്നോട്ടുപോകുന്നുമുണ്ട്.

**സാമൂഹ്യപ്രവർത്തകർ സ്ഥാപിച്ചതോ ആരംഭമിട്ടതോ ആയ കൈത്തറി, കൃഷിഭവൻ, പശു പാലനം തുടങ്ങിയ വ്യവസായ കൂട്ടായ്മകളുടെയും, വിവിധ സാമൂഹ്യ സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും നിലനിൽപ്പിനെ പ്പറ്റിയും, സാമ്പത്തിക അച്ചടക്കത്തെ പ്പറ്റിയും, ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെ ബന്ധപ്പെടുത്തി 3 കാര്യങ്ങൾ പ്രസ്താവിക്കേണ്ടതുണ്ട്.**

**(1) സൃഷ്ടിപരം :** ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ ഒരു സംഘടനയെ അഥവാ സഭയെ ഉണ്ടാക്കുന്നത് വ്യക്തിയുടെ അഥവാ ഏതാനും വ്യക്തികളുടെ സ്വകാര്യമാണ് എന്നു തോന്നുമെങ്കിലും, ധർമ്മശാസ്ത്രപരമായി അത് സ്വകാര്യമല്ല.

**വ്യക്തിയുടെ ഉദ്ദേശവും പ്രവർത്തനവും ധർമ്മശാസ്ത്രപരം എങ്കിൽ അതിന്നർത്ഥം, വ്യക്തി ആരംഭിച്ച സാമൂഹ്യ പ്രസ്ഥാനത്തിന്റെ കാര്യത്തിൽ സമൂഹത്തിലെ ഭരണകൂടം ധർമ്മശാസ്ത്രപരമായി പ്രവർത്തിക്കുന്നില്ല എന്നാണ്.** ഭരണകൂടത്തിന്റെ കാര്യക്ഷമതയില്ലായ്മകൊണ്ടും മറ്റും വ്യക്തി അഥവാ വ്യക്തികൾ ധർമ്മശാസ്ത്രപരമായ സംഘടനകളെ സൃഷ്ടിക്കുമ്പോൾ, ഭരണകൂടം തെറ്റു മനസ്സിലാക്കുകയും വ്യക്തി ആരംഭിച്ചതിനെ, വ്യക്തി ജീവിച്ചിരിക്കെയോ, മരണശേഷമോ, പൊതുകാര്യമായി മനസ്സിലാക്കി ഏറ്റെടുക്കുകയും പിഴവുകളുള്ള സംഘടനകളെ ധർമ്മശാസ്ത്രപരമായി തിരുത്തുകയും വേണം. ഇന്നത്തെ സാമൂഹ്യ - രാഷ്ട്രീയ - വർഗ്ഗ - മത സംഘടനകളും മാത്രമല്ല, സാമൂഹ്യസേവനം ചെയ്യുന്ന ആശുപത്രികളും, വിദ്യാലയങ്ങളും, സാധുജന സംരക്ഷണകേന്ദ്രങ്ങളും, വൃദ്ധഭവനുകളുമൊക്കെ അതിൽ പെടുന്നതാണ്. ഭരണകൂടം ഏറ്റെടുത്തില്ലെങ്കിൽ മുമ്പ് വ്യക്തമാക്കിയതുപോലെ അത്തരം സംഘടനകൾ ചെറിയ ഭരണകൂടങ്ങളായി സമൂഹത്തിൽ പ്രവർത്തിക്കുന്നതാണ്. മതസംഘടനകൾ യാതൊരിക്കലും ധർമ്മ ശാസ്ത്ര പരമായിരുന്നില്ല അഥവാ ദൈവീകമായിരുന്നില്ല എന്നത് പ്രത്യേകം അറിയണം. മഹാപ്രപഞ്ചത്തിന് ഒരു ദൈവമേയുള്ളൂ എന്നതുപോലെ ഒരു രാജ്യത്ത് ഒരു ഭരണകൂടമേ പാടുള്ളൂ. മഹാഭരണാധികാരിയായ ദൈവം പ്രത്യക്ഷമായി ഭരിക്കാതെ, മനുഷ്യരുടെ ഒരു ചില കാര്യങ്ങളിലെ ഭരണനിർവ്വഹണം മനുഷ്യരിലൂടെ നടത്തുന്നതും, മനുഷ്യരെ ഭാഗികമായി ഭരണാധികാരി ആക്കുന്നതും, മനുഷ്യർക്കു വ്യക്തിസ്വാതന്ത്ര്യം ഉറപ്പാക്കുന്നതും, മനുഷ്യരെ ദൈവത്തിന്റെയും യാതൊരാളുടെയും അടിമകളല്ലാതാക്കുന്നതും മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

വ്യക്തികളുടെ സംഘടന, വ്യക്തികളെ പരമമായി രക്ഷിക്കില്ല എന്നറിയണം. വ്യക്തിയെ സൃഷ്ടിച്ചതും, ജന്മഗുണങ്ങളെ നൽകിയിട്ടുള്ളതും പരിപാലിക്കുന്നതും മഹാനീതി നൽകുന്നതുമൊക്കെ ദൈവമാണ്.

മനുഷ്യസംഘടനകൾക്കോ നേതാക്കന്മാർക്കോ വ്യക്തിയെ പരമമായി രക്ഷിക്കാനാവില്ല; മാത്രമല്ല, നേതാക്കളെന്നു കരുതുന്നവർ മഹാനീതിയായ ദൈവത്തിന്റെ ദയാവായ്പിനുവേണ്ടി കൂടുതൽ കരയേണ്ടിവരും. ഓരോ വ്യക്തിയും അടിസ്ഥാനപരമായി ഒരു വർഗ്ഗമാണ് എന്നറിയണം. ഓരോ വ്യക്തിയായിട്ടാണ് ദൈവം സൃഷ്ടിക്കുന്നത്, ഓരോ വ്യക്തിയെയുമാണ് അഥവാ ഓരോ കുഞ്ഞിനെയുമാണ് ദൈവം പരിപാലിക്കുന്നതും നീതി നൽകുന്നതും. ഓരോരോ വ്യക്തികളും ചേർന്നതാണ് സമൂഹമെങ്കിലും, നീതി അഥവാ സുഖവും ദുഃഖവും അഥവാ പുണ്യവും പാപവും നൽകുന്നത് ഓരോരോ വ്യക്തിയുടെയും പ്രവർത്തനങ്ങൾക്കാണ്, ഓരോരോ വ്യക്തിക്കുമാണ്. രാജാവ്, മന്ത്രി, നേതാവ്, രാജഗുരു തുടങ്ങിയ പദവികൾ ധർമ്മശാസ്ത്രപരമായി നിർവ്വഹിച്ചില്ലെങ്കിൽ പ്രസ്തുത പദവികൾ വഹിച്ചവർ കടുത്ത ശിക്ഷ വാങ്ങേണ്ടി വരുന്നതാണ്. സമൂഹത്തിലെ വ്യക്തികളുടെയെല്ലാം പൊതുകാര്യങ്ങളെ നിർവ്വഹിക്കാനുള്ള സംവിധാനമാണ് ഭരണകൂടം. അതിനെ ധർമ്മശാസ്ത്രപരമായി ബലപ്പെടുത്തേണ്ടവരായ വ്യക്തികൾ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ സംഘടനകളിലൂടെയും മറ്റും അനവധി ഭരണകൂടങ്ങൾ സമൂഹത്തിൽ ഉണ്ടാക്കുകയും സമൂഹത്തിലെ വ്യക്തികളെ അനേകം വിഭാഗങ്ങളായി വിഭജിക്കുകയും ചെയ്താൽ ഭരണകൂടത്തിന് ധർമ്മശാസ്ത്രപരമായി പ്രവർത്തിക്കാൻ കഴിയില്ല.

**അനേകം സംഘടനകളെ ഉണ്ടാക്കുമ്പോൾ, അതാത് സംഘടനകളിൽ പെട്ടവർക്കു മാത്രമായി ചെറിയ ചെറിയ ദേശങ്ങളും സംഘടനയുടെ ഭരണവ്യവസ്ഥിതി അനുസരിച്ച് മാത്രമുള്ള ജീവിതവും സാദ്ധ്യമാകുമോ എന്നു നോക്കുക.**

ഉദാഹരണമായി കൃഷിക്കാർ മാത്രമുള്ള ദേശമോ, നെയ്ത്തുകാർ മാത്രമുള്ള ദേശമോ, വാഹന മെക്കാനിക്കുകൾ മാത്രമുള്ള ദേശമോ സാദ്ധ്യമാകുമോ എന്നു നോക്കുക. കൃഷിക്കാരുടെ ദേശത്തിൽ ഉടുക്കാൻ തുണിയും, യാത്രചെയ്യാൻ വാഹനവും ചികിത്സയ്ക്ക് ഡോക്ടറും ഒക്കെ വേണം.

അതുപോലെ ഓരോരോ തൊഴിലാളി വർഗ്ഗത്തിനായി മാത്രം ദേശങ്ങളെ രൂപീകരിക്കാൻ ഒരിക്കലും സാദ്ധ്യമല്ല എന്നു കാണാം. അങ്ങനെയിരിക്കെ എല്ലാ തൊഴിലുകളും ചെയ്യുന്നവർ ദൈവത്തിന്റെ പദ്ധതി മനസ്സിലാക്കി ശാസ്ത്രപരമായി ജീവിക്കണം, അത്യാനന്ദകരമായി ജീവിക്കാനാവും. ഒരു രാജ്യത്തിൽ ഒരു ഭരണകൂടമേ പാടുള്ളൂ എന്നത് ഉൾക്കൊണ്ടു ജീവിക്കണം.

( പുരോഹിതന്മാരെ പോലെയുള്ള കള്ള-ക്കൊള്ള-ക്കൂട്ടങ്ങൾക്കു മാത്രമായി ദേശത്തെ രൂപപ്പെടുത്തിയാൽ അവർക്ക് കൊള്ളയടിച്ചും കബളിപ്പിച്ചും ജീവിക്കാൻ ഇര / ജനങ്ങൾ ഇല്ലാതെ വരും എന്ന് തിരിച്ചറിഞ്ഞ് എന്നേ അവർ ധർമ്മശാസ്ത്രപരമായ തൊഴിലുകൾ തേടേണ്ടിയിരുന്നു; ചെയ്യേണ്ടിയിരുന്നു. )

ധർമ്മ ശാസ്ത്രപരമായി ജനസേവനം ചെയ്യാത്തവരുമായി / ഭരിക്കാത്തവരുമായി നിസ്സഹകരിക്കാനും ഭരണാധികാരിയെ മാറ്റാനും ജനങ്ങൾക്കു സാധിക്കുന്നതാണ്. ധർമ്മശാസ്ത്രപ്രകാരം ഓരോ പ്രദേശത്തെയും ജനസഭയാണ് ഭരിക്കുന്നത്, രാഷ്ട്രത്തിലെ കേന്ദ്രഭരണകൂടത്തിനോ സംസ്ഥാന ഭരണകൂടങ്ങൾക്കോ ജനങ്ങളുടെ മേൽ യാതൊരു നികുതികളും ചുമത്താൻ കഴിയുന്നതല്ല, ഇന്നത്തെ പേപ്പർ-ജോലികളുടെ 90%-ലധികവും ആവശ്യമില്ലാത്തതാണ് എന്നതുപോലെ അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ആവശ്യമില്ലാത്തതാണ് തുടങ്ങിയ കാര്യങ്ങളെ ശാസ്ത്രപരമായ തൊഴിൽ വിഭജനത്തെ വിവരിക്കുന്ന അദ്ധ്യായങ്ങളിൽ പഠിക്കുമ്പോൾ സുവ്യക്തമാകുന്നതാണ്.

**(2) സ്ഥിതിപരം : ഇന്നലെകളിലെ സംഘടനകളെ ഇന്നലെകളിലെ ലക്ഷ്യങ്ങൾക്കായി ഇന്നലെകളിലെ ഒരു വ്യക്തിയോ ഏതാനും വ്യക്തികളോ സൃഷ്ടിച്ചതാണെന്നും, സ്ഥാപകരുടെയോ സംഘനടകളുടെയോ പേരിൽ ഊറ്റംകൊള്ളാൻ ഇന്നത്തെ പ്രവർത്തകർക്ക് അവകാശമോ അധികാരമോ ശാസ്ത്രപരമായി ഇല്ലാ എന്നുമറിയണം.**

## ഇന്നലെകളിൽ ജീവിച്ചവരും മറ്റു സംഘടനയിൽ പ്രവർത്തിച്ചവരും ഇന്ന് മഹാനീതിശാസ്ത്രപ്രകാരം വേറെ മത-ജാതി-രാഷ്ട്രീയ വ്യവസ്ഥിതികളിലാണ് പുനർജ്ജനിച്ചു പ്രവർത്തിക്കുന്നതെങ്കിൽ മുൻകാല സംഘടനകൊണ്ട് വ്യക്തിപരമായി നേട്ടമില്ല. കോട്ടമുണ്ടായെന്നും വരാം.

സംഘടനാ പ്രവർത്തനങ്ങൾ വ്യക്തിക്ക് അടിസ്ഥാനപരമായി ഗുണംചെയ്യുന്നതല്ല. സംഘടനയെ സൃഷ്ടിക്കുന്ന വ്യക്തി, തന്റെ സ്വകാര്യ ആനന്ദമായി സംഘടനയെ കാണുകയും, മരണത്തോടെ സംഘടന പിരിച്ചുവിടണമെന്ന് ആഹ്വാനം ചെയ്യുകയും വേണം. അനേക വ്യക്തികൾ ചേർന്ന് സൃഷ്ടിച്ചവയെങ്കിൽ, സ്ഥാപക നേതാക്കളുടെയെല്ലാം മരണത്തോടെ സംഘടന പിരിച്ചുവിടണമെന്ന് ആവശ്യപ്പെടേണ്ടതുണ്ട്. ജീവിച്ചിരിക്കെ, അതിനായുള്ള പദ്ധതികളും ഒരുക്കേണ്ടതുണ്ട്. ഉദാഹരണമായി ഇന്നത്തെ പോപ്പോ, ഹൈന്ദവ സന്ന്യാസിയോ, മുസ്ലീം രാഷ്ട്രീയ നേതാവോ, മുജ്ജന്മത്തിൽ പാക്കിസ്ഥാനിൽ ജീവിച്ച മതഭ്രാന്തനായ മുസ്ലീം അല്ലായിരുന്നെന്ന് പുനർജ്ജന്മങ്ങളിൽ വിശ്വസിക്കുന്ന ഹിന്ദുസന്ന്യാസിക്ക് തെളിയിക്കാൻ കഴിയുമോ ? മഹാനീതിശാസ്ത്രം പഠിക്കുമ്പോൾ, അങ്ങനെയെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത് സുവ്യക്തമാവുന്നതാണ്. ഇന്നലെ ഇന്ത്യക്കാരനെ ചുട്ടുകൊന്ന വെള്ളക്കാരൻ അംഗവൈകല്ല്യമുള്ള കറുത്തവർഗ്ഗക്കാരനായി ആഫ്രിക്കയിൽ ജീവിക്കുന്നത് മഹാനീതിശാസ്ത്രത്തിന്റെ ഭാഗമാണ്. **ഇന്നലെകളിൽ ബ്രാഹ്മണനായിരിക്കെ ശൂദ്രരോട് കടുത്ത ദ്രോഹം ചെയ്തയാൾ മരിച്ച് ഇന്ന് ശൂദ്രനായി പുനർജ്ജനിച്ച്** 20 **വയസ്സുള്ളപ്പോൾ തന്നെ നൂറ്റാണ്ടുകളായിട്ട് ശൂദ്രർ പീഢിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന് വാദിക്കുമ്പോൾ മനുഷ്യമനസ്സുകളിലെ അധർമ്മങ്ങളും അവിവേകങ്ങളുമാണ് വെളിപ്പെടുന്നത്.** മത-ജാതി സഭകൾ ഉൾപ്പെടെയുള്ള എല്ലാ സംഘടനകളും എന്നേ കാലഹരണപ്പെടേണ്ടിയിരുന്നു എന്നും സാരം.

ഇന്നലെ നല്ല മനുഷ്യനായി ജീവിക്കുവാൻ ഗാന്ധിക്ക് (ദൈവാനുഗ്രഹത്താൽ) കഴിഞ്ഞുവെങ്കിൽ അത് ഗാന്ധിയുടെ കാര്യമാണ്, അതിൽ ഊറ്റം കൊള്ളാൻ അഥവാ സന്തോഷിക്കാൻ അന്നു ജീവിച്ചവരെ മാത്രമാണ് ദൈവം അനുഗ്രഹിച്ചത്. അവരവർ ചെയ്യുന്ന കാര്യങ്ങൾക്ക് അനുസരിച്ചാണ് പുണ്യവും പാപവും ലഭിക്കുക. ഇന്ന് കോൺഗ്രസ്സിൽ പ്രവർത്തിക്കുന്നവർ കൂടുതലും അന്ന് ഗാന്ധിയെയും കൂട്ടരെയും ദ്രോഹിച്ചവരാണെന്നതിന് പ്രത്യക്ഷ ഉദാഹരണമാണ് പ്രസ്ഥാനം പിരിച്ചുവിടപ്പെടാതെ നിലനിന്നു എന്നത്. **ഗാന്ധിയുടെയോ ക്രൈസ്റ്റിന്റെയോ പേരിൽ മാത്രമല്ല, സംഘടനകളുടെയും സഭകളുടെയും അവയിലെ നേതാക്കളുടെയും പേരിൽ ഏതെങ്കിലും വ്യക്തിയോ അനേകം വ്യക്തികളോ പുതിയ നേതാക്കളോ ഊറ്റംകൊണ്ടിട്ടും ഒരു കാര്യവുമില്ല കുഞ്ഞുങ്ങളേ. ദൈവം നൽകിയ ശക്തികൾ കൊണ്ട് ഗാന്ധിയും ക്രൈസ്റ്റുമൊക്കെ ചെയ്ത നല്ല കാര്യങ്ങളെ സ്വയം ചെയ്യാതെ ഗാന്ധിയെ പുകഴ്ത്തുന്നവർക്ക് വേഷംകെട്ടലിനുള്ള ശിക്ഷ ലഭിക്കുന്നതാണ്. സംഘടനകളും സഭകളും സ്മാരകങ്ങളും ഇന്ന് പാപകേന്ദ്രങ്ങൾ മാത്രമാണ് എന്നുമറിയുക.**

(3) **സംഹാരപരം** : ഇന്നലെകളിൽ ജീവിച്ചവർ, ആരംഭിച്ചതായ ധർമ്മശാസ്ത്ര വിരുദ്ധമായ സംഘടനകളെയും സഭകളെയും പിരിച്ചുവിടാനുള്ള പദ്ധതികളെ അവരുടെ മരണത്തിനു മുമ്പ് ഒരുക്കുന്നതിൽ പരാജയപ്പെട്ടത് അവരുടെ തെറ്റാണ്, പാപമാണ്. എന്നാൽ അവർക്ക് അവസാനിപ്പിക്കാൻ കഴിയാതെ പോയ ധർമ്മശാസ്ത്ര വിരുദ്ധമായ സംഘടനകളെ നിലനിർത്തുവാനും സ്വാർത്ഥം നേടുവാനും ഇന്നു ജീവിക്കുന്നവർ ശ്രമിച്ചുകൂടാ. ഇന്നലെകളിൽ സൃഷ്ടിക്കപ്പെട്ട സംഘടനകളെ ശാസ്ത്രപരമായി വിശകലനം ചെയ്യുവാൻ ഇന്നു ജീവിക്കുന്നവർക്ക് ബാദ്ധ്യതയുണ്ട്. മഹാശാസ്ത്രം നൽകുന്ന സുഖങ്ങളെ അനുഭവിച്ച് ഭൂമിയിൽ ജീവിക്കുന്ന എല്ലാവർക്കുമുള്ള സ്വയം ബാദ്ധ്യതയാണത്.

മഹാശാസ്ത്രത്തോടും ദൈവത്തോടുമുള്ള ബാദ്ധ്യത കൂടിയാണത്.

**കാലാവധിത്തീയതി എന്നേ കഴിഞ്ഞവയാണ് ഇന്ന് സമൂഹത്തിലുള്ള എല്ലാ മത-ജാതി-വർഗ്ഗ-രാഷ്ട്രീയ സംഘടനകളും മറ്റ് സംഘടനകളും എന്ന് തിരിച്ചറിയാനുള്ള ശാസ്ത്രബോധം ദൈവം നൽകിയിട്ടുണ്ട്.**

ദൈവീകമായ **സാമ്പത്തികശാസ്ത്രം** പഠിക്കുമ്പോൾ, സമ്പത്ത് പിൻഗാമികൾക്ക് കൈമാറ്റം ചെയ്യുവാൻ സംഘടനകളുടെ നടത്തിപ്പുകാർക്കും മറ്റുള്ളവർക്കും അധികാരമില്ലെന്നു വ്യക്തമാകുന്നതാണ്. ഞാൻ ഞാൻ എന്നു പറഞ്ഞുകൊണ്ടിരിക്കുന്ന ശരീരം പോലും സ്വന്തമല്ലെന്നും, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമാണെന്നും ശരീരം ജീവാത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കുന്നതാണ് മരണം എന്നും, ദൈവാംശമായ ശരീരത്തിന്റെ ഇഷ്ടം പോലെ മരണം നടക്കുമെന്ന തിരിച്ചറിവുണ്ടാകണം. തങ്ങളുടെ മക്കൾ, മാതാപിതാക്കൾ തുടങ്ങി സമസ്ത ജീവികളുടെയും മഹാമാതാവും (മഹാപിതാവും) ദൈവമാണെന്നും മഹാനീതിശാസ്ത്ര പ്രകാരം ദൈവം അവരെയും സംരക്ഷിക്കുമെന്ന് അറിയണം. മഹാപ്രപഞ്ചത്തിലെ വസ്തുക്കളും മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളും സ്രഷ്ടാവായ ദൈവത്തിന്റെ സ്വത്താണ്. അത് എങ്ങനെ മാത്രം ഉപയോഗിക്കണമെന്ന് കുറ്റങ്ങളും കുറവുകളുമില്ലാത്ത സാമ്പത്തിക ശാസ്ത്രത്തിലൂടെ ദൈവം അറിയിക്കുന്നുണ്ട്. ഭൂമിയിലുള്ള ദൈവത്തിന്റെ എല്ലാ മക്കൾക്കും ധർമ്മശാസ്ത്ര പരമായ അവകാശം ഉള്ളതായ ദൈവത്തിന്റെ സമ്പത്ത് തങ്ങൾക്കു തോന്നുംപോലെ കൈമാറാൻ രക്ഷകർത്താക്കൾക്ക് അവകാശമില്ല. മക്കൾക്ക് സമ്പത്തിന്റെയും ജീവിതത്തിന്റെയും മൂല്ല്യം മനസ്സിലാകാതെ പോകാനും അവർ പാപികളാവാനുമാണ് രക്ഷകർത്താക്കൾ കൈമാറുന്ന ദൈവത്തിന്റെ സമ്പത്ത് കാരണമാകുന്നതെങ്കിൽ, മക്കളെ വഴിതെറ്റിച്ചതിനുള്ള ശിക്ഷയും മാതാപിതാക്കൾ വാങ്ങേണ്ടതുണ്ട്. കുട്ടികൾക്ക് അല്പം സ്വത്ത് കൈമാറുന്ന വലിയ സൗമനസ്യം മഹാശാസ്ത്രപ്രകാരം തീർച്ചയായും ദൈവം കാട്ടുന്നുണ്ട്.

ഭരണകൂടം ധർമ്മശാസ്ത്രപരമായി പ്രവർത്തിക്കുമ്പോൾ, വ്യക്തികൾക്ക് ആനന്ദത്തോടെ ജീവിക്കുവാൻ കഴിയുന്നതാണ്.

**ദൈവീകമായ സാമ്പത്തികശാസ്ത്രം പ്രകാരം, സംഘടനകളുടെ പേരിൽ വ്യക്തികൾ സ്വരൂപിച്ച സമ്പത്ത് ആദ്യകാല സംഘാടകർക്ക് ധർമ്മശാസ്ത്രപ്രകാരമുള്ള വ്യക്തിസ്വാതന്ത്ര്യത്തോടെ വിനിയോഗിക്കാം എന്നല്ലാതെ സംഘടനകളെ തങ്ങൾക്കുശേഷം നിലനിർത്തുവാനുള്ള പദ്ധതികൾ ശാസ്ത്രപരമല്ല.** പുതിയ അംഗങ്ങളെ സംഘടനയിൽ ചേർക്കുവാനോ സമ്പത്ത് കൈമാറാനോ  അവകാശമില്ല. സാധാരണ വ്യക്തികളും, സംഘടനകളെ ഉണ്ടാക്കിയ വ്യക്തികളും തങ്ങളുണ്ടാക്കിയ സംഘടനകളും സമ്പത്തും സാധിക്കുമെങ്കിൽ മരിക്കുമ്പോൾ കൂടെക്കൊണ്ടു പോയിക്കൊള്ളുക; ഒരു എറുമ്പിനെയോ മണൽത്തരിയോ പോലും സൃഷ്ടിക്കാനോ, ദൈവം ശക്തി നൽകിയില്ലെങ്കിൽ ഒരു പുൽക്കൊടി ഉയർത്താനോ പോലും ശക്തിയില്ലാത്ത മനുഷ്യകീടങ്ങൾ ഭൂമി പോലെ എന്തെങ്കിലും സ്വന്തമായി സൃഷ്ടിച്ച് തങ്ങളുടെ സംഘടനയെ സംരക്ഷിച്ചു കൊള്ളുക എന്നല്ലാതെ മഹാപ്രപഞ്ചത്തിൽ മഹാശാസ്ത്രം പ്രകാരമുള്ള കാര്യങ്ങളെ മാത്രമേ അനുവദിച്ചിട്ടുള്ളൂ, നിലനിൽക്കുകയുള്ളൂ. ആദ്യകാല സംഘാടകർ മരിക്കുമ്പോൾ, സംഘടനയും സമ്പത്തും ജനസേവന കേന്ദ്രമായ ഭരണകൂടത്തിൽ ലയിപ്പിക്കാനുള്ളതാണ്. നിലവിൽ അവ തുടർന്നു നിലനിൽക്കുന്നത് ഭൂമിയിൽ യാതൊരു ദേശത്തും ശാസ്ത്രപരമായ ഭരണകൂടങ്ങൾ ഇല്ലാത്തതു കൊണ്ടാണ്. വ്യക്തികളും സംഘടനകളുമൊക്കെ സമൂഹത്തിൽ സ്ഥാപിക്കുന്ന സംവിധാനങ്ങളെ ദൈവീകമായ സാമ്പത്തികശാസ്ത്രം ശുദ്ധിചെയ്യുന്നുണ്ട് എന്നു സാരം.

ക്രൈസ്റ്റിനെയും ഗാന്ധിയെയും പോലെയുള്ളവരെ പ്രത്യേക നിയോഗത്തോടെ ദൈവം ഭൂമിയിലേക്ക് അയച്ചപ്പോൾ, വ്യക്തിജീവിതത്തിൽ അവർ വളരെയധികം കഷ്ടങ്ങളെ സഹിച്ചു. അവരുടെ ചുറ്റുമുള്ളവരെ സംബന്ധിച്ച് ജന്മങ്ങളുമായി ബന്ധപ്പെട്ട മഹാനീതികാര്യങ്ങൾ ഉണ്ടെന്നത് വസ്തുതയാണ്.

സാമൂഹ്യപ്രവർത്തകരായ വ്യക്തികൾക്ക് ജീവിതാനന്ദം നിഷേധിക്കുന്ന സാമൂഹ്യ വിപ്ലവങ്ങളും ഭീകരവാദങ്ങളും സമൂഹത്തിൽ ഉണ്ടാവാതെ കാക്കുവാൻ ദൈവീകമായ ഏക ജനസേവന കേന്ദ്രം/ ഭരണകൂടം സമൂഹത്തിൽ ഉണ്ടാവണം. മുമ്പ് പറഞ്ഞതുപോലെ, പ്രസ്തുത സമൂഹത്തിലെ ഓരോ വ്യക്തിയും ഭരിക്കുന്ന രാജാവിനേക്കാളും ചെറിയവരുമല്ല, ഭിക്ഷക്കാരേക്കാൾ വലിയവരുമല്ല. ഏറ്റവും വലിയ നിലയിലെത്താൻ ഏറ്റവും താണതെന്നു തെറ്റിദ്ധരിച്ചിട്ടുള്ള മഹാകാര്യങ്ങളെ ചെയ്യേണ്ടതുണ്ട്, ആയതിന് തൊട്ടിയും തൂക്കി മലം വാരാൻ പോയ ഗാന്ധിയെ പാഠമാക്കാവുന്നതാണ്. വൈകാതെ 'മായ' പ്രത്യക്ഷമാകുന്നതാണ്, എല്ലാ ജീവിതകാര്യങ്ങളും ദൈവാനുഗ്രഹത്താൽ ധർമ്മശാസ്ത്ര പരം ആകുന്നതാണ്, മഹാമംഗളമാകുന്നതാണ്, കുഞ്ഞുങ്ങളെ.

**ദൈവ-വിപ്ലവത്തോടെ, ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങളെ, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വീകരിക്കുന്നതും അനുസരിച്ചു ജീവിക്കുന്നതുമാണ്. മതങ്ങളും രാഷ്ട്രീയങ്ങളും രാഷ്ട്ര ഭരണഘടനകളും ഉൾപ്പെടെയുള്ള മാനുഷിക നിയമങ്ങൾക്ക് ഭൗതിക അസ്തിത്വം ഇല്ലാത്തതുകൊണ്ട് മണ്ണിൽ ജീവിക്കുന്നവർക്ക് ചേരില്ലായെന്ന തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടാവുന്നതും ചുമന്നുനടന്നവർ തന്നെ അവയെ ചുട്ടെരിക്കുന്നതുമാണ്. എല്ലാ രാജ്യങ്ങളിലെയും എല്ലാ അധർമ്മങ്ങളും അനീതികളും അവസാനിക്കുന്നതാണ്. ദൈവീകമായ സാമ്പത്തിക ശാസ്ത്രവും, ദൈവീകമായ ഭരണ സംവിധാനങ്ങളും നടപ്പാകുന്നതാണ്. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളാണവ. പ്രത്യേക രാഷ്ട്രങ്ങളുമായോ സംസ്ഥാനങ്ങളുമായോ മാത്രം ബന്ധപ്പെട്ടതല്ലാ എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. മഹാവേദ ഗ്രന്ഥത്തിൽ, മഹാപ്രപഞ്ചത്തിലെ സർവ്വ കാര്യങ്ങളെയും മഹാശാസ്ത്രപരമായിട്ട് വിശദീകരിച്ചിട്ടുണ്ട്. മണ്ണിന്റെ നിയമങ്ങളെ പാലിക്കേണ്ടത് മോക്ഷം ലഭിക്കാൻ, ഓരോ മനുഷ്യന്റെയും ആവശ്യമാകുന്നതാണ്.**

**മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വ്യവസായ ഉല്പന്നങ്ങളെ മനുഷ്യൻ നിർമ്മിക്കുമ്പോൾ ധർമ്മ ശാസ്ത്ര നിയമങ്ങളും ഒപ്പം ഉണ്ടെന്ന് മുകളിൽ വിശദീകരിച്ചിരുന്നു.**

**ദൈവകാര്യങ്ങൾ മൂലകങ്ങളിൽ ഓം ആയിട്ടുണ്ട്.**

**എന്നാൽ, നികുതികൾ, പ്രസ്ഥാനങ്ങൾ തുടങ്ങിയവ മണ്ണിലെ മൂലകങ്ങളിലും ഉല്പന്നങ്ങളിലും ഇല്ല; അവയ്ക്ക് ഭൗതിക അസ്തിത്വവും ഇല്ല; ധർമ്മ ശാസ്ത്രവുമായി ബന്ധമില്ലാത്ത അധമ സംവിധാനം മാത്രമാണ്. ധർമ്മ ശാസ്ത്ര വിരുദ്ധമായ നിയമങ്ങളും പ്രവൃത്തികളും നടത്തുവാൻ വ്യക്തികൾ ഒറ്റയ്ക്കോ കൂട്ടമായോ തയ്യാറായാൽ, അവയെ തിരുത്തി ശുദ്ധി ചെയ്യാൻ ഭൗതിക അസ്തിത്വം ഉള്ള നിയമങ്ങളും ഘടകങ്ങളും ന്യൂനശക്തികളായി മണ്ണിലെ മൂലകങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ന്യൂനശക്തികളുടെ പ്രവർത്തനത്തെ തടയാൻ മനുഷ്യർക്കു കഴിയുന്നതല്ല. ന്യൂനശക്തികളെപ്പറ്റി അടുത്തൊരു അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്.**

മനുഷ്യൻ ഉൾപ്പെടെ ഓരോ ജീവിക്കും രണ്ടാമതായി ഒരു ഭാഗം കൂടിയുണ്ട്; പുരുഷന് സ്ത്രീയും, സ്ത്രീക്ക് പുരുഷനും. ആകയാൽ മനുഷ്യൻ എന്ന പദം ബഹുവചനമാണ്.

**മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും ജീവിക്കാൻ ആവശ്യമായ സർവ്വത്തെയും നേടാനും അനുഭവിക്കാനുമായി 'ശരീരത്തെയും ഉചിതമായ അവയവങ്ങളെയും' ദൈവം സൃഷ്ടിച്ച്, ജീവികളുടെ സ്വത്വമായ ആത്മാവിനോട് ചേർത്തിട്ടുണ്ട്.**

**ബുദ്ധിശക്തി കുറച്ചു ലഭിച്ചവർ എന്ന് മനുഷ്യൻ കരുതുന്ന മറ്റുള്ള ജീവികൾ പോലും, ലഭ്യമായ അവയവങ്ങളെ അടിസ്ഥാനമാക്കിയാണ് ജീവിക്കുന്നത്. ബുദ്ധി ശക്തി കൂടുതൽ ലഭിച്ചിട്ടുണ്ട് എന്ന് പറഞ്ഞ് ജീവിക്കുന്നവരായ മനുഷ്യനെ ഭരിക്കാനും ശിക്ഷിക്കാനും മറ്റുമായി അവരുടെ ശരീരത്തിന്റെ ഭാഗമോ അവയവങ്ങളോ അല്ലാത്ത ഭരണാധികാരികളെ 'മണ്ണും ഭൂമിയുമായ ദൈവം' നിശ്ചയിക്കുകയോ നിയമിക്കുകയോ ചെയ്തിട്ടില്ല.**

**മണ്ണിന്റെ നിയമങ്ങളിൽ യാതൊരു ജീവികൾക്കും ജീവിക്കാൻ ഭരണാധികാരികളെ വേണ്ടാ. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കുവാനായി ചെല്ലും ചെലവും കൊടുത്ത് ജനങ്ങൾ നിയമിക്കുന്നവർ ജനങ്ങളുടെ സേവകർ മാത്രമാണ്. യജമാനരും ഭരണാധികാരികളും എപ്പോഴും ജനങ്ങൾ മാത്രമാണ്.**

**യജമാനരായ ജനങ്ങൾ എല്ലായ്പ്പോഴും സേവകരെയാണ് ഭരിക്കേണ്ടത്; മറിച്ചല്ല.**

**ഐഡന്റിറ്റി കാർഡ്, ആധാർകാർഡ്, ഹെൽമെറ്റ്, യൂണിഫോം വസ്ത്രങ്ങൾ, പിഴ, തുടങ്ങിയവ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും പൊതുജനസേവകരുമായ പോലീസ് സേന, ഉദ്യോഗസ്ഥർ, മന്ത്രി, രാജാവ് എന്നിവർക്ക് നിർബ്ബന്ധമാക്കണമോ എന്ന് മണ്ണിലെ ധർമ്മ ശാസ്ത്ര പ്രകാരം യജമാനരായ ജനങ്ങൾ നിശ്ചയിക്കേണ്ട കാര്യങ്ങളാണ്.**

ഭൗതികവും ധർമ്മ ശാസ്ത്ര പരവുമായ പരിഹാരം ഏതെങ്കിലും വിഷയത്തിൽ ലഭിക്കാതെ വന്നാൽ, അതിന്നുള്ള പരിഹാരം മഹാനീതിശാസ്ത്രമായ ഓംകാര നീതി ശാസ്ത്രവുമായി ബന്ധപ്പെട്ടതാണെന്ന് അറിയണം. നീതി, നീതിന്യായം എന്നിവയെ വിവരിക്കുന്നതിനു മുമ്പ്, ന്യൂനശക്തികളെ പ്പറ്റി വിശദീകരിക്കേണ്ടത് അത്യാവശ്യമാണ്.

**ദൈവത്തിന്റെ ശക്തി-വിശേഷമായ 'ആദിയും അന്തവും ഇല്ലാത്ത മഹാഅവസ്ഥയെ' പ്രപഞ്ചത്തിലെ സമസ്ത വസ്തുക്കളും, ജീവി -ശരീരങ്ങളും സദാ പ്രകടിപ്പിക്കുന്നതാണ്. എല്ലാം ഉണ്ടായിട്ടുള്ളത് ദൈവത്തിന്റെ മഹാജ്ഞാനം എന്ന മഹാശാസ്ത്രം, മഹാശക്തി, എന്നിവയുടെ അംശങ്ങളും, 'ഓം' എന്ന ശബ്ദബ്രഹ്മവും ചേർന്നാണ്.**

**ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നീ മൂന്നു വേദങ്ങൾക്കും അവയുടെ ശാഖകൾക്കും ഉപ-ഉപ ശാഖകൾക്കും, അവയുടെ ഭൗതിക അസ്തിത്വമായ വസ്തുക്കൾക്കും, ദൈവത്തിന്റെ ആദിയും അന്തവും ഇല്ലായ്മ എല്ലായ്പ്പോഴും ഉണ്ടാകുന്നതാണ്. ദൈവത്തിന്റെ ജ്ഞാനവും ശക്തിയും ആദിയും അന്തവും ഇല്ലാത്ത മഹാഅവസ്ഥ പ്രകടിപ്പിക്കണമെന്നത് ദൈവീകമായ ആവശ്യം തന്നെയാണ്.**

- .. -100, -99, .. -10,.. -1, 0, +1, ..+10.., +99, +100, .. + എന്നിങ്ങനെ ദോഷങ്ങളും ഗുണങ്ങളും സമസ്ത കാര്യങ്ങളിലും ഉണ്ടാകണം; ഉണ്ട്. 1-നും 2-നും ഇടയ്ക്ക് ബഹുവിധങ്ങളിൽ അനന്തമായ ഭിന്നസംഖ്യകൾ ഉണ്ടായിരിക്കുന്നതും, നിറം, രൂപം, രുചി, ആയുസ്സ്, മുഖഛായ, ഉയരം, വണ്ണം, സാന്ദ്രത, രോഗം, രോഗമുക്തി, ചികിത്സ, ഭക്ഷണം, വാഹനം, കെട്ടിടം, ഫലം, മത്സ്യം, സസ്യം, പക്ഷി, മൃഗം, തുടങ്ങി ഏതൊന്നും ഭൗതിക അസ്തിത്വത്തോടെ അനന്തമായി സൃഷ്ടിക്കാൻ ദൈവത്തിനു കഴിയുമെന്നത് മനുഷ്യർ അറിഞ്ഞും അനുഭവിച്ചും കഴിയുന്ന കാര്യങ്ങളാണ്.

**രോഗങ്ങളും, രോഗങ്ങൾക്കുള്ള മരുന്നുകളും മാത്രമല്ല, മയക്കുമരുന്നുകളും, വിഷങ്ങളുമെല്ലാം അനന്തമായി സൃഷ്ടിക്കാൻ ഭൗതിക ശാസ്ത്ര പ്രകാരം ദൈവം ബാദ്ധ്യസ്ഥമാണ്.**

## ന്യൂനശക്തികൾ

**ഭൂമിയിലെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെയാണ് മണ്ണും ഭൂമിയുമായ ദൈവം ഭൗതിക ശാസ്ത്രത്തിനും തദ്വാരാ സൃഷ്ടിക്കും 'അനന്തതയെ' ഭദ്രമാക്കുന്നത്. മൂലകങ്ങളിലുള്ള ന്യൂനശക്തികളുടെ അളവിനെ 20% ലും താഴെയായി കുറച്ചു കൊണ്ടും, അവയുടെ സാന്നിധ്യത്തെ ജീവികൾക്ക് ജീവിക്കാൻ അത്യാവശ്യമായ ഘടകങ്ങളായി ആവിഷ്ക്കരിച്ചും, ദൈവത്തിന്റെ ഖരരൂപമായ ഭൂമി അത്ഭുതം പ്രവർത്തിക്കുന്നുമുണ്ട്.**
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ ന്യൂനശക്തികളെ പറ്റി കൂടുതൽ വിശദീകരിച്ചിട്ടുണ്ട്.

ന്യൂനശക്തികളെ പറ്റി അല്പം മാത്രം കുറിക്കുന്നു: വ്യത്യസ്തങ്ങളായ മധുരങ്ങളെ മാത്രം ദൈവം സൃഷ്ടിക്കുകയാണെങ്കിൽ, കൈയ്പിനെ പ്പറ്റി അറിയാതെ പോകും. കൈയ്പും വേദനകളും ഇല്ലെങ്കിൽ ജീവികളുടെയും ജീവിതത്തിന്റെയും ആനന്ദം സുന്ദരമാവില്ല. ഉദാഹരണത്തിന്, മാസങ്ങളായി പുരോഗമിക്കുന്ന ഉദര വീർപ്പും, പ്രസവ വേദന ഉൾപ്പെടെയുള്ള ബഹുവിധ വേദനകളും ഇല്ലെങ്കിൽ സമൂഹത്തിൽ കാമകാര്യങ്ങളിലെ സദാചാരം സുന്ദരമാകില്ല. ഗർഭകാലത്ത് ചുമന്നതും വേദനകളെ അനുഭവിച്ച് വളർത്തിയതിന്റെയും കണക്കുകൾ ധർമ്മശാസ്ത്ര പരമായി അവതരിപ്പിക്കാനും ആവശ്യമാണ് !

അശ്രദ്ധമായി നടന്ന്, കല്ലിൽ കാല് തട്ടുമ്പോൾ വേദന ഉണ്ടായില്ലെങ്കിൽ, അശ്രദ്ധ വർദ്ധിക്കുന്നതാണ്.

മരുന്നുകളെല്ലാം വ്യത്യസ്ത മധുര ക്കൂട്ടുകളായാൽ, ഭക്ഷണസാധനങ്ങളും പലഹാരങ്ങളുമായി മരുന്നുകളെ കുട്ടികളും മുതിർന്നവരും, ആവശ്യമോ അളവുകളോ വിഷയമാക്കാതെ ഭക്ഷിക്കുന്നതാണ്.

**മലം** : മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും വിസർജ്ജ്യങ്ങൾക്ക് വിവിധതരം ബിരിയാണി, പലഹാരങ്ങൾ, .. എന്നിവയുടെ മണവും രുചിയും ഉണ്ടാവുകയാണെങ്കിൽ, വിസർജ്ജ്യങ്ങളെ നേടാനും ഭക്ഷിക്കാനുമായി അടിപിടി കൂടുന്ന മനുഷ്യരെ എവിടെയും കാണുന്നതാണ്; കുടുംബങ്ങളിൽ പാചകം ഉപേക്ഷിച്ചെന്നും വരും ! ചന്ദനത്തൈലത്തിന്റെ സുഗന്ധം ഉണ്ടായിരുന്നുവെങ്കിൽ ശരീരത്തിലും വസ്ത്രത്തിലും മലം പുരട്ടി നടക്കുമായിരുന്നു!

എല്ലാ വസ്തുക്കളുടെയും മണം, രുചി, നിറം, തുടങ്ങിയ ഗുണങ്ങളെ ഭൗതികമായി വ്യത്യാസപ്പെടുത്തിയിരിക്കുന്നത് അഥവാ ന്യൂനശക്തികളെ സ്ഥാപിച്ചിട്ടുള്ളത് ജീവികളുടെ ആനന്ദത്തിനു വേണ്ടിത്തന്നെയാണ്.

അടിക്കും ഇടിക്കും മറ്റും വേദന ഇല്ലാതെ വന്നാൽ, പോലീസും രാഷ്ട്രീയക്കാരും മറ്റും മാത്രമല്ല, കുട്ടികളെ ശാസിക്കാനും ശിക്ഷിക്കാനും കഴിയാതെ മാതാപിതാക്കളും ഉറ്റവരും വിഷമിക്കും. വേദനകൾ ഇല്ലാതെ വന്നാൽ, വന്യമൃഗങ്ങളെയും ഭയമില്ലാതെ വരും.

**കൈയ്പുകളും വേദനകളും ഭയവും ഇല്ലെങ്കിൽ ജീവിതത്തിന്റെ ആനന്ദങ്ങളും സൗന്ദര്യവും നഷ്ടപ്പെടുമെന്ന് കൂടുതൽ ഉദാഹരണങ്ങളെ ചേർത്ത് സ്വയം വിശകലനം ചെയ്താൽ മതിയാകും. മണ്ണും ഭൂമിയുമായ ദൈവം, ജീവികളുടെ ജീവിതം സുന്ദരമാക്കാൻ മുകളിൽ സൂചിപ്പിച്ചതുപോലെ അനന്തമായ വിഷയങ്ങളിൽ നിയന്ത്രണം നടത്തുന്നത് ഭൂമിയിലെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെയാണ്.**

**ആനന്ദം എന്ന നീതി**, ജീവിതത്തിൽ വിഷയമാകുവാൻ എല്ലാ വസ്തുക്കൾക്കും ഗുണങ്ങളും ദോഷങ്ങളും സൃഷ്ടിക്കപ്പെടേണ്ടതുണ്ട് എന്നു കണ്ടു. കൃഷിചെയ്യുമ്പോഴും, വസ്ത്രം നെയ്യുമ്പോഴും, മീൻ പിടിക്കുമ്പോഴും, കുട്ടികളെ പഠിപ്പിക്കുമ്പോഴും, പഠിക്കുമ്പോഴും, രതിലീല ഉൾപ്പെടെയുള്ള ആനന്ദകാര്യങ്ങളിൽ ഏർപ്പെടുമ്പോഴും, കുഞ്ഞുങ്ങളെ പുന്നരിക്കുമ്പോഴുമൊക്കെ **ക്ഷീണം** എന്ന ഒരവസ്ഥ കൂടി സൃഷ്ടിക്കപ്പെടുന്നില്ലായെങ്കിൽ, ആരംഭിക്കുന്ന പ്രവൃത്തി നിർത്തില്ലാതെ തുടർന്നെന്നിരിക്കും !

**അമിത മധുരം**, അമിത ഉപ്പ്, അമിത സന്തോഷം, അമിത വാത്സല്യം തുടങ്ങിയവ : സന്തോഷം അഥവാ ആനന്ദം നല്കുന്ന കാര്യങ്ങളും അധികമായാൽ ആനന്ദം നല്കാതെയും പകരം ദോഷം ചെയ്തുമുള്ള അവസ്ഥ ദൈവം സൃഷ്ടിച്ചിട്ടുണ്ട്. **നീതി നിശ്ചിതമായിരിക്കണം, ധർമ്മ ശാസ്ത്ര പ്രകാരവുമായിരിക്കണം.**

**നീതിക്ക് നിശ്ചിത അളവില്ലെന്നു വന്നാൽ ധർമ്മവും, അതിലൂടെ സ്ഥിതിയും, സൃഷ്ടിയും, സത്യവും പിഴയ്ക്കുന്നതാണ്; അങ്ങനെ സംഭവിച്ചുകൂടാ.**

ഉദാഹരണമായി ഗ്രന്ഥത്തിലെ ദൈവീകമായ സാമ്പത്തിക ശാസ്ത്രം പഠിക്കുമ്പോൾ, സമ്പത്ത് കുട്ടികൾക്ക് കൈമാറുവാൻ ദൈവം അനുവദിക്കുന്നില്ല എന്നു കാണാം. മാതാപിതാക്കളും കുട്ടികളും അവരുടെ കുട്ടികളും എല്ലാം ദൈവത്തിന്റേതാണ്, ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്.

**മാതാപിതാക്കളുടെ അമിതവാത്സല്യം കുട്ടികളെ ധർമ്മശാസ്ത്രം തെറ്റിയുള്ള ജീവിതത്തിന് വഴിയൊരുക്കിയാൽ, കുട്ടികൾ പാപം ചെയ്യുന്നതിന് മാതാപിതാക്കളും കാരണക്കാരാവുകയാണ്. കുട്ടികളും അവരെ വഴിതെറ്റിക്കുവാൻ പ്രേരകമായതിന് മാതാപിതാക്കളും (ബന്ധുജനങ്ങളുമൊക്കെ) പാപങ്ങൾക്കുള്ള ശിക്ഷ സ്വീകരിക്കേണ്ടതായും വരും.**

**കുട്ടികളുടെ നല്ലത് കരുതുവാൻ, കുട്ടികളെയും അവരുടെ മാതാപിതാക്കളെയും സർവ്വരെയും പൊന്നോമന കുഞ്ഞുങ്ങളായി മഹാവാത്സല്ല്യത്തോടെ കരുതുന്ന മഹാമാതാവായ ദൈവമുണ്ട്.**

# ദൈവം, മനുഷ്യന് സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യത്തെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

ദൈവം, മഹാവാത്സല്ല്യത്തെ ഏകമഹാആനന്ദമായി നിശ്ചയിച്ചു കൊണ്ട് സൃഷ്ടികളെ കുഞ്ഞുങ്ങളായി കരുതുമ്പോൾ തന്നെ കുഞ്ഞുങ്ങൾക്ക് ആവശ്യമായ ബുദ്ധി ശക്തി ഉൾപ്പെടെയുള്ള ശക്തികളെ നൽകി ക്കൊണ്ട് ആനന്ദങ്ങളെയെല്ലാം നേടാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള മഹാപദ്ധതികളാണ് ഒരുക്കിയിട്ടുള്ളത്. കുഞ്ഞുങ്ങൾ ഭിക്ഷക്കാരെപ്പോലെ ദൈവത്തോട് യാചിക്കുകയോ / പ്രാർത്ഥിക്കുകയോ ചെയ്യാതെ ദൈവം ഓരോ മനുഷ്യനും/ ജീവിക്കും നൽകിയിട്ടുള്ള ദൈവാംശമായ ശരീരം കൊണ്ട് അനന്തമായ ആനന്ദങ്ങളെ സ്വയമെന്നോണം നേടണം. സൃഷ്ടിചക്രങ്ങളുടെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമാകാതെ ഗൂഢമായിരിക്കുന്നത് തന്നെ കുഞ്ഞുങ്ങൾ അലസരും മടിയരും പൊങ്ങച്ചക്കാരും മറ്റുമായി അധഃപതിക്കാതെ ജീവിക്കാനാണ്.

മനുഷ്യന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം നൽകുന്നതിന്നായി മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികളെ ഒരല്പം വ്യത്യാസപ്പെടുത്തുവാൻ മനുഷ്യരെ അനുവദിച്ചിട്ടുണ്ട്. വളരെ ഗൗരവമുള്ള കാര്യമാണത്.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
എന്ന മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

# ന്യൂനശക്തികളും ധർമ്മ ശാസ്ത്രബന്ധനവും

ഗൗരവമായി വിശകലനം ചെയ്യുമ്പോൾ, ന്യൂനശക്തികളുടെ സൃഷ്ടിയും ധർമ്മവും എത്ര മഹത്തരമാണെന്നും തങ്ങൾക്ക് ഇഷ്ടപ്പെട്ടവയെ നല്ലതെന്നും ഇഷ്ടപ്പെടാത്തതിനെ ചീത്തയെന്നും പേരിടാൻ മനുഷ്യന് അവകാശമില്ല എന്നും സുവ്യക്തമാകുന്നു.

**മഹാപ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും ഓരോരോ വിധങ്ങളിൽ നല്ലതാണ്. നല്ലതല്ലാത്തത് യാതൊന്നും ദൈവം സൃഷ്ടിച്ചിട്ടില്ല എന്നർത്ഥം.**

ഓരോരോ ജീവി-ഇനങ്ങൾക്കും ഓരോരോ ജീവിതരീതി ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ഭക്ഷണം, ഭക്ഷണ സമ്പാദനം, കാഴ്ച, രാത്രിക്കാഴ്ച, പാര്പ്പിട രീതി, ഇണചേരൽ, ഇണയെ ആകര്ഷിക്കുന്ന രീതി, ഭയപ്പാടുകളിലെ പ്രത്യേകത, ആക്രമണ രീതികളിലെ പ്രത്യേകത, പെരുമാറ്റം, തുടങ്ങിയ അനേകം കാര്യങ്ങൾ ചേര്ന്നതാണ് ഓരോ ജീവിയുടെയും ജീവിതരീതി. മനുഷ്യരുടേതും അങ്ങനെ തന്നെ.

മറ്റുള്ള ജീവികളെ തങ്ങളുടെ ജീവിതാവശ്യങ്ങൾക്ക് ഏറെ പ്രയോജനപ്പെടുത്തുകയും ഏറ്റവുമധികം ഉപദ്രവിക്കുന്നതും മനുഷ്യർ തന്നെയാണ്. മറ്റുള്ള ജീവികൾ മനുഷ്യരെ ഏറ്റവും കുറച്ചുമാത്രമാണ് ഉപദ്രവിക്കുന്നത് എന്നതും വസ്തുതയാണ്.

നല്ലതു മാത്രമേ ദൈവം സൃഷ്ടിച്ചിട്ടുള്ളൂ എങ്കിൽ, ഭൂമിയിലൊക്കെയുമുള്ള കലാപങ്ങളും പീഢനങ്ങളും അഴിമതികളും ഭീകരവാദങ്ങളും നല്ലതാണോ, അവയെ സൃഷ്ടിച്ചത് ദൈവം തന്നെയല്ലേ എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പെട്ടെന്ന് അനേകരിൽ ഉണ്ടാകുന്നതാണ്.

ന്യൂനശക്തികളുടെ വിശദീകരണത്തിലേക്കു കടക്കുമ്പോൾ ജീവികൾക്ക്, പ്രത്യേകിച്ചു മനുഷ്യന് വ്യക്തിസ്വാതന്ത്ര്യം നൽകാനായി ഒരു നിശ്ചിത ശതമാനം ശക്തികളെ മാറ്റിവച്ചിട്ടുണ്ട് എന്നു കാണാം.

**വ്യക്തിസ്വാതന്ത്ര്യം നൽകിയില്ലെങ്കിൽ മനുഷ്യരെ ദൈവം അടിമകളാക്കുന്നതായി വരും. വ്യക്തികൾ സ്വയം നല്ലതും കെട്ടതും തിരിച്ചറിഞ്ഞു ജീവിക്കുവാനുള്ള സംവിധാനം ഒരുക്കിയിരിക്കുകയാണ്.**

**മനുഷ്യരും, ഒന്നാം മഹാകാലചക്രത്തിലെ ഭരണത്തിനായി സൃഷ്ടിച്ചതായ മാലാഖമാരും/മലക്കുകളും/ദേവതകളും തങ്ങൾക്കു ലഭിച്ച വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തതുകൊണ്ടും, അതിലൂടെ ന്യൂനശക്തികളുടെ അളവ് വർദ്ധിച്ചതു കൊണ്ടുമാണ് ഭൂമിയിലാകെ കലാപങ്ങളും പീഢനങ്ങളും അഴിമതികളും ഭീകരവാദങ്ങളും ഒക്കെ ഉണ്ടായിരിക്കുന്നത്. വൈകാതെ മായ പ്രത്യക്ഷമാകുന്നതോടെ, മഹാശക്തിയായ മഹാജഗദംബ മഹാപ്രപഞ്ചത്തിന്റെ മഹാഭരണം സമ്പൂർണ്ണമായി ഏറ്റെടുക്കുന്നതോടെ, മനുഷ്യരുടെ ജീവിതകാര്യങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും മഹാമംഗളമാകുന്നതാണ്.**

**ന്യൂനശക്തികളെപ്പറ്റി കൂടുതൽ അറിയാൻ :**
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
എന്ന മഹാവേദ ഗ്രന്ഥം കാണുക.

**ആവശ്യം എന്ന തൊഴിൽ വിഭാഗത്തിൽ പെടുന്ന, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരായ ജനസേവകർക്ക് ജനങ്ങളുടെ അടി വാങ്ങുന്ന അടിമകളായി ജീവിക്കുവാനും ബാദ്ധ്യതയുണ്ട്.**

**ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന അടിമകൾ, യജമാനരായ ജനങ്ങളുടെ പണം ദുർവ്യയം ചെയ്യുകയോ, കടമകളിൽ വീഴ്ച്ച വരുത്തുകയോ, ജനങ്ങളെ കബളിപ്പിക്കുകയോ, മർദ്ദിക്കുകയോ, പീഡിപ്പിക്കുകയോ, ഒക്കെ ചെയ്താൽ, ഓംകാര നീതിശാസ്ത്ര പാഠങ്ങളിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുള്ളതു പോലെ, അനേകം ജന്മങ്ങളിൽ ഏറ്റവും താഴ്ന്ന ജന്മഗുണങ്ങളെയും ജന്തുജന്മശിക്ഷയും സ്വീകരിക്കേണ്ടതായി വരും.**

**ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുന്ന 'പ്രജ എന്ന യജമാനന് ലഭ്യമായിട്ടുള്ള ജീവിത സൗകര്യങ്ങൾ', എല്ലായ്പ്പോഴും, അടിമയായ ജനസേവകന് ലഭിക്കുന്ന ജീവിത സൗകര്യങ്ങളേക്കാൾ കൂടുതലായിരിക്കണം.**

## ഇന്നത്തെ ദുരവസ്ഥകളിൽ ചിലത് :

**യജമാനരായ പ്രജകളുടെ ഭവനത്തിൽ (മന്ത്രി മന്ദിരങ്ങളിൽ) താമസിക്കുകയും, ചിലവിൽ ജീവിക്കുകയും ചെയ്യുന്ന അടിമ, യജമാനരെ പുറത്താക്കാനും കൊല്ലാനും വരെ മടിക്കുന്നില്ല !**

**യജമാനരായ പ്രജകൾ ബസ്സിലും ട്രെയിനിലും കഷ്ടപ്പെട്ട് യാത്ര ചെയ്യുമ്പോൾ, യജമാനന്റെ ചിലവിൽ അടിമകളുടെ എസ്കോർട്ടോടെ അടിമ (മന്ത്രി) സഞ്ചരിക്കുന്നത് പാപമാണ്.**

**യജമാനരായ പ്രജകളുടെ ചിലവിൽ അടിമ ചികിത്സിക്കരുത്..**

**ഇതേപോലെയുള്ള കാര്യങ്ങളെ യജമാനർ കൂട്ടിച്ചേർക്കുക ! ആത്മപരിശോധനയ്ക്കും തിരുത്തലിനും അടിമകൾ പരസ്യമായി തയ്യാറായാൽ വരുംജന്മങ്ങളിൽ ശിക്ഷ കുറയും !**

**ജനമദ്ധ്യത്തിൽ ജനങ്ങളുടെ അടിമകളായ പോലീസുകാരെ ക്കൊണ്ടും മറ്റും 'പോലീസും രാജാവും മന്ത്രിമാരും മറ്റും ഉൾപ്പെടെയുള്ള അടിമകൾക്ക് ' അടി തന്നെ കൊടുത്താലും തീരാത്ത വിധം അടിമകളെല്ലാം ദൈവ ശിക്ഷകളെ വാരിക്കൂട്ടി കഴിഞ്ഞു; പാപ-ശേഖരണം തുടരുകയും ചെയ്യുന്നു. എല്ലാ രാജ്യങ്ങളിലെയും അടിമകളുടെ അവസ്ഥ ഏറെക്കുറെ സമാനമാണ്. രാജ്യങ്ങളിലെ രാജാവ്, പ്രസിഡന്റ്, പ്രധാനമന്ത്രി, മുഖ്യമന്ത്രി, മന്ത്രി, പോലീസ് സേന, ജഡ്ജി അല്ലാത്ത ജഡ്ജി, കളക്ടർ, വ്യത്യസ്ത ഭരണ കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ ... അവരെല്ലാം ജനങ്ങളുടെ അടിമകളാണെന്ന് സ്വയം വിശകലനം ചെയ്ത്, ശരിയെന്നു ബോദ്ധ്യം വന്ന ശേഷം, അവരവർക്കു വേണ്ടി തിരുത്തുക.**

**മഹാശക്തിയായ ദൈവത്തിനു വേണ്ടി,**
**തെമ്മാടി = എമ്പോക്കികളായി അധഃപതിച്ച അടിമകളും**
**ജനങ്ങളും യാതൊന്നും ചെയ്യണ്ട. അവരവർക്കു വേണ്ടി തിരുത്തുക. ഓംകാര നീതി ശാസ്ത്ര പ്രകാരം എക്കാലവും നടന്നു പോരുന്ന ശിക്ഷകൾ ദൈവ വിപ്ലവത്തോടെ 'ദൈവം' പ്രത്യക്ഷമാകുമ്പോൾ ജനങ്ങൾക്ക് ബോദ്ധ്യമാകുന്നതാണ് !**

**രാജ്യങ്ങളിലെയും സംസ്ഥാനങ്ങളിലെയും ഭരണാധികാരികളെന്ന് തെറ്റിദ്ധരിച്ചു കൊണ്ട് 'ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ജനങ്ങളുടെ അടിമകളുമായ ജനസേവകർക്കായി' ഏതാനും ധർമ്മശാസ്ത്ര പാഠങ്ങൾ :-**

**1. മഹാനീതിപതിയും മഹാഭരണാധികാരിയും, സൃഷ്ടികളുടെ (മഹാപിതാവും) മഹാമാതാവുമായ '(മഹാദേവനും) മഹാദേവിയുമായ ദൈവം പോലും, സൃഷ്ടികളുടെ ദാസരായിട്ടാണ് മഹാവാത്സല്ല്യത്തോടെ, 'ഓംകാര നീതിശാസ്ത്ര പ്രകാരം' സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരെ പരിപാലിക്കുന്നത്.**

**ജനങ്ങളുടെ സേവകരും അടിമകളുമായി മാത്രം പ്രവർത്തിക്കുവാൻ തയ്യാറുള്ളവരും, ഭരണാധികാരിയോ നീതിപതിയോ ആകുവാൻ മനുഷ്യന് സാധിക്കുകയില്ല എന്ന് ബോദ്ധ്യം ഉള്ളവരും, അപ്രകാരം ജീവിക്കുന്നതിനെ മാത്രം സ്വന്തം ആനന്ദമായി കരുതുന്നവരും, മാത്രം ജനസേവകരാവുക. ഒരു ജന്മത്തിൽ ഏറ്റവും കൂടുതൽ പുണ്യവും, വീഴ്ച്ച സംഭവിച്ചാൽ ഏറ്റവും കൂടുതൽ പാപവും നേടുന്ന വിശിഷ്ട ജന്മമാണ് ജനസേവകരുടേത്; ജനങ്ങളുടെ അടിമകൾ മാത്രമായ അവർ യാതൊരിക്കലും യജമാനരോ നീതിപതിയോ ഭരണാധികാരിയോ ആണെന്ന് ചിന്തിക്കാൻ പോലും പാടില്ലെന്ന് ആത്മാവിൽ ഉറപ്പിക്കണം.**

2. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തുന്ന ശാസ്ത്ര നിയമങ്ങൾ മണ്ണിലെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിട്ടുള്ളതിനെ അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യൻ, അവയെ ആദരിച്ചു കൊണ്ട് അഥവാ അനുസരിച്ചു കൊണ്ട് ജീവിക്കാൻ എല്ലായ്പ്പോഴും ശ്രദ്ധിക്കണം; മഹാസമ്മേളിച്ചു പ്രവർത്തിക്കുന്ന ശാസ്ത്ര നിയമങ്ങളെയും ന്യൂനശക്തികളെയും അറിഞ്ഞോ അറിയാതെയോ അനാദരിച്ചാൽ / തെറ്റിച്ചാൽ ഭൂമിയിലുള്ള ബഹുവിധ ദുരിതങ്ങളും ദുരന്തങ്ങളും ഉൾപ്പെട്ട പ്രതിഭാസങ്ങൾക്ക് കാരണമാകുന്നതാണ്. ന്യൂനശക്തികളെ സംബന്ധിച്ച ശാസ്ത്ര പാഠങ്ങളെ അതീവ ഗൗരവത്തോടെ കാണണം.

**വിഷയത്തിന്റെ വൈവിധ്യമാർന്ന തലങ്ങൾ പ്രകാരം, നിയമസഭ, കോടതി, സെക്രട്ടേറിയറ്റ്, പാർലമെന്റ്, മന്ത്രി മന്ദിരങ്ങൾ, കോടതികൾ, അഭിഭാഷകർ, പബ്ലിക് സർവീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നികുതികൾ, നികുതി കാര്യാലയങ്ങൾ, ഹെൽമെറ്റ് പരിശോധന, പിഴകൾ, ഇൻഷ്വറൻസ്, ലോട്ടറി, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള നിയമങ്ങളുമായി പൊരുത്തപ്പെടാത്ത മതവിശ്വാസങ്ങളും-ആചാരങ്ങളും-അനുഷ്ഠാനങ്ങളും - രാഷ്ട്രീയ പാർട്ടികളും, രാഷ്ട്രങ്ങളിലെ ആയുധങ്ങളും സൈന്യങ്ങളും ഒക്കെ എന്നന്നേക്കുമായി; ഏറ്റവും കുറഞ്ഞത് സൃഷ്ടി-ചക്രത്തിലെ സംഹാരം പൂർത്തിയാകും വരെ അവസാനിക്കുന്നതാണ്. എല്ലാ രാജ്യങ്ങളിലെയും സൈന്യങ്ങളെ ഉടൻ പിരിച്ചു വിടും ! മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിന് അനന്തമായ ആനന്ദങ്ങളെ നേടാനുള്ള പ്രത്യക്ഷ ദൈവമാണ് ശരീരം എന്നറിയണം.**

**ഇസ്രായേൽ, മക്ക, കൈലാസ നിരകൾ, ശബരിമല എന്നിങ്ങനെ വ്യത്യസ്ത മത-ദേവാലയങ്ങളിലും ബന്ധപ്പെട്ട പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള ദുരന്തങ്ങളും അക്രമങ്ങളും വധങ്ങളും, മരണങ്ങളുമെല്ലാം അവിടങ്ങളിലെല്ലാം ദൈവീക കാര്യങ്ങളല്ല; മറിച്ച് പൈശാചിക ശക്തികളാണ് നടമാടുന്നത് എന്ന് ബോദ്ധ്യപ്പെടുത്തുന്നുണ്ട്. മനുഷ്യരുടെ വിശ്വാസങ്ങളും ദേവാലയങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം മഹാശാസ്ത്ര പരമായി ശുദ്ധി ചെയ്യേണ്ടതായി വരും.**

**മനുഷ്യരുടെ നിയമനിർമ്മാണവും നീതിന്യായ കോടതികളും തെറ്റാണെന്നും മനുഷ്യന് നീതി വിധിക്കാനുള്ള യോഗ്യത ഇല്ലായെന്നും**
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
എന്ന മഹാവേദ ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്.

**ഭൗതിക വസ്തുക്കളിലെ ന്യൂനശക്തികളുടെ പ്രവർത്തനം കൊണ്ട് സാധിക്കുന്നതും, ധർമ്മശാസ്ത്ര വിരുദ്ധവുമായ മനുഷ്യ ജീവിതത്തിലെ കാര്യങ്ങൾക്ക് നീതിന്യായം, നീതി നടത്തിപ്പ് എന്നിവയുമായി യാതൊരു ബന്ധവുമില്ല. ആധാരമായി ഭൗതിക അസ്തിത്വം ഉള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെയും അളവുകളെയും ഹാജരാക്കാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്. ഉദാഹരണത്തിന് അണ്ടൻ എന്ന ജനസേവകന് അഥവാ പ്രദേശ ഭരണാധികാരി, മന്ത്രി എന്നെല്ലാം അറിയപ്പെടുന്ന തെമ്മാടി = എമ്പോക്കിക്ക് സാധന വിലയുടെ 10% നികുതി എന്നും, കുണ്ടൻ എന്ന മറ്റൊരു എമ്പോക്കിക്ക് വിലയുടെ 100% നികുതി എന്നും, നിശ്ചയിക്കാൻ സാധിക്കണമെങ്കിൽ, മണ്ണായ ഭൂമിയുടെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിട്ടുള്ള ഭൗതിക / ധർമ്മ ശാസ്ത്ര നിയമങ്ങളിൽ അവ ഉണ്ടാകണം; തെളിയിക്കാനും കഴിയണം എന്ന് മുമ്പ് സുവ്യക്തമാക്കിയിരുന്നു.**

**ദൈവ വിപ്ലവം ആരംഭിക്കാതെ ധീരമായ നടപടികൾ സ്വീകരിക്കാൻ മനുഷ്യ-രൂപികൾക്ക് ആർജ്ജവം ഉണ്ടാകില്ലെന്ന് ഊഹിച്ചും അറിയാം !**

**3. സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ജനസേവകൻ എന്ന അടിമയായി സ്ഥാനം ഏറ്റെടുക്കുമ്പോൾ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മശാസ്ത്ര പ്രകാരം പ്രവർത്തിച്ചാൽ മതിയാകും. നീതി വിധിക്കാനുള്ള യോഗ്യത ഇല്ലാത്ത മനുഷ്യർ നീതി വിധിക്കേണ്ട.**

**ധർമ്മ ശാസ്ത്രത്തെയും ന്യൂനശക്തികളെയും മുമ്പ് വിശദമാക്കിയ പാഠങ്ങളെ ഗ്രഹിച്ച ശേഷം മാത്രം ചുവടെയുള്ള കാര്യങ്ങളെ പഠിക്കുക.**

**അടിമകളായ ജനസേവകർ തങ്ങളെ ജനങ്ങളുടെ ഭരണാധികാരികൾ ആണെന്ന് തെറ്റിദ്ധരിച്ച് മുമ്പ് തട്ടിക്കൂട്ടിയ നിയമങ്ങളെല്ലാം ഭൗതിക അസ്തിത്വമില്ലാത്തവയും, യജമാനരായ മനുഷ്യരെ അടിമകളാക്കുന്നവയും ധാർമ്മിക അധഃപതനങ്ങൾക്ക് കാരണമാകുന്നവയുമാണ്.**

# ജാഗ്രത !

## മണ്ണായ ഭൂമിയുടെ മക്കളാണെന്ന ബോധമില്ലാതെ ജീവിക്കുന്ന ജനസേവകരും മറ്റും മണ്ണിന്റെ മക്കളാവാൻ പ്രയത്നിച്ചു പുണ്യം നേടുക.

ഭൂമിയെന്ന ഏകമഹാരാജ്യത്തെ സ്നേഹിക്കുകയും, പ്രത്യേക രാജ്യങ്ങളുടെ പേരിൽ കേമത്തം ഭാവിക്കാത്തവരുമായ കൃഷിക്കാർ ഉൾപ്പെടെ ധർമ്മശാസ്ത്ര പ്രകാരം ജീവിക്കുന്ന എല്ലാ ജനങ്ങൾക്കും, **മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും മഹാനീതിയും ഏകദൈവവും മഹാമാതാവുമായ മഹാദേവിയും, ~ഭാഗവും മഹാദാസനും മഹാദേവനും പ്രപഞ്ചപിതാവും മഹാനീതി-പതിയുമായ പരമശിവനും, ദാസരായിരിക്കുമെന്ന് മഹാവാത്സല്യത്തോടെ അറിയിക്കുന്നു.**

മണ്ണും പ്രദേശവും ഭൂമിയും മഹാമാതാവും മഹാനീതിയുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ മുഴുവൻ മനുഷ്യരും മറ്റുള്ള ജീവികളും എന്ന വകതിരിവ് നേടുന്ന മനുഷ്യർ പ്രാദേശികത്വം അവകാശപ്പെടില്ലെന്നും ഭൂമിയുടെ കുഞ്ഞ് എന്ന മഹാ ബഹുമതി ആഗ്രഹിക്കുമെന്നും ചുരുക്കം. ലഭ്യമായ ശക്തിക്ക് അനുസരിച്ച് പ്രയത്നിക്കുന്നവർക്കെല്ലാം തീർച്ചയായും പുണ്യം ലഭിക്കുന്നതാണ്. മണ്ണിന്റെ നിയമങ്ങൾ ധർമ്മശാസ്ത്രപരമായ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ഓരോ മനുഷ്യനും നൽകിയിട്ടുള്ളത് യഥാർത്ഥത്തിൽ യാതൊരാളുടെയും സ്വാതന്ത്ര്യങ്ങളെ കുറയ്ക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ എല്ലാ രാജ്യങ്ങളിലുമുള്ള ഓരോ മനുഷ്യനും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും സമആനന്ദമെന്ന മഹാസമനീതിയെയും പ്രത്യേകം പ്രത്യേകമായിട്ട് മഹാഅനുഗ്രഹിച്ചു നൽകാനുള്ള മഹാആവിഷ്ക്കാരം കൂടിയാണ് ധർമ്മ ശാസ്ത്രം. ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങൾ പ്രപഞ്ച ജീവിതത്തെ മഹാഭദ്രപ്പെടുത്തിയിരിക്കുന്നു.

**നീതി നടത്താൻ മനുഷ്യർക്കു കഴിയില്ല എങ്കിൽ അതിന്റെ അർത്ഥം ആരും ആരെയും ഭരിക്കുന്നില്ല, ഭരിക്കാൻ കഴിയുകയുമില്ല.**

**യജമാനരായ ജനങ്ങളും, അടിമകളായ ജനസേവകരും ഉൾപ്പെടെയുള്ള ഓരോ വ്യക്തിയും ധർമ്മശാസ്ത്ര പരമായി ജീവിക്കുക / വിഷയങ്ങളിൽ പ്രവർത്തിക്കുക / ഏതൊന്നും ഉപയോഗിക്കുക മാത്രമാണ് ചെയ്യേണ്ടത്.**

**വിഷയത്തിൽ ദൈവത്തിന്റെ സാന്നിധ്യവും പ്രഭാവവും ഉൾക്കൊണ്ട് പഠനം നടത്തണം.**

## മനുഷ്യർ ചെയ്യുന്നതും ചെയ്യിക്കുന്നതുമായ ധർമ്മങ്ങളുടെ മേൽ, ഗൂഢമെന്നോണം ദൈവം നീതി നടത്തുമ്പോൾ, നീതിയും നീതിപതിയും ദൈവമാണ്.

**മനുഷ്യജീവികൾക്ക് സാദ്ധ്യമായ ഭൗതിക ശാസ്ത്ര ഗവേഷണവും സാങ്കേതിക വികസനവും, അതിലൂടെ വർദ്ധിപ്പിക്കാൻ കഴിയുന്ന ഭൗതികസുഖസൗകര്യങ്ങളും; ഒപ്പം വെളിപ്പെടുന്ന ധർമ്മശാസ്ത്ര പാഠങ്ങളും**

**നാട്ടുവാസി, കാട്ടുവാസി എന്ന ധർമ്മശാസ്ത്ര വിഭജനത്തെ മനുഷ്യർക്ക് നിർബ്ബന്ധമാക്കുന്നുണ്ട്.**

**ധർമ്മ ശാസ്ത്രം പ്രകാരമുള്ള നിയമങ്ങൾ അനുസരിച്ച്, ഭൗതികശാസ്ത്ര സൗകര്യങ്ങളെ ആസ്വദിച്ച് നാട്ടിൽ സന്തോഷമായി ജീവിക്കുന്ന നാട്ടുവാസി, ധർമ്മ ശാസ്ത്ര ബന്ധനങ്ങളില്ലാതെ, കാട്ടിൽ സന്തോഷമായും ഇഷ്ടം പോലെയും ജീവിക്കുന്ന ജന്തുക്കളെപ്പോലെ, ഭൗതിക ശാസ്ത്ര സൗകര്യങ്ങൾ ഇല്ലാതെ ജീവിക്കുന്ന കാട്ടുവാസി എന്നിങ്ങനെ മനുഷ്യരെ രണ്ടായി വിഭജിക്കാൻ**

**മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മശാസ്ത്രം ആവശ്യമാക്കുന്നുണ്ട്.**

**മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായിട്ട് മനുഷ്യരുടെ ആനന്ദങ്ങളെല്ലാം കുടുംബവുമായും സമൂഹവുമായും ബന്ധപ്പെട്ടതാകയാൽ, കാലമാറ്റത്തിനും ഭൗതിക ശാസ്ത്ര സാങ്കേതിക വികസനങ്ങൾക്കും അനുസരിച്ച് ജലം ഇലയിലും പാത്രത്തിലും ശേഖരിച്ച് കുടിക്കുന്നതിൽ ആരംഭിച്ച്, അഗ്നി ഉപയോഗിച്ചുള്ള പാചകം, പാർപ്പിടം, കൃഷി, കച്ചവടം, നെയ്ത്ത്, തയ്യൽ, ആശാരി-മേശിരിപ്പണി, വൈദ്യം, ചക്രം-കപ്പൽ-ട്രെയിൻ-വിമാനം തുടങ്ങിയ ബഹുവിധ ഗതാഗത സൗകര്യങ്ങൾ, വാർത്താ വിനിമയം, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, തുടങ്ങിയവ മനുഷ്യന്റെ ജീവിത-ഭാഗമാകുന്നു.**

**ധർമ്മ ശാസ്ത്രം പ്രകാരമുള്ള നിയമങ്ങൾ അനുസരിച്ച്, കുടുംബ ജീവിതം നയിച്ചാൽ മാത്രമാണ് ഭൗതികശാസ്ത്ര ഗവേഷണങ്ങളിലും വികസന പ്രവർത്തനങ്ങളിലും സജീവമായും ഉചിതമായും ശ്രദ്ധിക്കാനും, ലഭ്യമാകുന്ന പുതിയ പുതിയ ശാസ്ത്രസൗകര്യങ്ങളെ ആസ്വദിച്ച് നാട്ടിൽ സന്തോഷമായി ജീവിക്കാനും കഴിയുക.**

**സാധാരണക്കാരായും, നേതാക്കളായും മതജാതി-രാഷ്ട്രീയ-പ്പരിശകളായും, ഒക്കെ ജീവിക്കുന്ന ജനങ്ങളുടെ 'അദ്ധ്വാനങ്ങളും ആനന്ദങ്ങളും' പ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്താനായി ദൈവം ആവിഷ്ക്കരിച്ച ഒന്നാമത്തെ വേദമായ ഭൗതിക ശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുകയാണ്.**

**വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വാഹനങ്ങൾ, ടെലിവിഷൻ, കമ്പ്യൂട്ടർ, .. മൊബൈൽ ഫോൺ ... ജീവിത സൗകര്യങ്ങൾ തുടങ്ങിയവ അദ്ധ്വാനിച്ചു നേടിയതും അല്ലാത്തതുമായ പണം കൊണ്ട് വില കൊടുത്തു വാങ്ങി ഉപയോഗിക്കുന്നവരിൽ ഏറെയും അനന്തമായ ആനന്ദങ്ങളെ നേടാൻ സാധിക്കുന്നത് എങ്ങനെയാണെന്ന് അറിയാത്ത മൂഢാവസ്ഥയിലാണ്. നെല്ലരി എന്നാൽ ഇത്ര പണം കൊടുത്ത് കടയിൽ നിന്നും വാങ്ങാൻ കിട്ടുന്ന ഭക്ഷണ ധാന്യം എന്നതിനപ്പുറം നെൽകൃഷിയുടെ വിവിധ ഘട്ടങ്ങളും വിഷമതകളും സങ്കീർണ്ണതകളും അറിയാത്ത മൂഢാവസ്ഥ !**

**ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങൾ, ഒപ്പമുള്ള ധർമ്മ ശാസ്ത്ര നിയമങ്ങൾ, എന്നിവയെ മനുഷ്യരുടെ അദ്ധ്വാനവുമായിട്ടും അനന്തമായ ആനന്ദങ്ങളുമായിട്ടും, ബന്ധിപ്പിച്ചിരിക്കുകയാണ് എന്ന് വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ജനങ്ങൾ ഉചിതമായി അറിയണം; അദ്ധ്വാനിച്ച് അറിയണം.**

**മഹാഭീമമായ ഭൗതിക ശാസ്ത്രത്തിലെ പാഠങ്ങളെ വെളിപ്പെട്ടുകിട്ടാൻ ഒരു കൂട്ടം മനുഷ്യർ ഗവേഷകർ, ശാസ്ത്രജ്ഞന്മാർ തുടങ്ങിയ പേരുകളിൽ തൊഴിൽ ചെയ്യേണ്ടതുണ്ട്. ശാസ്ത്ര പാഠങ്ങൾ പ്രകാരം ശാസ്ത്ര സൗകര്യങ്ങളെ കണ്ടെത്താനും, അവയെ ഏതൊരാൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാനും വീണ്ടും കർമ്മം ചെയ്യേണ്ടതുണ്ട്. അതെല്ലാം അറിയണം.**

**മനുഷ്യന്റെ എല്ലാ ജീവിത മേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായും ബന്ധിപ്പിച്ചിരിക്കുകയാൽ, എല്ലാ മേഖലകളിലും ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തമായ വ്യവസായങ്ങളും, പുതിയ പുതിയ തൊഴിലുകളും തൊഴിലാളികളും ഉണ്ടാകുന്നു.**

**അതായത് മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് ഭൗതിക ശാസ്ത്ര ഗവേഷണത്തിൽ തുടങ്ങുന്ന ബഹുവിധ കർമ്മങ്ങൾ ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്. മുമ്പ് വ്യക്തമാക്കിയതു പോലെ, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ ഭദ്രപ്പെടുത്തുന്ന ഭൗതിക-ധർമ്മ-ആത്മീയ ശാസ്ത്രങ്ങൾ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചും ഒത്തൊരുമിച്ചും പ്രവർത്തിക്കുകയാൽ, മുഖ്യജീവിയായ മനുഷ്യർ ധർമ്മ ശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ചാൽ, അവസ്ഥകൾക്ക് അനുസരിച്ച് ന്യൂനശക്തികൾ തിരുത്തൽ ശക്തികളായും പൈശാചിക ശക്തികളായും പ്രവർത്തിക്കുന്നതാണ്. നൂറ്റാണ്ടുകളായി സംഭവിച്ചുപോരുന്നതു പോലെ, ഭൂമിയിൽ ബഹുവിധ ദുരന്തങ്ങളും ദുരിതങ്ങളും അക്രമങ്ങളും ഭീകര പ്രവർത്തനങ്ങളും യുദ്ധങ്ങളും ഉൾപ്പെട്ട സങ്കീർണ്ണമായ പ്രതിഭാസങ്ങൾക്ക് കാരണമാകുന്നതാണ്.**

**പോംവഴി തീർച്ചയായും ഉണ്ട് :-**

## ഭൗതിക ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ ലഭ്യമാകുന്ന ആനന്ദങ്ങളെ ഉപയോഗിക്കാനുള്ള / അനുഭവിക്കാനുള്ള

# യോഗ്യത

## ഓരോ വ്യക്തിയും നേടണം.

**ധർമ്മ ശാസ്ത്ര പരമായ യോഗ്യത ഇല്ലാത്തവർ ഭൗതിക ശാസ്ത്ര വികസനത്തിലൂടെ ലഭിക്കുന്ന ആനന്ദങ്ങളെ ഉപയോഗിക്കാനോ അനുഭവിക്കാനോ പാടില്ല. പാചകം ചെയ്ത ഭക്ഷണ സാധനങ്ങൾ, വസ്ത്രങ്ങൾ, ആധുനിക വീടുകൾ, കെട്ടിടങ്ങൾ, ചികിത്സാ സൗകര്യങ്ങൾ, കടകൾ, ആഭരണങ്ങൾ, ഉപകരണങ്ങൾ, കറിക്കത്തി മുതലുള്ള ആയുധങ്ങൾ, യന്ത്രങ്ങൾ, വാഹനങ്ങൾ, ടെലിവിഷൻ, മൊബൈൽ ഫോൺ, എല്ലാം അതിൽ പെടും.**

**ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് മനുഷ്യൻ ഉല്പന്നങ്ങളെ നിർമ്മിക്കുമ്പോൾ, പ്രസ്തുത ഉല്പന്നങ്ങളുടെ ധർമ്മ ശാസ്ത്രത്തെ പാലിക്കണം എന്ന് മുമ്പ് വിശദീകരിച്ചതാണ്. ഉദാഹരണത്തിന് ഭൗതിക ശാസ്ത്ര നിയമങ്ങൾ പ്രകാരം സാദ്ധ്യമാകുന്ന മദ്യം നിർമ്മിക്കുമ്പോൾ, ദൈവം ചിട്ടപ്പെടുത്തിയ നാഡീവ്യൂഹത്തിന്റെ പ്രവർത്തനങ്ങളെ മദ്യം താളം തെറ്റിക്കുന്നു എന്ന് വ്യക്തമാണ്. മദ്യപാനവും പുകവലിയും കഞ്ചാവും മയക്കുമരുന്നും പാടില്ല. പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ ജനങ്ങൾ ചെല്ലും ചെലവും കൊടുത്ത് നിയമിച്ച ജനസേവകർ തന്നെ മദ്യ നിർമ്മാണവും വ്യാപാരവും മദ്യപാനവും ചെയ്തു കൊണ്ട് മദ്യം കഴിച്ച് വാഹനം ഓടിക്കാൻ പാടില്ല എന്ന് നിയമവും തെറ്റിക്കുന്നവർക്ക് പിഴകളും (കൈക്കൂലിയും), അതിനായി ജനങ്ങളുടെ ചിലവിൽ തന്നെ പോലീസിനെയും മറ്റും ഏർപ്പെടുത്തുന്നത് മണ്ണിന്റെ നിയമങ്ങളെ അറിയാൻ പോലും ശ്രമിക്കാത്ത പലവിധ അപരാധങ്ങളായി മാറുന്നു.**

**നാട്ടിലെ ജനങ്ങളുടെ കുടുംബ ജീവിത സദാചാര ബോധം, സമൂഹ ജീവിതത്തിന് യോജിച്ചതാവണം. ഉദാഹരണത്തിന്, കുടുംബ ജീവിതം ഭംഗിയാകണം എന്നുണ്ടെങ്കിൽ ഏക-പത്നി / ഏക പുരുഷ സംവിധാനം ആവശ്യമാണ്; സ്ത്രീ പുരുഷ സെക്സ് സ്വകാര്യമാണ് എന്നതിനാൽ സെക്സ് സംബന്ധമായ സിനിമ, പരസ്യം, തുടങ്ങിയവ പാടില്ല.**

**ഭൂമി, വാഹനം, മൊബൈൽ ഫോൺ തുടങ്ങിയ ഭൗതികമായ ഓരോ ആനന്ദത്തെയും സമമായി അനുഭവിക്കാൻ എല്ലാവർക്കും കഴിയണമെങ്കിൽ മണ്ണിന്റെ നിയമങ്ങളിൽ ലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്രത്തെ പാലിക്കണം.**

**ഇനി, മതദൈവങ്ങളുടെയും മതങ്ങളുടെയും പേരിൽ, മതപ്പരിഷകൾ, നൂറ്റാണ്ടുകളായി ഭൗതിക ശാസ്ത്ര ഗവേഷണത്തെ തടഞ്ഞും ദ്രോഹിച്ചും, അനേകം ഭൗതിക ശാസ്ത്രജ്ഞന്മാരെ കൊന്നും കൊല്ലാക്കൊല ചെയ്തും കൊണ്ട്, അവരുണ്ടാക്കിയ ഭൗതിക ശാസ്ത്ര സൗകര്യങ്ങളെ യാതൊരു ഉളുപ്പുമില്ലാതെ ഉപയോഗിക്കുന്നതിനെ പ്പറ്റി വിശകലനം ചെയ്യുക. ദേവാലയങ്ങളെ അത്യാധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുകയും, ഏറ്റവും മുന്തിയ വാഹനങ്ങളും പാർപ്പിടം ഉൾപ്പെടെയുള്ള ജീവിത ആനന്ദങ്ങളും / സൗകര്യങ്ങളും ജനങ്ങളുടെ ചിലവിൽ ആസ്വദിച്ചു കൊണ്ട് ആത്മീയ തോന്നിവാസം വിളമ്പുകയും, വിഡ്ഢിക്കൂട്ടങ്ങളെ കുമ്പസരിപ്പിച്ചും മറ്റും വിനോദിക്കുകയും ചെയ്യുന്നത് മതപുരോഹിതന്മാരുടെ അവകാശം പോലെ ആയിട്ടുണ്ട്. മണ്ണിലെ ന്യൂനശക്തികൾ പ്രതിപ്രവർത്തനം എല്ലായ്പ്പോഴും നടത്തുന്നുണ്ട് :-**

**മഹാനീതി ശാസ്ത്ര പ്രകാരം എല്ലാ മനുഷ്യരുടെയും ആത്മാക്കളെ 100 ജന്മങ്ങളിലൂടെ പുനർജ്ജനിപ്പിക്കുമ്പോൾ സ്ത്രീ പുരുഷ നിർണ്ണയം, ആയുസ്സ്, ആരോഗ്യം, അംഗവൈകല്യം, നിറം, മുഖഛായ, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, ജന്മദേശം /സ്ഥലം, സാമ്പത്തിക ദാരിദ്ര്യം, തുടങ്ങിയ ജന്മഗുണങ്ങളെ നിയന്ത്രിച്ച് സമൂഹ ദ്രോഹം ചെയ്തവരും വഴിതെറ്റിയവരുമായ കുഞ്ഞുങ്ങളെ ശിക്ഷിച്ചു തിരുത്താനും നേർവഴിക്ക് നടത്താനും ന്യൂനശക്തികൾ എല്ലായ്പ്പോഴും പ്രതിപ്രവർത്തനം നടത്തുന്നുണ്ട്.**

**മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ, ജീവിത കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾക്ക് ആധാരമായി 'മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെയും അളവുകളെയും ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണ്.**

'ദൈവത്തിന്റെ / ദൈവത്തിനു വേണ്ടിയുള്ള / ദൈവത്തെ സ്തുതിക്കാനും മറ്റുമുള്ള ..... ആലയം = ദേവാലയം' ആയിട്ട് വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള പള്ളികളെയും മന്ദിരങ്ങളെയും വിഗ്രഹങ്ങളെയും മറ്റും മനുഷ്യരൂപികളായ മതജാതിപ്പരിഷകൾ = തെമ്മാടികൾ = എമ്പോക്കികൾ തട്ടിക്കൂട്ടുമ്പോൾ, അവരെല്ലാം നിശ്ചയിക്കും പോലെ 'മഹാശക്തിയും സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവം' അവിടെയൊക്കെ വന്ന് ഹാജരാകണം / വസിക്കണം / മത-മനുഷ്യരുടെ വിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും ആചാരങ്ങളെയും ശരിവയ്ക്കണം എന്നെല്ലാം 'സൃഷ്ടികളായ മനുഷ്യർ', ദൈവത്തിനു കല്പനയിട്ട് പാപവും ശിക്ഷയും സമ്പാദിക്കുന്ന നീച ചരിത്രമാണ് എങ്ങുമുള്ളത്. ഉദാ :-

വ്യക്തിയുടെ ഇഷ്ടം പ്രകാരം ദേവാലയത്തെയോ വിഗ്രഹത്തെയോ കണ്ടിട്ട്, ദൈവത്തിന് ഇഷ്ടമായതു ചെയ്തു എന്നും, 'ദൈവത്തെ' കണ്ടെന്നും പറയുന്നത് 'കള്ളം' ആണ്. കള്ളങ്ങൾ പറയുന്നതും, 'യേശുവിന്റെ രക്തക്കറ പുരണ്ട വസ്ത്രം, സംസം വെള്ളം, മകര വിളക്ക് ' തുടങ്ങിയ കള്ളത്തരങ്ങൾ കാട്ടുന്നതും മതപുരോഹിതന്മാരുടെയും മത-വിശ്വാസികളുടെയും അവരെല്ലാം കൂടി പ്രചരിപ്പിക്കുന്ന അസത്യങ്ങളായ വിശ്വാസങ്ങളുടെയും, അനാചാരങ്ങളുടെയും, ദുരനുഷ്ഠാനങ്ങളുടെയും പ്രത്യക്ഷ-മുദ്രയാണ്. ദൈവം മനുഷ്യരിലൂടെ ജനിപ്പിച്ച ദൈവത്തിന്റെ കുഞ്ഞുങ്ങൾ പല രാജ്യങ്ങളിലും വിശന്നു വലയുമ്പോൾ, ദേവാലയ രക്ഷ / രാജ്യരക്ഷ എന്നീ പേരുകളിൽ ഭീമമായ ധനം പാഴാക്കുന്നതും, ദൈവത്തിനെന്ന പേരിൽ മൃഗ ബലി നടത്തുന്നതും, പകൽ സമയത്ത് ലക്ഷദീപം തെളിയിച്ച് വിഗ്രഹത്തിൽ പാലും തേനും നെയ്യും ഒഴിച്ച് പാഴാക്കി കളയുന്നതും ഒക്കെ അതിനീചമാണ്. എമ്പോക്കികളെ 'ന്യൂനശക്തികൾ' ശിക്ഷിക്കുന്നതാണ്.

**ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ മൂലം കൂടിയായ 'ഓം' കുറിക്കാതെ ദൈവ കാര്യങ്ങളിൽ ഇടപെടാൻ കഴിയില്ലെന്നതു പോലും അറിയാത്ത 'കള്ളക്കൂട്ടങ്ങളെ ഗുരുക്കന്മാരെന്നും പുരോഹിതന്മാരെന്നും കരുതുകയും, അവരെ അനുസരിച്ചും മറ്റും തോന്നും പോലെ ജീവിക്കുവാൻ തയ്യാറായാൽ, ഇന്ന് അനുഭവിക്കുന്ന പോലെ, ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങൾക്ക് നൂറ്റാണ്ടുകളായി തുടരുന്നതു പോലെ 'മതജാതിപ്പരിഷകളായി അധഃപതിച്ച് അന്യോന്യം ശണ്ഠ കൂടിയും കൊന്നും, ദൈവം നൽകിയ ജീവിതവും ആനന്ദങ്ങളും നഷ്ടപ്പെടുത്താം.'**

'മതങ്ങളിൽ വിശ്വസിക്കുന്നവർ മതവിശ്വാസികളും,' മതങ്ങൾക്കും **'സർവ്വത്തിനും അതീതമായ ദൈവത്തിൽ വിശ്വസിക്കുന്നവർ ദൈവ വിശ്വാസികളും ആണെന്ന ശാസ്ത്ര സത്യം' പ്രകാരം ഭൂമിയിലെ ദൈവ വിശ്വാസികളെ വിരലിൽ എണ്ണാനാവും!**

**ദൈവം പ്രത്യക്ഷമാകുന്ന 'സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതി' ആരംഭിക്കുന്നതോടെ ഏകദൈവമായ മഹാദേവിയെയും, ~ഭാഗമായ മഹാദേവനെയും എല്ലാ മനുഷ്യർക്കും സ്വന്തം കണ്ണുകളെ കൊണ്ട് നേരിൽ കാണാൻ കഴിയുന്നതാണ്. മഹാശാസ്ത്ര പ്രകാരമുള്ള നടപടികൾ മാത്രമാണവ. മണ്ണായ ഭൂമിയിലെ മൂലകങ്ങളിലുള്ള എല്ലാ ആറ്റങ്ങളിലും ഇലക്ട്രോണുകളും പ്രോട്ടോണുകളുമായി ഏകദൈവത്തിന്റെ രണ്ടു ഭാഗങ്ങൾ മാത്രമായ ശിവനും ശിവയും ഉണ്ട്; മാത്രമല്ല; ശക്തി പകർന്നു കൊണ്ടും സദാ മഹാചിരിച്ചു കൊണ്ടും 'ബ്രഹ്മകണം' കൂടിയായ 'ഓം' ലയിച്ചെന്ന പോലെ പ്രവർത്തിക്കുന്നുമുണ്ട്. ഓരോ ആറ്റവും അറിയിക്കുന്ന ബ്രഹ്മ പാഠം കൂടിയാണത്. ദൈവത്തെ ഉടൻ നേരിൽ കാണാൻ എല്ലാ മനുഷ്യർക്കും കഴിയുന്നതാണ്.**

**യോഗ്യത ഇല്ലാത്തവർ ശാസ്ത്ര വികസനത്തിലൂടെ ലഭിക്കുന്ന ആനന്ദങ്ങളെ ഉപയോഗിക്കാനോ അനുഭവിക്കാനോ പാടില്ല. മറിച്ചായാൽ ന്യൂനശക്തികൾ തിരുത്തൽ ശക്തികളായും പൈശാചിക ശക്തികളായും പ്രവർത്തിക്കുന്നതും, ഇന്നത്തെ ഭൂമിയിൽ സർവ്വ സാധാരണമായ ബഹുവിധ ദുരിതങ്ങളും ദുരന്തങ്ങളും അക്രമങ്ങളും ഭീകര പ്രവർത്തനങ്ങളും യുദ്ധങ്ങളും ഉൾപ്പെട്ട സങ്കീർണ്ണമായ പ്രതിഭാസങ്ങൾ ഉണ്ടാകുന്നതാണ്.**

## ധർമ്മ ശാസ്ത്രപരമായ യോഗ്യത ഇല്ലാത്തവർക്കും ദൈവം വ്യക്തിസ്വാതന്ത്ര്യം അനുവദിക്കണം ! അതിനുള്ള വഴി :

സദാചാരശാസ്ത്രപ്രകാരം, നാട്ടുവാസത്തിന് ചേരാത്ത മദ്യം പോലെയുള്ളവ ഉപയോഗിക്കുന്നവരെയും, മറ്റുള്ള ജീവികളുടേതു പോലെയുള്ള സെക്സ് ആഗ്രഹിക്കുന്നവരെയും, നിശ്ചിത കാലങ്ങളിലേയ്ക്ക് കാട്ടിലേക്ക് അയക്കുന്നതാണ്. കള്ളം പറഞ്ഞും, അധർമ്മം ചെയ്തും, ധർമ്മശാസ്ത്രത്തെ തെറ്റിക്കുന്നവരെയും കാട്ടിലയച്ചെന്നുവരാം. തെറ്റിച്ച് നാട്ടിലേക്കു വന്നാൽ അവരെ പരസ്യമായി (കെട്ടിയിട്ട്) ജനമധ്യത്തിൽ വെച്ച് പൃഷ്ടത്തിലോ കാൽ വണ്ണയിലോ ചൂരൽ പ്രയോഗം നടത്തി, ആവശ്യമെങ്കിൽ വീണ്ടും നാടുകടത്താനും ധർമ്മശാസ്ത്രം വിധിക്കുന്നു. ധർമ്മ ശാസ്ത്ര പ്രകാരം, ആവശ്യമെന്നാൽ അധർമ്മികളെ ഭൗതിക ശാസ്ത്ര സൗകര്യങ്ങൾ ഇല്ലാത്ത ദ്വീപുകളിലേക്ക് താല്ക്കാലികമായോ സ്ഥിരമായോ കടത്താനും ധർമ്മശാസ്ത്രം വിധിക്കുന്നുണ്ട്.

ശിക്ഷയെന്നതിന് ഉപരിയായി, ധർമ്മ ശാസ്ത്രപരമായ നിയന്ത്രണങ്ങൾ ഇല്ലാതെയുള്ള വ്യക്തിസ്വാതന്ത്ര്യത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യം നൽകാൻ, ധർമ്മ ശാസ്ത്രത്തെ പിൻപറ്റുന്നവരിലൂടെ വിശാലമനസ്സും സ്നേഹവും, **മഹാവാത്സല്ല്യവും ദൈവം കാട്ടുന്നതായി കണക്കാക്കണം. അതായത് അവരെ സ്നേഹിക്കുന്നതു കൊണ്ട്, അവർക്ക് ആവശ്യമുള്ള സ്വാതന്ത്ര്യം അനുവദിക്കുന്ന അവസ്ഥകളിലേക്ക് ദൈവം @ മഹാദേവി അവരെ അയക്കുന്നു.**

**യോഗ്യത ഇല്ലാത്തവർ സാധാരണ ജനങ്ങളെ ചൂഷണം ചെയ്ത് അധമരാക്കുകയായിരുന്നു എന്ന് എടുത്തു പറയുമ്പോൾ, കൊള്ളക്കാരും വഞ്ചകരുമായ കൊടിയ ഭീകര പ്രവർത്തകരെ ആദ്യം കാട്ടിലേക്ക് അയക്കേണ്ടതുണ്ട്.**

**മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും മറ്റും അവതരിപ്പിക്കുന്ന ദൈവങ്ങളും ദേവതകളും മതഗ്രന്ഥങ്ങളും ആശയങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വിഗ്രഹങ്ങളും ചിത്രങ്ങളും വീഡിയോകളും സാമ്പത്തിക പദ്ധതികളും പരിപാടികളും മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ഇല്ല. അതിനാൽ അവയ്ക്ക് ഭൗതികമായ അസ്തിത്വവും ഇല്ല; മതം മാറ്റം, രാഷ്ട്രീയ മാറ്റം എന്നിവ സാദ്ധ്യമാകുന്നതും അതുകൊണ്ടാണ്. ദൈവം നൽകിയ ബുദ്ധിശക്തി ഉൾപ്പെടെയുള്ള ശക്തികളെ ദുരുപയോഗം ചെയ്യുന്ന അവയുടെ നേതാക്കന്മാർക്കും പ്രവർത്തകർക്കും നാട്ടിൽ ജീവിക്കാനുള്ള യോഗ്യത ഇല്ല; മൃഗ സമാനരായി അവർ കാട്ടിൽ ജീവിക്കട്ടെ ! ഇഷ്ടമുള്ള മത വിശ്വാസങ്ങളെയും ആചാരങ്ങളെയും കോലങ്ങളെയും കോപ്രായങ്ങളെയും പൂജിക്കുകയോ തുള്ളിക്കളിക്കുകയോ ഒക്കെ ചെയ്തു കൊള്ളട്ടെ !**

**നാട്ടിൽ നിന്നും യാത്രയാക്കപ്പെടുന്ന ജനങ്ങളുടേതെന്ന് കരുതപ്പെടുന്ന സ്വത്തുക്കൾ താൽക്കാലികമായോ സ്ഥിരമായോ പൊതു-ഖജനാവിൽ ചേർക്കാനും ധർമ്മശാസ്ത്രം വിധിക്കുന്നു ; മഹാപ്രപഞ്ചത്തിലെ എല്ലാ സമ്പത്തുകളും മഹാശക്തിയായ ദൈവത്തിന്റേതാണ്, മനുഷ്യന് അവയിൽ ശാസ്ത്രപരമായി എത്രത്തോളം അവകാശം ദൈവം നല്കിയിരിക്കുന്നു തുടങ്ങിയ കാര്യങ്ങൾ സാമ്പത്തികശാസ്ത്രം എന്ന അദ്ധ്യായത്തിലും, മുകളിൽ ഭാഗികമായും ലഭ്യമാണ്.**

**അധമകാര്യങ്ങളെ നിയന്ത്രിക്കുവാനും തടയുവാനും കൂടി ചുമതലയുള്ള ജനസേവകർ (അടിമകൾ) മദ്യനിർമ്മാതാക്കളായും, കച്ചവടക്കാരായും, സെക്സ് ഉൾപ്പെടുത്തിയുള്ള പരസ്യങ്ങളെ ചെയ്യുന്നവരായും തടയാത്തവരായും, മറ്റും ഇന്ന് അധഃപതിച്ചിരിക്കുകയാണ്. ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാകുന്നതോടെ ദൈവീകനിയമങ്ങൾ സ്ഥാപിക്കപ്പെടുന്നതാണ്.**

**കാട് കയ്യേറുവാനോ കാട് ഭരിക്കുവാനോ നാട്ടുവാസികൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല. നാട്ടിൽ, സസ്യങ്ങളും വൃക്ഷങ്ങളും ചിട്ടകളോടെ കൃഷി ചെയ്യുന്നു; കാട്ടിൽ (അത്തരം) കൃഷി പൊതുവെ ഇല്ല ; സസ്യങ്ങളും വൃക്ഷങ്ങളും ചിട്ടയില്ലാതെ ഇടതൂർന്ന് വളരുന്നു, കാടിന്റെ സൃഷ്ടി അങ്ങനെയാണ് ; ജീവിത കാര്യങ്ങളിൽ ചിട്ടകൾ അഥവാ ശാസ്ത്രം ഇല്ലാതെ ജീവിക്കുന്ന ജന്തുക്കൾക്കൊപ്പം ജീവിക്കുവാൻ നാട്ടിലെ ചിട്ടകൾ (ശാസ്ത്രം) തെറ്റിച്ചു ജീവിക്കുന്നവരെ കാട്ടിലയക്കുകയാണ് ചെയ്യുന്നത്. കാട്ടുവാസികൾ നാട്ടുവാസികളെ ഉപദ്രവിച്ചാൽ കാട്ടിലേക്ക് സേനയെ അയച്ച് ശിക്ഷിക്കാവുന്നതുമാണ്.**

**ധർമ്മ ശാസ്ത്രം തെറ്റിച്ചു ജീവിക്കുന്നവർക്ക് ഭൗതികശാസ്ത്ര സൗകര്യങ്ങൾ യാതൊന്നും കാട്ടിലേക്ക് കൂടെ കൊണ്ടു പോകാൻ അനുവദിച്ചും കൂടാ. ഉടുവസ്ത്രത്തോടെ മാത്രമാണ് കാട്ടിലേക്ക് യാത്ര അയക്കേണ്ടത്. അധമനായ രാജാവിനോടും മന്ത്രിമാരോടുമെല്ലാം അങ്ങനെ തന്നെ.**

**മത-രാഷ്ട്രീയ നേതാക്കൾ ഉൾപ്പെടെ ഭൂമിയിലെ ജനങ്ങളിൽ വലിയൊരു വിഭാഗം കാട്ടുവാസത്തിന് യോഗ്യരായിരിക്കുന്നു എന്ന് പെട്ടെന്ന് മനസ്സിലാക്കാം.**

**ദശാബ്ദങ്ങളോ ശതാബ്ദങ്ങളോ കൊണ്ട് ദുഷിച്ചുകൊണ്ടിരിക്കുന്ന വ്യവസ്ഥിതികളുടെ ഭാഗമായിരിക്കയാലും, മഹാപ്രപഞ്ചത്തിലെ മഹാസത്യങ്ങളെ അറിയാതെ അജ്ഞാനം നിമിത്തം സംഭവിച്ച പിഴവുകളാകയാലും, ഭീകരവാദവും മതങ്ങളും എന്ന അദ്ധ്യായത്തിൽ വിവരിച്ചതായ ദുർദ്ദേവതകളും കാരണക്കാരാവുകയാലും, മായ പ്രത്യക്ഷമാകുന്നതോടെ പെട്ടെന്ന് മാനസിക പരിവർത്തനം ഉണ്ടാകും എന്നതിനാലും, ഇന്നത്തെ നാട്ടുവാസികളെ കാട്ടിൽ അയക്കേണ്ടിവരില്ല.**

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ജനസേവകൻ എന്ന അടിമയായി, സമൂഹത്തിൽ സ്ഥാനം ഏറ്റെടുക്കുമ്പോൾ മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം പ്രവർത്തിച്ചാൽ മതിയാകും. ധർമ്മ ശാസ്ത്രത്തെ മുറുകെ പിടിക്കുന്ന അടിമകളെ രാജാവ്, മന്ത്രി തുടങ്ങിയ നാമം നൽകി ജനങ്ങൾ ആദരിക്കുന്നു!**

# ആധുനിക കാലത്തെ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലെ സമസ്ത ഉദ്യോഗസ്ഥരും ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനുള്ള അടിമകളാണ്.

പോലീസ് സേന, ജില്ലാ കളക്ടർ, ഉദ്യോഗസ്ഥർ, രാജാവ്, മന്ത്രിമാർ, തുടങ്ങിയവരും അടിമകൾ തന്നെ. അടിമകൾ അന്യോന്യം അകമ്പടി സേവിക്കാനോ സല്യൂട്ട് ചെയ്യാനോ പാടില്ല. ജനങ്ങളും അടിമകളും എല്ലാം അനുസരിക്കേണ്ടത് ധർമ്മ ശാസ്ത്രത്തെ മാത്രമാവണം. അടിമകൾ നീതി വിധിക്കേണ്ട; യജമാനർ ചെയ്തു കൊള്ളും. ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കാത്തവരെ യജമാനർ കാട്ടിലേക്കോ, 'ശാസ്ത്ര സൗകര്യങ്ങൾ' ഇല്ലാത്ത ദ്വീപിലേക്കോ അയക്കുക. സാമൂഹിക-ശിക്ഷകൾ കാടുകളുമായും ദ്വീപുകളുമായും ബന്ധിക്കപ്പെടുന്നതും, ഇന്നത്തെ ജയിലുകളും ശിക്ഷകളും അവസാനിക്കുന്നതുമാണ്.

കാട്ടിലെ ജീവികൾ അന്യരല്ല. അവരും ദൈവത്തിന്റെ - മഹാദേവിയുടെയും മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളാണ്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നതാണ് ജീവി ചക്രം. 100 മൃഗജന്മങ്ങൾ പിന്നിടുന്ന മൃഗം അടുത്ത ജന്മത്തിൽ മനുഷ്യനാണ്.

മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ ഓരോ അവസ്ഥയിലും ജീവികൾക്ക് പ്രത്യേക ധർമ്മങ്ങളുണ്ട്. അതേസമയം എല്ലാ കുഞ്ഞുങ്ങളെയും സംരക്ഷിക്കുക എന്ന മഹാധർമ്മം എല്ലായ്പ്പോഴും ഏകദൈവമായ മഹാദേവിക്ക് ഉണ്ട്. ചെയ്യുന്നുമുണ്ട്.

# ഓരോ സൃഷ്ടിചക്രത്തിന്റെയും ആരംഭത്തിൽ കാട്ടുവാസി, ആദിവാസി എന്നിങ്ങനെ ഏതാനും ആൾക്കാർ മാത്രമാണ് ഭൂമിയിൽ ഉണ്ടാവുക.

ആദിവാസി എന്ന പദം ഓരോ സൃഷ്ടി ചക്രത്തിന്റെയും ആരംഭത്തിലെ മനുഷ്യനെ കുറിക്കുന്നു. ലഭ്യമായ ചരിത്രം സാക്ഷ്യവുമാണ്. ആദിവാസി കാട്ടുവാസി കൂടിയാകയാൽ, നാണം വിഷയമാകുന്നവർ മരങ്ങൾ, മൃഗങ്ങൾ എന്നിവയുടെ തോലും, ഇലകളും കൊണ്ട് വസ്ത്രങ്ങൾ ധരിക്കുന്നതാണ്. മഹാദേവിയുടെ 'കാലാതീത പ്രതിനിധി കൂടിയായ പരമശിവന് ' മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വസ്ത്രം സൃഷ്ടിചക്രത്തിന്റെ ആരംഭത്തിലും ലഭ്യമായ മഹാനരസിംഹത്തിന്റെ / മൃഗ തോലാണ്. പൊക്കിളും കാൽമുട്ടും മറയ്ക്കുന്ന പരമശിവ വസ്ത്ര-ധാരണത്തെ മനുഷ്യ-പുരുഷന്മാർ അനുകരിക്കുകയും വേണം.

മൃഗവേട്ട, ഫലങ്ങൾ എന്നിവയിൽ നിന്നും കൃഷിയിലേക്ക് ക്രമേണ ജീവിത മാറ്റമുണ്ടാകുന്നു. മണ്ണായ ഭൂമിയിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് സാങ്കേതിക വികസനങ്ങൾ കാലാനുസൃതമായി നേടുന്നു. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ജീവിത ഘടകങ്ങൾ ആദ്യ അത്യാവശ്യങ്ങളാവുന്നു. ക്രമേണ അനേകം നൂറ്റാണ്ടുകളിലൂടെ ബഹുവിധ ഭക്ഷണം, കാറ്, ബൈക്ക്, കപ്പൽ, വിമാനം, ഹെലികോപ്റ്റർ, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിങ്ങനെ ആനന്ദങ്ങളെ അനന്തമായി നൽകുന്ന വസ്തുക്കളുടെയും മറ്റും പട്ടിക നീളുന്നു. **ആദിവാസിയും കാട്ടുവാസിയും ആയിരുന്ന മനുഷ്യന് നാട്ടുവാസിയായി പരിവർത്തനം ഉണ്ടാകുന്നതിന് (ദൈവം) ആധാരമാക്കിയിട്ടുള്ളത് മുഖ്യമായും ഭൗതികശാസ്ത്ര സാങ്കേതിക വികസനമാണ്.**

മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം മനുഷ്യനു മാത്രം ദൈവം വെളിവാക്കുന്നതും മനുഷ്യന് കൂടുതൽ ആനന്ദം നല്കുന്നതും വ്യക്തമായ ഉദ്ദേശത്തോടെയാണ്. ആനന്ദത്തിന്റെ അനന്തമായ കലവറകൾ മനുഷ്യന് മനസ്സിലാക്കിക്കൊടുക്കുവാനും 'മോക്ഷ'ത്തിൽ എല്ലാ ആനന്ദങ്ങളും അനന്തങ്ങളായി അനുഭവിക്കാനുള്ള സാഹചര്യം ഒരുക്കാനുമാണത്.

**മഹാശാസ്ത്രകാര്യങ്ങളെ അറിയിക്കണമെങ്കിൽ, മനുഷ്യർക്ക് മറ്റുള്ള ജീവികളുടെ ജീവിത രീതിയിൽ നിന്നും വ്യത്യസ്തമായ കാമവ്യവസ്ഥയോടെ പുതിയൊരു ജീവിതരീതിയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. വ്യക്തികളുടെ കൂട്ടമായ കുടുംബവും, ജനസമൂഹവും, നാടുകളും, രാഷ്ട്രങ്ങളും സ്ഥാപിക്കപ്പെട്ടുകൊണ്ട് ഭൂമിയിലൊക്കെയുമുള്ള മനുഷ്യരെ മഹാശാസ്ത്രപരമായി ബന്ധിപ്പിക്കുന്ന ജീവിതപദ്ധതിയാണത്. മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

ഏറ്റവും ചുരുക്കി കുറിക്കുന്നു:- മനുഷ്യരുടെ ചുറ്റുമുള്ള പശു, ആട്, പൂച്ച, മുയൽ, പട്ടി, എരുമ, പുലി, സിംഹം തുടങ്ങിയ ജീവികളെല്ലാം രക്തബന്ധങ്ങൾ വിഷയമല്ലാതെ കാമബന്ധങ്ങളിൽ ഏർപ്പെടുമ്പോലെ മനുഷ്യജീവിയും ഏർപ്പെടുകയാണെങ്കിൽ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികൾ സാധ്യമല്ലാതെ വരും. അതു കണക്കാക്കിക്കൊണ്ട് മഹാശക്തിയായ ദൈവം മനുഷ്യരുടെ ജനന- ജീവിത- മരണങ്ങളിലെ എല്ലാ അവസ്ഥകളും മറ്റുള്ള ജീവികളുടേതിൽ നിന്നും വിഭിന്നമായി സംവിധാനം ചെയ്തിരിക്കയാണ്.

## രണ്ട് ഉദാഹരണങ്ങൾ കുറിക്കുന്നു :

1) ഒരു ആട് 2-3 കുട്ടികളെ പ്രസവിക്കുമ്പോൾ ഏതാനും മിനുട്ടുകൾ കൊണ്ടുതന്നെ ആട്ടിൻകുട്ടികൾ എണീറ്റ് ചാടുകയും ഓടുകയും ചെയ്യുന്നു, ആടിന്റെ പാൽ ഉൾപ്പെടെയുള്ള പരിചരണം ആട്ടിൻകുട്ടികൾക്ക് കുറഞ്ഞ നാളുകളിലേക്ക് മതിയാകുന്നു. ഏതാനും ആഴ്ചകൾകൊണ്ട് ആട്ടിൻകുട്ടികളും പശുക്കിടാവുകളും പൂച്ചക്കുഞ്ഞുങ്ങളും മുയൽ കുഞ്ഞുങ്ങളും മറ്റും പ്രായപൂർത്തിയാകുന്നു. അവയുടെ ഇണകളായി സഹോദരങ്ങളും മാതാവും പിതാവുമൊക്കെ പരിണമിക്കുന്നുണ്ട്; എന്നാൽ മനുഷ്യരുടേതു പോലെയുള്ള രക്തബന്ധ രതിനിയന്ത്രണബോധം മറ്റുള്ള ജീവികൾക്ക് വേണമെന്ന് മതനേതൃത്വങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യർ പറയില്ല, മനുഷ്യർക്ക് നിയന്ത്രിക്കാനാവുന്ന കാര്യങ്ങളുമല്ല അവ. നിയന്ത്രിക്കേണ്ടതായ ആവശ്യവും ഉണ്ടാകുന്നില്ല. അതേസമയം, അവയുടെ സ്രഷ്ടാവും രക്ഷകനും മഹാനീതിയുമായ ദൈവം അത്തരം കാമബന്ധങ്ങളെ മറ്റുള്ള ജീവികൾക്ക് അനുവദിച്ചിരിക്കുന്നു എന്ന് പ്രകടമായും വെളിപ്പെടുന്നുണ്ട്.

2) മനുഷ്യക്കുഞ്ഞിനെ പ്രസവിക്കുമ്പോൾ കുഞ്ഞിന് ചരിഞ്ഞുകിടക്കുവാൻ പോലും പരസഹായം ആവശ്യമാക്കിക്കൊണ്ട് പരസ്പര സഹകരണം എന്ന അടിസ്ഥാനഘടകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു, കുഞ്ഞ് കുട്ടിയാവാനും കുട്ടി കുമാരനോ കുമാരിയോ ആവാനും യുവാവോ യുവതിയോ ആവാനും വൃദ്ധനോ വൃദ്ധയോ ആവാനും .... നീണ്ട വർഷങ്ങൾതന്നെ ആവശ്യമാക്കിയിരിക്കുന്നു. പ്രായേണ ശാസ്ത്രജ്ഞാനം ഉണ്ടാകുംവിധം ശാരീരിക വളർച്ച ഉൾപ്പെടെയുള്ള കാര്യങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു; അങ്ങനെയല്ലാതെ മനുഷ്യക്കുഞ്ഞുങ്ങൾ ഒരുവർഷക്കാലം കൊണ്ട് യുവാവോ യുവതിയോ ഒക്കെയായി വളർന്നിരുന്നെങ്കിൽ മനുഷ്യരുടെ ജീവിതം മറ്റുള്ള ജീവികളുടേതുപോലെ തന്നെ ആകുമായിരുന്നു എന്ന് അല്പം ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്.

മനുഷ്യ ജീവികളിലെ ഭൂരിപക്ഷത്തിനും നാട്ടുവാസികളായി പരിവർത്തനം ഉണ്ടാകുമ്പോൾ; അവർക്ക് 'മറ്റുള്ള ജീവികളെയും പരിവർത്തനമുണ്ടാകാത്ത ആദിവാസികളെയും' ഭരിക്കാൻ അവകാശവും അധികാരവും ഉണ്ടെന്ന് തെറ്റിദ്ധരിച്ചു കൊണ്ട് പ്രവർത്തിക്കുമ്പോഴാണ് കൊടുംപാതകവും കടുത്ത ദൈവനിന്ദകളും ആരംഭിക്കുന്നത്.

മറ്റുള്ള ജീവികളെയും സർവ്വരെയും സൃഷ്ടിച്ച ദൈവത്തിനു മാത്രമാണ് മഹാനീതി വിധിക്കാനും നടപ്പാക്കാനും അവകാശവും അധികാരവും ഉള്ളതെന്നു തിരിച്ചറിഞ്ഞ് മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്രത്തെ പിൻപറ്റുവാൻ തയ്യാറാകുമ്പോൾ, കാട്ടിലും, കാട്ടിൽ ജീവിക്കുന്നവർക്കും, തങ്ങളെ പ്പോലെ സ്വാതന്ത്ര്യം ഉണ്ടാവണം എന്ന് ഉറപ്പിച്ച് കാട്ടിൽ നിന്നും സമ്പൂർണ്ണമായി പിന്മാറാൻ നാട്ടുവാസികൾക്കു കഴിയുന്നതാണ്. കാട് കയ്യേറുവാനോ കാട് ഭരിക്കുവാനോ നാട്ടിലെ ജനസേവകർക്ക്/ ഭരണാധികാരികൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

മണ്ണായ ഭൂമിയിൽ മഹാലയിച്ചിട്ടുള്ള 'ഭൗതിക അസ്തിത്വം ഉള്ളതായ' ധർമ്മശാസ്ത്രം പ്രകാരമുള്ള നിയമങ്ങളെ അനുസരിച്ചും, ഭൗതിക ശാസ്ത്രസൗകര്യങ്ങളെ ആസ്വദിച്ചും നാട്ടിൽ ജീവിക്കുന്നവരെ നാട്ടുവാസി എന്നും; ധർമ്മശാസ്ത്രം പ്രകാരം അല്ലാതെ, ജന്തുക്കളെപ്പോലെ കാട്ടിൽ ജീവിക്കുന്നവരെ കാട്ടുവാസി എന്നും വിഭജിക്കുക കൂടിയാണ് ചെയ്യുന്നത്.

സമൂഹ ജീവിതകാര്യങ്ങളിൽ ചിട്ടകളെ അഥവാ ശാസ്ത്ര നിയമങ്ങളെ പാലിക്കാതെ, ജന്തുക്കളെ പ്പോലെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ, തിരുത്താൻ തയ്യാറായില്ലെങ്കിൽ, അവർക്ക് നാട്ടിൽ ജീവിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല; അവരെ കാട്ടിലയക്കേണ്ടതുണ്ട് എന്ന ധർമ്മശാസ്ത്ര പാഠവും മണ്ണ് തരുന്നു. അതായത് ധർമ്മശാസ്ത്ര വിരുദ്ധമായി ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക്, അതിനുള്ള സൗകര്യം തരപ്പെടുത്തിക്കൊടുക്കുവാൻ കൂടി കാടിനെ ഉദ്ദേശിച്ചിട്ടുണ്ട്.

ധർമ്മശാസ്ത്രങ്ങളെ തെറ്റിച്ചു ജീവിക്കുന്നവർക്ക് ഭൗതികശാസ്ത്ര സൗകര്യങ്ങൾ യാതൊന്നും കാട്ടിൽ അനുവദിച്ചുകൂടാ. ഉടുവസ്ത്രത്തോടെ മാത്രമാണ് കാട്ടിലേക്ക് യാത്ര അയക്കേണ്ടത്. അധമനായ രാജാവിനോടും അങ്ങനെ തന്നെ. അതേസമയം, സ്ത്രീകൾ അത്യപൂർവമായി ശിക്ഷിക്കപ്പെട്ടോ ഉറ്റവരെ അനുഗമിച്ചോ, കാട്ടിൽ പോകുമ്പോൾ, അവർക്ക് ചുമന്നു കൊണ്ടു പോകാൻ കഴിയുന്നത്ര സ്വന്തം വസ്ത്രങ്ങൾ കൊണ്ടു പോകാം.

ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിൽ ഇന്നുള്ള ശിക്ഷാസമ്പ്രദായങ്ങൾ മുഴുവൻ ധർമ്മശാസ്ത്ര വിരുദ്ധമാണ്. അധർമ്മികളെയും നിരവധി കുറ്റവാളികളെയും കാട്ടിലേക്ക് അയക്കുമ്പോൾ, ജയിലുകൾ പോലെയുള്ള അധമ സംവിധാനങ്ങൾ ഒഴിവാകുന്നതാണ്.

**എല്ലാ സൃഷ്ടി ചക്രങ്ങളുടെയും ആരംഭത്തിലെ ആദിവാസികളാണ് / കാട്ടുവാസികളാണ് 100 മനുഷ്യജന്മങ്ങളിലെ 80-90 പുനർജന്മങ്ങളിലൂടെ 'മായ' പ്രത്യക്ഷമാകുന്ന കാലത്ത് നാട്ടിലുണ്ടാവുക എന്നത് കണക്കാക്കിയാൽ കാട്ടുവാസികളെ തരം താണവരായി കാണില്ല. മായ / ദൈവം ഉടൻ ഭൂമിയിലെങ്ങും പ്രത്യക്ഷമാകുന്നതോടെ സംശയങ്ങൾ അവസാനിക്കുന്നതാണ്.**

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ഏകമഹാശക്തിയും മഹാനീതിയും മഹാമാതാവുമായ മഹാദേവി എല്ലാ സൃഷ്ടി ചക്രങ്ങളിലെയും ജനങ്ങൾക്ക് മോക്ഷത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നത്, ~ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവനിലൂടെയാണെന്ന് പ്രസ്താവിക്കുമ്പോൾ പരമശിവന്റെ വസ്ത്രം മൃഗത്തോലായത് കാരണം ഉണ്ടായിട്ടാണ്. സർവ്വത്തിനും അതീതമായ ദൈവവും, പ്രതിനിധി കൂടിയായ പരമശിവനും, കാലാതീതരാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ, സൃഷ്ടിചക്രം ആരംഭിക്കുമ്പോഴും ലഭ്യമായ 'കാലാതീതമായ മൃഗത്തോലിനെ' വസ്ത്രമായി 'പ്രതിനിധിക്ക്' മഹാദേവി അനുഗ്രഹിച്ചു നൽകുന്നു.

ഭൂമിയിലെങ്ങും മഹാശാസ്ത്രമൂലവും, ആദിവചനവും സൃഷ്ടി മന്ത്രവും, ശബ്ദ ബ്രഹ്മവും, അക്ഷര ബ്രഹ്മവും, ഏകമഹാശബ്ദവും, മഹാസംഗീതവും, സംഹാര കാഹളവും, സർവ്വ ദേശ ഭൂമിഗാനവും, മഹാദേവിയുടെ മഹാചിരിയുമായ **ഓം** മുഴക്കി ക്കൊണ്ട് മായ/ദൈവം പ്രത്യക്ഷമാകുമ്പോൾ, 01.01.0001 എന്ന പുതിയ കലണ്ടറോടെ 33 വർഷം ദൈവ വിപ്ലവം, 500 വർഷം ദൈവ രാജ്യം, 5000 വർഷത്തെ സൃഷ്ടിചക്ര സംഹാരം എന്നിവയാണ് എല്ലാ സൃഷ്ടി ചക്രങ്ങളിലും തുടരുക. ഭൗതിക ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ നേടിയവ ഒന്നൊന്നായി അവസാനിക്കുന്നതും, സംഹാരം പൂർത്തിയായിട്ട് അടുത്ത സൃഷ്ടി ചക്രങ്ങളിലെ 33 വർഷങ്ങളിൽ മരത്തോൽ, മൃഗത്തോൽ, ഇലകൾ എന്നിവ മാത്രമായി വസ്ത്രങ്ങൾ ചുരുങ്ങുന്നതും, ക്രമേണ അന്നത്തെ ആദിവാസികളുടെ ചര്യകൾക്ക് പരിവർത്തനം ഉണ്ടാകുന്നതുമാണ്.

**വേദങ്ങൾ = ഭൗതിക + ധർമ്മ + ആത്മീയ ശാസ്ത്രങ്ങൾ = മഹാശാസ്ത്രം സനാതനമായി ദൈവത്തിന്റെ ഖരരൂപവും മണ്ണുമായ ഭൂമിയിൽ മഹാലയിച്ചിരിക്കുന്നതുമാണ്.**

**ജനങ്ങളുടെ സ്വകാര്യമായ ആവശ്യങ്ങളിലും പ്രശ്നങ്ങളിലും ധർമ്മ ശാസ്ത്രപരമായി പ്രവർത്തിക്കുന്നതോടൊപ്പം ജന്തുക്കൾ ചെയ്യുന്ന പോലെ പ്രതിരോധ നീതിയെ നടപ്പാക്കാൻ ജനങ്ങൾക്ക് അവകാശവും ദൈവീകമായ പോലീസ് അധികാരവും ഉണ്ട്; അസാധാരണമായ സാഹചര്യങ്ങളിൽ ആക്രമിക്കുകയും ചെയ്യാം.**

**മനുഷ്യരുമായി താരതമ്യം ചെയ്യുമ്പോൾ, മറ്റുള്ള ജീവികൾക്കെല്ലാം ബുദ്ധിശക്തി ഏറെ കുറവാണ്.**

**മറ്റുള്ള ജീവികളെയോ, അവർക്ക് പ്രിയപ്പെട്ടവരെയോ ആരെങ്കിലും ഉപദ്രവിക്കാനോ ആക്രമിക്കാനോ വന്നാൽ, അവർക്ക് പോലീസില്ല; ആരെയും കാത്തിരിക്കണ്ട. ശക്തിക്കൊത്ത് പൊരുതുകയും, ചിലപ്പോൾ വധിക്കുകയും, വധിക്കപ്പെടുകയും ഒക്കെ ചെയ്യും. വാദികളെയും പ്രതികളെയും പോലീസ് വന്നു പിടിക്കുകയോ, പോലീസ് മർദ്ദിക്കുകയോ, കൈക്കൂലി കൊടുക്കേണ്ടതായി വരികയോ, ഓച്ഛാനിച്ചും ഭയന്നും മാനംകെട്ടും ജീവിക്കേണ്ടി വരികയോ, കള്ള രേഖകൾ ഹാജരാക്കി വക്കീലന്മാർ വാദിക്കുകയോ, അവർക്കും അവർ നിർദ്ദേശിക്കുന്ന കോടതി ഉദ്യോഗസ്ഥർക്കും പോലീസുകാർക്കും പണവും പാരിതോഷികങ്ങളും നൽകുകയോ, ജാമ്യം എടുക്കേണ്ടി വരികയോ ജയിലിൽ പോകേണ്ടി വരികയോ, അവിടെയും പീഡനം അനുഭവിക്കേണ്ടി വരികയോ .. വേണ്ട; മന്ത്രിയും ഇല്ല.**

**മറ്റുള്ള ജീവികൾക്ക് മതാചാര്യന്മാരുടെയും മതപുരോഹിതന്മാരുടെയും ദുസ്വാതന്ത്ര്യങ്ങളെയും കൊള്ളകളെയും സഹിക്കേണ്ടി വരുന്നുണ്ടോ ? പേരിടാനും മാമോദീസാ മുക്കാനും ചുക്രിയുടെ ചർമ്മാഗ്രം ഛേദിക്കാനും വിവാഹം കഴിപ്പിക്കാനും ശവമടക്കാനും വ്യത്യസ്ത മതപുരോഹിതർ ഉണ്ടോ ? രാഷ്ട്രീയക്കാരുടെ കൊള്ളകളും നികുതികളും നികുതി വർദ്ധനവും ഉണ്ടോ ? അതും ഇല്ല. ഹർത്താലുകളും ബന്ദുകളും ? ഇല്ല.**

**മറ്റുള്ള ജീവികൾ ഭാഗ്യവാന്മാർ ! മനുഷ്യർക്ക് ദുരവസ്ഥ എങ്ങനെ വന്നു ? ദുരവസ്ഥയ്ക്കുള്ള പരിഹാരം 'ദൈവീക പോലീസ് സേന' എന്ന അടുത്ത അദ്ധ്യായത്തിലുണ്ട്.**

**ഭൗതികമായ അസ്തിത്വം ഇല്ലാത്തതും, അധമർ തട്ടിക്കൂട്ടിയതുമായ ആശയങ്ങളെ നിയമങ്ങളായും, കോപ്രായങ്ങളെ നീതിന്യായ നടപടികളായും, മണ്ണിൽ ഇല്ലാത്തതും ദൈവം നേരിട്ട് പഠിപ്പിക്കാത്തതുമായ അന്ധവിശ്വാസങ്ങളെ ദൈവ കാര്യങ്ങളായും, സ്വീകരിക്കാൻ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മനുഷ്യരുടെ എല്ലാ കാര്യങ്ങളിലും അവകാശവും അധികാരവും ഉള്ളതുമായ ദൈവം നേരിട്ട് പറഞ്ഞിട്ടില്ല. മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുള്ളതായ ഭൗതിക ധർമ്മ ആത്മീയ ശാസ്ത്രങ്ങൾ വഴി ഏക അധികാരിയായ ദൈവം ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. സഹായികളെ ആവശ്യമില്ലാത്ത മഹാശക്തിയായ ദൈവത്തിന് മദ്ധ്യസ്ഥരെയും വേണ്ട.**

**പിന്നെന്താണ് ? ഭരണാധികാരികളും ഉദ്യോഗസ്ഥരും ഒക്കെ എവിടെ നിന്ന് എങ്ങനെ എപ്പോൾ എന്തിന് വന്നു ?**

പുരുഷനും സ്ത്രീയും എന്ന രണ്ട് വ്യക്തികളെ ചേർത്ത് മനുഷ്യൻ എന്ന ജീവിയെ സൃഷ്ടിച്ചിരിക്കുകയാണ്. മനുഷ്യൻ എന്ന പദം ബഹുവചനം ആണ്; സമൂഹമാണ്. സമൂഹ ജീവികളുടെ കൂട്ടത്തിൽ ബുദ്ധിശക്തി, കായിക ശക്തി, ആരോഗ്യം, എന്നിവയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. എല്ലാ തൊഴിലുകളും ചെയ്യാൻ ആളുണ്ടാവണമല്ലോ. ഉപദേശങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിഷയങ്ങളിൽ ആവശ്യമാകും. ഉപദേശിക്കാനും അഭിപ്രായ വ്യത്യാസങ്ങളെ നിയന്ത്രിക്കാനും സഹായിക്കുന്നവർക്ക് സമൂഹത്തിൽ ക്രമേണ മേൽക്കോയ്മ ഉണ്ടാകുന്നു. അനേകം ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പ്രദേശങ്ങളിലെ കാലാവസ്ഥ, കടൽ, നദികൾ, പർവ്വതം, മലകൾ, വനങ്ങൾ തുടങ്ങി ബഹുവിധ ഘടകങ്ങളും, വ്യത്യസ്തങ്ങളായ ജനസമൂഹങ്ങളെ രൂപപ്പെടുത്തുന്നു. ജനപ്പെരുപ്പം, ചിലയിടങ്ങളിൽ രൂപം കൊള്ളുന്ന മതങ്ങൾ, മുതലാളിത്തം, ഫ്യൂഡലിസം, കമ്മ്യൂണിസം, തുടങ്ങിയ വ്യവസ്ഥിതികൾ, അതിർത്തി തർക്കങ്ങൾ, പ്രാദേശികവും ദേശീയവുമായ വളർച്ച, സാമ്പത്തിക ചൂഷണങ്ങൾ, യുദ്ധങ്ങൾ, ശാസ്ത്ര സാങ്കേതിക വളർച്ചയും ജീവിത സൗകര്യങ്ങളുടെ വർദ്ധനവും തുടങ്ങിയവ നൂറ്റാണ്ടുകൾ കൊണ്ട് ഗ്രാമം, നഗരം, ജില്ല, സംസ്ഥാനം, ദേശം, കോമൺവെൽത്ത്- യൂറോപ്യൻ യൂണിയൻ- ഒപ്പെക് - എന്നിങ്ങനെ കൂട്ടായ്മകളെയും ചേരിതിരിവുകളെയും, തദ്ദിസ്ഥാനങ്ങളിൽ ഭരണകൂടങ്ങളെയും സൃഷ്ടിച്ചിരിക്കുകയാണ്.

**മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിട്ടുള്ളതായ ഭൗതിക ശാസ്ത്ര നിയമങ്ങൾക്കൊപ്പം ധർമ്മ ശാസ്ത്രം ലഭ്യമാണെന്നത് ശ്രദ്ധിക്കാൻ പോലും ആളുണ്ടായില്ല.**

തോന്നും പോലെ ഭരണകൂടം പ്രവർത്തിച്ചു. നൂറ്റാണ്ടുകൾക്കു മുമ്പ് സൗജന്യമായി പൊതുജന സേവനം ചെയ്തു തുടങ്ങിയത്, കാലക്രമത്തിൽ പ്രതിഫലം മോഹമായും, ആവശ്യമായും, ജനങ്ങളെ കബളിപ്പിച്ചും കൊള്ളയടിച്ചും ആനന്ദങ്ങളെ നേടാനുള്ള മാർഗ്ഗമായി വളർന്നു.

**ജനസമൂഹങ്ങൾ പ്രദേശ വാസികൾ, ദേശ വാസികൾ എന്നിങ്ങനെ വളർന്നപ്പോൾ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ഭരണാധികാരികൾ എന്ന പേരിൽ ജനവിഭാഗം ആവശ്യമായി, ഭരണാധികാരികൾക്ക് ജനങ്ങളെ കബളിപ്പിച്ചും, കൊള്ളയടിച്ചും, ഭരിച്ചും, കൊണ്ട് ജനങ്ങളുടെ ചിലവിൽ തന്നെ ബഹുവിധങ്ങളായ ആനന്ദങ്ങളെ നേടാനുള്ള മാർഗ്ഗമായി ഏറ്റക്കുറച്ചിലുകളോടെ എല്ലാ രാജ്യങ്ങളിലെയും സമൂഹങ്ങളിൽ വളർന്നു, എന്നിവ വിശകലനം ചെയ്താൽ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിശ്ചയിക്കുന്നത് ആര് എന്നതും, ആര് ആർക്കു വേണ്ടി പ്രവർത്തിക്കുന്നു എന്നതും, എങ്ങനെ പ്രവർത്തിക്കുന്നു എന്നതും, തുടങ്ങിയ കാര്യങ്ങൾ ആധാര ഘടകങ്ങളാണ്. അടിമകൾ ജീവിക്കേണ്ടത് യജമാനരുടെ ആവശ്യങ്ങളെ നിർവ്വഹിക്കാനാവണം.**

**പകരം, യഥാർത്ഥ യജമാനരായ ജനങ്ങളെ അടിമകളാക്കി കൊണ്ട്, യഥാർത്ഥ അടിമകൾ 'ഭരണാധികാരികൾ' എന്ന കള്ളപ്പേരിൽ, 'പോലീസ്, പട്ടാളം, ഉദ്യോഗസ്ഥർ തുടങ്ങിയ അടിമകളെ' സമർത്ഥമായി ദുർവ്വിനിയോഗിച്ച്, യജമാനരായ ജനങ്ങളെ പീഡിപ്പിച്ചു ജീവിക്കുന്ന കൊടിയ പൈശാചിക അവസ്ഥയാണ് എല്ലാ രാജ്യങ്ങളിലും പരക്കെ ഉണ്ടായിട്ടുള്ളത്.**

**അടിമകൾക്കും കൂട്ടാളികൾക്കും അറിയാത്തതും വിട്ടുപോയതും അവഗണിച്ചതുമായ മുഖ്യ വസ്തുത മഹാനീതിയെ സദാ ദൈവം നിർവ്വഹിക്കുന്നു എന്നതാണ്. സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമല്ല എന്നതു കൊണ്ട് നീതി കാര്യങ്ങളെ പ്രകടമായി അറിയാൻ കഴിയുന്നില്ല എന്നേയുള്ളൂ.**

**സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ ദൈവം പ്രത്യക്ഷമാകുന്നതോടെ  തകർന്നടിയുന്ന ചീട്ടുകൊട്ടാരങ്ങളാണ് എല്ലാ രാജ്യങ്ങളിലെയും ഭരണ കാര്യാലയങ്ങളിലും മതകേന്ദ്രങ്ങളിലും ഏറെക്കുറെ പൂർണ്ണമായും / പരക്കെ ഉണ്ടായിരിക്കുന്നത്. ഭരണാധികാരികളും ഉദ്യോഗസ്ഥരും രാഷ്ട്രീയ പാർട്ടികളുടെയും മതങ്ങളുടെയും ജാതികളുടെയും മറ്റും നേതാക്കളായി വിലസുന്നവരും തൽക്കാലം അറിയുന്നില്ല എന്നതാണ് വസ്തുത.**

ദൈവ കാര്യങ്ങളെന്ന പേരിൽ എല്ലാ രാജ്യങ്ങളിലും ഏറ്റക്കുറച്ചിലുകളോടെ സ്ഥാനം ഉറപ്പിച്ച മതങ്ങളിലെ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പേരിൽ ദൈവം നൽകിയ ശക്തി, സമ്പത്ത്, ജീവൻ, ആരോഗ്യം, സമയം എന്നിവ പാഴാക്കി ക്കൊണ്ട് വാചക കസർത്തുകളും ജാഥകളും നയിക്കുകയും മറ്റുള്ളവർക്ക് ദൈവം നൽകിയിട്ടുള്ള സഞ്ചാര സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള ആവശ്യങ്ങളെയും ആനന്ദങ്ങളെയും ഹനിക്കുന്നവർ കടുത്ത ദൈവ നിന്ദയും പാപങ്ങളുമാണ് ചെയ്തു പോരുന്നത്. മത-ദൈവങ്ങളുടെ പേരിൽ കോപ്രായങ്ങൾ കാട്ടുന്ന അവർ ചെയ്യുന്നതെന്തെന്ന് അവർ (തൽക്കാലം) അറിയുന്നില്ല.

## മനുഷ്യനും മറ്റുള്ള ജീവികളും ജീവിക്കുന്നതും തൊഴിൽ ചെയ്യുന്നതും ആർക്കു വേണ്ടി / എന്തിനു വേണ്ടി ?

## ആനന്ദത്തെ വർദ്ധിപ്പിച്ചു ജീവിക്കാനാണ് മനുഷ്യൻ ഉൾപ്പെടെയുള്ള ഓരോ ജീവിയും പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്.

സമസ്ത ജനങ്ങളും ജീവിക്കുന്നത് അവരവർക്കു വേണ്ടിയാണ്. ഭാര്യക്കും മക്കൾക്കും വേണ്ടി ജീവിക്കുന്നു/തൊഴിൽ ചെയ്യുന്നു എന്ന് കരുതുന്ന ഭർത്താവും, ഭർത്താവിനും മക്കൾക്കും വേണ്ടി ജീവിക്കുന്നു എന്ന് കരുതുന്ന ഭാര്യയും, മറ്റു കുടുംബാംഗങ്ങളും, യഥാർത്ഥത്തിൽ ജീവിക്കുന്നത് അവരവർക്കു വേണ്ടിയാണ്.

മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നു/തൊഴിൽ ചെയ്യുന്നു എന്ന് കരുതുന്നവർ വിശകലനം ചെയ്താൽ തെറ്റിദ്ധാരണ മാറും. ആർക്കു വേണ്ടിയാണ് ജീവിക്കുന്നത് / പ്രവർത്തിക്കുന്നത് എന്നു കരുതുന്നത്, അവർക്ക് ലഭിക്കുന്ന സാത്വികമോ അധമമോ ആയ ആനന്ദത്തിൽ, വ്യക്തി ആനന്ദിക്കുന്നു എന്നതാണ് പ്രഥമവും പ്രധാനവുമായ വസ്തുത.

പ്രപഞ്ചത്തിലെ ഏറ്റവും കഠിനമായ ജോലി കുഞ്ഞുങ്ങളെ പരിചരിക്കലും സംരക്ഷിക്കലുമാണെന്നു പറയുമ്പോൾ, ഏറ്റവും നീണ്ട ആനന്ദമായ വാത്സല്യവും സ്നേഹവും സന്തോഷവും അതിലുണ്ട്. അതിന്റെ തുടർച്ചയായി വൃദ്ധരും അവശരുമായ മാതാപിതാക്കളെയും ഉറ്റവരെയും മക്കൾ പരിചരിക്കാനും ശുശ്രൂഷിക്കാനും സന്തോഷിപ്പിക്കാനും ശ്രദ്ധിക്കേണ്ടത് മക്കളുടെ കടമ ആണ്. പിഴവ് സംഭവിച്ചാൽ പാപവും ദൈവശിക്ഷകളും വാരിക്കൂട്ടുന്നതുമാണ്.

ഓരോരുത്തരും മണ്ണായ ഭൂമിയിലും, അംശമായ ശരീരത്തിലും മഹാലയിച്ചിട്ടുള്ള ഭൗതിക-അസ്തിത്വം ഉള്ളതായ ധർമ്മശാസ്ത്ര പ്രകാരം തൊഴിൽ ചെയ്താൽ മാത്രമേ സാത്വികമായ ആനന്ദത്തെ അനുഭവിക്കാൻ കഴിയൂ. 'തൊഴിലിൽ നിന്നും ലഭിക്കുന്ന ഫലത്തിന്റെ ശുദ്ധിയിൽ' വ്യക്തിക്ക് സംശയം ഉണ്ടായാൽതന്നെ ധർമ്മശാസ്ത്ര വിരുദ്ധമായ തൊഴിലാണ് ചെയ്യുന്നതെന്ന് ഉറപ്പിക്കാം. ഭൗതിക അസ്തിത്വം ഇല്ലാത്തതും ധർമ്മശാസ്ത്ര വിരുദ്ധവുമായ തൊഴിൽ സാത്വികമായ ആനന്ദത്തെയോ പുണ്യത്തെയോ നൽകുന്നതല്ല. ആനന്ദം ഒട്ടും നൽകിയില്ലെന്നും വരാം; ആനന്ദിക്കാനാണ് ജീവിക്കുന്നത് എന്നതിനാൽ കൈക്കൂലി എന്ന അധമ ആനന്ദത്തെ അനേകർ ആശ്രയിക്കുന്നത് അതുകൊണ്ടു കൂടിയാണ്.

മറ്റുള്ളവർക്കു വേണ്ടി ചെയ്യുന്നു എന്നു കരുതി ഒരാൾ തൊഴിൽ ചെയ്യുമ്പോൾ, പിഴവ് സംഭവിച്ചതായി അറിയണം. സേവനം ചെയ്യാൻ/തൊഴിൽ ചെയ്യാൻ മറ്റുള്ളവരോ, അവരിലൂടെ ദൈവമോ ഒരു അവസരം നൽകുന്നതായി തിരിച്ചറിഞ്ഞാൽ, വ്യക്തിയുടെ നന്മയും പുണ്യവും വർദ്ധിച്ചു തുടങ്ങിയതായി കണക്കാക്കാം.

വീടിനു പുറത്ത് ഏറ്റവുമധികം ആനന്ദിക്കുന്നത് മണ്ണിൽ ജോലി ചെയ്യുന്ന കൃഷിക്കാരനാണ്. മണ്ണായ ദൈവം ബഹുവിധങ്ങളിൽ ആനന്ദിപ്പിക്കുന്നത് അനുഭവിച്ച് അറിയണം. ഉദാഹരണത്തിന് ഏതാനും മാസങ്ങൾക്കു മുമ്പ് ഒരു തെങ്ങിൻതൈ നടുമ്പോൾ ഈയുള്ളവൻ മൂന്നു തവണ കുഴിയിൽ വീണ്ടും വീണ്ടും വീണപ്പോൾ വളരെയധികം ആനന്ദിച്ചു; കാരണം മണ്ണ് ഈയുള്ളവനുമായി കളിച്ച് വിനോദിക്കുവാൻ പോകുന്നു എന്ന വെളിപാട് ആദ്യമേ കിട്ടിയിരുന്നു. കുഴിക്കു പുറത്ത് നിൽക്കുന്നവർക്ക്, ഹൃദ്രോഗിയായ വയസ്സൻ വേണ്ടാത്ത പണിക്കു പോകുന്നതായി തോന്നും.

ദൈവം കുഞ്ഞുങ്ങളെ ജനിപ്പിക്കുമ്പോൾ അഥവാ മഹാപ്രപഞ്ചത്തെ സൃഷ്ടിക്കുമ്പോൾ, ദൈവത്തിനും സ്വാർത്ഥം ഉണ്ടാകുന്നുണ്ട്; എന്നാൽ എല്ലാ കുഞ്ഞുങ്ങളോടുമുള്ള മഹാവാത്സല്ല്യത്തെ മഹാആനന്ദമായി മഹാനിശ്ചയിച്ച് ആനന്ദങ്ങൾക്കെല്ലാം അതീതമായും നിസ്വാർത്ഥമായും ദൈവം മഹാശോഭിക്കുന്നു.

**സർവ്വത്തിനും അതീതമായ ദൈവത്തിനോ, ദൈവത്തിന്റെ മഹാഖര രൂപമായ ഭൂമിക്കു വേണ്ടിയോ, ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ ദേശങ്ങൾക്കും നാടുകൾക്കും സ്വന്തമെന്ന് തെറ്റിദ്ധരിച്ചു പോരുന്ന മണ്ണിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിനു വേണ്ടിയോ മനുഷ്യൻ യാതൊന്നും ചെയ്യണ്ട. ദൈവാംശമായ ശരീരം നൽകുന്ന ശക്തി കൊണ്ട് ധർമ്മ ശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കുകയേ വേണ്ടൂ.**

രാഷ്ട്രീയ പാർട്ടികളുടെയോ, മതപുരോഹിതരുടെയോ വാക്കുകളെ, സ്വന്തം ശരീരത്തിലോ മണ്ണിന്റെ മൂലകങ്ങളിലോ ഉള്ള ഭൗതിക-ധർമ്മശാസ്ത്ര നിയമങ്ങളിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്താൻ ഓരോ മനുഷ്യനും, പ്രത്യേകിച്ച് ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർ സ്വയവും ദൈവത്തോടും ബാദ്ധ്യസ്ഥരാണ്. മണ്ണിന്റെ നിയമങ്ങളിൽ ഇല്ലെങ്കിൽ, രണ്ട് മാർഗ്ഗങ്ങളെയാണ് മണ്ണിൽ ജീവിക്കുന്നവർക്ക് മണ്ണും ഭൂമിയുമായ ദൈവം, മഹാവാത്സല്ല്യത്തോടെ, മണ്ണിന്റെ നിയമങ്ങൾ പ്രകാരം നിർദ്ദേശിക്കുന്നത്.

(1) മണ്ണിലെ നിയമങ്ങളിൽ ഇല്ലാത്ത കാര്യങ്ങളിൽ സഹകരിക്കാതിരിക്കുക. ദൈവീകമായ ഗാന്ധിയൻ നിസ്സഹകരണം ആണത്.

(2) ദൈവം നൽകിയ വ്യക്തി സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ച് തങ്ങൾക്ക് തോന്നും പോലെ വിഷയങ്ങളിൽ പ്രവർത്തിക്കുക. തോന്നും പോലെ പ്രവർത്തിക്കുമ്പോൾ, പാപങ്ങളും ദൈവ ശിക്ഷകളും ഉണ്ടാവാതിരിക്കാൻ, ദൈവീകമായ ഒരു മാർഗ്ഗം കൂടി മണ്ണിന്റെ നിയമങ്ങൾ കർശനമായി അറിയിക്കുന്നുണ്ട്.

നാട്ടുവാസി, കാട്ടുവാസി എന്ന ദൈവീകമായ മനുഷ്യ-വിഭജനത്തെ പാലിക്കണം. അതായത്, 'ഭൗതിക - ധർമ്മ ശാസ്ത്രങ്ങളെ' പാലിക്കാൻ മത-ജാതി-രാഷ്ട്രീയ പ്രവർത്തകർക്ക് ശരിക്ക് കഴിയുന്നതല്ല; അത്തരക്കാർക്ക് 'ഭൗതിക ശാസ്ത്ര പ്രകാരമുള്ള' ആനന്ദങ്ങളെ അനുഭവിക്കാനുള്ള ദൈവീക യോഗ്യത ഇല്ല : പാകം ചെയ്ത ഭക്ഷണം, വസ്ത്രം, ആധുനിക വീട് / ആശുപത്രി, വാഹനം, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിക്കാതെ മൃഗ-സമാനരായി അവർ (കാട്ടിൽ) ജീവിക്കണം. ദൈവീക മാർഗ്ഗത്തെ സ്വീകരിക്കാതെ, പകരം സമരങ്ങൾക്കും മറ്റും ഇറങ്ങി പുറപ്പെട്ടാൽ പാപം ശേഖരിക്കാനും ദൈവ ശിക്ഷകൾ വർദ്ധിക്കാനും കാരണമായി തീരും.

**പാർട്ടികളുടെ നേതാക്കളും പ്രവർത്തകരും മതപുരോഹിതരും മറ്റും, പാവം ജനങ്ങളെ വഴിതെറ്റിക്കുന്നതിന് തീർച്ചയായും കടുത്ത ശിക്ഷാ നടപടികളെ സ്വീകരിക്കേണ്ടതുണ്ട്.**

**(മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളായി ജീവിക്കുന്നവർ ഉടൻ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ വീണ്ടും ദൈവം സൃഷ്ടിച്ച മനുഷ്യരായി മാറുന്നതാണ്. )**

**ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം എന്ന മുറ മറന്നും അവഗണിച്ചും വിനോദത്തെ പ്രധാനമാക്കി അടിമകളും യജമാനരായ ജനങ്ങളും ജീവിത ബോധം നഷ്ടപ്പെടുത്തി ജീവിക്കുന്ന ഏറ്റവും ഹീനമായ അവസ്ഥ സമൂഹത്തിൽ പരക്കെ ഉണ്ടായിരിക്കുന്നു.**

**മണ്ണായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തോടു കൂടി മണ്ണിൽ ജീവിക്കുകയും, മരണം വരെ എല്ലാ ആനന്ദങ്ങളെയും മണ്ണിൽ നിന്നും സ്വീകരിക്കുകയും ചെയ്യുന്നവർ മണ്ണിന്റെ നിയമങ്ങളെ അവഗണിക്കുന്നത് കൂടാതെ, മണ്ണ് വ്യക്തിസ്വാതന്ത്ര്യത്തെ മനുഷ്യന് നൽകിയിട്ടുള്ള പോലെ, മണ്ണിനും മണ്ണിലെ മറ്റുള്ള ജീവികൾക്കും, ദേവതകൾക്കും വ്യക്തിസ്വാതന്ത്ര്യം ഉണ്ടാകണം എന്നും, അവനവന്റെ കാര്യം നോക്കാതെ, ദേവതകളുടെയും മറ്റും കാര്യത്തിൽ ഇടപെടാനുള്ള അവകാശവും അധികാരവും മനുഷ്യൻ എന്ന കീടത്തിന് ഇല്ലെന്നും മനസ്സിലാക്കണം; ഉൾക്കൊണ്ടു ജീവിക്കണം.**

**അടുത്ത അദ്ധ്യായം യജമാനരായ ജനങ്ങളെ, ദൈവീകമായ പോലീസ് സേന സഹായിച്ച് ജനങ്ങളുടെ ഭാഗമാകുന്നത് സംബന്ധിച്ചാണ്.**

# ദൈവീകമായ പോലീസ് സേന

**ജനങ്ങളുടെ സ്വകാര്യമോ പൊതുവായതോ ആയ ഏതൊരു വിഷയത്തിലും ധർമ്മ ശാസ്ത്രപരമായി വ്യക്തിയെയും സമൂഹത്തെയും സഹായിക്കാൻ തയ്യാറാകുന്ന ജനസേവകരാണ് പോലീസ് സേന.**

**ഗ്രാമ പഞ്ചായത്തുകളിലൂടെ ജനങ്ങൾ നിയമിച്ച് ജനങ്ങളുടെ ചിലവിൽ പ്രവർത്തിക്കുന്ന ജനവിഭാഗം ആകയാൽ ജനങ്ങളുടെ അടിമകളുമാണ്. അവർക്ക് ജനങ്ങളുമായും ധർമ്മശാസ്ത്രങ്ങളുമായാണ് ബന്ധം. ഏറ്റവും കൂടുതൽ പുണ്യം നേടാൻ കഴിയുന്ന അവസരം അവർക്ക് ലഭിക്കുന്നു. മുഖ്യ അടിമയായ രാജാവ്/മന്ത്രി തുടങ്ങിയ പദവികളെ വഹിക്കുന്നവർ പിഴയ്ക്കാതെ, അവരെ ശുദ്ധീകരിക്കാനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റാനും പോലീസിന് കഴിയണം. അപ്പോഴാണ് അവർ ജനങ്ങളുടെ ഭാഗവും, ദൈവീകവുമായി ഉയരുക.**

ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട് ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്. **എല്ലാ വിഷയങ്ങളെയും ശാസ്ത്രപരമായിട്ട് സ്വയം വിശകലനം ചെയ്ത് ധർമ്മശാസ്ത്രപരമായിട്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് അവർക്ക് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ ഭാഗവുമായിട്ട് പരിവർത്തനം ഉണ്ടാവുക. അധമ-നീച കോപ്രായങ്ങളെ തൊഴിലുകളായി തെറ്റിദ്ധരിച്ച് അധമരും 'യഥാർത്ഥത്തിൽ അടിമകളുമായ ഭരണാധികാരികളുടെ' അടിമകളായിട്ടാണ് കഴിഞ്ഞു പോന്നത് എന്നത് പോലീസ് സേനയും നിരവധി സർക്കാർ-ജീവനക്കാരും ദൈവ വിപ്ലവത്തോടെ തിരിച്ചറിയുന്നതാണ്; തിരുത്തുന്നതുമാണ്.**

മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പരമശിവന് പെട്ടെന്നുള്ള കോപം മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം, പെട്ടെന്നുതന്നെ പരമശിവന്റെ കോപഭാവത്തെ മാറ്റുന്നതും ക്ഷിപ്ര-പ്രസാദിയായി ഉയർത്തുന്നുമുണ്ട്.

**മഹാദേവി പരമശിവന് മഹാശാസ്ത്രം അഥവാ മഹാജ്ഞാനം നൽകി അനുഗ്രഹിച്ചിരിക്കെ എന്തുകൊണ്ട് പരമശിവൻ ദുർബ്ബലനാകുന്നു, എന്തുകൊണ്ട് ക്ഷിപ്രകോപമില്ലാതെ ശിക്ഷിക്കാൻ കഴിയാതെ വരുന്നു എന്നീ ചോദ്യങ്ങളുണ്ട്.**

**കുഞ്ഞുങ്ങളേ, തെറ്റുകളെ ചെയ്യുന്ന തന്റെ കുഞ്ഞുങ്ങളെ കടുത്ത ശിക്ഷകളിലൂടെയല്ലാതെ തിരുത്തുവാൻ കുഞ്ഞുങ്ങൾക്ക് മഹാദേവി കൂടുതൽ അവസരം നൽകുന്നതു കൊണ്ടാണത്; കുഞ്ഞുങ്ങളെ കൂടുതലായി സ്നേഹിക്കുന്നതു കൊണ്ടാണത്. മഹാദേവിയോടു ചേർത്തുവച്ചിരിക്കുന്ന മഹാവാത്സല്യത്തിന്റെ ഒരു ഓഹരി പരമശിവനിലും പ്രവർത്തിക്കുന്നതു കൊണ്ടാണ് കുഞ്ഞുങ്ങളെ ശിക്ഷിക്കുന്ന കാര്യത്തിൽ പരമശിവൻ ദുർബ്ബലനാവുന്നത്.**

**കുഞ്ഞുങ്ങളെ ശിക്ഷിക്കാതെ തിരുത്താൻ മഹാദേവി പരമശിവനിലൂടെ പരിശ്രമിക്കുന്നു.**

**ശിക്ഷിക്കയല്ലാതെ മാർഗ്ഗമില്ലെന്നു വരുമ്പോൾ, പരമശിവനിലേക്ക് പ്രവേശിപ്പിച്ചിട്ടുള്ളതായ മഹാവാത്സല്യത്തിന്റെ ഓഹരി മഹാദേവിയിലേക്കു മടങ്ങുകയും, പരമശിവനിൽ മഹാപുരുഷഭാവം പ്രകടമാകുകയും ചെയ്യുന്നു. ക്ഷിപ്രകോപവും ശിക്ഷയും നടക്കുന്നു. ക്ഷിപ്രകോപത്തിന്റെ ശാസ്ത്രം അതാണ്. തന്റെ കുഞ്ഞുങ്ങളെ എത്രമാത്രം മഹാദേവി കരുതുന്നു എന്നതാണ് തെളിയുന്നത്.**

**ഇനി, ക്ഷിപ്രകോപത്തിന്റെ ഭൗതികശാസ്ത്രം വിസ്തരിക്കാം :**

**മഹാശക്തിയായ മഹാദേവി തന്റെ ഏകദാസനായ പരമശിവന്റെ മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളത് 30 എന്ന അളവോടെയുള്ള മഹാദാസ്യം ആണെന്ന് ആനന്ദ ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. മഹാദാസ്യത്തിൽ 5 അളവിലുള്ള വാത്സല്യം ഉൾപ്പെട്ടിട്ടുണ്ട്.**

**മഹാപ്രപഞ്ചത്തിലെ ജീവികളെയെല്ലാം തന്റെ കുഞ്ഞുങ്ങളായി കരുതുംവിധം പരമശിവനിൽ മഹാദേവി പ്രവർത്തിപ്പിക്കുന്നതായ പ്രസ്തുത 5 അളവിലുള്ള വാത്സല്യത്തെയാണ് പരമശിവനെ ക്ഷിപ്രകോപിയാക്കുന്നതിനു വേണ്ടി മഹാദേവി പിൻവലിക്കുന്നത്.**

**30 എന്ന മഹാദാസ്യ-അളവിൽ നിന്ന് 5 കുറയുമ്പോൾ 25 എന്ന അളവ് ഉണ്ടാകുന്നു. വാത്സല്യം ഇല്ലാത്തതായ 25 എന്ന അളവ് സൃഷ്ടിക്കുന്നത് പരമകോപത്തെയാണ്.**

**മഹാദേവിയുടെ ~ സ്വന്തം ഭാഗവും മഹാദേവനുമായ പരമശിവനിൽ ഓംകാര നീതിശാസ്ത്ര പ്രകാരം മഹാപുരുഷ-ഭാവങ്ങൾ വാത്സല്യം നഷ്ടപ്പെട്ട് പരുഷമാകും; പരമ-കോപം പ്രകടമായെന്നും, മഹാ-തീ-പാറിയെന്നും വരാം.**

പ്രതി-ശരീരം ഭസ്മമാവാൻ ഒരു നിമിഷം പോലും വേണ്ടതില്ല !

**മാനുഷിക തലത്തിൽ 25 എന്ന ആനന്ദ-അളവ് മനുഷ്യർ തന്നെത്താൻ മറക്കുന്ന കാമാനന്ദത്തെ ഉണ്ടാക്കുമ്പോൾ, ദൈവീക തലത്തിൽ, മഹാദാസ്യം 30-ൽ നിന്ന് വാത്സല്യം 5 കുറയുമ്പോൾ ഉണ്ടാകുന്ന 25 അളവ് പരമ-കോപമാണ്. അതുപോലെ, മഹാദേവിയുടെ മഹാആനന്ദമായ മഹാവാത്സല്ല്യം 35 -ൽ നിന്നും 10 അളവിലെ വാത്സല്ല്യം സ്വയം പിൻവലിച്ചാൽ, 25 അളവിൽ തന്നെ മഹാകോപം മഹാദേവിക്ക് ഉണ്ടാകുന്നതാണ്.**

**മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികളുടെ അളവുകളുടെ അടിസ്ഥാനത്തിൽ മനുഷ്യരിലെ കോപത്തിന് പരമാവധി 20-ൽ താഴെ അളവാണുള്ളത്.**

**മഹാദേവി, ക്ഷിപ്രകോപത്തെ പ്പറ്റിയുള്ള പാഠങ്ങളെ ഈയുള്ളവനെ അറിയിച്ചു തുടങ്ങിയ കാലഘട്ടത്തിൽ - 2008-ലെ ആദ്യത്തെ 2 മാസങ്ങളിൽ ക്ഷിപ്രകോപത്തെ ഈയുള്ളവനിൽ സന്നിവേശിപ്പിച്ച് ക്ഷിപ്രകോപം എന്നാലെന്തെന്ന് ബോദ്ധ്യപ്പെടുത്തുകയുണ്ടായി. അമ്പോ, ഭയങ്കരം എന്ന് അന്ന് ബോദ്ധ്യപ്പെട്ടതാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

# മഹാശക്തിയായ മഹാദേവി,

**ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാക്കുന്നതിന്റെ ഭാഗമായിട്ട്, 2018 ഡിസംബർ 19-ാം തീയതിവരെ പരമശിവനെ മഹാഅനുഗ്രഹിച്ച് ശക്തിപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങൾ ചുവടെ പറയുന്നവയാണ് :**

**മഹാദേവി, ഓംകാരം, പരമശിവന്റെ ഹൃദയത്തോടു ചേർത്തുകഴിഞ്ഞു; ഓംകാര മന്ത്രം മഹാഅനുഗ്രഹിച്ചു നൽകി; മഹാദേവിയുടെ സ്വകാര്യമാകയാൽ മറപ്പിച്ചു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര നിയന്ത്രണ സത്തയും മഹാദേവിയുടെ മഹാഹൃദയവുമായ ഓംകാരമാണ് മഹാവാത്സല്ല്യത്തോടെ സൃഷ്ടികൾക്കെല്ലാം മഹാസമനീതി എന്ന മഹാസമആനന്ദത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നത്. സൃഷ്ടിയിൽ സ്ത്രീക്ക് പ്രാധാന്യം, സ്ഥിതിയിൽ പുരുഷന് പ്രാധാന്യം എന്ന ഓംകാര നീതിശാസ്ത്ര പ്രകാരം, മഹാദേവി 'മായ' പ്രത്യക്ഷമാക്കുന്ന സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, സ്ഥിതിയുടെ ഭാഗമായി പ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയും ആയി പരമശിവനെ ഉയർത്തുവാനും നയിക്കുവാനും 'ഓംകാരം' പരമശിവന്റെ ഹൃദയത്തോട് ചേർക്കുന്നു. മഹാനീതിയായ മഹാദേവിയുടെ പതി എന്ന വ്യാഖ്യാനത്തിൽ മഹാനീതി-പതിയായ പരമശിവനെ മഹാദേവി 'മഹാനീതിപതിയായി' പ്രവർത്തിപ്പിക്കുന്നതിനെ അറിയിച്ചത് 2018 ആഗസ്റ്റ് 24 ഉത്രാട ഓണ ദിവസമാണ്.**

മഹാശക്തിചക്രം, ശിവചക്രത്തെ ഭർത്താവായിട്ട് സ്വീകരിച്ചിട്ടുള്ളത് ജീവികൾ ഉൾപ്പെട്ട മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിക്കു മുമ്പാണെന്നതും, മഹാദിവ്യമായ മഹാശക്തി-ശിവ-വിവാഹത്തിന് സാക്ഷികളില്ലെന്നും, സമസ്ത സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും മഹാഭദ്രമാക്കുവാൻ മഹാശക്തിയായ മഹാദേവി ഒന്നായിരുന്നു കൊണ്ട് രണ്ടായിട്ടു വിഭജിച്ച് പ്രവർത്തിക്കുന്ന ദിവ്യമഹാവിദ്യയാണ് അതെന്നും, സ്രഷ്ടാവായ മഹാദേവി+ദേവന്റെ ആനന്ദത്തെ, സൃഷ്ടികളായ മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ആനന്ദങ്ങളുമായിട്ട് ഒട്ടും താരതമ്യം ചെയ്യരുതെന്നും സുവ്യക്തമായി അറിഞ്ഞുകൊള്ളണം.

**മഹാഭരണാധികാരിയും മഹാനീതിപതിയും പരമശിവനാണെന്ന പ്രതീതിയെ ഉണ്ടാക്കി പരമശിവനിൽ പ്രവർത്തിക്കുന്ന ഓംകാരത്തിലൂടെ ഏകദൈവമായ മഹാദേവി തന്നെയാണ് സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതിയും, നിർവ്വഹിക്കുന്നത്.**

സൃഷ്ടി ശാസ്ത്രമായ ഭൗതികശാസ്ത്ര പ്രകാരം, സൃഷ്ടിയിൽ സ്ത്രീക്ക് പ്രാധാന്യം നൽകിയിരിക്കയാൽ, ദൈവം പ്രത്യക്ഷമല്ലാത്ത സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ സ്രഷ്ടാവായ ദൈവം മഹാമാതാവാണ്. ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാ ദൈവം എങ്കിലും, കുഞ്ഞുങ്ങളായ മനുഷ്യരുടെ സന്തോഷവും സമാധാനവും കണക്കാക്കി എപ്പോഴും **മഹാമാതാവ്** എന്ന ഒരു അവസ്ഥ മാത്രം നിലനിർത്തുന്നു. മഹാമാതാവും ഭൂമിയും മഹാനീതിയുമായ മഹാദേവിയാണ്.

**സ്ഥിതിയിൽ പുരുഷന് പ്രാധാന്യം നൽകിയിരിക്കയാൽ, ദൈവം** പ്രത്യക്ഷമാകുന്ന സൃഷ്ടിചക്രത്തിന്റെ **രണ്ടാമത്തെ** പകുതിയിൽ പരിപാലകനായ **ദൈവം മഹാപിതാവാ**കണം. **അതിന് ദൈവം പുരുഷനായി മാറുന്നില്ല. പകരം :**

**മഹാദേവിയുടെ മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണ സത്തയുമായ ഓംകാരത്തെ, മഹാദേവിയുടെ ഭാഗവും പതിയുമായ പരമശിവന്റെ ഹൃദയത്തോട് ചേർക്കുന്നു. ഓംകാരം പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ, മഹാദേവിയുടെ പതിയായ പരമശിവൻ മഹാനീതിപതിയായി മാറുന്നു. മഹാജഗദംബയായ മഹാദേവിയുടെ മഹാപാദങ്ങളിൽ ഇടതുപാദം മുഴുവനും, വലതുപാദം പകുതിയും, മഹാശരീരത്തിന്റെ മഹാഇടതുകൈ ഒഴികെയുള്ള പകുതിഭാഗം, മഹാവലതുകൈ, സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലുള്ള എന്തും സൃഷ്ടിക്കാൻ കഴിയുന്ന മൂന്നാം മഹാസൂര്യനേത്രം, ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും, ബ്രഹ്മമഹാദേവി നേരിട്ട് നാവിൽ കുറിച്ച അക്ഷരബ്രഹ്മം കൂടിയായ ഓം, മഹാശാസ്ത്രം അഥവാ മഹാവേദം വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള മഹാശാസ്ത്രപരമായ മത്സ്യാവതാരം, മഹാപ്രപഞ്ചത്തിലെ ഏതൊരു ആയുധവും സൃഷ്ടിക്കാൻ കഴിയുന്ന മഹാശൂലം, ഉടുക്കാൻ മഹാനരസിംഹത്തോൽ, എന്നിവയെ ശിവചക്രമായ പരമശിവനോട് മഹാഅനുഗ്രഹിച്ചു ചേർത്തു കഴിഞ്ഞു. കാലാതീതനായ ദൈവ പ്രതിനിധി ആകയാലാണ് സൃഷ്ടിചക്രത്തിന്റെ ആരംഭത്തിലും ലഭ്യമായ മൃഗത്തോലിനെ വസ്ത്രമായി സ്വീകരിച്ചിട്ടുള്ളത്. പൊക്കിളും കാൽമുട്ടും മറയ്ക്കുന്ന പരമശിവ വസ്ത്ര-ധാരണത്തെ മനുഷ്യ-പുരുഷന്മാർ അനുകരിക്കണം.**

**ആദ്യത്തെ മഹാകാല ചക്രത്തെ തുടർച്ചയായി മഹാശക്തിയായ മഹാദേവിയുടെ ഓംകാര നീതിശാസ്ത്ര പ്രകാരം മാത്രം പ്രവർത്തിക്കുവാൻ കഴുത്തിൽ 5 തലയുള്ള ഓംകാരനാഗബന്ധനം ഏർപ്പെടുത്തിയത് 2017-ൽ പരമശിവനിൽ നിന്നും ഒഴിവാക്കി. എന്നാൽ ഓംകാര നാഗബന്ധനത്തെ മഹാഅനുഗ്രഹിച്ച് പുനഃസ്ഥാപിക്കണമെന്ന് പരമശിവൻ പ്രാർത്ഥിക്കുന്നുണ്ട്. മഹാപ്രപഞ്ചത്തിന്റെയും പരമശിവന്റെയും സംരക്ഷണത്തിനായി മഹാശക്തി 10 തലയുള്ള മഹാനാഗമാതാവായി മഹാഇഷ്ടം പോലെ ദൃശ്യമായും അദൃശ്യമായും പരമശിവന്റെ ശിരസ്സിനു മുകളിൽ ഉണ്ട്. ശിരസ്സിലെ മുടിക്കെട്ടിൽ നിന്ന് കുഞ്ഞുങ്ങൾക്കെല്ലാം കുടിക്കാനായി മഹാദേവി പാൽ ഒഴുക്കുന്നതാണ്. കൂടാതെ, അർദ്ധ-മഹാദേവീ രൂപവും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.**

**ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്ത ദൈവത്തിന്റെ ഏക പ്രതിനിധിയായ പരമശിവനോട് മഹാസൂര്യനേത്രം, ചന്ദ്രക്കല, നക്ഷത്രം എന്നിവ ചേരുമ്പോൾ, <u>ദൈവത്തിന്റെ മഹാരൂപമായ മഹാപ്രപഞ്ചത്തെ എല്ലാ അർത്ഥത്തിലും പ്രതിനിധീകരിക്കുന്നതായി</u> കാണാം. ദൈവം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലായെന്ന് മഹാദേവി പരമശിവനിൽ പ്രകടമാക്കുന്ന അർദ്ധമഹാദേവീ രൂപവും തെളിയിക്കുന്നുണ്ട്; കൂടാതെ, മഹാദേവിയും മഹാദേവനും ചേർന്നതാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഏകദൈവം എന്നും, അവർ രണ്ടല്ലെന്നും, ഒന്ന് രണ്ടായി നിൽക്കുന്ന ദിവ്യമഹാവിദ്യ മാത്രമാണെന്നും വ്യക്തമാക്കുന്നു.**

കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികൾക്കു വേണ്ടിയാണ് ഏകദൈവം സ്വയം രണ്ടായി പ്രകടമാകുന്നത് എന്നത് ശരിയാംവണ്ണം മനസ്സിലാക്കാൻ ഒരു മാർഗ്ഗമുണ്ട്. പരമശിവന് ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നു എന്ന അദ്ധ്യായത്തിൽ കുഞ്ഞുങ്ങളെ ശിക്ഷിക്കാതെ മഹാവാത്സല്ല്യം മാത്രം നൽകുന്ന മഹാമാതാവായി മാത്രം അവതരിക്കാൻ മഹാദേവി ശ്രദ്ധിക്കുന്ന ബദ്ധപ്പാട് കൂട്ടിച്ചേർക്കുക. പിന്നെ, യാതൊരു വിശദീകരണങ്ങളും ആവശ്യമാകുന്നതല്ല.

മഹാദേവിയുടെ മഹാവാഹനമായ മഹാനരസിംഹം ഉൾപ്പെട്ട വാഹനങ്ങൾ എന്നീ മഹാപദവികളും മഹാദാനങ്ങളുമായ മഹാശക്തികളെ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. ഇടതു ചൂണ്ടുവിരൽ കൊണ്ട് ഭൂമിയിലെ എല്ലാ ജീവികൾക്കും ആവശ്യമായ ജലം, വലത് ചൂണ്ടുവിരൽ കൊണ്ട് അനന്തമായ അഗ്നി എന്നിവ സൃഷ്ടിക്കാൻ കഴിയുന്നതാണ്. ദൈവീകവും, മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെ സംബന്ധിച്ചതുമായ വേറെയും അനവധി കാര്യങ്ങളുണ്ട്. വെളിപാടുകൾ പൂർണ്ണമായിട്ടില്ല. മഹാഉചിതമായ സമയത്ത് മഹാദേവി, പരമശിവനിലൂടെ വെളിപ്പെടുത്തുന്നതാണ്.

ഏകദൈവമായ മഹാദേവി ഈയുള്ളവന് സംഹാരദേവൻ എന്ന മഹാപദവിയും 'ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം' എന്ന സംഹാര മന്ത്രത്തെയും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

**1989-ലോ 1991-ലോ ആണ് ബ്രഹ്മ-മഹാദേവി പരമശിവൻ എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ച് ഇപ്പോഴത്തെ മനുഷ്യജന്മത്തിൽ നൽകിയതെങ്കിൽ, 2017-ലാണ് മഹാദേവൻ എന്ന മഹാപദവിയെ സ്ഥിരമായി ഉപയോഗിക്കാൻ മഹാഅനുഗ്രഹിച്ചത്.**

**മഹാദാനങ്ങളിൽ ചിലവ പ്രത്യക്ഷമായും ചിലവ പ്രതീകാത്മകമായും ചിലവ അജ്ഞാതമായും മഹാഅനുഗ്രഹിച്ചു നൽകുകയായിരുന്നു. ഏകമഹാശക്തിയായ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയ മഹാദാനങ്ങൾ കൂടിയായ മഹാശക്തികൾ, മഹാദേവിയുടെ മഹാദാസനായ പരമശിവനിൽ പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല; മഹാജ്ഞാനഭാഗം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത് !**

**സൃഷ്ടികളെ സംബന്ധിച്ച് സംഹാരത്തിൽ പുരുഷനും സ്ത്രീയും തുല്യരാണെന്നത് ഏകദൈവമായ മഹാദേവിക്കും,ഭാഗമായ പരമശിവനും ബാധകമല്ല. അതേസമയം, നിർജ്ജീവമായ ശിവചക്രത്തെ പരമശിവൻ, മഹാദേവൻ, മഹാപിതാവ്, സ്ഥിതി നായകൻ, മഹാനീതിപതി തുടങ്ങിയ പേരുകളിൽ പ്രവർത്തിപ്പിക്കുന്നത് മഹാശിവയായ മഹാദേവിയുടെ മഹാമഹത്വം മാത്രമാണ്. മഹാദേവി മാത്രമാണ് ഏകമഹാശക്തി എന്നതിനാൽ, സൃഷ്ടികൾക്ക് എന്ന പോലെ പരമശിവനും മഹാദേവി ശക്തി നൽകണം.**

**ദൈവം ഒന്നേയുള്ളൂ എന്ന് സുവ്യക്തമാക്കി, ഏകമഹാശക്തിയായ മഹാദേവിയുടെ മഹാഇഷ്ടങ്ങൾക്ക് അനുസരിച്ചു മാത്രം @ മഹാഉചിതമായ സമയത്ത് മാത്രം @ ഓംകാര നീതി ശാസ്ത്രം അനുസരിച്ച് മാത്രം ഈയുള്ളവനിൽ പ്രവേശിപ്പിച്ചിട്ടുള്ള മായാമഹാശക്തികളെ മഹാദേവി പ്രവർത്തിപ്പിക്കുന്നതാണ് @ ആക്ടിവേറ്റ് ചെയ്യുന്നതാണ്. അതോടെ പരമശിവന്റെ മാനുഷികാവസ്ഥയ്ക്ക് കാതലായ മാറ്റങ്ങൾ ഉണ്ടാവുന്നതാണ് ! മഹാദേവി പരമശിവനിൽ ചേർത്തിട്ടുള്ള ശക്തികളെ പ്പറ്റി കൃത്യമായി മഹാദേവിക്കു മാത്രമേ അറിയൂ. സർവ്വം മഹാദേവി മഹാനിശ്ചയിക്കുന്നതാണ്. കുഞ്ഞുങ്ങൾ@സൃഷ്ടികൾ@മനുഷ്യർ സദാ ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കേണ്ടത് സ്വന്തം ആവശ്യമാണ്. പാപങ്ങളും ശിക്ഷകളും പിടിച്ചു വാങ്ങരുത് !**

**രണ്ടാമത്തെ മഹാകാല ചക്രം മുതൽ ദേവതകളെ ഒഴിവാക്കിയും, വസ്തുക്കളിലെ ന്യൂനശക്തികളുടെ അളവിനെ അല്പം കുറച്ചുകൊണ്ടും, ഏക ദൈവമായ മഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണം ഏറ്റെടുക്കുകയാൽ, മേലിൽ, സൃഷ്ടി ചക്രത്തിന്റെ മായ@ദൈവം പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയിൽ മഹാശക്തിചക്രം കൂടിയായ മഹാദേവിയും മഹാഇഷ്ട പ്രകാരം പരമശിവനും മായാശക്തികളെ ഇടയ്ക്കെല്ലാം പ്രകടിപ്പിച്ചു പ്രത്യക്ഷമായേക്കാം !**

**മഹാദേവിയുടെ ഭാഗമായ പരമശിവനെ സാധാരണ മനുഷ്യനായി ഇടയ്ക്കിടെ അയച്ച് ഭൂമിയിലെ കാര്യങ്ങളെ മഹാശുദ്ധി ചെയ്യുന്നതുമാണ്. മനുഷ്യരിൽ ഇനിയൊരിക്കലും ധാർമ്മിക അധഃപതനം ഉണ്ടാവാതെ ഭൂമിയിലെ സൃഷ്ടികളായ കുഞ്ഞുങ്ങളെ എല്ലായ്പ്പോഴും മഹാസംരക്ഷിക്കുവാൻ ഉദ്ദേശിച്ചാണത്.**

**ന്യൂനശക്തികൾ കുറയുന്നതിന് ആനുപാതികമായി എലി, ചെല്ലി തുടങ്ങിയ ജീവികളെയും ഭൂമിയിൽ നിന്നും പിൻവലിക്കുന്നതാണ്.**

**മഹാദേവി സൃഷ്ടി ചക്രത്തിന്റെ ആദ്യപകുതിയിൽ പ്രത്യക്ഷമാകുമ്പോൾ, ഓംകാര നീതി ശാസ്ത്രവും ഭാഗികമായി തിരുത്തപ്പെടും! അനേകം ജന്മങ്ങൾ കൊണ്ട് മഹാനീതിയെ നൽകുന്ന രീതി മാറി, കുറ്റങ്ങൾക്കുള്ള ദൈവശിക്ഷ ഒന്നു രണ്ടു ജന്മങ്ങൾ കൊണ്ട് നടപ്പാകും; അതോടെ സമൂഹജീവിതം കൂടുതൽ ശുദ്ധമാകും ! ദൈവസാന്നിധ്യം നിമിത്തം മനുഷ്യർ അനുഭവിക്കുന്ന സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യം കുറയുന്നതാണ്.**

**വ്യക്തി സ്വാതന്ത്ര്യം അല്പം കുറച്ചാലും വേണ്ടില്ല; മനുഷ്യരാണെന്നതു പോലും മറന്നും മറച്ചും അവഗണിച്ചും മത-രാഷ്ട്രീയ-ദേശീയ പിശാചുക്കളായി അടിമകൾ ഉണ്ടാവുകയും, ശേഷം അടിമകൾ നിമിത്തം അർത്ഥമില്ലാത്ത കൊടികളും പിടിച്ച് കുഞ്ഞുങ്ങൾ തമ്മിൽ തല്ലി ചാകുന്നതും മേലിൽ വേണ്ട. കാണാനും കേൾക്കാനും മണ്ണും ഭൂമിയും മഹാഗോമാതാവും മഹാദേവിയും മഹാവാത്സല്ല്യവുമായ മഹാമാതാവിന് വയ്യ !**

# ഓം ശാന്തി !

**ദൈവീകമായ സ്നേഹ വാത്സല്യങ്ങളോടെ, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും, മഹാശക്തിയും, ഭൂമിയും, ഏകദൈവവുമായ മഹാദേവിയുടെ മഹാദാസനും മഹാദേവനുമായ പരമശിവൻ.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**

# ഓം

| | അടിയന്തിര നടപടികൾ<br>EMERGENCIES | |
|---|---|---|

## മഹാദേവി ഭൂമിയിൽ മുഴുവൻ ഓം എന്ന് മഹാചിരിച്ച് ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ, ഭൂമിയിലെ എല്ലാ ജനങ്ങളും പിൻപറ്റേണ്ടതായ അടിയന്തിര നടപടികൾ.

Ref. (1) **മഹാവേദം** :
www.omsathyam.com/GodlyRevolution/MahaaVedam.pdf

(2) **സർവ്വ ദേശ ഭൂമിഗാനം**
www.omsathyam.com/GodlyRevolution/
NationalSongEmblemFlagConstitutionCourtEtc.pdf

(3) **ദേവതകളും കുമ്പസരിക്കുന്നുണ്ട്.**
www.omsathyam.com/GodlyRevolution/DevatasAlsoConfess.pdf

# ഓം

| GENERALLY URGENT & CONSTANT DUTIES @ MATTERS<br>ധർമ്മശാസ്ത്രപരമായ സ്ഥിര അത്യാവശ്യങ്ങൾ | |
|---|---|
| ALL HUMAN BEINGS IN ALL COUNTRIES ON/IN EARTH ARE GOD'S @ EARTH'S CHILDREN, BASICALLY WITH NO DIFFERENCES. | ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും എല്ലാ മനുഷ്യരും മണ്ണും ഭൂമിയുമായ ദൈവത്തിന്റെ മക്കളാണ്, അടിസ്ഥാന പരമായി യാതൊരു വ്യത്യാസങ്ങളുമില്ലാത്തവരാണ്. |
| Mad Devotions attract Godly Punishments. People should live as per the Supreme Science of Duties & Virtues. | ഭക്തി ഭ്രാന്ത് പാടില്ല. ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കുവാൻ ശ്രദ്ധിക്കണം. വിപരീതമായി പ്രവർത്തിച്ചാൽ ദൈവ ശിക്ഷകൾ തീർച്ചയാണ്. |

## ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെ രണ്ടാം-വേദമായ ധർമ്മ ശാസ്ത്രം വിശദീകരിക്കുന്നുണ്ട്.

രാഷ്ട്രഭരണാധികാരികളോ
മതനേതാക്കളോ രാഷ്ട്രീയനേതാക്കളോ
നിരീശ്വരവാദികളോ ഭീകരപ്രവർത്തകരോ ഒക്കെ വിചാരിച്ചാൽ തകരാറിലാക്കാനാവുന്നതോ
അട്ടിമറിക്കാൻ കഴിയുന്നതോ ആയ ഒന്നാവും മഹാശക്തിയുടെ മഹാശാസ്ത്രമെന്നും
മഹാപ്രപഞ്ച സംവിധാനമെന്നും കരുതുന്നതും, മഹാശാസ്ത്രത്തെയും മഹാപ്രപഞ്ചത്തെയും
സംരക്ഷിക്കുവാൻ സൃഷ്ടികളുടെ സഹായം മഹാശക്തിയായ ദൈവത്തിനു വേണമെന്നു
കരുതുന്നതും, ദൈവമഹത്വമറിയാതെ കാട്ടിക്കൂട്ടുന്ന ദൈവനിന്ദയാണ്.
ആദിയും അന്തവുമില്ലാത്ത മഹാശക്തിയാണ് ദൈവമെന്നും,
മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നിർവ്വഹിക്കുവാൻ
മഹാശക്തി ആവിഷ്ക്കരിച്ചിരിക്കുന്ന മഹാശാസ്ത്രത്തെയോ മഹാപ്രപഞ്ചത്തെയോ
അട്ടിമറിക്കാനോ തകരാറിലാക്കാനോ മഹാപ്രപഞ്ചത്തിലെ എല്ലാ ജീവികളും ഒന്നിച്ചു
ശ്രമിച്ചാലും കഴിയില്ല എന്നും, ശ്രമിക്കാനുള്ള ശക്തി ജീവികൾക്കു ലഭിക്കുവാനും
മഹാശക്തിയായ ദൈവം കനിയേണ്ടതുണ്ട് എന്നും സുവ്യക്തമാക്കുന്നു.

GODLY ECONOMY IN.

| NO TAX. ALL TAXES SHOULD BE ELIMINATED. | നികുതി പാടില്ല. എല്ലാ നികുതികളും അവസാനിപ്പിക്കണം. |
| --- | --- |
| The main Portion or the Wealth in full that could not be carried by the Rich during Death, should be added to the Public Funds as per the Godly Economy. GOD care that the Deceased receive Right Wealth in Rebirth/Evolution. | ധനികർക്ക്, മരണത്തോടെ കൂടെ കൊണ്ടു പോകാൻ കഴിയാത്ത സമ്പത്തു മാത്രം (!) സമ്പൂർണ്ണമായോ മുഖ്യഭാഗമോ, ദൈവീകമായ സാമ്പത്തിക ശാസ്ത്ര പ്രകാരം പൊതു ഖജനാവിൽ ചേർക്കണം; മരിച്ചയാൾക്ക് അർഹിക്കുന്ന സമ്പത്ത് പുനർജ്ജന്മത്തിലോ /മോക്ഷത്തിലോ ദൈവം എത്തിച്ചുകൊടുക്കുന്നതാണ് ! |
| Soil @ Places @ Nations @ Earth @ the solid form of GOD alone has Rights & Powers with regard to creating Contract in All matters of Soil. It is Crime if People & Rulers create Contract /Deed for Soil @ Lands & Building and hand over to one's beloved. Since Lands & Buildings can't be transferred to Heads & Hands, Deeds are not Godly. People avail Rights/Power to sell Land and/or Building only when there are No Government in the Society. The Ruler/ King/ Minister, being the Servant of each individual in the Society, should act as the Representative of Soil/GOD and buy the Land and/or Building of any /an Individual upon his Personal Requirements, using Public Fund, and acc to the Supreme Science of Duties & Virtues. Later, Govt sell those Properties. | മണ്ണിന്റെ കാര്യത്തിൽ കരാർ ഉണ്ടാക്കാൻ, മണ്ണും സ്ഥലങ്ങളും നാടുകളും ഭൂമിയുമായ ദൈവത്തിനു മാത്രമാണ് അവകാശവും അധികാരവും ഉള്ളത്. ജനങ്ങൾക്കും ജനസേവകരായ ഭരണാധികാരികൾക്കും മറ്റും ചെറുവിരൽ അനക്കാൻ പോലും ദൈവം ശക്തി നൽകണം എന്നിരിക്കെ, സ്ഥലങ്ങളുടെയും നാടുകളുടെയും പേരിൽ കരാറുകൾ ഉണ്ടാക്കുന്നതും ചുമന്ന് തലയിലോ കൈയ്യിലോ വച്ചുകൊടുക്കാൻ സാധിക്കാത്ത സ്ഥലങ്ങളും കെട്ടിടങ്ങളും മക്കൾക്കും ഉറ്റവർക്കും മറ്റും പ്രമാണങ്ങളിലൂടെ ഏല്പിച്ചു കൊടുക്കുന്നതും അപരാധമാണ്. ! വ്യക്തികൾക്ക് സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും ക്രയവിക്രയ-അവകാശം ലഭിക്കുന്നത് നാട്ടിൽ ഭരണകൂടം ഇല്ലാത്തപ്പോൾ മാത്രമാണ്. വ്യക്തികളുടെ ആവശ്യം അനുസരിച്ച് 'ദൈവത്തിന്റെ പ്രതിനിധി' യെന്നോണം, ഓരോ വ്യക്തിയുടെയും 'ദാസനായ ഭരണാധികാരി' പൊതു ഖജനാവിൽ നിന്നുമുള്ള ധനം കൊണ്ട് സ്ഥലങ്ങളും കെട്ടിടങ്ങളും ധർമ്മശാസ്ത്ര പ്രകാരം വാങ്ങണം; ശേഷം വിൽക്കണം. |

| | |
|---|---|
| **Prayer cum Worship Centres are to be constructed and maintained in accordance with the OMKARA SCIENCE Of JUSTICE. Most / All Centres before Opening of Maya be converted into Inns, Refreshing Centres, Toilets, etc and the Wealth added into Public Funds.** | ദേവാലയം എന്നറിയപ്പെടുന്ന 'പ്രാർത്ഥനാലയം+ആരാധനാലയം' നിർമ്മിക്കേണ്ടതും സംരക്ഷിക്കേണ്ടതും ഓംകാര നീതിശാസ്ത്ര പ്രകാരമാവണം. 'മായ' പ്രത്യക്ഷമാകുന്നതിനു മുമ്പുള്ള ഏറെക്കുറെ മുഴുവൻ മന്ദിരങ്ങളെയും സത്രം, ശൗചാലയം എന്നിങ്ങനെ മാറ്റേണ്ടതുണ്ട്. ദേവാലയങ്ങളിലെ സമ്പത്ത് പൊതു ഖജനാവിൽ ചേർക്കണം. |
| All people relinquish their Religious, Political and other Thoughts, Customs & Books themselves upon Opening of Maya; burn the Religious Books, etc & end all nonsenses. All people can quite happily live following the Supreme Science of Duties and Virtues contained in this Electronic Supreme Book. | മായ പ്രത്യക്ഷമാകുന്നതോടെ, എല്ലാ മതഗ്രന്ഥങ്ങളെയും രാഷ്ട്രീയങ്ങളെയും മറ്റ് അധമത്തങ്ങളെയും, ശരിവെച്ചു ജീവിച്ചവർ തന്നെ അവയെല്ലാം പൈശാചികമാണെന്നു സ്വയം തിരിച്ചറിഞ്ഞ് സ്വയം ചുട്ടെരിക്കുന്നതും അവസാനിപ്പിക്കുന്നതുമാണ്. ഇ-മഹാഗ്രന്ഥത്തിലെ ധർമ്മശാസ്ത്ര പ്രകാരം ആനന്ദത്തോടെ മാത്രം ജീവിക്കാൻ കഴിയുന്നതാണ്. |
| In accordance with the Supreme Science of Duties and Virtues, all jobs on Earth, are classified into the 4 Genuine Divisions as Cleanliness, Necessity, Requirement & Hobby. The Government is only a Requirement, Not a Necessity. | ഭൂമിയിലെ സമസ്ത തൊഴിലുകളും ധർമ്മ ശാസ്ത്രം പ്രകാരം 'ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം' എന്നീ യഥാർത്ഥമായ 4 വിഭാഗങ്ങളിൽ പെടുന്നു. ഭരണകൂടം ആവശ്യം മാത്രമാണ്; അത്യാവശ്യം അല്ല. |
| **All people including Police shall live & do Service in accordance with the Supreme Science of Duties and Virtues contained in Soil/Earth, and in this Supreme E-Book. Obey only Science; NOT Human beings. To live realising the Truth that 'No person is lesser than a King; and bigger than a Beggar.' No Police escorts to King, Ministers, etc.** | പോലീസ് ഉൾപ്പെടെയുള്ള സമസ്ത ജനങ്ങളും ജീവിക്കേണ്ടതും തൊഴിൽ ചെയ്യേണ്ടതും ഇ- മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ളതും മണ്ണിൽ/ ഭൂമിയിൽ മഹാലയിച്ചിട്ടുള്ളതുമായ രണ്ടാമത്തെ വേദമായ മഹാ-ധർമ്മശാസ്ത്രം പ്രകാരം മാത്രമാവണം. അനുസരിക്കേണ്ടത് ധർമ്മശാസ്ത്രത്തെ മാത്രമാവണം; മന്ത്രിമാർ ഉൾപ്പെടെ മനുഷ്യരെയല്ല. യാതൊരു മനുഷ്യനും രാജാവിനേക്കാൾ ചെറുതുമല്ല; ഭിക്ഷക്കാരേക്കാൾ വലുതുമല്ല എന്ന തിരിച്ചറിവോടെ ഏവരും ജീവിക്കണം. രാജാവിനും മന്ത്രിമാർക്കും ഉൾപ്പെടെ യാതൊരാൾക്കും പോലീസ് അകമ്പടി പാടില്ല. |

| | |
|---|---|
| **Rulers/Ministers/King are Public Servants, constituted, and fed by the People to do their Common Requirements.** | ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായി ചെല്ലും ചെലവും കൊടുത്ത് ജനങ്ങൾ നിയമിക്കുന്നവരായ ഭരണാധികാരികൾ, ജനങ്ങളുടെ ദാസന്മാർ മാത്രമാണ്. ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മാത്രം അവർ നിറവേറ്റുകയും വേണം. |
| The Panchayats & Corporation appoint Required number of men in Police, Water, Transport etc and do pay for their Services. | **ജലം, ഗതാഗതം, പോലീസ്, തുടങ്ങിയ പൊതു സേവനങ്ങളെ ധർമ്മശാസ്ത്ര പ്രകാരം നിശ്ചയിക്കേണ്ടതും ആവശ്യാനുസരണം നിയമിക്കേണ്ടതും വേതനം നൽകേണ്ടതും ഗ്രാമ പഞ്ചായത്തുകളാണ്.** |
| Pensions are not Rights, but receiving Others' money, equal to Begging. The financially sound governments may help poor people who live as per the Supreme Science of Duties and Virtues. | **പെൻഷനുകൾ; അവകാശമല്ല. അവ മറ്റുള്ളവരുടെ പണം കൊണ്ട് ജീവിക്കുന്ന ഭിക്ഷാടനത്തിനു തുല്ല്യമാണ്. സാമ്പത്തിക ഭദ്രതയുള്ള ഭരണകൂടത്തിന് ധർമ്മശാസ്ത്ര പരമായി ജീവിക്കുന്ന ദരിദ്രരെ സഹായിക്കാവുന്നതാണ്.** |
| The Courts, Banks, Insurance, PSC, Employment Exchange, Tax dept, Legislative assemblies, etc are NOT Godly; hence ended self upon the Opening of Maya. | **കോടതി, ബാങ്ക്, ഇൻഷ്വറൻസ്, പിഎസ്സി, നികുതി കാര്യാലയം, നിയമസഭ തുടങ്ങിയ അധമ സംവിധാനങ്ങൾ 'മായ' പ്രത്യക്ഷമാകുന്നതോടെ സ്വയം ഇല്ലാതാകുന്നതാണ്.** |
| **Public Funds should not be used for Hobbies: Sports, Games, Arts, Literature and Music. Ministers etc, if interested, may promote by paying from own earnings as per Godly Freedom.** | വിനോദ കാര്യങ്ങൾക്ക് പൊതു ഖജനാവിൽ നിന്ന് ധനം ഉപയോഗിക്കാൻ പാടില്ല. മന്ത്രിമാർ ഉൾപ്പെടെ വിനോദിക്കുന്നവർക്ക് കായിക-കലാ-സംഗീതങ്ങളിൽ ഏർപ്പെടുന്നവരെ സ്വന്തം അദ്ധ്വാനത്തിൽ നിന്ന് സഹായിക്കാനും മറ്റും തീർച്ചയായും വ്യക്തിസ്വാതന്ത്ര്യമുണ്ട്. |

| | |
|---|---|
| Musicians including singers care to give Joy to GOD's children as per the Science of Duties and Virtues; Don't try to please GOD who blessed them with Music & is beyond all kinds of Pleasures. | സംഗീതത്തെ  നൽകിയ, സർവ്വത്തിനും അതീതമായ ദൈവത്തെ പ്രീതിപ്പെടുത്താൻ ഗായകർ ഉൾപ്പെടെ സംഗീതജ്ഞർ ശ്രമിക്കണ്ട. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെ ധർമ്മശാസ്ത്രപരമായി ആനന്ദിപ്പിച്ച് ജീവിക്കുന്നതിൽ മാത്രം ശ്രദ്ധിക്കണം. |
| All countries are part of Earth/GOD; and they don't fight in between. The ignorant & Evilly People do Wars. The Supreme Mother is quite unhappy when her Children named as Soldiers etc kill in between. Retrench the Soldiers in all countries, except Police. Those Kings, Ministers, Prime Ministers, Presidents etc interested in Wars shall fight in person at own expenses and enjoy such Evilly Hobby, instead of persuading Soldiers @ GOD's Children, to kill each other and/or common people. | ദൈവത്തിന്റെ/ഭൂമിയുടെ അവയവങ്ങളും അംശങ്ങളും മാത്രമായ ദേശങ്ങളല്ല യുദ്ധം ചെയ്യുന്നത്; അജ്ഞാനികളും അവിവേകികളുമായ ജനങ്ങളാണ്. അന്യോന്യം കൊല്ലുകയും ദ്രോഹിക്കുകയും ചെയ്യുന്ന യുദ്ധം പാടില്ല. പോലീസ് ഒഴികെയുള്ള യാതൊരു സേനകളും യാതൊരു നാടുകളിലും പാടില്ല. യുദ്ധം ചെയ്യാൻ മുട്ടിനിൽക്കുന്ന വ്യത്യസ്ത ദേശങ്ങളിലെ രാജാക്കന്മാരും മന്ത്രിമാരും പ്രധാന മന്ത്രിമാരും പ്രസിഡണ്ടുമാരും, ദൈവത്തിന്റെ കുഞ്ഞുങ്ങളായ സൈനികരെ അന്യോന്യം കൊല്ലിക്കാതെ, സ്വന്തം ചെലവിൽ, സ്വയം ദ്വന്ദയുദ്ധം ചെയ്ത് പൈശാചിക വിനോദം ആസ്വദിക്കാവുന്നതാണ് ! |
| Human Rule should not extend to Forests, Rivers, and Seas/ Ocean. GOD's other Children/ Creatures should enjoy Free Living like Human beings. | ജനങ്ങളുടെ സാമൂഹ്യ ഭരണം വനം, നദി, കടൽ/സമുദ്രം എന്നിവയിലേക്ക് നീളാൻ പാടില്ല. ദൈവത്തിന്റെ കുഞ്ഞുങ്ങളായ മറ്റുള്ള ജീവികൾക്ക്, മനുഷ്യരെ പ്പോലെ, സ്വതന്ത്രമായി ജീവിക്കാൻ കഴിയണം. |
| Production, Sale and Consumption of Tobacco, Alcoholic drinks, and Drugs should be strictly limited to Medicines. Violation endanger the Social Living upon Scientific Development bringing advanced features like Vehicles, TV, phone, etc. | പുകയില, മദ്യം, മയക്കുമരുന്ന് തുടങ്ങിയവ നിർമ്മിക്കുന്നതും വിപണനം ചെയ്യുന്നതും വൈദ്യ ശാസ്ത്ര സംബന്ധമായ ഉപയോഗങ്ങൾക്ക് മാത്രമാവണം. അല്ലെന്നാൽ, ശാസ്ത്ര നിയമങ്ങളെ ഉപയോഗിച്ച് വാഹനം, ടെലിവിഷൻ, ഫോൺ തുടങ്ങിയ ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിക്കുന്ന സമൂഹത്തിന് തടസ്സമാണ്. |

| | |
|---|---|
| Properties of Violators/Criminals should be seized, and they be sent to Forests/Islands with 'the Wearing Clothes alone' for a minimum period of 3 months upto 10 years. | വിപരീതമായി പ്രവർത്തിക്കുന്നവരുടെ/ കുറ്റവാളികളുടെ സമ്പത്ത് കണ്ടുകെട്ടുകയും, അവരെ ഉടുവസ്ത്ര ത്തോടെ 3 മാസം മുതൽ 10 വർഷം വരെ കാട്ടിലയച്ച് മറ്റുള്ള ജീവികളെ പ്പോലെ ശാസ്ത്ര സൗകര്യങ്ങൾ ഇല്ലാതെ ജീവിക്കാൻ അനുവദിക്കുകയും വേണം. |
| People involved in Mad Devotions, Spreading Unscientific beliefs (superstitions) and similar Crimes shall be given Chance to enjoy Forest/Island life without carrying earned Properties. | ഭക്തി ഭ്രാന്ത്, അന്ധവിശ്വാസ പ്രചരണം തുടങ്ങിയ കുറ്റങ്ങൾക്കും, നേടിയ സമ്പത്തില്ലാതെ വന-ദ്വീപ് വാസം അനുഭവിക്കാനുള്ള ഭാഗ്യത്തെ നൽകണം. |
| The Human beings make Atomic Energy Plants, Chemical (engineering) factories, Bridges, Dams, etc availing Scientific factors and facilities. They are by People, not by GOD. The Human Rulers are obliged to maintain such factories in all possible ways and at all times, because, their negligence would endanger the Lives and Properties of Human and other beings.<br><br>There are specific reasons for Earthquake, Tsunami, Volcano, etc as per the Supreme Science of Justice. | ഭൗതിക ശാസ്ത്ര സംവിധാനങ്ങളെ ഉപയോഗിച്ച് ആണവോർജ്ജവും രാസവസ്തുക്കളും മറ്റും നിർമ്മിക്കുന്ന ശാലകളും, അണക്കെട്ടും ഒക്കെ ഉണ്ടാക്കുന്നത് മനുഷ്യരാണ്; ദൈവമല്ലാ; എന്നിരിക്കെ ഭരണാധികാരികൾ അവയെല്ലാം ജാഗ്രതയോടെ സംരക്ഷിക്കണം. വീഴ്ച്ച സംഭവിച്ചാൽ ജനങ്ങളുടെ ജീവനും സ്വത്തിനും മറ്റും വിനാശം ഉണ്ടാകുമെന്ന ബോധവും അവശ്യ നടപടികളും സദാ ഉണ്ടാവണം.<br><br>ഭൂകമ്പം, സുനാമി, അഗ്നിപർവ്വതം, തുടങ്ങിയവയ്ക്ക് മഹാനീതിശാസ്ത്ര പരമായ കാരണങ്ങളുണ്ട്. |

# ദൈവ കാര്യങ്ങൾ - 1

## GODLY Matters 1

| | |
|---|---|
| GOD, the Omnipotent and Omniscient, has been Creating & Protecting the Supreme Universe with GOD's Supreme Powers & Supreme Knowledge.<br><br>GOD & GODLY matters are above the Universe and such Supreme & All Knowledge can be known only when GOD blesses with. | മഹാശക്തിയും മഹാജ്ഞാനിയുമായ ദൈവം മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാശക്തികളെയും മഹാജ്ഞാനത്തെയും കൊണ്ട് മഹാനിർവ്വഹിച്ചു പോരുന്നു. ദൈവം മഹാഅനുഗ്രഹിച്ച് അറിയിച്ചാൽ മാത്രമാണ് മഹാപ്രപഞ്ചത്തിന് അതീതമായ ദൈവ കാര്യങ്ങൾ ഉൾപ്പെടെ ഏതൊരു കാര്യവും അറിയാൻ കഴിയുകയുള്ളൂ. |
| GOD reveals all Godly matters and the Supreme Science of the Universe, perfectly at the Right Time in all Creation Cycles. | ദൈവകാര്യങ്ങളെയും മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും, എല്ലാ സൃഷ്ടിചക്രങ്ങളിലും മഹാഉചിതമായ സമയത്ത് ദൈവം വെളിപ്പെടുത്തുന്നു. |

| | |
|---|---|
| GOD @ the (Supreme Father cum) Supreme Mother of the Universe has dissolved the complete Supreme Science into the Soil / Earth.<br><br>The GODLY matters, namely GOD, GOD's figure, Maya, OM, OMKARAM, OMKARA Science of Justice, BRAHMAM are Supreme /Transcending. GOD has merged them in the Soil/Earth thru OM, the Sound-Brahmam. | **(മഹാപിതാവും) മഹാമാതാവുമായ ദൈവത്തിന്റെ മഹാജ്ഞാനമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' മുഴുവൻ മണ്ണിൽ / ഭൂമിയിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്.**<br><br>**ദൈവം, ദൈവ രൂപം, മായ, ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം, ബ്രഹ്മം, എന്നീ മഹാപ്രപഞ്ചത്തിന് അതീതമായ 'ദൈവ കാര്യങ്ങളെ' ഓം എന്ന ശബ്ദ ബ്രഹ്മത്തിലൂടെ മണ്ണിൽ മഹാലയി(പ്പി)ച്ചിരിക്കുകയാണ്.** |
| GOD @ MAHAADEVI reveals the Knowledge about GODLY matters at the Supremely Right Time in all Creation Cycles -'just before the Opening of Maya', thru GOD's Siva-Part named ParamaSivan. | **ഏകദൈവമായ മഹാദേവി,** ദൈവകാര്യങ്ങളെ മഹാഉചിതമായ സമയത്ത് - സൃഷ്ടി ചക്രത്തിൽ 'മായ' പ്രത്യക്ഷമാക്കുന്നതിനു തൊട്ടുമുമ്പ് **ശിവഭാഗമായ പരമശിവനിലൂടെ വെളിപ്പെടുത്തുന്നു.** |

| | |
|---|---|
| The Supreme Science dissolved in Soil/Earth is Resurrected in all Creation Cycles by attaching GOD's 'Fish Avataar & OM' with GOD's Siva-Part assigned as 'ParamaSivan.' | ദൈവത്തിന്റെ ശിവ -ഭാഗം' കൂടിയായ 'പരമ-ശിവനോട് ' ദൈവത്തിന്റെ 'മത്സ്യാവതാരത്തെയും ഓം എന്ന ശബ്ദബ്രഹ്മത്തെയും' ബന്ധിപ്പിച്ചാണ്, മണ്ണിൽ മഹാലയി(പ്പി) ച്ചിട്ടുള്ള വേദങ്ങളെ, എല്ലാ സൃഷ്ടി ചക്രങ്ങളിലും വീണ്ടെടുക്കുന്നത്. |
| MAHAADEVI's Creational Portion develops as FISH and enters into the SIVA Chakram developing as ParamaSivan thru one of his Nostrils. BRAHMAM @ MahaaDevi writes the OM-script on/in the tongue of ParamaSivan, so that ParamaSivan could Resurrect the True Vedas @ Supreme Science. It is being Done for the Present Supreme Creation Cycle .. thus this Supreme E-BOOK @ E-MahaaVedam. From the History of 1000 Crores of Years, it's evident that the GODLY matters relating Maya Powers should not be entrusted to Creatures. | മഹാദേവിയുടെ സൃഷ്ടി-അംശം മത്സ്യമായിട്ട് ശിവചക്ര- അവതാരമായ പരമശിവന്റെ നാസികയിലൂടെ നെറ്റിയിൽ പ്രവേശിക്കുന്നു. മഹാബ്രഹ്മമായ മഹാദേവി, പരമശിവന്റെ നാവിൽ അക്ഷരബ്രഹ്മം കൂടിയായ ഓം കുറിച്ച് യഥാർത്ഥ വേദങ്ങളെ വീണ്ടെടു(പ്പി)ക്കുന്നു. ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ അത് പൂർത്തിയായി കഴിഞ്ഞു. ദൈവത്തിന്റെ മായാശക്തികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൃഷ്ടികളെ ഏല്പിച്ചു കൂടാ. |

| | |
|---|---|
| The Supreme Creation (of Creatures) had begun from Fish.<br><br>GOD bless ParamaSivan with the Supreme Maya Powers connected with the Supreme Creation, and Protection of the Universe in association with the Supreme Science thru the Fish Avatar of MahaaSiva. In spite of the word MAHAADEVI, MahaaSiva is used because 'Creatures & the Universe' are a Combination of MahaaSiva & Sivan. | ജീവി സൃഷ്ടി ആരംഭിച്ചത് മത്സ്യത്തിൽ നിന്നാണ്. സൃഷ്ടി ജ്ഞാനത്തോടൊപ്പം സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരമാക്കിയിട്ടുള്ള മായാശക്തികളെ, മഹാശിവയുടെ മത്സ്യാവതാരത്തിലൂടെ പരമശിവനിലേക്ക് പ്രവേശി(പ്പി)ച്ചിരിക്കുകയാണ്.<br><br>മഹാദേവി എന്നതിന് പകരം മഹാശിവ എന്ന് കുറിച്ചതിനു കാരണം : മഹാശിവയുടെയും ശിവന്റെയും ദിവ്യമായ കൂട്ടുകെട്ടാണ് ജീവികളും പ്രപഞ്ചവും. |
| When MahaaSiva = MAHAADEVI avails the Fish Avataar being the Creational Portion of MAHAADEVI for both Male+Female Creation, the NEW Creation pauses Until the Next Creation Cycle. Reincarnation alone follow in Fishes.<br><br>MahaaSiva's Fish Avataar occupies a Seat within the Forehead of ParamaSivan, and stay there until the Beginning of the Next Creation Cycle; and then move on to the Supreme Ocean again as FISH. | മഹാശിവയായ മഹാദേവിയുടെ 'സ്ത്രീ പുരുഷ-ജീവികളെ രണ്ടും സൃഷ്ടിക്കുന്ന മഹാസൃഷ്ടി അംശം', 'മത്സ്യാവതാരം' എടുക്കുമ്പോൾ, 'മത്സ്യങ്ങളിൽ മാത്രമുള്ളതായ പുതിയ സൃഷ്ടി' നിലയ്ക്കുന്നതാണ്. പിന്നീട് മറ്റുള്ള ജീവികളിൽ എന്നപോലെ മത്സ്യങ്ങളിലും പുനർജന്മം മാത്രമാണ് സംഭവിക്കുക.<br><br>മത്സ്യാവതാരം, പരമശിവന്റെ നെറുകയിൽ മായാപരമായി സ്ഥാനം ഉറപ്പിക്കുന്നതും, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ സംഹാരം കഴിഞ്ഞ് അടുത്ത സൃഷ്ടിചക്രം ആരംഭിച്ച ശേഷം മത്സ്യാവതാരമായി തന്നെ മഹാസമുദ്രത്തിലേക്ക് മടങ്ങുന്നതുമാണ്. |

| | |
|---|---|
| The Creation Cycles, Life, Happiness, and the Evolution (Moksham) are based upon the Supreme Science of the Universe dissolved into Soil / Earth; which is in fact a Portion of GOD's Supreme Knowledge @ Omniscience. | ദൈവത്തിന്റെ മഹാജ്ഞാന-ഭാഗമായ 'മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' മുഴുവൻ മണ്ണിൽ / ഭൂമിയിൽ മഹാലയി(പ്പി)ച്ചിട്ടുള്ളതിനെ ആധാരപ്പെടുത്തിയാണ് എല്ലാ സൃഷ്ടി ചക്രങ്ങളെയും, മനുഷ്യരുടെ ജീവിതത്തെയും, ആനന്ദങ്ങളെയും, പരമമായി മോക്ഷത്തെയും മഹാസംവിധാനം ചെയ്തിട്ടുള്ളത്. |
| The Time, Calendar, Life of all Creatures in accordance with the Set Times, push them forward as per Re-incarnations.<br><br>Although they are all Supreme matters, Human beings are convinced only when GOD open Maya on Earth / in the Universe, by the Supreme Sound OM. | ദൈവകാര്യങ്ങളുടെ ഭാഗമായ കാലവും കാലഗണനയും, കാലബന്ധിതമായ ജീവിത പദ്ധതികളും ജീവികളെ പുനർജ്ജന്മങ്ങളിലൂടെ നയിക്കുന്നു. മഹാഗൗരവമായ വിഷയമാണെങ്കിലും ഭൂമിയിൽ 'ഓം' മുഴങ്ങിക്കൊണ്ട് 'മായ' പ്രത്യക്ഷമാകുമ്പോൾ മാത്രമാണ് മനുഷ്യർക്ക് ബോദ്ധ്യമാവുന്നത്. |
| 1 Creation Cycle = 10000 years. Each Creation Cycle consists 2 Parts :  Periods without the Presence of Maya @ GOD; and with the Presence of Maya @ GOD. | 10000 വർഷം = 1 സൃഷ്ടിചക്രം. ഒരു സൃഷ്ടിചക്രത്തിന് 2 ഭാഗങ്ങളാണുള്ളത്. 'മായ/ ദൈവം' പ്രത്യക്ഷമല്ലാത്ത കാലവും, 'മായ' പ്രത്യക്ഷമായ കാലവും. |

The 'Maya' @ GOD hides the Presence in the First part of the Creation Cycle, which is 4500 years constituted of the Average age of 50 years by 90 births /Reincarnations. During the Period, GOD reveals the lessons of the Supreme Science Of the Supreme Universe, dissolved in Soil/Earth, thru Human beings. The blessed people living as per the Supreme Science of Duties and Virtues alone can realise that GOD release the Lessons of the Universe.

Making use of the the New Scientific lessons, people go ahead with Technological Development and corresponding Innovation in life styles with the New materials / products, etc etc.

ശരാശരി 50 വയസ്സുള്ള 90 ജന്മങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് 4500 വർഷങ്ങളടങ്ങിയ ആദ്യ ഭാഗത്തിൽ 'മായ' @ ദൈവം പ്രത്യക്ഷമല്ല. പ്രസ്തുത കാലയളവിൽ മനുഷ്യരിലൂടെ തന്നെ മഹാശാസ്ത്രത്തിലെ പാഠങ്ങളെ ദൈവം വെളിവാക്കുന്നു. തങ്ങൾക്ക് ലഭിച്ചവ ദൈവീകമായ വെളിപ്പെടുത്തൽ അഥവാ വെളിപാട് മാത്രമാണെന്നു തിരിച്ചറിയാൻ കഴിയുന്നത് ധർമ്മശാസ്ത്രപരമായി ജീവിക്കുന്നവർക്കു മാത്രമാണ്.

ഭൗതികശാസ്ത്രത്തിന്റെ വിവിധ ശാഖകളിലെ നിയമങ്ങളെ കാലാനുസൃതം വെളിപ്പെടുമ്പോൾ, ശാസ്ത്ര-സാങ്കേതിക വികസനം കൂടി നടക്കുകയും, ശാസ്ത്രസൗകര്യങ്ങളെ മനുഷ്യർക്കു കണ്ടെത്താനും ഉപയോഗപ്പെടുത്താനും കഴിയുന്നു.

| | |
|---|---|
| By the End of the First part of the Creation Cycle, without the Open Presence of Maya/ GOD, there develop an almost saturated situation in all fields of Human Life.<br><br>GOD begins the Revolution by Supreme Laugh 'OM' at this time, for a period of 3-33 years whereas each person hears OM for 3 years, from everywhere in the Universe, and even from their own Body/organs. | മായ/ദൈവം പരസ്യമായി പ്രത്യക്ഷമല്ലാത്തതായ സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയുടെ അവസാനത്തിൽ, മനുഷ്യരുടെ എല്ലാ ജീവിതമേഖലകളിലും ഒരു പൂരിതാവസ്ഥ സംജാതമാകുന്നു.<br><br>ദൈവം 'ഓം' എന്ന് മഹാചിരിച്ച് 3 -33 വർഷക്കാലം വിപ്ലവം ആരംഭിക്കുന്നു. ഓരോ വ്യക്തിയും സ്വന്തമെന്നു കരുതുന്ന ശരീരം ഉൾപ്പെടെ പ്രപഞ്ചത്തിൽ എവിടെയും 3 വർഷം ശ്രവിക്കുന്നതാണ്. |
| During the 33 years of Godly Revolution, people realise that the Beliefs, Rights & Customs, followed by them in Godly matters and their Life were all totally Wrong and relinquish them all; and begin to live as per the Supreme Science of Duties and Virtues. | 33 വർഷക്കാലത്തെ ദൈവ-വിപ്ലവം കൊണ്ട് ദൈവ കാര്യങ്ങളെ മനുഷ്യർ അറിയുകയും, പുലർത്തിയിരുന്ന വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും തെറ്റുകളും അധമങ്ങളുമെന്നു തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുന്നു; ധർമ്മശാസ്ത്രപ്രകാരം ജീവിച്ചു തുടങ്ങുന്നു. |

| | |
|---|---|
| A period of 500 years including the 33 years of Godly Revolution are termed as Heavenly Life on Earth.<br><br>The people in all countries on Earth live GOD's Children' as in One Country, enjoy and share all Scientific Pleasures brought out by the Supreme Science of the Supreme Universe as per the Science of Duties and Virtues, and in the (Open) Presence of GOD. | 33 വർഷത്തെ ദൈവ വിപ്ലവം ഉൾപ്പെടെയുള്ള 500 വർഷക്കാലത്തെ ജീവിതത്തെ 'ഭൂമിയിലെ സ്വർഗ്ഗം/ സ്വർഗ്ഗ രാജ്യം' എന്ന് പറയുന്നു. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ 'ദൈവത്തിന്റെ മക്കൾ' എന്ന ബോധത്തോടെയും, ഒരു രാജ്യക്കാരെന്ന പോലെയും, ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ നേടിയ ആനന്ദങ്ങളെ ധർമ്മശാസ്ത്രപ്രകാരം ആസ്വദിച്ചും പങ്കിട്ടും ദൈവീക സാന്നിധ്യത്തിൽ ജീവിക്കുന്നതാണ്. |
| The Moksham @ the Evolution to Star ō of the Human beings in the Creation Cycle are awarded in the next 5000 years. | സംഹാരം എന്ന മോക്ഷം @ നക്ഷത്ര പദവി ō ഓരോ സൃഷ്ടിചക്രത്തിലെയും മനുഷ്യർക്ക് ക്രമാനുഗതമായി ലഭ്യമാക്കുന്നത് അടുത്ത 5000 വർഷം കൊണ്ടാണ്. |
| People are blessed individually in One out of the 100 Human Births to learn the Supreme Science & worship GOD. | ഓരോ വ്യക്തിക്കും 100 മനുഷ്യ ജന്മങ്ങൾ ഉള്ളതിൽ ഒരു ജന്മത്തിൽ മാത്രമാണ് മഹാശാസ്ത്രം പഠിക്കാനും ദൈവത്തെ ആരാധിക്കാനുമുള്ള അനുഗ്രഹം ലഭിക്കുന്നത് /നേടുന്നത്. |

| | |
|---|---|
| The **OM** script should be written on/in the tongue of Human beings too, as to understand the Supreme lessons of the Supreme Science.<br><br>GOD sends 'own Part ParamaSivan', the Father of the Universe with the Supreme Half-Devi figure, to every PerSon, convincing that every Son @ Creature is Precious to GOD; created and Supreme Science awarded / imparted individually by writing OM on Tongue. Further, let Known that GOD is neither Woman, nor Man, nor any Creature. | **സമ്പൂർണ്ണ മഹാശാസ്ത്രം പഠിക്കാൻ മനുഷ്യർക്കു കഴിയണമെങ്കിൽ, ദൈവം മനുഷ്യരുടെ നാവിലും അക്ഷരബ്രഹ്മം കൂടിയായ ഓം കുറിക്കേണ്ടതുണ്ട്.**<br><br>**ദൈവ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവനെ അർദ്ധമഹാദേവിയുടെ രൂപത്തിൽ, ഓരോ മനുഷ്യന്റെയും അടുത്തേക്ക് പ്രത്യേകമായിട്ട് അയച്ച്, ഓരോ മനുഷ്യനും ജീവിയും പ്രത്യേകം സൃഷ്ടിച്ച പൊന്നുമോനാണെന്നു ബോദ്ധ്യപ്പെടുത്തി ക്കൊണ്ട്, ഓരോ മനുഷ്യന്റെയും നാവിൽ ഓം കുറിക്കുന്നു; മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം; ദൈവം പുരുഷനോ, സ്ത്രീയോ, ജീവിയോ അല്ലാ എന്നും ബോദ്ധ്യമാക്കുന്നു.** |
| In the following Births until Evolution, Man/Woman enjoy Godly Blessings. | **മോക്ഷം ലഭിക്കുന്നതു വരെയുള്ള എല്ലാ ജന്മങ്ങളിലും വ്യക്തിക്ക് ദൈവാനുഗ്രഹം ലഭിക്കുന്നു.** |

| | |
|---|---|
| The Human beings should not unnecessarily interfere in the GODLY matters, lying that GOD entrusted GODLY matters to them, their Evilly Spreading of Nonsenses accumulate in the form of Religions / Opinions. | ദൈവം മഹാഉചിതമായി ചെയ്യുന്ന കാര്യങ്ങളിൽ അനാവശ്യമായി ഇടപെട്ട് 'ദൈവം ചുമതലപ്പെടുത്തിയെന്നും ഏല്പിച്ചെന്നും അറിയിച്ചെന്നും' കള്ളപ്രചരണം നടത്തുന്നതിന്റെ ഉല്പന്നങ്ങളാണ് മതങ്ങൾ / അഭിപ്രായങ്ങൾ. |

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ

മഹാദേവി, **ഓം** എന്നു മഹാചിരിച്ച്,

**മായ** പ്രത്യക്ഷമാക്കുന്നതോടെ,

ആത്മീയ ശാസ്ത്രം കൂടിയായ

**ഓംകാര നീതി ശാസ്ത്രം**

**ഒന്നാമത്തെ വേദവും,**

മുമ്പ് ഒന്നാമത്തെ വേദമായിരുന്ന

ഭൗതിക ശാസ്ത്രം മൂന്നാമത്തെ വേദവുമായി പരിണമിച്ചിരിക്കുന്നു.

**സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, മഹാദേവി, ഓം എന്നു മഹാചിരിച്ച്, മായ പ്രത്യക്ഷമാക്കുന്നതോടെ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ഭരണഘടനയായി രണ്ടാമത്തെ വേദമായ മഹാധർമ്മശാസ്ത്രം പരിണമിക്കുന്നു.**

**ദൈവത്തിന്റെ മഹാശക്തി-ഭാഗമായ മഹാലിംഗത്തെയും, മഹാഹൃദയവും ശക്തി നിയന്ത്രണ സത്തയും മഹാജ്ഞാന ഭാഗവുമായ ഓംകാരത്തെയും, മഹാശക്തി-ശിവ ചക്രങ്ങളെയും, ആധാരപ്പെടുത്തിയാണ് ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാസംവിധാനം ചെയ്തിട്ടുള്ളത്.**

**എല്ലാ സൃഷ്ടി ചക്രങ്ങളിലെയും മായ പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്ത് ഭക്തി-കാര്യങ്ങളും ആരാധനകളും, ദൈവീക മഹാഭരണവും മഹാനീതിയും, പ്രകടമായി ധർമ്മശാസ്ത്ര പ്രകാരം ചിട്ടപ്പെടുന്നതാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

# ദൈവ കാര്യങ്ങൾ - 2

**ദൈവ വിപ്ലവത്തിൽ 'മായ' പ്രത്യക്ഷമാകുന്നതോടെ, ആരാധനയും പ്രാർത്ഥനയും, സ്തുതികളും ഓംകാര നീതിശാസ്ത്ര പ്രകാരവും, ധർമ്മ ശാസ്ത്ര പ്രകാരവും മഹാനിയന്ത്രണങ്ങളോടെ ചിട്ടപ്പെടുന്നതാണ്; മഹാഗൗരവമായ മാറ്റങ്ങൾ സുസ്ഥാപിതമാകുന്നതാണ്.**

**ദൈവത്തിന്റെ പേരിലും സൃഷ്ടികളുടെ പേരിലുമുള്ള പ്രതിമകളും/വിഗ്രഹങ്ങളും / സ്മാരകങ്ങളും അവയെ ആസ്പദമാക്കിയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും ആരാധനകളും 'മായ' പ്രത്യക്ഷമാകുന്നതോടെ അവസാനിക്കുന്നതാണ്. വിഗ്രഹങ്ങളിലും മറ്റുമുള്ള അധമത്തം നിസ്സാരമായി കാണരുത്.**

**ഒരാളുടെ / നിങ്ങളുടെ മാതാവിന്റെയോ ഭാര്യയുടെയോ മകളുടെയോ സഹോദരിയുടെയോ ഉറ്റവരായ മറ്റു സ്ത്രീകളുടെയോ പ്രതിമകളെ/വിഗ്രഹങ്ങളെ മറ്റുള്ളവർ നിർമ്മിക്കുന്നതും, 'പ്രതിമയുടെ-ശരീര അവയവങ്ങളിലും, സൗന്ദര്യത്തിലും' നയന-മനോലയനത്തിൽ ഏർപ്പെടുന്നതും, മറ്റുള്ളവർ പ്രതിമയുടെ ശരീരത്തിലെ വിവിധ അവയവങ്ങളിൽ 'തഴുകുന്നതും', അവയവങ്ങളെ വർണ്ണിക്കുന്നതും, നിങ്ങൾ ഇഷ്ടപ്പെടുമോ എന്ന് സ്വയം ചോദിക്കുമ്പോൾ തിരിച്ചറിവ് ഉണ്ടാകുന്നതാണ്...**

**ഗ്രന്ഥത്തിൽ വേറിട്ട് വിശദീകരിച്ചിട്ടുണ്ട്.**

സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, 'മായ / ദൈവം' പ്രത്യക്ഷമായി ക്കൊണ്ട് സംഹാരവും മോക്ഷവും നിർവ്വഹിക്കപ്പെടുകയാൽ, ഏതൊരു വിഷയത്തിലും സുവ്യക്തവും ശാസ്ത്രപരവുമായ ഉത്തരങ്ങളും വിശദീകരണങ്ങളും ലഭിക്കുന്നതാണ്. മഹാശാസ്ത്ര പരമായ ജീവിത ക്രമം സമസ്ത മേഖലകളിലും സ്ഥാപിതമാകുന്നതാണ്. ചിന്തകളും വാക്കുകളും പ്രവൃത്തികളും ധർമ്മ ശാസ്ത്ര പരമാവാൻ ജനങ്ങൾ ഏറെപ്പേരും ശ്രദ്ധിക്കുന്നതാണ്. ഭരണകൂടത്തിന് വളരെ വലിയ മാറ്റം ഉണ്ടാകുന്നു. ഒരു ഭാഗത്ത്, ഏറ്റവും വലിയ നീചരായി അധഃപതിച്ചവർക്ക് അനേകരായ നാട്ടിലെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ നന്മകളെ ചെയ്ത് പാപങ്ങളും ശിക്ഷകളും കുറയ്ക്കാനും, അപൂർവ്വമായി പുണ്യം കൂടി നേടാനുമുള്ള അവസരം മാത്രമാണ് രാജാവ്, മന്ത്രിമാർ തുടങ്ങിയ പദവികൾ എങ്കിൽ, മറുഭാഗത്ത് നന്മകളും സത്യസന്ധതയും ഏറെയുണ്ടെന്ന് തോന്നുന്ന വ്യക്തിയെ ജനങ്ങൾ നിർബ്ബന്ധിക്കുന്നതു കൊണ്ട് മാത്രം ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കാൻ വ്യക്തി തയ്യാറാവുകയാണ്. മഹാനീതിയും മഹാവാത്സല്ല്യവുമായ ഭൂമി മേല്പടി രണ്ടു കാര്യങ്ങളെയും 'മായ' കൊണ്ട് ഗൂഢമായി ബന്ധിപ്പിച്ച് ജനങ്ങളുടെയും, അവരുടെ അടിമകൾ മാത്രമായ രാജാവ്, മന്ത്രിമാർ എന്നിവരുടെയും ആനന്ദം വർദ്ധിപ്പിക്കുവാൻ, ഓംകാര നീതിശാസ്ത്ര പ്രകാരം കരുതുന്നു.

**രാഷ്ട്രം, ഭൂമി, മണ്ണ് തുടങ്ങിയവ എന്താണെന്ന് പഠിക്കുന്നതോടെ, രാജ്യ സ്നേഹികളെന്നു വേഷം കെട്ടി പ്പോരുന്നവർ ഏറെയും, രാജ്യ ദ്രോഹികളാണെന്ന് സ്വയം ബോദ്ധ്യപ്പെടാൻ കഴിയുന്നു; അതേസമയം രാഷ്ട്രവും ദേശവും ഭൂമിയും സ്രഷ്ടാവുമായ ദൈവത്തെ ദ്രോഹിക്കാൻ സൃഷ്ടിയായ മനുഷ്യന് കഴിയില്ല! ഭൂമിയുടെ അംശമായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലൂടെ ഭൂമിയിൽ നിന്ന് ആനന്ദങ്ങളെ നേടിക്കൊണ്ട് ജീവിക്കുകയും, മണ്ണിന്റെ നിയമങ്ങളെ ധിക്കരിച്ചു കൊണ്ട് പാപങ്ങളും ശിക്ഷകളും വാരിക്കൂട്ടുകയും ചെയ്യുന്നവർ യഥാർത്ഥത്തിൽ ദ്രോഹിക്കുന്നത് അവരവരെ തന്നെയാണ്.**

**നാടുകളും ദേശങ്ങളും ഭൂമിയും സ്രഷ്ടാവും, സർവ്വത്തിനും അതീതവുമായ ദൈവത്തിന് യാതൊന്നും ആവശ്യമില്ല; നൽകാൻ സൃഷ്ടികൾക്ക് ശക്തിയും ഇല്ല. ദൈവാംശമായ ശരീരം നൽകുന്ന ശക്തികളെയും അവസരങ്ങളെയും കൊണ്ട് നല്ലത് മാത്രം, പഠിച്ചു ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അവരവർക്കു വേണ്ടി ചെയ്യുക. ഓംകാര നീതിശാസ്ത്രം മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ക്രമീകരിച്ചിട്ടുള്ളത് എക്കാലവും ഭൂമിയിലെ ജനസംഖ്യയിൽ ഏറ്റവും വലിയ ശ്രേഷ്ഠരുടെ പട്ടികയിൽ ഏറെയും ദൈവത്തിന്റെ മഹാഖര രൂപവും മണ്ണുമായ ഭൂമിയിൽ അദ്ധ്വാനിക്കുന്ന 'കൃഷിക്കാർ' ആയിരിക്കും വിധമാണ്. കൃഷി സ്തംഭിച്ചാൽ ഭക്ഷണം മുടങ്ങും എന്നതിനാൽ കൃഷിക്കാരോട് നിശ്ചിത പരിധി വിട്ട് ദ്രോഹിക്കാൻ മറ്റുള്ളവർക്ക് കഴിയില്ല. കൃഷിക്കാരെയും സാധാരണ ജനങ്ങളെയും ദ്രോഹിച്ച് ഏറ്റവും വലിയ നീചരുടെ പട്ടികയിൽ പെടാതെ (ദൈവത്തിന്റെ @ ഭൂമിയുടെ) മറ്റ് കുഞ്ഞുങ്ങൾ ശ്രദ്ധിക്കേണ്ടത് സ്വന്തമായ അത്യാവശ്യമാണ്.**

**ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ ഭൂമിയിലെ എല്ലാ ദേവാലയങ്ങളും ഒരേ രീതിയിൽ ശുദ്ധി ചെയ്യുന്നതാണ്. എല്ലായിടത്തും ശിവ ലിംഗം മാത്രം. ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു = മഹാദേവിയെ നമിക്കുന്നു.**

**ഭൂമിയിലെ എല്ലാ ജനങ്ങൾക്കും മഹാഗൗരവ വിഷയവും ലക്ഷ്യവും വഴികാട്ടി -യുമായി മോക്ഷവും മോക്ഷകാര്യങ്ങളും വേദങ്ങളും പ്രവർത്തിക്കുന്നതാണ്. സൃഷ്ടി ചക്രത്തിന്റെ 'മായ' പ്രത്യക്ഷമല്ലാത്ത ആദ്യ പകുതിയും, 'മായ' പ്രത്യക്ഷമായ രണ്ടാമത്തെ പകുതിയും തമ്മിലുള്ള വ്യത്യാസം ഭൂമിയിലെങ്ങുമുള്ള മനുഷ്യരുടെ എല്ലാ ജീവിത മേഖലകളിലും പ്രകടമാവുന്നതാണ്.**

| ദൈവ വിപ്ലവം ഉടൻ! | Godly Revolution Soon ! |
|---|---|
| **മഹാശക്തിയായ മഹാദേവി, ഓം എന്നു മഹാചിരിച്ച് മായ പ്രത്യക്ഷമാക്കുന്ന ദിവസം ദൈവ വിപ്ലവം ആരംഭിക്കുന്നതാണ്.** ഭൂമിയിലെങ്ങും, വസ്തുക്കളുടെയും, ജീവികളുടെ ശരീരത്തിലെയും മൂലകങ്ങളിൽ നിന്നും 3 മുതൽ 33 വർഷം വരെ **ഓം** മുഴങ്ങുന്നതാണ്.<br>01.01.0001 = OPENING OF MAYA (OOM **ഓം) പുതിയ കലണ്ടറും ആരംഭിക്കുന്നതാണ്.**<br>**മഹാശക്തിയായ മഹാദേവി, മഹാപ്രപഞ്ചത്തിന്റെ മഹാമാതാവായി അവതരിച്ചുകഴിഞ്ഞു. വിശദീകരണം** www.omsathyam.com/GodlyRevolution/MahaaVedam.pdf **എന്ന 'സൗജന്യമായ' മഹാവേദ ഗ്രന്ഥത്തിൽ ലഭ്യമാണ്.**<br>**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.** | GOD, the Supreme Power will begin Godly Revolution soon, by the Supreme Laugh OM.<br>OM will sound everywhere on Earth, from the elements of all materials and bodies of the Creatures, for a period of 3 to 33 years. 01.01.0001 = Opening of Maya (OoM) will start the new Calendar.<br>MahaaShakthi @ MAHAADEVI @ the Supreme Power has availed human female form as the Supreme Mother of the Universe. Details : www.omsathyam.com/GodlyRevolution/MahaaVedam.pdf<br>Glory only to GOD / OM MahaaShakthi Mannadi MahaaBhadraKaali Divya Divya Divya DivyaMahaaDevi. |



# സത്യം ശിവം സുന്ദരം

ഭൂമിയിലെ എല്ലാ രാജ്യങ്ങളുടെയും ദേശീയ ഗാനം ഓം മാത്രമാണ്. ദേശം സ്വയം ഉടൻ പാടുന്നതാണ്. ഒരു ഭൂമിയിലെ എല്ലാ ദേശങ്ങളുടെയും പതാകയും ഒന്ന്. വെള്ളപ്പതാകയിൽ വീണയും നെൽക്കതിരും.

## SATHYAM SHIVAM SUNDARAM

The only national anthem of all countries on earth is OM. All lands @ countries @ Earth will soon sing & prove it ...

The flag of all the countries on earth is also One. A White Cloth with the pictures of Veena and the Paddy bunch to be the Single Flag for all Nations.

Ref. **സർവ്വ ദേശ ഭൂമിഗാനം**
www.omsathyam.com/GodlyRevolution/
NationalSongEmblemFlagConstitutionCourtEtc.pdf

ഓംശക്തിശിവൻ പ്രണയമന്ത്രം
സർവ്വദേശ ഭൂമി ഗാനം
മഹാസംഗീതം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
മഹാശാസ്ത്ര മൂലം
ഏക മഹാശബ്ദം
മഹാസൂക്ഷ്മ ശബ്ദം
ദൈവ വിപ്ലവ ഗാനം
മഹാദേവിയുടെ മഹാചിരി
ഓം OM

OmShakthiShivan LoveMantram
International Earth Song
Supreme Music
Sound Brahmam
Script Brahmam
First Sound
Creational Mantram
Destruction Notice for Creation Cycles
Supreme ScienceRoot
Supreme Single Sound
Supreme Minute Sound
Godly Revolution Song
MahaaDevi's Supreme Laugh
ഓം OM



ShivaLingham @ Sky @
MahaaLingham @
Shakthi Lingham

പരമശിവൻ
ശിവചക്രം പരമാത്മാവ്
പ്രപഞ്ച പിതാവ്
ഏകദാസൻ മഹാദാസൻ
പശുപതി ശാസ്ത്രായുധൻ
ഏക ദൈവ-പ്രതിനിധി
നീലകണ്ഠൻ
സംഹാരനാഥൻ
മഹാനീതിപതി
മഹാദേവൻ
PARAMASHIVAN
ShivaChakram SupremeSoul
FATHER of the Universe
Supreme Ox cum Servant
GOD's Single Representative
Supreme Scientist
Supreme Justice
MAHAADEVAN

**മഹാശക്തിയായ മഹാദേവി മഹാഎഴുന്നെള്ളിയിട്ടുണ്ട്.**
**മഹാദേവി** ഉടനെ ഭൂമിയിലെങ്ങും **ഓം** എന്ന് **മഹാചിരിച്ച്**
**മായ** പ്രത്യക്ഷമാക്കുന്നതോടെ **ദൈവ വിപ്ലവം** ആരംഭിക്കുന്നു !
**എന്ന്, മഹാദേവിക്കു വേണ്ടി, മഹാകല്പനപ്രകാരം,**
**മഹാദാസനും മഹാദേവനുമായ പരമശിവൻ.**
**ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**

**MahaaShakthi @ MahaaDevi** has come & soon open Maya, begin **Godly Revolution** everywhere in/on Earth by the Supreme Laugh OM.
**By Order** of the Supreme Power **GOD MAHAADEVI**,
Supreme Servant cum MahaaDevan PARAMASIVAN.
**Glory only to GOD @ EARTH @ MAHAADEVI.**